(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

IV ധനകാര്യം

1986–87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിനെപ്പറ്റി പൊതു ചർച്ച (തുടർച്ച)

ശ്രീ. സി. കെ. ചക്രപാണി : സർ, ഞാൻ ഈ ബഡ്ജറിനെ എതിർക്കുകയാണ്. വളരെ ലളിതമായി പറഞ്ഞാൽ ജനങ്ങളെ കൊള്ളയടിക്കുന്ന ഒരു ബഡ്ജറാണ് ശ്രീ. കെ. എം. മാണി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുപോലെതന്നെ സമ്പന്നവിഭാഗങ്ങളെ താലോലിക്കുന്ന, പ്രോൽസാഹിപിക്കുന്ന ഒരു ബഡ്ജറാണ്. വ്യവസായമേഖലയിലെ സ്തംഭനം ഒഴിവാക്കുന്നതിനുവേണ്ടി ഒന്നുംതന്നെ ഇതിൽ കൊണ്ടുവന്നിട്ടില്ല. കുറച്ചു നിമിഷങ്ങൾക്കുമുമ്പ് ശ്രീ. തച്ചടി പ്രഭാകരൻ കയർ രംഗത്തെ സ്തംഭനാവസ്ഥയെക്കുറിച്ചും ദുരവസ്ഥയെക്കുറിച്ചും ഇവിടെ പറഞ്ഞു. ആ പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് വേണ്ടി ഫലപ്രദമായി ബഡ്ജറിൽ വല്ലതും ഉണ്ടോയെന്ന് ചോദിച്ചാൽ ഇല്ല എന്നുള്ളതാണ് ഉത്തരം. സാധാരണ ശ്രീ. മാണിയുടെ ബഡ്ജറ് ശരാശരിയിൽ താഴെയുള്ള ഒരു വരവുചെലവ് ആണ്. സാധാരണ ബഡ്ജറ് അവതരിപ്പിക്കുന്ന അവസരത്തിൽ സർക്കാരിന്റെ വരുമാനമെത്ര, ആ വരുമാനം എങ്ങനെയാണ് ഉണ്ടാവുക, ചെലവ് എത്ര, ചെലവ് എങ്ങനെയാണ് വിനിയോഗിക്കുക എന്നൊക്കെ പറയണം. അത് പറഞ്ഞിട്ടില്ല എന്നല്ല ഞാൻ പറയുന്നത്, കുറെയൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷേ ബഡ്ജറ് മുപ്പത്തിരണ്ട് കോടി രൂപയുടെ നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നു. ബഡ്ജറ് രേഖകൾ പരിശോധിച്ചാൽ കാണുന്നത് നിലവിലുള്ള നികുതി നിരക്കുകൾ അനുസരിച്ച് നൂറ്റി എൺപത്തിഏഴ് കോടി രൂപ മിച്ചം ഉണ്ടാക്കാൻ കഴിയുമെന്നാണ്. ആ നൂറ്റിഎൺപത്തി ഏഴുകോടിരൂപകൂടി ഫലപ്രദമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനമുണ്ടാകുകയാണെങ്കിൽ തീർച്ചയായും മുപ്പത്തിരണ്ട് കോടി രൂപയുടെ നികുതി ഭാരം പിന്നെയെന്തിനാണ് അടിച്ചേൽപ്പിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീമാൻ മാണി പറയുന്നത് മിച്ച ബഡ്ജറ് അവതരിപ്പിച്ചു എന്നാണ്. സാധാരണ ബഡ്ജറിൽ ആരും ഉള്ള സംഗതികൾ തുറന്നുപറയാറില്ല. പാർലമെന്റിലായാലും ശരി അസംബ്ലിയിൽ ആയാലും ശരി ഉള്ള കാര്യം തുറന്നുപറയാറില്ല. ചിലകണക്കുകൾ കാണിക്കും. ശ്രീ. മാണി കഴിഞ്ഞ കൊല്ലം ബഡ്ജറ് അവതരിപ്പിച്ച അവസരത്തിൽ പറഞ്ഞത് ദിനംപ്രതി അറുപതു ലക്ഷം രൂപ നമുക്ക് കമ്മിയുണ്ടാകുമെന്നാണ്. ഇപ്പോൾ പറയുന്നതെന്താ ? ഇരുപത്തി രണ്ട് ലക്ഷം രൂപ മിച്ചമുണ്ടാകുമെന്നാണ്. ശ്രീ. മാണി കഴിഞ്ഞകൊല്ലം ബഡ്ജറ് അവതരിപ്പിച്ച അവസരത്തിൽ പറഞ്ഞു അദ്ദേഹത്തിന്റെ ധവളപത്രത്തിൽ നിന്ന് ഒരു വാചകം ഞാൻ വായിക്കാം എന്താണ് ആ വാചകം ? 'ഈ കേരള സംസ്ഥാനത്തിലെ സാമ്പത്തികരംഗം കൂടുതൽ സങ്കീർണ്ണമാണ്. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ സങ്കീർണ്ണത, 1956 മുതൽ തുടങ്ങിയതാണ് ; മാറ്റമില്ലാതെ അത് ഇന്നും തുടരുന്നു എന്നാണ് ശ്രീ. മാണി പറയുന്നത്. ഇപ്പോൾ എങ്ങനെയാണ് ? ശ്രീ. മാണി ഒരു മജീഷ്യനാണ്. ഒരു മാന്ത്രികന്റെ

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ദ്ധ്യത്തോടുകൂടി കാര്യങ്ങൾ കാണാൻ അദ്ദേഹത്തിന് കഴിയുന്നു. പക്ഷേ യാഥാർത്ഥ്യവുമായി പൊരുത്തമില്ല എന്നുള്ളതാണ് സ്ഥിതി. "21-ാം നൂറ്റാണ്ടിലേക്ക് കേരളത്തെ നയിക്കുക" എന്നാണ് പറയുന്നത്. വളരെ കൃത്യമായി പറഞ്ഞാൽ 21-ാം നൂറ്റാണ്ടിലേക്ക് ഏതാണ്ട് പതിനാലു കൊല്ലംകൂടി കഴിയണം. ആ പതിനാലുകൊല്ലം കഴിഞ്ഞിട്ട് 21-ാം നൂറ്റാണ്ടിനെക്കുറിച്ച് ആലോചിച്ചാൽ പോരെ. ശ്രീ. രാജീവ് ഗാന്ധി പറഞ്ഞു ഇൻഡ്യയെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുമെന്ന്. കഴിഞ്ഞ പതിനാറു മാസങ്ങൾക്കുള്ളിൽ അദ്ദേഹം മുന്നോട്ടുവച്ച പ്രധാനപ്പെട്ട മൂന്ന് മുദ്രാവാക്യങ്ങൾ ഭക്ഷണം, തൊഴിൽ, ഉൽപ്പാദനക്ഷമത ഇവയാണ്. ഇത് രാജീവ് ഗാന്ധിയുടേതാണ്. നമുക്ക് അറിയാം എങ്ങനെയാണ് ഭക്ഷണം കൊടുക്കുകയെന്ന്. ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചു കൊണ്ട് ഭക്ഷണം കൊടുക്കുന്നു. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നില്ലെന്നു മാത്രമല്ല തൊഴിലില്ലായ്മയുടെ രൂക്ഷത വർദ്ധിച്ചിരിക്കുകയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് കംപ്യൂട്ടറൈസേഷൻ വഴി. അപ്പോൾ ഈ മൂന്ന് മുദ്രാവാക്യങ്ങളും ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിയല്ലേ ?

സർ, ശ്രീമാൻ മാണിക്ക് വെളുപ്പിനെ കറുപ്പാക്കാനും കറുപ്പിനെ വെളുപ്പാക്കാനും യാതൊരു ബുദ്ധിമുട്ടുമില്ല. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അഞ്ചാമത്തെ പേജിൽ 12-ാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നുണ്ട്. " ദാരിദ്ര്യനിർമ്മാർജ്ജനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ തുടർന്നും ഊർജ്ജസ്വലമായി നടപ്പാക്കുന്നതാണ്. 1986-87-ൽ ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം പുതുതായി തെരഞ്ഞെടുത്ത 81,000 കുടുംബങ്ങൾക്കും ധനസഹായം നൽകും." ഇതാണ് ശ്രീ.കെ.എം. മാണി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതെങ്കിൽ ഇന്നത്തെ മലയാളമനോരമ പത്രത്തിൽ കാണുന്നത് മറ്റൊന്നാണ്. 'തൊഴിൽപദ്ധതി—കേരളം കോടികൾ പാഴാക്കി' എന്ന തലക്കെട്ടിൽ വന്നിരിക്കുന്ന വാർത്തയിൽ ഇങ്ങനെ തുടരുന്നു "കഴിഞ്ഞവർഷം ഗ്രാമീണ തൊഴിൽദാനപദ്ധതിക്കും, ഗ്രാമീണ ഭൂദാനപദ്ധതിക്കും, ഐ. ആർ. ഡി. പി. എന്നിവയ്ക്കുമായി കേന്ദ്രം അനുവദിച്ച തുകയിൽ പൂരിഭാഗവും കേരളം പാഴാക്കിയെന്നും, സംസ്ഥാനത്തിന് ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കേന്ദ്രമന്ത്രി ശ്രീ. ഭൂട്ടാസിംഗ് ലോക്സഭയിൽ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെ അറിയിച്ചു" "ബഡ്ജറ്റിലെ കണക്കൊന്ന്, പാർലമെന്റിലെ കണക്ക് മറ്റൊന്ന്. ഇതാണ് സ്ഥിതി. എത്രയോ കോടിരൂപ ഇവിടെ ലാപ്സാക്കുന്നു. ഐ. ആർ. ഡി. പി. ക്ക് കേന്ദ്രം അനുവദിച്ചത് 6,76,66,000 രൂപയാണ്. അതിൽ രണ്ടുകോടി എൺപത്തിയെട്ടു ലക്ഷംരൂപ മാത്രമേ കേരളം ചെലവഴിച്ചിട്ടുള്ളൂ. മൊത്തം 86,000 കുടുംബങ്ങൾക്ക് നേട്ടമുണ്ടാക്കുന്നതിന് ലക്ഷ്യമുണ്ടായിരുന്നുവെങ്കിലും 21,206 കുടുംബങ്ങളെ സഹായിക്കാനേ കഴിഞ്ഞിട്ടുള്ളുവെന്ന് പറയുന്നു. അങ്ങനെ മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒന്നു പറയുമ്പോൾ പാർലമെന്റിൽ ശ്രീ. ഭൂട്ടാസിംഗ്, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനോട് മറ്റൊന്ന് പറയുന്നു. ഏതാണ് വിശ്വസിക്കേണ്ടതെന്ന് വ്യക്തമല്ല.

സർ, ഇവിടെ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ പറയുകയുണ്ടായി ജാതി-മത-വർഗീയ ശക്തികളെ പ്രോൽസാഹിപ്പിക്കുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണെന്ന്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ജാതി-മത-വർഗീയശക്തികളെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹിപ്പിക്കുന്നില്ല. അതിന്റെ ആവശ്യവുമില്ല. ജാതി-മത-വർഗീയ ശക്തികളാണ് ഇൻഡ്യയുടെ അഖണ്ഡതയ്ക്കും ഐക്യത്തിനും എതിരായി നില്ക്കുന്നത്. അവരെ പ്രോൽസാഹിപ്പിക്കുന്നത് കോൺഗ്രസാണ്, സാമ്രാജ്യത്വ ശക്തികളാണ്. സാമ്രാജ്യത്വശക്തികളെക്കുറിച്ച് ഡെപ്യൂട്ടി സ്പീക്കർക്കോ കോൺഗ്രസിനോ പറയാൻ യാതൊന്നുമില്ല.

കഴിഞ്ഞ ദിവസങ്ങളിൽ, കുവൈറ്റുകാർ ഇവിടെ വന്നതുസംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. കഴിഞ്ഞ ദിവസം മാതൃഭൂമി പത്രത്തിൽ വന്നതെന്താണ്. 15 കൂറൻ പെട്ടികളാണ് കുവൈറ്റുകാർ ഇവിടെ കൊണ്ടുവന്നത്. അതിൽ സ്വന്താവശ്യത്തിനുള്ള സാധനങ്ങളൊന്നുമായിരുന്നില്ലല്ലോ ഉണ്ടായിരുന്നത്. ആ പതിനഞ്ചു പെട്ടികളിൽ എന്തായിരുന്നുവെന്ന് അന്വേഷണം നടത്തേണ്ടേ ? അതിനെസംബന്ധിച്ച് നമ്മെ ബോധവാൻമാരാകണ്ടേ ? ഞാൻ പറയുന്നത് ജാതി-മത-വർഗീയ ശക്തികളെ പ്രോൽസാഹിപ്പിക്കുന്നത് സാമ്രാജ്യത്വമാണ്. കോൺഗ്രസിന് അതു സംബന്ധിച്ച് ഒന്നും പറയാനില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്കുരിക്കൾ : സർ, മാതൃഭൂമി പത്രത്തിൽ വരുന്ന കാര്യങ്ങൾ സത്യമാണെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസും ധാരണയിലും സഖ്യത്തിലും ഏർപ്പെടാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് പറഞ്ഞതായുള്ള വാർത്ത മാതൃഭൂമി പത്രത്തിൽ വന്നതാണ്. അത് അങ്ങ് വിശ്വസിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. സി. കെ. ചക്രപാണി : ബഹുമാനപ്പെട്ട കുരിക്കൾ, 'ഉള്ളതുപറയുമ്പോൾ കള്ളിക്ക് തുള്ളപ്പനി' എന്നതുപോലെ സംസാരിക്കുന്നതെന്താണ്? മാതൃഭൂമി പത്രത്തിൽവന്ന 15 പെട്ടികളുടെ കഥ ഞാൻ പറഞ്ഞപ്പോൾ കുരിക്കൾ എന്തിനാണ് ഇത്ര രോഷം കൊള്ളുന്നത്. ഇത് ഐക്യത്തിനേറെയും അഖണ്ഡതയുടേയും പ്രശ്നമാണ്. അത് വിശ്വസിക്കണമോ വേണ്ടയോ യെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. പെട്ടികളുടെ അകത്തുള്ളത് കുരിക്കളുടെ കൈയിലുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഹരിജന ക്ഷേമത്തെക്കുറിച്ച് നമ്മുടെ മുഖ്യമന്ത്രി വളരെ വാചാലമായി സംസാരിക്കാറുണ്ട്. പക്ഷേ പാർലമെന്റിൽ പ്ലാനിങ്ങ് കമ്മീഷന്റെ രേഖ പുറത്തുവന്ന അവസരത്തിൽ കേരള ഗവൺമെന്റ് സ്പെഷ്യൽ കംപോണന്റ് പ്ലാൻ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ലായെന്ന് ആ രേഖയിൽ പറഞ്ഞിരിക്കുന്നു, ചോദിക്കുമ്പോഴൊക്കെ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. പ്രസക്തമായ രണ്ടുവാചകം കൂടി വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. "പട്ടികജാതി വിദ്യാർഥികളുടെ വികസനം ലക്ഷ്യമാക്കുന്ന സ്പെഷ്യൽ കംപോണന്റ് പ്ലാൻ പ്രകാരമുള്ള അടങ്കൽ തുകയുടെ സിംഹഭാഗവും കേരളഗവൺമെന്റ് ഉപയോഗിക്കാതെ വിട്ടുകളഞ്ഞു. 30 കോടിരൂപ 1985-86-ൽ തന്നു. അതിൽ ഏഴുകോടിരൂപ ചെലവഴിച്ചു. 23 കോടി രൂപ ചെലവഴിച്ചിട്ടില്ല." എന്താണ് ഇങ്ങനെ വരുന്നത് ? ഞങ്ങളെ പറഞ്ഞിക്കുന്നതിനുവേണ്ടി, വഞ്ചിക്കുന്നതിനുവേണ്ടി ഇങ്ങനെയുള്ള കസർത്തുകൾ നടത്തുകയാണോ ? അവസാനമായി എനിക്ക് പറയാനുള്ളത് ശ്രീമാൻ മാണിയുടെ ബഡ്ജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബഡ്ജറല്ല. ജനങ്ങളെ ദ്രോഹിക്കുന്ന ഒരു ബഡ്ജറാണ്. കാർഷികമേഖലയെ അതിന്റെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഉതകുന്ന ബഡ്ജറല്ല. വ്യവസായ മേഖലയെ മുച്ചൂടും മുടിക്കുന്ന ഒരു ബഡ്ജറാണ്. അതുകൊണ്ട് ഈ ബഡ്ജറിനെ ശക്തിയുക്തം എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ഞാനീ ബഡ്ജറിനെ അനുകൂലിക്കുകയാണ്. യാഥാർത്ഥ്യബോധമുള്ള ജീവകാരുണ്യപരമായ സമീപനം മുറിനിൽക്കുന്ന ഒരു ബഡ്ജറാണിതെന്ന് പറയുവാൻ സന്തോഷമുണ്ട്. കേരളത്തിലെ ഇന്നത്തെ സാഹചര്യങ്ങളെ വിലയിരുത്തി പ്രചാരണപരമായ സ്റ്റണ്ടുകൾക്കും അപ്രായോഗികമായ വാഗ്ദാനങ്ങൾക്കും മുതിരാതെ തികഞ്ഞ യാഥാർത്ഥ്യബോധമാണ് ധനകാര്യമന്ത്രി, ഈ ബഡ്ജറിൽ കാണിച്ചിട്ടുള്ളത്. സർ, കേരളത്തിന്റെ സമ്പദ്ഘടനയെപ്പറ്റി, വളരെയേറെ ആശങ്കയും ഉൽകണ്ഠയും ഉണ്ടായ കാലഘട്ടത്തിൽ ഈ ബഡ്ജറിലൂടെ കേരളത്തിന്റെ സമ്പദ്ഘടനയുടെ വളരെ വിശദമായ ഒരു ചിത്രമാണ് വരച്ചുകാട്ടിയിട്ടുള്ളത്. കേന്ദ്രഗവൺമെന്റിൽനിന്നും നികുതി വിഹിതമായി ലഭിച്ച വർദ്ധിച്ച ആനുകൂല്യങ്ങളും പ്രളയ ദുരിതാശ്വാസത്തിനായി ലഭിച്ച് വർദ്ധിച്ച കേന്ദ്രസഹായവും ഓവർഡ്രാഫ്റ്റ് ഇല്ലാതാക്കുവാൻ കേന്ദ്രഗവൺമെന്റ് നൽകിയ പ്രത്യേകമായ് വായ്പയുമെല്ലാം നമ്മുടെ സമ്പദ്ഘടനയെ പ്രതിസന്ധികളുടെ പത്മവ്യൂഹത്തിൽനിന്ന് രക്ഷപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. സർ, അതുപോലെതന്നെ വികസനരംഗത്ത് കഴിഞ്ഞ നാലരകൊല്ലമായി നിലവിലിരുന്ന ചെലവു ചുരുക്കൽ നയം നമ്മുടെ സമ്പദ് ഘടനയെ കുറെയൊക്കെ രക്ഷിക്കാൻ സഹായിച്ചിട്ടുണ്ട്. സർ, വികസനരംഗത്ത് കുറെയൊക്കെ മാന്ദ്യം ഉണ്ടായിട്ടുണ്ടെന്ന് പറയാൻ എനിക്ക് മടിയില്ല. കഴിഞ്ഞ 4 കൊല്ലക്കാലമായി നമ്മുടെ പി. ഡബ്ലിയു. ഡി. വകുപ്പിനെ മാത്രം പരിശോധിച്ചാൽ ആ വകുപ്പിൽ കാര്യമായ പണിയൊന്നും നടക്കുന്നില്ല. സർ, ബഹുമാന്യനായ ഡെ. മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദുകോയ അന്ന് നിയമസഭയിൽ പറഞ്ഞു ; നിലവിലുള്ള ഓൺ ഗോയിങ്ങ് വർക്ക് കൂടാതെ എം. എൽ. എ. മാർക്ക് രണ്ട് റോഡു കൊടുക്കുമെന്ന്. പക്ഷേ ഫലത്തിൽ നടപ്പിൽ ആയപ്പോൾ നിലവിലുള്ള എല്ലാ ഓൺ ഗോയിങ്ങു വർക്സും നിർത്തലാക്കിക്കൊണ്ട് എം. എൽ. എ. മാരുടെ രണ്ട് റോഡുമാത്രമാണ് കഴിഞ്ഞ 4 കൊല്ലക്കാലമായി അനുവദിച്ചിട്ടുള്ളത്. അലിഖിതമായി എം. എൽ. എ. മാരുടെ റോഡിനല്ലാതെ മറെറാരു റോഡിനും Adminsstrative Sanction കൊടുക്കരുതെന്ന നിർദ്ദേശം നിലവിലിരിക്കുന്നു. സർ, ആ സാഹചര്യംമൂലം പൊതുമരാമത്തു വകുപ്പിന്റെ ചെലവ് വളരെയേറെ കുറഞ്ഞിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തിന്റെ വികസനമേഖലയെ കാര്യമായി ബാധിച്ചിട്ടുമുണ്ട്.

11 A. M.

സർ, ഞാനൊരു മലയോരപ്രദേശത്തിന്റെ പ്രതിനിധിയാണ്. ഞങ്ങളുടെ പ്രദേശത്തിന്റെ മുഖ്യമായ അവസ്ഥ. യാത്രാസൗകര്യത്തിന്റെ അപര്യാപ്തതയാണ്. ഈ കഴിഞ്ഞ നാല് കൊല്ലക്കാലമായി എം. എൽ. എ. ക്ക് ആയി അനുവദിച്ച രണ്ടുറോഡുകളല്ലാതെ മറെറ് റോഡുകൾ ഉണ്ടാകാത്തതുമൂലം ഞങ്ങളുടെ മേഖലയിൽ വലിയ ഗുരുതരമായ പ്രയാസങ്ങളുണ്ട്. അതുപോലെ ഇപ്പോൾ ഇവിടെ ഫ്ളഡ് റിലീഫ് വർക്കിന് കാര്യമായതുക ലഭിച്ചു. സർ, ബഡ്ജറിന്റെ വാർഷിക കണക്കുകളിൽപ്പെടുത്തി പി. ഡബ്ലിയു. ഡി. ചെലവാക്കേണ്ട ചെലവുകൾ പോലും ഇന്ന് പ്രളയ ദുരിതാശ്വാസത്തിന്റെ പേരിലാണ് ചെലവഴിക്കുന്നത്. അത് നമുക്ക് കാര്യമായ സേവിംഗ്സ് ഉണ്ടാക്കി. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. മണിമംഗലത്തു കൂട്ട്യാലി നേരത്തെ ചൂണ്ടിക്കാണിച്ചു. സർ, ഇവിടെ വികസനത്തിന്റെ കാര്യത്തിൽ റീജിയണൽ ഇം ബാലൻസസ് ഉണ്ട്. വികസനത്തിന്റെ നേട്ടം ചിലഭാഗത്തുമാത്രമുണ്ടാകുന്നു. മലബാറിലേക്ക് വരുമ്പോൾ വികസനത്തിന്റെ കാര്യമായ സന്ദേശം എത്താറില്ല. അത്രയും ഗൗരവമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമാണിത്. വികസനത്തിനുള്ള സൗകര്യങ്ങൾ എല്ലാ പ്രദേശത്തും ഉണ്ടാകണം. കഴിഞ്ഞ കുറേക്കാലമായി അവഗണിക്കപ്പെട്ട മലബാർ മേഖലയോട് പൂർണ്ണമായും നീതികാണിക്കുവാനും വികസനത്തിന്റെ പ്രയോജനം എല്ലാ മേഖലയ്ക്കും ലഭിക്കുവാനും സഹായകരമായ നടപടി സ്വീകരിക്കണം.

സർ, ഇവിടെ ഇന്നത്തെ പത്രത്തിൽ വന്ന ഒരു പ്രധാനപ്പെട്ട കാര്യം ശ്രീ. ചക്രപാണി ചൂണ്ടിക്കാണിച്ചു. മലയാളമനോരമയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 'തൊഴിൽ പദ്ധതിക്ക് കോടികൾ പാഴാക്കി'. ഗൗരവമായ കാര്യമാണിത്. പി. ഡബ്ലിയു. ഡി. യിൽ സ്തംഭനാവസ്ഥയുണ്ടാകുമ്പോൾ ജനങ്ങൾ പുതിയ റോഡുകളുണ്ടാക്കുവാൻ ആശ്രയിക്കുന്നത് എൻ. ആർ. ഇ. പി. യേയും ആർ. എൻ. ഇ. ജി. പി. യേയുമാണ്. സർ, മനുഷ്യത്തൊഴിൽ ദിനങ്ങൾ വർദ്ധിക്കണം. എൻ. ആർ. ഇ. പി. യും ആർ. എൻ. ഇ. ജി. പി. യും പദ്ധതികൊണ്ടു പുതിയ റോഡുകളുണ്ടാക്കുക മാത്രമല്ല ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരങ്ങളുണ്ടാകുന്നു. പക്ഷേ ഇവിടെ പറയുന്നത് ഐ. ആർ. ഡി. പി. ക്ക് കേരളം 4 കോടി രൂപ ലാപ്സാക്കി. എൻ. ആർ. ഇ. പി. യിൽ കേരളം 10 കോടിരൂപ ലാപ്സാക്കി. അതുപോലെ ആർ. എൽ. ഇ. ജി. പി. യിൽ 25 കോടിയോളം ലാപ്സാക്കി. സർ, ഗൗരവതരമായ പ്രശ്നമാണിത്. എന്തുകൊണ്ട് ഈ സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ ഇത്രയും ഗണ്യമായ ഒരു തുക ലാപ്സാകാനുള്ള സാഹചര്യമുണ്ടായി. കേന്ദ്രം നൽകിയ തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് ഈ സംസ്ഥാനം കൊടുക്കാത്തതുകൊണ്ടാണോ ? അതല്ല നടപ്പിലാക്കാനുള്ള ഗവൺമെന്റിന്റെ കഴിവില്ലായ്മയാണോ ? സർ, എന്തായാലും ഗൗരവമായ ഈ കാര്യത്തെപ്പറ്റി ഗവൺമെന്റിനു് ഉത്തരം പറയാനുള്ള ബാദ്ധ്യതയുണ്ട്.

സർ, ഇവിടെ വ്യവസായസംരംഭത്തെക്കുറിച്ചു പറഞ്ഞു. ബഡ്ജറ്റ് പ്രസംഗത്തിൽ അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ വെള്ളാനകളായി മാറിയിരിക്കുകയാണ്. എല്ലാക്കാലവും പറയുന്ന കാര്യമാണിത്. ഇത്തവണ ബഡ്ജറ്റുരേഖയോടൊപ്പം ഞങ്ങൾക്ക് നൽകിയ "റെവ്യൂ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ് ഇൻ കേരള" 1984-85. ആ രേഖകൾ ഞാൻ ഓടിച്ചു വായിച്ചുനോക്കി. സ്റ്റേറ്റിലെ 86 ഗവൺമെന്റ് കമ്പനികളിൽ 1984-85-ലെ കണക്കുകൾ തയ്യാറാക്കി നൽകിയിട്ടുള്ളത് 31 എണ്ണം മാത്രമാണ്. 55 എണ്ണവും കൊടുത്തിട്ടില്ലെന്ന് മാത്രമല്ല 7കമ്പനികൾ നൽകിയിട്ടുള്ള കണക്ക് 1981 വരെയുള്ളതാണ്. 4 കമ്പനികൾ 1980 വരെയും 2 കമ്പനികൾ 1979 വരെയും, 2 കമ്പനികൾ 1978 വരെയും ഉള്ളതാണ് കൊടുത്തിട്ടുള്ളത്. സർ, ഈ പൊതുമേഖലാസ്ഥാപനങ്ങൾ ഇന്നു കണക്കുകൾ കൊടുക്കുന്നില്ല. ഗൗരവപരമായ കാര്യമാണിത്. സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരാണ് ഈ കമ്പനികളുടെ തലവൻമാർ. എന്തുകൊണ്ടാണിത് സംഭവിക്കുന്നത് എന്ന് ഗവൺമെന്റ് അന്വേഷിക്കണം. ഈ. ഐ. പി. എസ്. ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ അവർ സർക്കാരിന് അനഭിലഷണീയരാണെങ്കിൽ അവരെ കുടിയിരുത്താനുള്ള താവളമായി പൊതുമേഖലാ വ്യവസായം കാണാൻ പാടില്ല. സർ, ഇന്ന് കാണുന്ന പ്രവണതയെന്താണ് ? അനഭിലഷണീയരായ ഉദ്യോഗസ്ഥൻമാരെ പറഞ്ഞയയ്ക്കാനുള്ള താവളമായി പൊതുമേഖലാസ്ഥാപനങ്ങൾ മാറുന്നു. സർ, ഇതുമാറി, പ്രഗൽഭരായ ആളുകളെ മാനേജീരിയൽ കേഡറിൽ നിയമിക്കണം. എങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളു. 1984-85-ലെ കണക്കുകൾ നോക്കുക. 5782 ലക്ഷം രൂപ പെയിഡപ്പ് ക്യാപിറ്റൽ ഉള്ള 14 കമ്പനികൾ ലാഭമുണ്ടാക്കിയെന്ന് പറയുന്നു. ലാഭം 703 ലക്ഷം രൂപയാണ്. സർ, അതേയവസരത്തിൽ 2928 ലക്ഷം രൂപ പെയിഡപ്പ് ക്യാപിറ്റൽ ഉള്ള 16 കമ്പനികൾ ഉണ്ടാക്കിയ നഷ്ടം 1477 ലക്ഷം രൂപയാണ്. ഗണ്യമായ നഷ്ടം ഉണ്ടാക്കുന്നു. 27 കമ്പനികൾ ഇവിടെ അക്യുമുലേറ്റഡ് ലോസ്സ്. പെയിഡപ്പ് ക്യാപിറ്റലിനേക്കാൾ കൂടുതലായിരിക്കുന്നു. നമ്മുടെ അഭിമാനമാണെന്നു പറയുന്ന കെൽട്രോൺ ഗ്രൂപ്പിലെ 5 കമ്പനികളുടെ പെയിഡപ്പ് ക്യാപിറ്റലിനേക്കാൾ 645 ലക്ഷം രൂപയും അക്യുമുലേറ്റഡ് ലോസ്സ് 1061 ലക്ഷം രൂപയുമാണ്. സർ, ടെൽക്കിന്റെ കാര്യമെടുക്കാം. ഒരു സർവ്വകാല റിക്കാർഡാണ്. പെയിഡപ്പ് ക്യാപിറ്റൽ 550 ലക്ഷം രൂപയും അക്യുമുലേറ്റഡ് ലോസ്സ് 1883 ലക്ഷം രൂപയുമാണ്. ഈ നിലയിൽ പൊതുമേഖലാസ്ഥാപനങ്ങൾ ചില ഉദ്യോഗസ്ഥൻമാർക്ക് കയറി നിരങ്ങാനുള്ള സ്ഥാപനങ്ങളായി മാറാൻ പാടില്ല. കേരളത്തിന്റെ അഭിമാനഭാജനങ്ങളായ ഈ പൊതുമേഖലാസ്ഥാപനങ്ങളെ മെച്ചപ്പെടുത്തുവാൻ കാര്യമായ സമീപനം ഗവൺമെന്റ് സ്വീകരിക്കണം.

അതുപോലെതന്നെ തൊഴിലില്ലായ്മയെക്കുറിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ബഡ്ജറ്റിലെ ചില പേജുകളിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടിയെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ നോക്കിയാൽ 1983-ൽ തൊഴിലില്ലാത്തവരുടെ എണ്ണം 22.6 ലക്ഷമായിരുന്നു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ 24.6 ലക്ഷമായി. തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അതേയവസരത്തിൽ യാതൊരു ജോലിയും ചെയ്യാതെ നമ്മുടെ സംസ്ഥാനത്ത് ഏകദേശം രണ്ടായിരത്തിൽ ചിലവാനം ആളുകൾ 5 കോടിരൂപ നമ്മുടെ എക്സ്ചെക്കറിൽ നിന്ന് ശമ്പളം പറ്റുന്നുവെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ് : ഗൗരവമായ കാര്യമാണിത്. അതുപോലെ ഇവിടെയുള്ള 24 ലക്ഷം തൊഴിൽരഹിതരിൽ 1014 പേർ ഡോക്ടർമാരാണ്. 2254 പേർ എൻജിനീയർമാരാണ്. 12,000 പേർ, എൻജിനീയറിംഗ് ഡിപ്ലോമോ ബിരുദധാരികളാണ്. അരലക്ഷം പേർ, ഐ. റ്റി. ഐ. സർട്ടിഫിക്കേറ്റ് ഹോൾഡേഴ്സാണ്. ഇത്തരത്തിൽ ഗണ്യമായ തൊഴിലില്ലായ്മ ഉണ്ടാകുന്നു. കഴിഞ്ഞ കാലങ്ങളിലൊക്കെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമുണ്ടായിരുന്നു. കാരണം ഗൾഫ് നാടുകൾ. അവിടെ തൊഴിലവസരം ഉണ്ടായിരുന്നു. പക്ഷേ ഇന്ന് ഗൾഫ് നാടുകളിൽ തൊഴിലവസരങ്ങൾ കുറവാണെന്ന് മാത്രമല്ല, അവിടെനിന്നും ആളുകൾ മടങ്ങുന്നു. ഇനി വരുന്ന വർഷങ്ങളിൽ കേരളത്തിലെ തൊഴിലില്ലായ്മ രൂക്ഷമാകാൻ പോകുകയാണ്. സർ, ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള കാര്യമായ നടപടികൾ നമ്മൾ സ്വീകരിക്കണം. ഇവിടെ പറഞ്ഞ നിർദ്ദേശം സ്വാഗതാർഹമാണ്. എങ്കിലും കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തൊഴിലില്ലായ്മയാണെന്ന് കരുതി, അക്കാര്യത്തിൽ ഗൗരവമായ സമീപനം ഉണ്ടാകണം. ഈ ബഡ്ജറ്റ് തീർച്ചയായും സ്വാഗതാർഹമാണ്.

കേരളത്തിന്റെ കഴിഞ്ഞകാല സാമ്പത്തിക ചിത്രം വളരെയധികം ആശങ്കാജനകമാണെങ്കിൽ അവിടെനിന്ന് മാറി, പുരോഗതിയുടെ പ്രത്യാശയുടെ പുതിയ മേഖലയിലേക്ക് നമ്മെ നയിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഞാനീ ബഡ്ജറിനെ ശക്തിയായി എതിർക്കുകയാണ്. സത്യസന്ധമായ കണക്കുകൾ ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കാതെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കള്ളക്കണക്കുകൾകൊണ്ടുള്ള ഒരു ഇന്ദ്രജാലമാണ് ബഡ്ജറ് പ്രസംഗത്തിലൂടെ ഇവിടെ നടത്തിയത്. അദ്ദേഹം പ്രസംഗത്തിന്റെ ഇടയിൽ എഴുതാത്ത രണ്ടു വാചകം പറഞ്ഞു. 'എനിക്കവസരം കിട്ടുമെങ്കിൽ ഏപ്രിൽ 15-ാം തീയതിയോടുകൂടി പത്ര സമ്മേളനം വിളിച്ച് യഥാർത്ഥവസ്തുത പറയാ'മെന്ന്. സർ, ഈ ധനകാര്യ മന്ത്രി യഥാർത്ഥ വസ്തുത ഈ സഭയുടെ മുൻപിൽ വയ്ക്കാത്തത്, എന്താണ്? അത് അറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. അതു പത്ര സമ്മേളനത്തിലെ പറയൂ എന്നു പറയുന്നത് യഥാർത്ഥത്തിൽ അവകാശ ലംഘനമാണ്. അദ്ദേഹം 60 ലക്ഷം രൂപയുടെ പ്രതിദിനകമ്മി 22 ലക്ഷം മിച്ചമാക്കി മാറ്റിയെന്ന അൽഭുതവിദ്യയാണിവിടെ കാണിച്ചത്. സർ, ഇതുതന്നെ അതിന് അടിസ്ഥാനമാക്കി, അദ്ദേഹം എടുത്തത് 1984-85-ലെ പ്രതീക്ഷിച്ച കമ്മി 297 കോടിയിൽ നിന്ന് 205 കോടിയാക്കി കുറയ്ക്കാൻ കഴിഞ്ഞു. അങ്ങനെ 92 കോടി രൂപ 1984-85 വർഷം അവസാനിച്ചപ്പോൾ തന്നെ കമ്മിയിൽ നിന്ന് മിച്ചമുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇന്നിപ്പോൾ 22 കോടി രൂപയുടെ മിച്ചത്തിന്റെ കണക്ക് ഉണ്ടാക്കാൻ സാധിച്ചത്.

സർ, ഈ 92 കോടിയുടെ കമ്മി കുറച്ചുകൊണ്ടുവന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. വസ്തുതയ്ക്ക് നിരക്കാത്തതാണ്. സർ, ഇക്കൊല്ലം എക്കണോമിക് ഓർഡർ ഒന്നും പുറപ്പെടുവിച്ചില്ലെന്ന് പറഞ്ഞു. 1984-85 വർഷം അവസാനത്തെ മാർച്ചുമാസത്തിൽ അതിന് മുൻപുതന്ന ഫെബ്രുവരി 7-ാം തീയതി തന്നെ ഇക്കോണമികട്ട് ഏർപ്പെടുത്തിക്കൊണ്ട് ചെലവ് നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. സാധാരണഗതിയിൽ ബഡ്ജറ് അംഗീകരിച്ച് ചെലവു ചെയ്യേണ്ട നിരവധി ഇനങ്ങൾക്കുള്ള ബില്ലുകൾ തടഞ്ഞുവച്ചു. അതൊക്കെയാണിപ്പോൾ പെൻഡിംഗ ബില്ലുകളായി അക്യുമുലേറ് ചെയ്തു വന്നിരിക്കുന്നത്. അങ്ങനെ യഥാർത്ഥത്തിൽ ബഡ്ജറ് അനുസരിച്ച് കമ്മിറേഡ് എക്സ്പെൻസസ് കൊടുത്തു തീർക്കാതെ ബാക്കി നിർത്തിക്കൊണ്ടാണ് ഈ 92 കോടിയുടെ കമ്മി കുറച്ചു കൊണ്ടുവന്നു എന്ന് പറയുന്നത്. അത് മാത്രമല്ല, ചെത്തുതൊഴിലാളി ക്ഷേമനിധിയുടെ സംഖ്യ കൊടുത്തുവെന്ന് പറഞ്ഞു. ഈ 1984-85 വർഷം അവസാനിക്കുന്ന മാർച്ച് മാസത്തിൽ ഈ ഓവർഡ്രാഫ്റ്റ് കുറച്ചുകൊണ്ടു വരുന്നതിനുവേണ്ടി 20 കോടി രൂപ കടമെടുത്തു. 1985 മാർച്ച് അവസാനത്തിൽ 20 കോടി രൂപ ചെത്തുതൊഴിലാളി ക്ഷേമനിധിബോർഡിന് ഈ ഗവൺമെന്റ് കൊടുക്കാനുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇപ്പോൾ ഒന്നും കൊടുക്കാനില്ല എന്ന് പറഞ്ഞാൽ അത് നിഷേധിക്കാമോ? ഇപ്പോൾ ഒരൊറ്റപൈസപോലും തരാനില്ലാതെ ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുന്നത്.....

ശ്രീ. കെ. പി. പ്രഭാകരൻ : ഇപ്പോൾ ഒന്നും കൊടുക്കാനില്ലെന്ന് പറഞ്ഞാൽ നിങ്ങൾ 1984-85 വർഷാവസാനത്തിൽ 92 കോടി രൂപ കമ്മിയിൽ കുറച്ചുകൊണ്ടുവന്നുവെന്ന് പറഞ്ഞതിന്റെ ന്യായമാണിപ്പറയുന്നത്. ആ 92 കോടി രൂപ കുറച്ചുകൊണ്ടുവരുമ്പോൾ 20 കോടി രൂപ ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിന് ഗവൺമെന്റ് കടമെടുത്തത് കൊടുക്കാനുണ്ട്, നിരവധി ബില്ലുകൾ ഫെബ്രുവരി 7-ാം തീയതിയിലെ നിരോധനത്തിന്റെ ഫലമായി കുടിശ്ശിക നിർത്തിയിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് നിഷേധിക്കാനാവുമോ ? ജില്ലാ സഹകരണ ബാങ്കിൽ നിന്നും പല ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സേവിംങ്സ് ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ട്. അങ്ങനെയാണ് സർ, വളരെ കൃത്രിമമായിട്ടാണ് ഈ 92 കോടി മിച്ചം ഉണ്ടാക്കിയിട്ടുണ്ടെന്ന് പറയുന്നത്.

ശ്രീ. കെ. എം. മാണി : മി. പ്രഭാകരൻ, ഇതൊക്കെ പഴയകഥകളാണ്. അതൊക്കെ മാറിയെന്നാണ് ബഡ്ജറ്റ് പ്രസംഗം.

ശ്രീ. കെ. പി. പ്രഭാകരൻ : പഴയകഥകളും നിങ്ങൾ പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ആ പഴയകഥകളൊക്കെ തെറ്റാണ്. 92 കോടി രൂപ നിങ്ങൾ കമ്മി കുറച്ചുകൊണ്ടുവന്നതല്ല. അത് പറയുമ്പോൾ എന്തിനാണ് ചൊടിക്കുന്നത് ? സഭയോട് സത്യസന്ധമായി പറയണ്ടേ? അത് കഴിഞ്ഞപ്പോൾ 22 കോടി രൂപയുടെ മിച്ചത്തിൽ വന്നു. സർ, ഇവിടെ ഡോ. കെ. സി. ജോസഫ് ഇതിനെ അംഗീകരിച്ചുകൊണ്ട് പറഞ്ഞപ്പോൾ ഈ കഴിഞ്ഞവർഷം ഉണ്ടായിരുന്ന കമ്മിയെല്ലാം നികത്തി, 1100 കോടി രൂപയുടെ കമ്മി നികത്തി ഇപ്പോൾ മിച്ചമുണ്ടാക്കിയെന്നാണ്. ഇതുവല്ലതും വസ്തുതകൾ അറിഞ്ഞിട്ട് പറയുന്നതാണോ ? സർ, 1100 കോടി രൂപ ഈ 7-ാം പദ്ധതിയുടെ ബാദ്ധ്യതയായിട്ടാണ് അദ്ദേഹം കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്.

സർ, ''പ്ലാനിങ് കമ്മിഷന്റെ കേന്ദ്ര ധനകാര്യവകുപ്പിലെയും സംസ്ഥാന ധനകാര്യവകുപ്പിലെയും ഉദ്യോഗസ്ഥൻമാരും ചേർന്ന് നടത്തിയ പഠനത്തിൽനിന്ന് വ്യക്തമായത് ഏഴാം പദ്ധതിക്കാലത്ത് കേരളത്തിന് പദ്ധതിയിതര റവന്യൂകണക്കിൽ 800 കോടി രൂപയുടെ കമ്മിയുണ്ടാകുമെന്നാണ്. പദ്ധതിയിതര മൂലധനകണക്കിൽ 308.25 കോടി രൂപയായിരിക്കും. അതായത് 1100 കോടി രൂപ'' (ബഡ്ജറ്റ് പ്രസംഗം) അതിന്റെ ശരാശരിയെടുക്കുമ്പോൾ ഒരു വർഷത്തിൽ 220 കോടി രൂപയും പ്രതിദിനം 60 ലക്ഷം രൂപയുമായിരിക്കും ഈ കമ്മിമുഴുവൻ നികത്തിയെന്നാണ് പറയുന്നത്. 1985-86-ലെ മാത്രമെടുത്താൽ 92 കോടി രൂപ കമ്മി കുറച്ചു കൊണ്ടുവന്നുവെന്നുള്ള അടിസ്ഥാനരഹിതമായ വാദത്തിൽനിന്നുകൊണ്ട് 82 കോടി രൂപ ഈ വർഷം അവസാനിക്കുമ്പോൾ മിച്ചമാണെന്നാണ് പറയുന്നത്. അപ്പോൾ ശരാശരി ഒരു ദിവസത്തേക്ക് 22 ലക്ഷം രൂപ എന്നാണ് പറയുന്നത്. ഈ പറയുന്ന കാര്യങ്ങളൊക്കെ ശരിയാണെന്നു അംഗീകരിച്ചുകൊടുത്താൽപ്പോലും 1985-86-ലെ 205 കോടി രൂപയുടെ ഓവർഡ്രാഫ്ട് വീട്ടാൻ 242 കോടി രൂപയുടെ മദ്ധ്യകാലവായ്പ കേന്ദ്രഗവൺമെന്റ് തന്നു. ഇത് നമ്മുടെ സംസ്ഥാനത്തോടുള്ള പ്രത്യേക സൗജന്യമായിരുന്നില്ലായെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു. ഒരു തീരുമാനത്തിന്റെയടിസ്ഥാനത്തിൽ എല്ലാ സ്റ്റേറ്റുകൾക്കും കൊടുക്കുന്നതിന്റെ ഭാഗമായിട്ട് കിട്ടിയതാണിത്. അതുപോലെ കേന്ദ്രനികുതി വിഹിതത്തിൽ ഉണ്ടായ വർദ്ധനവ് 30 കോടി രൂപയാണ്. അത് നിയമാനുസൃതമായി, ഭരണഘടനാനുസൃതമായി നമുക്ക് കിട്ടേണ്ട വിഹിതമാണ്. അതുപോലെ പദ്ധതിയുടെ സഹായത്തിലേക്ക് അഡ്വാൻസായി കിട്ടിയത് നൂറുകോടി രൂപയാണ്. ഈ മൂന്നിനവും കൂടി കൂടിയാൽത്തന്നെ 372 കോടി രൂപയാണുള്ളത്. ഈ മൂന്നിനവും നമ്മുടെ സംസ്ഥാനത്തിന്റെ ആഭ്യന്തരവിഭവമൊന്നുമല്ല. ഈ 372 കോടി രൂപ മാറിനിറുത്തിയാൽ 1985-86-ൽ 70 കോടി രൂപയുടെ കമ്മിയായിരിക്കും. അവിടംകൊണ്ടും നിൽക്കുന്നില്ല. 124 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് തന്നു. ആ 124 കോടി രൂപ ഗവൺമെന്റിന്റെ ഭരണച്ചെലവുകൾക്കും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾക്കുമായി ചെല

LIBRARY ARCHIVES Kerala Legislative Assembly

വായിട്ടുണ്ട്. അതുപോലെ സ്പെഷ്യൽ ന്യൂട്രീഷനുവേണ്ടിയും മറ്റും മഹിളാസംഘങ്ങൾക്ക് കൊടുക്കുന്നു. മഹിളാസംഘങ്ങൾ ബാലവാടി ടീച്ചേഴ്സിന് ശമ്പളം കൊടുക്കുന്നു. അതാണിവിടെ നടക്കുന്നത്. യഥാർത്ഥത്തിൽ അതുമാത്രമല്ല, ശ്രീ. പി. ജെ. ജോസഫ് കൈകാര്യം ചെയ്യുന്ന റവന്യൂവകുപ്പിന്റെ കീഴിൽ വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് ഉപയോഗിച്ചുകൊണ്ട് വർഷങ്ങളായി വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി മാറ്റി ചെലവഴിക്കുന്നുണ്ട്. അതുപോലെ വർഷങ്ങളായി മെയിൻറനൻസ് നടക്കാത്ത റോഡുകളുടെ മെയിൻറനൻസ് വർക്കും ഈ കാശുകൊണ്ടാണ് നടത്തുന്നത്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞു, പി. ഡബ്ലിയു. ഡി. യിൽ ഒരു പണിയും നടക്കുന്നില്ലായെന്ന്. പി. ഡബ്ലിയു. ഡി. യിൽ വല്ലതും നടക്കുന്നത്, ഈ ദുരിതാശ്വാസത്തിനുവേണ്ടി കിട്ടിയ സംഖ്യ ഉപയോഗിച്ചാണ് നടത്തുന്നത്. ഈ 124 കോടി രൂപ മാറിയാൽ യഥാർത്ഥ കമ്മി 194 കോടി രൂപയാകും. അതിനെയാണ് ശ്രീ. മാണി അഭ്യാസം നടത്തി.....

ശ്രീ. കെ. എം. മാണി : ഈ രൂപയൊക്കെ അതിനുവേണ്ടി ചെലവഴിക്കേണ്ടതാണ്. അതൊന്നും മിച്ചത്തിൽ വരികയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : യഥാർത്ഥത്തിൽ 1984-85 വർഷവസാനത്തിൽ 92 കോടി രൂപ കുറച്ചുകൊണ്ട് വന്നുവെന്നു പറയുന്നതു മുതൽ 1985-86 വർഷാവസാനംവരെ 82 കോടി രൂപ മിച്ചമുണ്ടാക്കിയെന്ന് പറയുന്നത് വരെ അടിസ്ഥാനരഹിതമായ കണക്കുകളാണ്. അതുമാത്രമല്ല ഈ വർഷത്തെ സംബന്ധിച്ചിടത്തോളം ശരാശരി ഒരു ദിവസം 22 ലക്ഷം രൂപയാണ് മിച്ചമുണ്ടായതെന്നു പറഞ്ഞാൽ 1100 കോടി രൂപയുടെ കമ്മി അവസാനിച്ചില്ല. അതാണ് കെ. സി. ജോസഫ് ഇന്നലെയിവിടെ പറഞ്ഞത്. 1100 കോടി രൂപയുടെ കമ്മി അടുത്ത വർഷം വരാൻപോവുകയാണ് ആറാം പദ്ധതി 2100 കോടി രൂപയായി അംഗീകരിച്ചു. അത് 4500 കോടി രൂപയായിട്ട് സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പോയതാണ്. അതിൽ 2100 കോടി രൂപ അംഗീകരിച്ചുപോരേണ്ടിവന്നു. അതിനുള്ള പ്രധാനകാരണം നമ്മുടെ മുഖ്യമന്ത്രി തന്നെ പറഞ്ഞു. നമ്മുടെ വിഭവശേഷിക്കുറവുകൊണ്ടാണെന്ന്. നമ്മുടെ വിഭവശേഷിയിൽ നമുക്ക് ഇനിയും പദ്ധതി വർദ്ധിപ്പിച്ച് വാങ്ങാമായിരുന്നുവെന്ന് ഈ സഭയിൽ മുഖ്യമന്ത്രി പറഞ്ഞതാണ്. അത് ശരിയല്ല. 2100 കോടി രൂപ അഞ്ചുവർഷംകൊണ്ട് നമ്മുടെ പദ്ധതിവിഹിതമായി ചെലവഴിക്കണമെങ്കിൽ പ്രതിവർഷം 420 കോടി രൂപ കിട്ടണം. ആദ്യവർഷത്തേക്ക് 355 കോടി രൂപയേ അംഗീകരിക്കാൻ കഴിഞ്ഞുള്ളൂ. നമ്മുടെ വിഭവസമാഹരണം കുറഞ്ഞതുകൊണ്ട് ആണ് രണ്ടാം വർഷത്തേക്ക് 390 കോടി രൂപയായത്. ആറാം പദ്ധതിക്ക് 1748 കോടി രൂപ ചെലവിട്ടപ്പോൾ അതിൽ 1208 കോടി രൂപയും സംസ്ഥാന ഗവൺമെൻറ് സമാഹരിച്ചതായിരുന്നു. എന്നാൽ ഏഴാം പദ്ധതിയുടെ 2100 കോടി രൂപയിൽ 820 കോടി രൂപ മാത്രമേ സംസ്ഥാനഗവൺമെൻറിന് സമാഹരിക്കേണ്ടിവരുന്നുള്ളൂ.

ഡോക്ടർ കെ. സി. ജോസഫ് സംസ്ഥാനത്ത് ഏഴാം പദ്ധതി നടപ്പിലാക്കാൻവേണ്ടി പൊതുക്കടമുൾപ്പെടെ 800 കോടിയിൽ ചിലചാനം രൂപയേ സംസ്ഥാനഗവൺമെൻറ് കണ്ടെത്തിയുള്ളൂവെന്ന് പറഞ്ഞു, അത് നിങ്ങളുടെ പാർട്ടി അംഗീകരിക്കുന്നുണ്ടോ അതോ റവന്യൂകമ്മി 1100 കോടി രൂപയുടെ കമ്മി നികത്തിയതിനുശേഷം അഡീഷണലായി കണ്ടെത്തുന്നതുകയല്ലേ? ഇതിൽ ഏതാണ് നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : ഇതൊന്നും ഞങ്ങളുടെ പാർട്ടി അംഗീകരിക്കുന്ന പ്രശ്നമില്ല. ഞാൻ നിങ്ങളുടെ കണക്കിന്റെ കാര്യമാണ് പറഞ്ഞത്. ഏഴാം പദ്ധതിക്ക് 2,100 കോടി രൂപയിൽ കേന്ദ്ര വിഹിതമായിട്ട് ഏതാണ്ട് 1140 കോടി ലഭിക്കേണ്ടതാണ്. അതനുസരിച്ച് ഒരു വർഷം 228 കോടി രൂപയാണ് കിട്ടേണ്ടത്. അതിനുപകരം ആദ്യവർഷംതന്നെ 287 കോടി രൂപ വാങ്ങിക്കഴിഞ്ഞു. രണ്ടാമത്തെ വർഷം 280 കോടി രൂപ അംഗീകരിച്ചിരിക്കുകയാണ്. അതായത് ഈ രണ്ടുവർഷമായിട്ട് ഏഴാം പദ്ധതിക്ക് കേന്ദ്രവിഹിതമായി കിട്ടേണ്ടതിന്റെ 111 കോടി അധികം പററിക്കഴിഞ്ഞു. ഇതൊക്കെ കഴിച്ചേ അടുത്ത മൂന്നാം വർഷത്തിൽ കിട്ടുകയുള്ളു. ഇങ്ങനെ കൃത്രിമമായിട്ടൊരു സ്ഥിതി വരുത്തിവച്ചതിന്റെ ഫലമായി അടുത്ത മൂന്നു വർഷത്തെ സ്ഥി ഇതിനെക്കാൾ വളരെ മോശമാകാൻ പോവുകയാണ്. 242 കോടി രൂപയുടെ ഓവർഡ്രാഫ്ട് കിട്ടിയത് 9 ശതമാനം പലിശയടക്കം മൂന്നു വർഷംകൊണ്ട് ഗഡുക്കളായി തിരിച്ചടയ്ക്കണം ഇവിടെ ശ്രീ. രമേശ് ചെന്നിത്തല34കോടി രൂപകമ്മിയുടെകാര്യംമാത്രമേപറഞ്ഞുള്ളു. അതുമാത്രമല്ലാ ഈ മാർച്ച് 31-ാം തീയതിയോടുകൂടി കർഷകത്തൊഴിലാളി പെൻഷൻ വകയിൽ പത്തുകോടി രൂപയോളം മാർച്ച് 31-ാം തീയതിക്കകം കൊടുത്തു തീർക്കാനുണ്ട്. ഇത് ഗവൺമെന്റിന്റെ കമ്മിറ്റഡ് എക്സ്പെൻഡിച്ചറാണ്. അതുപോലെ തൊഴിലില്ലായ്മ വേതനം, അഗതിപെൻഷൻ. സ്വാതന്ത്ര്യസമരഭടൻമാർക്ക് അനുവദിച്ച 300 രൂപപോലും കഴിഞ്ഞ മൂന്നുമാസമായിട്ട് കുടിശ്ശികയിലാണ്. ഏതിനത്തിലാണ് കുടിശ്ശികയില്ലാത്തത് ? അതുപോലെ ചെലവ് വർദ്ധിച്ച ഇനങ്ങളും പറഞ്ഞു. 85 കോടി രൂപയിൽ 16 കോടി രൂപയേ പ്ലാൻ സ്കീമിൽ വർദ്ധിച്ചിട്ടുള്ളു. ബാക്കി നോൺപ്ലാൻ സ്കീമിലുള്ള ചെലവുകളാണ്. യഥാർത്ഥത്തിൽ അംഗീകരിച്ച ചെലവുകൾപോലും ചെയ്യുന്നില്ല.

ഇവിടെ ഐ.ആർ.ഡി.പി., എൻ.ആർ.ഇ.ജി.പി. എന്നീ സ്കീമുകളെക്കുറിച്ചൊക്കെ ചിലർ പറഞ്ഞു. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. 35.92 കോടി രൂപയാണ് വെള്ളപ്പൊക്ക വർക്കിനുവേണ്ടി പൊതുമരാമത്തു വകുപ്പിന് കിട്ടിയത്. പക്ഷേ 28-2-1986 വരെയുള്ള ചെലവ് 15.36 കോടി രൂപയാണെന്നാണ് ചോദ്യത്തിനുത്തരമായി കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ പറഞ്ഞത്. അതിൽ ഇരുപതര കോടി ചെലവാക്കിയിട്ടില്ല, ഈ മാർച്ച് മാസത്തിൽ ഇത് മുഴുവനും ചെലവാക്കുമെന്നാണ്. 1985-86 സാമ്പത്തിക വർഷത്തിൽ ഹരിജനക്ഷേമത്തിനുവേണ്ടി മാറിവച്ചതുക 5754.97 ലക്ഷം രൂപയാണ്. എന്നാൽ 31-1-1986 വരെ ചെലവായത് 2764.27 ലക്ഷം രൂപയാണ്. ഏകദേശം മുപ്പതുകോടി രൂപയോളം ഹരിജന ഉദ്ധാരണത്തിനുവേണ്ടി നീക്കിവച്ച തുകയിൽ ചെലവാക്കിയിട്ടില്ലായെന്നാണ് ഇത് കാണിക്കുന്നത്. അത് ഫെബ്രുവരി—മാർച്ച് മാസങ്ങളിൽ മുഴുവൻ ചെലവാക്കുമെന്നാണ് പറയുന്നത്. ഇങ്ങനെ ഗവൺമെന്റ് കൊടുക്കാൻ ബാദ്ധ്യതപ്പെട്ട തുക കൊടുക്കാതെ മാറിവച്ചുകൊണ്ട് കൃത്രിമമായി ഓവർഡ്രാഫ്ട് കുറച്ചുകൊണ്ട്, കൃത്രിമമായിട്ട് മിച്ചം വന്നതായി സ്ഥാപിച്ചു, ഇതൊക്കെ ബഹുമാനപ്പെട്ട മാണിയുടെ ഈ വർഷത്തെ ഒരു പ്രത്യേക ആവശ്യമാണ്. കഴിഞ്ഞ വർഷം അദ്ദേഹം വളരെ സത്യസന്ധമായിട്ട് കുറെ കണക്കുകൾ ഈ സഭയിൽ വച്ചു. ഈ വർഷം ഇത്തരത്തിൽ ഒരു മാന്ത്രികവിദ്യയ്ക്ക് പുറപ്പെട്ടത്, ഇല്ലാത്ത പുകപടലം സൃഷ്ടിച്ചുകൊണ്ട് ധനകാര്യമാനേജ്മെന്റിന്റെ വൈഗ്ധ്യം തെളിയിക്കാൻവേണ്ടിയുള്ള ഒരു അഭ്യാസമായിരുന്നു.

ഞാൻ ഈ ബഡ്ജറ്റിന്റെ മറ്റു ചില നിർദ്ദേശങ്ങൾകൂടെ പറഞ്ഞു എളുപ്പം തീർക്കാം. ഇവിടെ മറ്റു പല സംസ്ഥാനങ്ങളും ഈ വർഷം നികുതിയില്ലാത്ത ബഡ്ജറുകൾ അവതരിപ്പിച്ചു. കാരണം കേന്ദ്രഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റിനുതന്നെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വന്ന 4,000 കോടി, ഈ വർഷം സാധനങ്ങളുടെ വിലവർദ്ധിപ്പിച്ചും മറ്റും വന്നിട്ടുള്ള 3,000 കോടി— ഇതിന്റെയൊക്കെ ബാദ്ധ്യത കേരളവും ഓരോ സംസ്ഥാനവും, ഇൻഡ്യയിലെ മുഴുവൻ ജനങ്ങളും പേറേണ്ടതാണ്. ഈ ബാദ്ധ്യതയ്ക്കു പുറമേയാണ് ബഹുമാനപ്പെട്ട മാണിയുടെ 32 കോടിയുടെ പുതിയ ബാദ്ധ്യത കൊണ്ടു വന്നത്. ഇതൊന്നും സാധാരണ ജനങ്ങളെ ബാധിക്കുകയില്ലെന്നാണ് പറഞ്ഞത്. ഈ 32 കോടിയിൽ 20 കോടിരൂപയും രജിസ്ട്രേഷൻ ഫീസിൽ വരുന്ന വർദ്ധനവാണ്. അതിൽ ഇവിടെ രജിസ്ട്രേഷൻ നടത്തുന്നതിൽ 90 ശതമാനവും ശ്രീ. മാണി പ്രതിനിധീകരിക്കുന്നു എന്ന് അവകാശപ്പെടുന്ന അദ്ധ്വാനി വർഗ്ഗക്കാരായിട്ടുള്ള കൃഷിക്കാരാണ്. ചെറുകിടക്കാരും പരിമിത കൃഷിക്കാരുമാണ് രജിസ്ററർ ഓഫീസിൽ പോകുന്നത്. ഇതിൽ അപൂർവ്വം അല്ലാത്ത ആളുകളും കണ്ടേക്കും. പക്ഷെ ബഹുഭൂരിപക്ഷവും ഈ രാജ്യത്തെ ചെറുകിടക്കാരെയും പരിമിതക്കാരായ കൃഷിക്കാരെയുംബാധിക്കുന്നതാണ്. 5 കോടി രൂപ ലോട്ടറി ടിക്കറ്റിൽനിന്ന് കിട്ടുന്നു. ലോട്ടറി ടിക്കറ്റിന്റെ സമ്മാനത്തിന്റെ റിപ്പോർട്ട് വരാറുണ്ട്.—ഒരു കർഷകത്തൊഴിലാളി അല്ലെങ്കിൽ ഒരു ചായപീടികക്കാരൻ അല്ലെങ്കിൽ ഒരു കയർത്തൊഴിലാളി ഇവരൊക്കെ എങ്ങനെയെങ്കിലും ഭാഗ്യം കിട്ടുമെന്ന് പ്രതീക്ഷിച്ചാണ് ടിക്കറ്റ് എടുക്കുന്നത് ഇത് അവരുടെ മേൽവരുന്ന നികുതിയാണ്. ഇതൊന്നും ജനങ്ങളെ ബാധിക്കുകയില്ലെന്നാണ് പറയുന്നത്. ഇങ്ങനെ ഇത്ര വലിയ നികുതി ചുമത്താനുള്ള എന്ത് സാഹചര്യമാണുള്ളത്. ശ്രീ. മാണി അവകാശപ്പെടുന്ന 15 കോടിയുടെ മിച്ച ബഡ്ജറ്—ഈ മിച്ച ബഡ്ജറ്റൊക്കെ ഈ വർഷം അവസാനിക്കുമ്പോൾ എങ്ങനെ ആകുമെന്ന് കണ്ടുതന്നെ അറിയണം. അരിയർ ബില്ലുകളൊക്കെ കൊടുത്തുവരുമ്പോൾ മിച്ചം എവിടെ നിൽക്കുന്നുവെന്ന് കണ്ടറിയണം. ഇങ്ങനെ മിച്ചമാണെന്ന വാദത്തിനുവേണ്ടി സമ്മതിച്ചാൽ, സാധാരണ കാലങ്ങളിൽ സാധാരണ ബഡ്ജറ്റിന്റെ കണക്കുകളൊക്കെ തയ്യാറാക്കിവരുമ്പോൾ കമ്മി നികത്താൻവേണ്ടിയാണ് പുതിയ നികുതി ചുമത്തുന്നത്. ഇവിടെ മിച്ചമുണ്ടാക്കാൻവേണ്ടിയാണ് നികുതി ചുമത്തിയിരിക്കുന്നത്. ഈ മിച്ചമുണ്ടാക്കിയിരിക്കുന്നതു കൊടുത്തുതീർക്കേണ്ട നിരവധി സംഖ്യകൾ കൊടുത്തുതീർക്കാതെയാണ്. ഡോ. കെ. സി. ജോസഫിന്റെ കുട്ടനാട്ടിലെ കൃഷിക്കാർക്ക് രണ്ടു കൊല്ലമായിട്ട് പമ്പിങ്ങ് സബ്സിഡി കുടിശികയാണ്. തൃശ്ശൂരിലും കുടിശികയാണ്. എവിടെയും കുടിശ്ശികയാണ്. ഓരോ വർഷം ചെല്ലുംതോറും കുടിശ്ശിക കൂടിക്കൊണ്ടിരിക്കുകയാണ്. 32 കോടിയുടെ പുതിയ ബാദ്ധ്യത വന്നപ്പോൾ 4 കോടിയുടെ ചില നക്കാപിച്ചാ സൗജന്യങ്ങളാണ് പ്രഖ്യാപിച്ചത്. അതിൽ ഒരു കോടി രൂപ നെൽക്കൃഷി വികസന അതോറിറ്റിക്കാണ്. ആ നെൽക്കൃഷി വികസന അതോറിറ്റികൊണ്ട് നെൽക്കൃഷിക്കാർക്ക് എന്തുകിട്ടുമെന്ന് ശ്രീമാൻ മാണി പഠിപ്പിച്ചുതരേണ്ടിയിരിക്കുന്നു. ഇവിടത്തെ യഥാർത്ഥപ്രശ്നം കഴിഞ്ഞ 12 വർഷമായിട്ട് നെൽക്കൃഷിയുടെ ഉൽപ്പാദനം വർദ്ധിച്ചില്ലായെന്നുള്ളതാണ്. 1972-ലെ 13 ലക്ഷത്തിൽനിന്ന് 1985-86 ആകുമ്പോൾ 12 ലക്ഷമായി കുറയുന്നു. അതിനു പ്രധാനകാരണം—12 വർഷമായി നഷ്ടത്തിൽ നടക്കുന്നതിന്റെ ഫലമായി കൃഷിക്കാരുടെ ഇൻസന്റീവ് നഷ്ടപ്പെട്ട് മറ്റു കൃഷികളിലേക്ക് മാറുന്നതാണ്. നെൽക്കൃഷിക്കാരുടെ പ്രധാന പ്രശ്നം ഇന്ന് കഴിഞ്ഞ 12 വർഷമായിട്ട് ഉൽപ്പാദനചെലവുമായി ബന്ധപ്പെടുന്ന ഒരു വില അവർക്കു കിട്ടുന്നില്ലായെന്നുള്ളതാണ്. ഇത് ശ്രീ. മാണിക്ക് ആദ്യവർഷം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മനസ്സിലായിരുന്നു. ശ്രീ. മാണി വലിയ ഒരു പ്രഖ്യാപനം ഘനഗംഭീരമായിട്ട് നടത്തി. ഒരു കാർഷിക വിലനിർണ്ണയ കമ്മീഷൻ കേരളത്തിൽ രൂപീകരിക്കുമെന്ന് ഇൻഡ്യാ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വിലനിർണ്ണയകമ്മിഷനുണ്ട്. അവരാണ് നെല്ലിന്റെയും ഗോതമ്പിന്റെയും വില നിശ്ചയിക്കുന്നത്. ഇവിടത്തെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് കാർഷികവിളകൾക്ക് കൊടുക്കേണ്ട വില ഗവൺമെന്റ് നിശ്ചയിക്കും. അത് കൂട്ടുന്നില്ലെങ്കിൽ അതിനാവശ്യമായ സബ്സിഡി ഗവൺമെന്റ് നൽകുമെന്നാണ് പറഞ്ഞത്. പക്ഷെ ആ കാർഷിക വില നിർണ്ണയ കമ്മിഷൻ 3 വർഷം മുമ്പ് പ്രഖ്യാപിച്ചതാണ്. അത് ഇന്ന് എവിടെ പോയിയെന്ന് അറിയില്ല. ഈ രാജ്യത്താണും ഇങ്ങനെ ഒരു കമ്മിഷൻ ഉണ്ടായിട്ടില്ല. പക്ഷെ മന്ത്രി അധികാരം ഏറ്റെടുക്കുമ്പോൾ ഇവിടെ ജനാർദ്ദനൻ നായർ കമ്മിഷന്റെ റിപ്പോർട്ട് കയ്യിൽ കിട്ടിയിരുന്നു. നെൽക്കൃഷി എങ്ങനെ ആദായകരമായി നടത്തുമെന്നുള്ളതിനെ സംബന്ധിച്ച് വളരെ പ്രായോഗികമായി ചില നിർദ്ദേശങ്ങൾ കമ്മിഷൻ മുന്നോട്ട് വച്ചിരുന്നു. ആ റിപ്പോർട്ട് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അതിന്റെ ഒരു ഭാഗം എടുത്ത് നെൽക്കൃഷിക്ക് മുഴുവൻവളം സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞു. 25 ശതമാനമാണ് വളത്തിന്റെ സബ്സിഡി. ഇത് 1982-ൽ പ്രഖ്യാപിച്ചതാണ്. എന്നിട്ട് മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ—ഇത് 25 ശതമാനംപോയി, ഹെക്ടറിന് വെറും 100 രൂപയായി ചുരുക്കി, മൂന്നു കൊല്ലത്തെ പോയി അങ്ങനെ ഒരു വഴിപാടു പോലെ കൊടുത്തു. അതാണ് ഇപ്പോഴും തുടരുന്നത്. അങ്ങനെ നെൽക്കൃഷിയുടെ പ്രശ്നം മനസിലാക്കാഞ്ഞിട്ടല്ല, അതിന് എങ്ങനെ പരിഹാരം ഉണ്ടാക്കാമെന്ന് അറിയാഞ്ഞിട്ടില്ല. ഓരോ വർഷവും ഇങ്ങനെ മാറിമാറി 35 ലക്ഷം വരുന്ന നെൽക്കൃഷിക്കാരെ കബളിപ്പിക്കാൻവേണ്ടിയാണ്. അവരെ വ്യാമോഹിപ്പിക്കാൻവേണ്ടിയാണിത്. ഇത് ഇലക്ഷൻ കണ്ടിട്ടാണോയെന്ന് എനിക്കറിയില്ല. ഇത്തരത്തിലുള്ള ചില വാഗ്ദാനങ്ങളിൽ കവിഞ്ഞു നെൽക്കൃഷി വികസനമതോറിറ്റികൊണ്ട് യാതൊരു അർത്ഥവുമില്ല. കാർഷിക യൂണിവേഴ്സിറ്റിയുണ്ട്. നെൽക്കൃഷി എങ്ങനെ അഭിവൃദ്ധിപ്പെടുത്താമെന്ന് അവർ ഗവേഷണം നടത്തുന്നുണ്ട്. ധനകാര്യവിദഗ്ദ്ധൻമാരും ശാസ്ത്രജ്ഞൻമാരും ഇരുന്നിട്ട് ഈ അതോറിറ്റിയിൽ എന്ത് ചെയ്യാൻ പോകുന്നു. ഈ ഒരു കോടി രൂപ എന്തിന് ചെലവഴിക്കാനാണ് പോകുന്നത് ? ഇതിൽ ഒരു നയാപൈസയെങ്കിലും ഈ രാജ്യത്തെ നെൽക്കൃഷിക്കാർക്ക് കിട്ടുമോ ?

രണ്ടാമത്തേത്, ഗ്രാമീണതൊഴിലാളികളെയൊക്കെ സ്വർഗ്ഗത്തിലേക്ക് അയയ്ക്കാൻ പോവുകയാണ്. 18 വയസ്സു മുതൽ 58 വയസ്സുവരെയുള്ള 3,000 രൂപ പോലും വാർഷിക വരുമാനമില്ലാത്ത കർഷകത്തൊഴിലാളികൾ, നിത്യചെലവിനുപോലും വകയില്ലാത്ത കർഷകത്തൊഴിലാളികൾ പ്രതിമാസം 5 രൂപ വീതം ഡിപ്പോസിറ്റ് ചെയ്താൽ 40 വർഷം കഴിഞ്ഞ് 50,000 രൂപ കൊടുക്കുമെന്നാണ് പറഞ്ഞത്. ഇത് ബ്ലേഡ് കമ്പനിയിലുള്ള ഏർപ്പാടാണ്. ബ്ലേഡ് കമ്പനിയിൽ നിക്ഷേപിച്ചാൽ ഇതിലുമധികം കാശ് കിട്ടും. 10 ലക്ഷം കുടുംബങ്ങൾ ഇതിന്റെ പരിധിയിൽ വരും. അങ്ങനെ 10 ലക്ഷം ആളുകൾക്ക് ഗവൺമെന്റ് ഒരു രൂപാ വച്ച് കൊടുക്കുന്നത് കണക്കാക്കിയിട്ടാണ് ഒരു കോടി രൂപ. ഇതു കടലാസ്സിൽ കിടക്കുകയേയുള്ളു. 10 ലക്ഷം ആളുകൾ ഡിപ്പോസിറ്റ് ചെയ്താൽ 6 കോടി രൂപ ഗവൺമെന്റിന് വർഷം തോറും കിട്ടും. ഇത് പിരിച്ചെടുക്കാനുള്ളതെ പരിമിതമായ വരുമാനം കൊണ്ട് നിത്യനിദാന ചെലവുപോലും നടത്താൻ കഴിയാത്ത കർഷകത്തൊഴിലാളികളെ വലിയ സാമ്പാദ്യക്കാരായി മാറ്റാനുള്ള ശ്രമം—ഇത് തനി ഭോഷ്ക്കാണ്. ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികളെയും ഒന്നു മറിയാത്ത ഹരിജനങ്ങളെയും. പാവപ്പെട്ട കർഷകത്തൊഴിലാളികളെയും വഞ്ചിക്കാനുള്ള കബളിപ്പിക്കാനുള്ള ഒരു പദ്ധതിയല്ലാതെ ഇതിൽ യാതൊന്നുമില്ല. ഇതാണ് രണ്ട് പ്രധാന പദ്ധതികൾ, 32 കോടി രൂപ ജനങ്ങളുടെ മേൽ പുതിയതായി അടിച്ചേൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച് അവസാനം ചെയ്യുന്നത് ഇതാണ്, ഇവിടെ ദാരിദ്ര്യനിർമ്മാർജന പരിപാടിക്കുവേണ്ടി കേന്ദ്ര ഗവൺമെൻറ് അനുവദിച്ച സംഖ്യ ചെലവാക്കാത്തതിൻെറ കാര്യമാണ് പാർലമെൻറിൽ പറഞ്ഞത്. ഈ ദാരിദ്ര്യ നിർമ്മാർജന പരിപാടിയിലേക്ക് 1986-87-ൽ കേന്ദ്രഗവൺമെൻറ് ഏതാണ്ട് 2,000 കോടിയോളം നികുതിയും ബാദ്ധ്യതകളും വാർദ്ധിച്ചപ്പോൾ ഇതിന് വലിയ ഒരു വർദ്ധവ് വരുത്തി. 1985-86-ൽ ഐ ആർ. ഡി. പി. യിൽ 281 കോടി ഉണ്ടായിരുന്നത് 428 കോടിയായി. 57 ശതമാനം വർദ്ധിച്ചു. പക്ഷെ നമ്മുടെ കേരളത്തിലോ ? 2 കോടിയാണ് കൂടുതൽ കിട്ടിയതെന്നാണ് പറയുന്നത്. അടുത്ത കൊല്ലത്തേക്ക് എൻ. ആർ. ഇ. പി. യിൽ 230 കോടിയിൽ നിന്ന് 400 കോടിയായി വർദ്ധിച്ചു. 93 ശതമാനം വർദ്ധനവാണ്. അന്ന് നമുക്ക് കൂടുതൽ കിട്ടിയത് 3 കോടിയാണ്. ആർ. എൽ. ഇ. ജി. പി. യിൽ മുഴുവൻ കേന്ദ്രഗവൺമെൻറ് വഹിക്കുന്ന ചെലവാണ്. അതിൽ 400 കോടി എന്നത് 633 കോടിയായി വർദ്ധിപ്പിച്ചു. അതിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടിയത് 10 കോടിയാണ്. നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യമൊക്കെ അവസാനിച്ചുവെന്നാണ് പറഞ്ഞത്. ഈ ദാരിദ്ര്യ നിർമ്മാർജന പരിപാടിയിൽ കേന്ദ്രഗവൺമെൻറ് കഴിഞ്ഞ വർഷത്തെക്കാൾ 61 ശതമാനം അതിൻെറ ചെലവ് 1986-87-ൽ വർദ്ധിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്തിന് കിട്ടിയത് കേവലം 5 കോടിയാണ്. ഇതാണ് ഇവിടത്തെ ദാരിദ്ര്യ നിർമ്മാർജനത്തിനുവേണ്ടി ചെയ്യുന്നത്. ആകെ തുകയായി ഈ ബഡ്ജറിനെ സംബന്ധിച്ചിടത്തോളം "മലയാള മനോരമ" മുഖപ്രസംഗം എഴുതിയത് അതിലെ രണ്ട് വാചകം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. "ഐശ്വര്യത്തിലേക്കുള്ള കേരളത്തിൻെറ പ്രയാണത്തിൽ ഗതിവേഗം കൂട്ടാനുള്ള ക്രിയാത്മകമായ പരിപാടികളും അധികമൊന്നും ഈ ബഡ്ജറിൻെറ അടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കാനാവുമെന്ന് തോന്നുന്നില്ല. 32 കോടി രൂപ കൂടുതൽ സമാഹരിച്ച് 15 കോടി 63 ലക്ഷം രൂപയുടെ മിച്ചം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു. 1986-87-ലെ ബഡ്ജറിന് പുതിയ വ്യവസായങ്ങളും, പദ്ധതികളും വികസന പ്രവർത്തനങ്ങളും വഴി ജനങ്ങൾക്ക് വീറും ആത്മവിശ്വാസവും നൽകുമെന്ന് പറയാൻവയ്യ, കൂർമ്മമേഖലയിൽ പൊതുവേ നിലവിലുള്ള അവസ്ഥ തുടരുമെന്ന് കരുതാനേ ആകൂ."

അതാണ് സർ, കയർ, കൈത്തറി, കശുവണ്ടി, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്കുള്ള കഴിഞ്ഞ കാലത്തെ പരിപാടികൾ ആവർത്തിച്ചു പറഞ്ഞതല്ലാതെ ഒരു നയാപൈസപോലും ഇതിനുവേണ്ടി കൂടുതലായി നീക്കിവച്ചിട്ടില്ല.

സർ, അവസാനമായി ഈ സന്ദർഭത്തിൽ ഇവിടെ ഞങ്ങളുടെ പാർട്ടിക്ക് എതിരായിട്ട് ചില തെറ്റായ പ്രചരണങ്ങൾ നടക്കുന്നതുകൊണ്ട് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. രണ്ട് അനഭിമതരായ കുവൈറ്റുകാർ ഇവിടെ വന്നതു സംബന്ധിച്ചുള്ള ചർച്ചയിൽ, അതിനെപ്പറ്റി വിമർശിക്കുമ്പോൾ ഇതൊക്കെ മുസ്ലീങ്ങൾക്കെതിരായിട്ടുള്ള പ്രചരണമാണെന്ന് പറഞ്ഞ് ഇന്നലെയും ഇവിടെ മുസ്ലീം ലീഗിലെ പ്രധാനപ്പെട്ട മെമ്പർമാർ ഇവിടെ സംസാരിച്ചപ്പോൾ അത് ചിത്രീകരിക്കുവാൻ ശ്രമിച്ചത് ഔദാഗ്യകരമായിപ്പോയി. ഇത് നമുക്ക് ഗുണം ചെയ്യുന്നതല്ല. ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ച ഉദ്യോഗസ്ഥ തലത്തിൽ വന്നിട്ടുണ്ടെന്നത് മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും സമ്മതിക്കുന്നുണ്ട്. അങ്ങനെ പാടില്ല. ഈ വീഴ്ച ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിലെങ്കിലും ഒരു നടപടിയെടുക്കുവാൻ ഈ പറഞ്ഞ മെമ്പർമാരാരും ശബ്ദിച്ചു കേട്ടില്ല. ഇത് മുസ്ലീങ്ങളുടെ വികാരങ്ങളെ ഇളക്കിവിടുന്ന പ്രശ്നമല്ല. മത ന്യൂനപക്ഷങ്ങൾ എന്ന നിലയിൽ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങളും സംരക്ഷിക്കുന്നതിന് കേരളത്തിലായാലും ഇൻഡ്യയിലായാലും ഇൻഡ്യൻ മുസ്ലീം ലീഗ് പാർട്ടി എന്നും മുസ്ലീങ്ങളുടെ നയങ്ങളോടും ന്യൂനപക്ഷാവകാശങ്ങളോടും കൂടിയേ നിന്നിട്ടുള്ളൂ. നാളെയും നില്ക്കും. ഇത് സാമുദായിക വികാരങ്ങളിലേക്ക് തിരിച്ചു വിടാനുള്ള ശ്രമം ഒരിക്കലും മുസ്ലീങ്ങൾക്ക് ഗുണം ചെയ്യുകയില്ല എന്നുള്ള കാര്യം അവരെ ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ധനകാര്യമന്ത്രി കേരള നിയമ സഭയിലവതരിപ്പിച്ച ഈ ബഡ്ജറ് കേരളത്തിന്റെ യാഥാർത്ഥമായ സാമ്പത്തിക സ്ഥിതിയുടെ ചിത്രീകരണമാണ്. ഈ ബഡ്ജറിലെ കണക്കുകൾ തെറ്റാണെന്നും ബഡ്ജറിലെ കണക്കുകൾ യാഥാർത്ഥ്യ ബോധത്തോടുകൂടിയല്ലാ എന്നുമുള്ള വാദഗതികൾ ഇവിടെ ഇന്നലെയും ഇന്നും പല സ്നേഹിതൻമാരും ഉന്നയിച്ചു. ബഡ്ജറിൽ നീക്കി വച്ചിരിക്കുന്ന തുക ചെലവാക്കിയതിന്റെയും ചെലവാക്കേണ്ടതിന്റെയും കണക്കുകൾ ഈ ബഡ് ജറിലുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറിൽ നീക്കി വച്ചിരുന്ന തുകകൾ പലതും ചെലവാക്കിയില്ലയെന്നും അത് മിച്ചമായി കാണിച്ചുകൊണ്ടാണ് ഇക്കൊല്ലത്തെ മിച്ച ബഡ്ജറ് അവതരിപ്പിച്ചിരിക്കുന്നതെന്നുമുള്ള വാദഗതി എത്രമാത്രം ശരിയാണെന്ന് ഭരണപക്ഷത്തിരുന്നിട്ടുള്ള മന്ത്രിമാരുൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കൻമാർക്ക് ബോധ്യമായിട്ടുള്ളതാണെങ്കിലും നിങ്ങൾ ഇപ്പോഴും കൂടെക്കൂടെ ആവർത്തിക്കുകയാണ്. ഒരു വകുപ്പിലേക്ക് നീക്കി വയ്ക്കുന്ന ബഡ്ജറ് തുകകൾ ആ വകുപ്പിന് പരിപൂർണ്ണമായി ചെലവി ടാനുള്ള അധികാരമുണ്ട്. വോട്ട് ഓൺ അക്കൗണ്ട് പാസാക്കുവാൻ ആദ്യ മായി ബഡ്ജറ് എസ്റ്റിമേറ് തുകയുടെ മൂന്നിലൊന്നും അതിനുശേഷം സമ്പൂർണ്ണ ബഡ്ജറ് പാസാക്കുമ്പോൾ ബഡ്ജറ് എസ്റ്റിമേറ് തുകയുടെ ബാക്കിയും ചെലവിടാനുള്ള അധികാരം ഡിപ്പാർട്ടുമെൻറുള്ളിടത്തോളം കാലം, ആ തുക ചെലവാക്കാതെ മിച്ചം വച്ച് പിന്നീട് വരുന്ന വർഷങ്ങളിലേക്ക് നീക്കിവയ്ക്കുകയാണെന്നുള്ള വാദം ശരിയല്ലാത്ത ഒരു വാദമാണെന്ന് ഈ അവസരത്തിൽ ഈ സഭ ഓർക്കണമെന്നാണ് ആമുഖമായി എനിക്ക് പറയുവാനുള്ളത്.

നമ്മുടെ രാജ്യത്തിന്റെ യഥാർത്ഥമായ സ്ഥിതിയും പഞ്ചവൽസര പദ്ധതിയിൽ ഈ രാജ്യത്ത് ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെയും സംബ ന്ധിച്ചിടത്തോളം നമ്മുടെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിന്റെ ആദ്യഭാഗത്തു തന്നെ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ് അതിലെ ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് അടുത്ത പഞ്ചവൽസര പദ്ധതിയുടെ വർഷം എന്നുള്ള നിലയിൽ ഈ വർഷം പദ്ധതിക്ക് ലഭിക്കുന്ന തുകയ്ക്കനുസരണമായ വിഹിതം ചെലവഴിച്ച് പ്ലാനിംഗ് പ്രവർത്തനങ്ങൾക്ക് സമ്പൂർണ്ണമായി ചെലവഴിക്കുമെന്നുള്ള ധന കാര്യമന്ത്രിയുടെ പ്രതിജ്ഞ മുഖവിലയ്ക്കെടുക്കാതിരിക്കുവാൻ യതൊരു കാരണവുമില്ല. കഴിഞ്ഞ വർഷങ്ങളിലൊക്കെ ചെലവഴിക്കപ്പെടുമെന്നു പറഞ്ഞ് തുക പൂർണ്ണമായി ചെലവഴിക്കുകയും പ്ലാനിംഗിനെ ഒരു തരത്തിലും ബാധിക്കാതെയും നോൺ പ്ലാനിംഗ് എക്സ്പെൻഡിച്ചറിനെ ബാധിക്കാതെയും കാര്യങ്ങൾ നടത്തുവാൻ കഴിഞ്ഞ ഗവൺമെൻറ് അടുത്ത വർഷത്തേക്ക് നൽകി യിരിക്കുന്ന വാഗ്ദാനങ്ങൾ നടപ്പാക്കുകയില്ലെന്ന മുൻവിധി ആർക്കും സ്വീക രിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. അതുകൊണ്ട് ഈ രാജ്യത്ത് മിച്ച ബഡ്ജറ് അവതരിപ്പിച്ച് കഴിഞ്ഞത് കണക്കുകളുടെ കസർത്താണെന്ന് പറയുന്ന വാദം എത്ര ആലോചിച്ചിട്ടും, ബഡ്ജറ് പ്രസംഗം എത്ര വായി ച്ചിട്ടും അതുപോലെ ബഡ്ജറ് എസ്റ്റിമേറുകളുടെ തുക പരിശോധി ച്ചിട്ടും ബോദ്ധ്യപ്പെടുവാൻ പ്രയാസമായിരിക്കുന്നുയെന്ന ആമുഖമാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് പല പ്രശ്നങ്ങളുണ്ട്. പക്ഷെ നമ്മുടെ സാമ്പത്തിക സ്ഥിതിയെന്താണ് ? ഇവിടെ നികുതി ഇനി വർദ്ധിപ്പിക്കുവാൻ കഴിയുമോ ? എവിടെയാണ് നികുതി വർദ്ധിപ്പിക്കേണ്ടത് ? നമ്മുടെ പ്രധാന വരുമാനം വില്പന നികുതിയാണ്. നമ്മുടെ രണ്ടാമത്തെ വരുമാനമായി, വില്പനനികുതി കഴിഞ്ഞാൽ ഉണ്ടായിരുന്നത് പ്രധാനമായും എക്സൈസാണ്. എക്സൈസിന്റെ വരുമാനത്തിൽ കുറച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എത്രകാലം ഈ എക്സൈസിന്റെ വരുമാനം കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് നിലനിർത്താൻ കഴിയും? അത് ആലോചിക്കേണ്ട കാര്യമാണ്. എന്നെങ്കിലും ഈ രാജ്യത്ത് മദ്യ നിരോധനത്തെക്കുറിച്ചും സമ്പൂർണ്ണ മദ്യ നിരോധനത്തെക്കുറിച്ചും ആലോചിക്കേണ്ടി വരില്ലേ ഇന്നല്ലെങ്കിൽ നാളെ എക്സൈസിന്റെ വരുമാനവുമായി ഇങ്ങനെ മുന്നോട്ടു പോകാൻ കഴിയാതെ വരും. പുതിയ നികുതി നിർദ്ദേശങ്ങൾ കണ്ടുപിടിക്കുന്നതിനെ കുറിച്ച് ആലോചിക്കുമ്പോൾ നഷ്ടപ്പെടുന്ന നികുതികളെക്കുറിച്ചുകൂടി ആലോചിച്ചാൽ മാത്രമേ നമുക്ക് മുമ്പോട്ടു പോകാൻ സാധിക്കുകയുള്ളൂ. വില്പന നികുതിയിൽ വർദ്ധനവുണ്ടാക്കാൻ കഴിയുമോ ? വർദ്ധനവുണ്ടാക്കാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ ഇന്നലെ ഇവിടെ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു ചാണകത്തിനുപോലും നികുതി ഏർപ്പെടുത്തിയിരിക്കുന്നുവെന്ന്. ശരിയാണ് ; കേട്ടാൽ ബുദ്ധിമുട്ടുണ്ടാകും. ജൈവവളങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നിടംവരെ നമ്മുടെ രാജ്യത്തെ സാമ്പത്തിക ബുദ്ധിമുട്ടെത്തിയെന്നു കരുതാനെങ്കിലും നാം തയ്യാറാകേണ്ടതാവശ്യമാണ്. പുതിയ നികുതി ലഭിക്കുവാൻ നിവൃത്തിയില്ല. 1983-84 ലെ സാമ്പത്തിക വർഷത്തിൽ 85-ഓളം കോടി രൂപ വനത്തിൽ നിന്നുള്ള വരുമാനമായി നാം ഉൾപ്പെടുത്തിയിരുന്നു. പക്ഷെ വന സംരക്ഷണ നിയമം നടപ്പിലാക്കിയതിനെ തുടർന്ന് 15 കോടി ഒഴിച്ചുള്ള വരുമാനം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ പഴയ കഥകൾ പറയുകയാണ്. നമുക്ക് പ്രതീക്ഷിക്കുവാൻ കഴിയാത്ത തരത്തിലുള്ള നികുതിയുടെ കുറവ് പല കാരണങ്ങളാലും കേന്ദ്രഗവൺമെന്റിന്റെ നിയമ നിർമ്മാണം ഉൾപ്പെടെയുള്ള കാരണങ്ങളാൽ നികുതി വരുമാനം നഷ്ടപ്പെടുന്ന ആ സാഹചര്യം പലപ്പോഴും ഈ രാജ്യത്തുണ്ടായിട്ടുണ്ട്. ഒന്ന് എക്സൈസ് ഡ്യൂട്ടിയാണ്. വില്പന നികുതി കൊടുത്തു കൊണ്ടിരുന്ന പല രംഗങ്ങളിലും എക്സൈസ് ഡ്യൂട്ടി നടപ്പാക്കിയതിനെത്തുടർന്ന് കഴിഞ്ഞ കുറെ വർഷങ്ങളായി വില്പന നികുതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. എക്സൈസ് ഡ്യൂട്ടിയുടെ വരുമാനം നമുക്ക് നൽകാനുള്ള നമ്മുടെ തീവ്രമായ ശ്രമം പരിപൂർണ്ണമായി വിജയിച്ചിട്ടില്ല. എക്സൈസ് ഡ്യൂട്ടിയിനത്തിൽ കുറവ് വന്നിരിക്കുന്നു. വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വന സംരക്ഷണം ഉൾപ്പെടെയുള്ള കാരണങ്ങളാൽ നികുതി വരുമാനം നമ്മുടെ രാജ്യത്ത് കുറഞ്ഞിരിക്കുന്നു. ഈ കുറവ് നികത്തുവാനെങ്കിലും പുതിയ നികുതികൾ ചുമത്തണം. ഇവിടെ പല ആളുകളും ലേഖനങ്ങളൊക്കെ എഴുതാറുണ്ട്. നമ്മുടെ രാജ്യത്തെ നെൽക്കൃഷിക്കാരുടെമേൽ നികുതി ചുമത്തി നമ്മുടെ രാജ്യത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ പരിഹാസ്യമാണ്. ഒരു കാരണവശാലും അത് അംഗീകരിക്കുവാൻ സാദ്ധ്യമല്ല. കൃഷിക്കാരുടെമേൽ നികുതി ഇനി എവിടെ ചുമത്തണം ? ഫ്രാഗ്മെന്റേഷനും സബ്-ഫ്രാഗ്മെന്റേഷനുമായി മാറിക്കഴിഞ്ഞ നമ്മുടെ രാജ്യത്തെ കാർഷികാദായ നികുതി ഏതാണ്ട് ഇരട്ടിയോളം വർദ്ധിച്ചിട്ടുണ്ട്.

സർ, കൃഷിക്കാർ കൊടുക്കുന്ന നികുതിയാണ് കാർഷികാദായ നികുതി. ഞാൻ അതിന്റെ കണക്കുകൾ വായിക്കാം. 1980-81-ൽ പതിനഞ്ചരക്കോടി

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിച്ചു. ആ കൊല്ലം പല കാരണങ്ങളാലും, കാർഷിക നിയമം നടപ്പിലായതുൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് 11 കോടി 30 ലക്ഷം രൂപയാണ് ലഭിച്ചത്. പിന്നീടുള്ള എല്ലാ വർഷങ്ങളിലും ഇത് വർദ്ധിച്ച് വർദ്ധിച്ച് 1985-86 സാമ്പത്തിക വർഷത്തിൽ 43 ശതമാനം വർദ്ധനവ് കാർഷികാദായ നികുതിയിൽ കേരളത്തിന്റെ വരുമാനത്തിൽ ഉണ്ടായിരിക്കുന്നു. ഇതൊരു ചെറിയ കാര്യമല്ല. കാർഷികാദായ നികുതിയിലുണ്ടായ 43 ശതമാനം വർദ്ധനവ് കൃഷിക്കാരിൽ നിന്നാണ്. കൃഷിക്കാരിൽനിന്നും കൂടുതൽ നികുതി പിരിച്ചെടുക്കണമെന്നും ഈ രാജ്യത്ത് ചില ഭാഗങ്ങളിൽ ചില പ്രദേശങ്ങളിൽ കൃഷിക്കാരെ വെറുതെ വിട്ടിരിക്കുന്നു എന്നും ഉള്ള പ്രചരണം, കൃഷിക്കാരാണ് നമ്മുടെ നാട്ടിന്റെ നട്ടെല്ലെന്ന നിലയിൽ നമ്മുടെ കാർഷിക മേഖലയെ തകർക്കുവാനേ ഇതുപകരിക്കൂ എന്നു ഈ അവസരത്തിൽ ഞാൻ പറയുകയാണ്. അതുകൊണ്ട് കൃഷി രംഗത്ത് ഇത് സാദ്ധ്യമല്ല. എവിടെയെങ്കിലും നികുതി പിരിക്കുവാൻ ചെന്നാൽ, എപ്പായിടത്തും ബുദ്ധിമുട്ടല്ലേ? എവിടെയാണ് നികുതി പിരിക്കേണ്ടത്? എന്റെ സ്നേഹിതൻ ശ്രീ. കെ. പി. പ്രഭാകരൻ ഇവിടെ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പുതിയ നികുതികളൊന്നും പാടില്ല. പക്ഷെ അദ്ദേഹം ഒരു കാര്യം പറഞ്ഞു. 20 കോടി രൂപ ധനകാര്യമന്ത്രി കണ്ടുപിടിച്ചത് ഈ രാജ്യത്തെ വസ്തുവിന്റെ വില കുറച്ച് പ്രമാണമെഴുതി സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതു ഒഴിവാക്കിയിട്ടാണ് എന്നു. അതു കുറയ്ക്കുന്നതു ശരിയാണെന്നു ആർക്കെങ്കിലും അഭിപ്രായമുണ്ടോ? യഥാർത്ഥമായി ഒരു ലക്ഷം രൂപയ്ക്കും രണ്ടു ലക്ഷം രൂപയ്ക്കും നടക്കുന്ന പ്രമാണത്തിനു പതിനയ്യായിരവും ഇരുപത്തിയയ്യായിരവും എഴുതി വാങ്ങിക്കുമ്പോൾ ഇവിടെ എന്താണ് നടക്കുന്നത്? എഴുതി വാങ്ങുന്ന ആളാണ് നികുതി കൊടുക്കേണ്ടതു. വില്ക്കുന്ന ആളല്ല വാങ്ങുന്നവനാണ് സബ് രജിസ്ട്രാർ ആഫീസിൽ സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ടത്. വാങ്ങുന്നവൻ പാവപ്പെട്ടവനാണെങ്കിൽ ആ തുക വളരെ കുറഞ്ഞിരിക്കുമല്ലോ? ഇത് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. വളരെ പാവപ്പെട്ടവനാണ് വാങ്ങുന്നതെങ്കിൽ അതിന്റെ വില അയ്യായിരമോ പതിനായിരമോ ഇരുപത്തിയയ്യായിരമോ ആയിരിക്കും. അതിന്റെ സ്റ്റാമ്പ് ഡ്യൂട്ടി വലിയ തുക വരില്ല. പക്ഷെ ലക്ഷക്കണക്കിനു രൂപക്കു ഈ രാജ്യത്ത് പ്രമാണം നടക്കുമ്പോൾ, പട്ടണമുൾപ്പെടെയുള്ളടത്ത് നടക്കുമ്പോൾ, ആ പ്രമാണങ്ങളിൽ വില വളരെ കുറച്ച് വച്ച് സർക്കാരിനെ പറ്റിക്കുന്നതിനെതിരായി നടപടി സ്വീകരിച്ച് ഗവൺമെന്റും ധനകാര്യമന്ത്രിയും കൂടി 20 കോടി ഉറുപ്പിക വരുമാനമുണ്ടാക്കുന്നു. നികുതി വർദ്ധിപ്പിച്ചിട്ടില്ല. ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആ തുക പിരിച്ചെടുക്കുമെന്നു പറഞ്ഞാൽ അതു സാധാരണക്കാരനെ എങ്ങനെ ബാധിക്കുമെന്നു മനസ്സിലാകുന്നില്ല. അതു എങ്ങനെയാണ് സാധാരണക്കാരനെ ബാധിക്കുക? വില്പന നികുതിയിൽ വർദ്ധനവുണ്ടായിട്ടില്ലേ?

സർ, 1980-ൽ ശ്രീ. മാണി, ശ്രീ. നായനാർ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം 175 കോടി രൂപയുടെ സെയിൽസ്ടാക്സ് വരുമാനം കാണിച്ചു. എന്നാൽ കഴിഞ്ഞ 20-ാം തീയതിവരെ 417 കോടി രൂപയാണ് പിരിക്കുന്നത്. 175-ൽ നിന്നു 430-ലേക്ക് ഇക്കൊല്ലം വരികയാണ്. ഈ മാർച്ച് അവസാനമാകുമ്പോൾ 175-ൽ നിന്നു 430-ലേക്ക് വരികയെന്നു പറഞ്ഞാൽ എത്ര ഇരട്ടിയാണ് വർദ്ധിച്ചിരിക്കുന്നത്. നികുതി രംഗത്ത് അശ്രദ്ധയാണോ ഇത്. മറ്റു സംസ്ഥാനങ്ങളുടെ കണക്കുകൾ എന്റെ കൈവശമുണ്ട്. മറ്റു സംസ്ഥാനങ്ങളുടെ കണക്കുകൾ വച്ച് ഞാൻ വാദിക്കാം. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇൻഡ്യയിൽ പശ്ചിമബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെയും പ്രതിപക്ഷങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന രാമറാവുവിന്റെ സംസ്ഥാനത്തിന്റെയും തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ കണക്ക് എടുത്താൽ ഈ സംസ്ഥാനത്തിലെ വർദ്ധനവ് യാതൊരു കാരണവശാലും ആ സംസ്ഥാനങ്ങളിൽ കഴിഞ്ഞ 5 കൊല്ലക്കാലംകൊണ്ട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ നികുതികളും ചുമത്താതെതന്നെ, ഈ രാജ്യത്തെ ചെലവുകൾ വഹിക്കുന്നതിന്, നികുതികളിൽ കാണുന്ന ലൂപ്പ് ഹോൾസ് അല്ലെങ്കിൽ നികുതി വെട്ടിക്കാനുള്ള സൗകര്യങ്ങൾ ഒഴിവാക്കി മുന്നോട്ടു പോകാൻ മാത്രമേ കേരള സംസ്ഥാനത്തിന് കഴിയുകയുള്ളു എന്ന് സ്ഥാപിക്കാൻവേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ ഇവിടെ പറഞ്ഞത്. പുതിയ നികുതികളും ഏർപ്പെടുത്താൻ ആരെങ്കിലും സമ്മതിക്കുമോ? ഏതെങ്കിലും നികുതി ഏർപ്പെടുത്താൻ കഴിയുമോ? ധാരാളം സാമൂഹ്യപരിഷ്ക്കാരങ്ങളെക്കുറിച്ചും പൊതുപ്രവർത്തനങ്ങളെക്കുറിച്ചും പറയാറുണ്ട്. ശരിയാണ് അതു ചെയ്യേണ്ടതാണ്. സാമൂഹ്യപരമായ അവശതകൾക്ക് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാനുള്ള ബാദ്ധ്യതയുണ്ട്. പക്ഷെ, ആ മാർഗ്ഗം കണ്ടുപിടിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? നമുക്കതിന് സാഹചര്യമുണ്ടായെന്നുള്ളത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പുതിയ നികുതികളും വളരെകുറച്ചു മാത്രം ഏർപ്പെടുത്തിക്കൊണ്ടും നികുതികളിലുണ്ടായിരുന്ന വെട്ടിപ്പ് തടഞ്ഞുകൊണ്ടും, യഥാർത്ഥത്തിൽ കഴിഞ്ഞ കൊല്ലം നീക്കിവച്ചിരുന്നതിനെക്കാൾ കൂടുതൽ തുക നീക്കിവച്ചുകൊണ്ടും, പ്ലാനിൽ നീക്കിവച്ചിരുന്ന തുകക്ക് അനുസരണമായ മാച്ചിംഗ് ഏമൗണ്ട് കണ്ടുപിടിച്ചുകൊണ്ടും ഈ സംസ്ഥാനത്തിന് പ്രയോജനപ്രദമാകത്തക്കവിധത്തിൽ മുന്നോട്ട് പോകാൻ കഴിയുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിനെ പ്രകീർത്തിക്കുന്നതിനുപകരം, കസർത്തുകളും കള്ളക്കണക്കുകളുമാണെന്ന് പറയുന്നത് വേദനാജനകമാണെന്ന് പറയാൻ ഞാനഗ്രഹിക്കുകയാണ്.

ഒരു കാര്യംകൂടി ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ. ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ആരുടെ മുൻപിൽ പറഞ്ഞാലും തല കുനിക്കേണ്ടി വരികില്ല. ഐ. ആർ. ഡി. പി. യെ കുറിച്ച് പറഞ്ഞു. ഐ. ആർ. ഡി. പി. യുടെ കാര്യത്തിൽ അൽപ്പം വീഴ്ച വന്നുവെന്ന് ഇവിടെ ഇന്ന് മലയാളമനോരമയിൽ വാർത്ത വന്നിരിക്കുന്നു. കേന്ദ്രമന്ത്രി ശ്രീ. ഭൂട്ടാസിംഗിന്റെ മറുപടിയിൽ വന്നിരിക്കുന്നു. അതിന്റെ വിശദവിവരങ്ങൾ പഠിക്കാതെ ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്തുകൊണ്ടാണ് ഇത് ഉണ്ടായതെന്ന് ധനകാര്യമന്ത്രി മറുപടി പറയേണ്ടത് ആവശ്യമാണെന്ന് എനിക്കും അഭിപ്രായമുണ്ട്. ഈ തുക, ഒരുപക്ഷെ നമുക്ക് തുക ഇല്ലാത്തതുകൊണ്ടാണെങ്കിൽ, അത് ലാപ്സായിപ്പോയതിനെക്കുറിച്ച് തുലഃക്കാലം എനിക്ക് ഒന്നും പറയാനില്ല.

ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും നല്ല കാര്യം കേരളത്തിലെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും എൻ. ആർ. ഇ. പി. യിൽ പതിനായിരക്കണക്കിന് തുക കൊള്ളിച്ച് ലക്ഷക്കണക്കിന് വീട് വച്ചുകൊടുക്കാൻ തീരുമാനിച്ചതാണ്. 40 കൊല്ലമായി മുദ്രാവാക്യം വിളിക്കാനല്ലാതെ ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് യാതൊരു സൗകര്യവും ലഭിച്ചിരുന്നില്ല. ഹരിജനങ്ങൾക്ക് ഇപ്പോൾ നൽകിയിരിക്കുന്ന ആനുകൂല്യങ്ങൾ പലരുടെയും ഭരണകാലത്ത് ലഭിച്ചിരുന്നില്ലെന്ന് ഞാൻ ഓർക്കുകയാണ്. ഇന്ന് ഒരറം മുതൽ മറ്റേയറ്റംവരെയുള്ള ഹരിജനങ്ങൾക്ക് 8,400 രൂപയുടെ വീടുകൾ വച്ചുകൊടുക്കാൻ കഴിഞ്ഞു. എൻ. ആർ. ഇ. പി. യുടെയും ആർ. എൽ. ഇ. ജി. പി. യുടെയും തുകകൾ ഉപയോഗിക്കാമായിരുന്നെങ്കിൽ അത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിനെയോ അല്ലെങ്കിൽ ഹൗസിംഗ് ബോർഡിനെയോ ഏൽപ്പിച്ച് വേണമെങ്കിൽ ഈ തുക സംരക്ഷിക്കാമായിരുന്നോ എന്ന് ഗവൺമെന്റ് പരീക്ഷിക്കണം. മാർച്ച് അവസാനിക്കുന്നതിനു മുൻപ് കഴിയുമെങ്കിൽ ആ തുക ഡ്രാ ചെയ്ത് അവരെ ഏൽപ്പിച്ചുകൊണ്ട് ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും വസതികൾ പൂർത്തിയാക്കണം. ഇതേ രീതിയിൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ട് പോയാൽ അടുത്ത അഞ്ചു വർഷക്കാലംകൊണ്ട് കേരളത്തിലെ മുഴുവൻ ഹരിജനങ്ങൾക്കും സ്വന്തമായി വീട് ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ആർക്കാണ് അഭിമാനിക്കാൻ കഴിയാത്തത്. ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിലുള്ള വീടുകളുടെ പണി കാണുമ്പോഴാണ് ആത്മാഭിമാനമാണ് ഉണ്ടാകുന്നത്. ഹരിജനങ്ങൾക്ക് വീട് ഉണ്ടാക്കിക്കൊടുക്കണം. അവർക്ക് വൈദ്യുതി എത്തിക്കണം. അവരുടെ വീടുകൾ വയറിംഗ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണം. അവർക്ക് വെള്ളം എത്തിച്ചുകൊടുക്കണം. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന് അഭിമാനിക്കാനേ കഴിയൂ. കേന്ദ്രഗവൺമെന്റിന്റെ സഹായമുണ്ടെന്നോ ആരോ ഇവിടെ പറഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ സഹായമുണ്ട്. കേന്ദ്രഗവൺമെന്റ് സഹായം തരണം. കേന്ദ്രഗവൺമെന്റ് നമ്മുടെ അമ്മയാണ്. കേന്ദ്രത്തോടല്ലാതെ മറ്റാരോടാണ് നമ്മൾ സഹായം ചോദിക്കേണ്ടത്. കേന്ദ്രസഹായം ഒരുതവണത്തേതുമല്ല. ഇനിയും കേന്ദ്രസഹായം തരണം. കേന്ദ്രം സഹായിച്ചതുകൊണ്ടാണ് ബഡ്ജറ്റിലെ കമ്മി നികത്തിയത്. അതിനെന്താണ് ആക്ഷേപം? ആർക്കാ ആക്ഷേപം! കേന്ദ്രം സഹായിക്കാൻ ബാദ്ധ്യസ്ഥമാണ്. ശ്രീമാൻ മാണിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് സഹായിച്ചുവെന്നുള്ളതിലെന്താണ് തെറ്റുള്ളത്? ഗവർണ്ണറുടെ പ്രസംഗം ഞാൻ വായിച്ചു കേൾപ്പിക്കാം. ഞങ്ങളൊക്കെ അംഗീകരിച്ച ഗവർണ്ണറുടെ പ്രസംഗം.....

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ള ഒരു കണക്ക് പറഞ്ഞു. 1980-81-ൽ സെയിൽസ് ടാക്സ് 175 കോടി രൂപയായിരുന്നു. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് 245 കോടി, പിരിച്ചപ്പോൾ 300 കോടിയായി എന്നാണ്. മനസ്സിലായല്ലോ? ഗവൺമെന്റ് തന്ന കണക്കാണ്. പിന്നെ ഇന്നത്തെ വില വർദ്ധനവ് കൂടി കണക്കാക്കിയാൽ ഇത് മതിയോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ പറയാം. ഗൗരിയമ്മ പറഞ്ഞതുപോലെയല്ല. എത്രയായാലും 20 ശതമാനം വിലവർദ്ധനയിൽ നമ്മൾ എത്തിയിട്ടില്ല. സെയിൽസ് ടാക്സ് എസ്റ്റിമേറിനേക്കാൾ 20 ശതമാനം വർദ്ധനവാണ് വന്നിരിക്കുന്നത്. എത്രയായാലും 20 ശതമാനം വർദ്ധനവ് ഈ രാജ്യത്തെ നിത്യോപയോഗ സാധനങ്ങൾക്കോ അല്ലെങ്കിൽ കൺസ്യൂമർ ഗുഡ്സിനോ ഉണ്ടായി എന്നെനിക്ക് ബോദ്ധ്യമില്ല. എക്കണോമിക് റിവ്യൂ ഓർക്കുകയാണെങ്കിൽ, ഒരു കൊല്ലവും കേരളത്തിൽ 20 ശതമാനം വില വർദ്ധനവ് ഉണ്ടായിട്ടില്ല. എന്റെ കയ്യിലുള്ള ഔദ്യോഗിക രേഖകളും സംസ്ഥാന ഗവൺമെന്റ് പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകളും, മൊത്തത്തിലുള്ള ജീവിത സൂചികയുടെ വർദ്ധനവും വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. എനിക്ക് കുറച്ചൊക്കെ കാണാപാഠം അറിയാം. എത്രയായാലും ഞാൻ ഒരു കാര്യം വ്യക്തമാക്കാം. അന്നത്തെ സെയിൽസ് ടാക്സ് ആക്ച്വൽസ് 175-ൽ നിന്ന് 204-ലേക്കാണ് പോയിരിക്കുന്നത്. ശ്രീമാൻ മാണി ആദ്യം ധനകാര്യമന്ത്രിയായി വന്ന വർഷമാണിത്.

(ബഹളം)

സർ, ഞാൻ കണക്കുകളാണ് പറഞ്ഞുവന്നത്. തെറ്റാണെങ്കിൽ തെളിയിക്കണം. ഇവിടെ നടത്തിയ ഗവർണ്ണറുടെ പ്രസംഗത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? കേന്ദ്രസഹായത്തെപ്പറ്റി വലിയ പുച്ഛമായി സ സാരിച്ച് കേട്ടതുകൊണ്ടാണ് ചോദിക്കുന്നത്. "നമ്മുടേതുപോലുള്ള ഒരു വികസന സമ്പദ്വ്യവസ്ഥയിൽ..... ഇവിടെ ജനങ്ങളുടെ പ്രതീക്ഷകളും വലുതും അവരുടെ ആവശ്യങ്ങളും ഡിമാൻറുകളും ലഭ്യമായ വിഭവശേഷിയേക്കാൾ വലുതുമാണ്... കേന്ദ്രനികുതിയിൽനിന്നുള്ള കൂടുതൽ ഓഹരി, പദ്ധതിക്കുള്ള കൂടുതൽ കേന്ദ്രധനസഹായം, കൂടുതൽ മാർക്കറ്റ് ബോറോയിംഗ്, പ്രകൃതിക്ഷോഭക്കെടുതികൾ നേരിടുന്നതിന് മതിയായ സഹായം എന്നീ രൂപങ്ങളിൽ കേന്ദ്രത്തിൽ നിന്ന് കൂടുതൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

സഹായം തേടുക എന്നത് സ്വാഭാവികമാണ്.'' ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതാണ്, ഇതിൽ എന്താണ് തെറ്റ് ? കേന്ദ്രത്തിൽ നിന്ന് പണം നേടുകയും കേന്ദ്രത്തിൽനിന്ന് ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി സഹായങ്ങളും അഭ്യർത്ഥിക്കുകയും ചെയ്യുന്നത് തെറ്റാണോ ? അതിൽ എന്താണ് അപകടം ? ഞങ്ങൾക്ക് കേന്ദ്രം സഹായിക്കാത്ത കാര്യങ്ങളെപ്പറ്റിയും അഭിപ്രായമുണ്ട്. അതുപിന്നെ പറയാം. ഇവിടെ സഹായിച്ച കാര്യങ്ങളെപ്പറ്റിയാണ് പറയുന്നത്.

ശ്രീ. കെ.പി. പ്രഭാകരൻ : കേന്ദ്രം സഹായിച്ചതു തെറ്റാണ് എന്ന് ഇവിടെ ആരും പറഞ്ഞില്ല, ഇല്ലാത്തത് പറയുന്നത് എന്തിനാണ് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കേന്ദ്രവും സംസ്ഥാനവും തമ്മിൽ എന്താണ് വ്യത്യാസം ? അതുകൊണ്ട് നിങ്ങൾ പറഞ്ഞു എന്നല്ല. ഇന്നത്തെ ചില പത്രങ്ങളുടെ ഹെഡ്ലൈൻസ് നിങ്ങൾ നോക്കണം. കേന്ദ്രത്തിന്റെ സഹായം ലഭിച്ചതുകൊണ്ടാണ് ഈ കണക്കുകൾ ഉണ്ടാക്കിയതെന്ന ഹെഡ്ലൈൻസ്, കൊടുത്തുകൊണ്ട് കോട്ടയത്ത് പ്രതിപക്ഷം പ്രസംഗിച്ചുവെന്നാണ്. ഞങ്ങൾക്ക് അതിനു യാതൊരു അപമാനവുമില്ല. അതുകൊണ്ട് കേന്ദ്രം ഇനിയും സഹായിക്കണം കേന്ദ്രസഹായം ഇവിടെ നിറുത്തിയാൽ പോര. കേന്ദ്രത്തിന്റെ സഹായം ഇനിയും ആവശ്യമാണെന്നാണ് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് ഈ രാജ്യത്ത് പുതിയ നികുതികൾ ഉണ്ടാക്കാൻ കഴിയാത്തിടത്തോളം കാലം, പുതിയ കാര്യങ്ങൾ ചെയ്യാൻ കഴിയാത്തിടത്തോളംകാലം നമ്മുടെ രാജ്യത്ത്, ഉള്ള നികുതി വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനും, നികുതിയിൽ നിന്ന് ഒഴിയാനുള്ള പഴുതുകൾ അടയ്ക്കാനും ശ്രമിച്ചുകൊണ്ടുള്ള ഒരു ബഡ്ജറാണിത്. നമുക്ക് ധാരാളം പണം ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളുമുണ്ട്.

എന്റെ സ്നേഹിതൻ ഇരിക്കൂർ മെമ്പർ പറഞ്ഞ കാര്യങ്ങളാണ് എനിക്ക് ഓർമ്മ വരുന്നത്. അദ്ദേഹം ഇവിടെ വളരെ വ്യക്തമായി തൊഴിലില്ലായ്മയെക്കുറിച്ച് പറഞ്ഞു ഈ രാജ്യത്ത് തൊഴിലില്ലായ്മ വളരെ കൂടുതലാണ്. കേന്ദ്രമന്ത്രി ശ്രീ. അരുണാചലം പാർലമെന്റിൽ പറഞ്ഞ കാര്യമാണ് ഞാൻ പറയാൻപോകുന്നത്. 'കേരളകൗമുദിയിൽ' വന്നതാണ്. ''കേരളത്തിലെ വ്യാവസായിക വളർച്ച നിരക്ക് കുത്തനെ താഴ്ന്നുകൊണ്ടിരിക്കുകയാണ്. രാജ്യസഭയിൽ വ്യവസായവകുപ്പുസഹമന്ത്രി ശ്രീ. അരുണാചലം വെളിപ്പെടുത്തിയതാണ് ഈ കാര്യം. ഉല്പന്നങ്ങളുടെ വളർച്ച നിരക്ക് 1979-80-നെക്കാൾ 1980-81-ൽ 27.8 ശതമാനം കൂടുതലായിരുന്നു. എന്നാൽ 1981-82-ൽ 15.8 ശതമാനമായി കുറഞ്ഞു. 1982-83-ൽ അത് വീണ്ടും 12.7 ശതമാനമായി കുത്തനെ താണു.'' ഈ ഗവൺമെന്റിനെക്കൊണ്ട് വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയുമോ ? പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ ഉൾപ്പെടെ ഈ കാര്യം ആലോചിക്കണം കേരളത്തിലെ ഗവൺമെന്റ് കോടിക്കണക്കിനു രൂപ ചെലവഴിച്ചാൽ പോലും ഈ രാജ്യത്തെ അഭ്യസ്തവിദ്യർക്ക് ജോലികൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ശ്രീ. ജോസഫ് പറഞ്ഞ കണക്കനുസരിച്ച് ഈ രാജ്യത്തെ അഭ്യസ്തവിദ്യരായ 25 ലക്ഷം വരുന്ന യുവതീയുവാക്കൾക്ക് തൊഴിൽ കൊടുക്കാൻ ശ്രീ. കെ.എം. മാണിയോ ശ്രീ. ഇ. അഹമ്മദോ വിചാരിച്ചാൽ കഴിയും. എന്തെങ്കിലും ചെപ്പടി വിദ്യ കാണിച്ചാൽ കഴിയും, എന്ന് ആർക്കെങ്കിലും ബോദ്ധ്യമുണ്ടോ ? ഞാൻ വിശ്വസിക്കുന്നില്ല. ആരും അങ്ങനെ വിശ്വസിക്കുന്നതായി എനിക്ക് അഭിപ്രായവുമില്ല. ഇനി ഇതിനൊരൊറ്റ മാർഗ്ഗമേയുള്ളു. നമ്മൾ ഒറ്റക്കെട്ടായി നിന്ന് നമ്മുടെ മുഖ്യമന്ത്രി സാധ്യമാക്കുന്ന കേരളത്തിനാവശ്യമുള്ള വ്യവസായങ്ങൾ വാങ്ങിയെടുക്കുന്നതിന് ശ്രമിക്കണം. കേരളത്തിലെ ലക്ഷക്കണക്കിനു ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന വ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സെക്രട്ടറിൽ കേരളത്തിൽ ആരംഭിച്ചാൽ അല്ലാതെ ഈ വ്യവസായം തകർച്ചയിൽ നിന്നും രക്ഷപ്പെടാൻ യാതൊരു മാർഗവും ഇല്ല. കേന്ദ്രം കേരളത്തിനു മാത്രമേയുള്ളു പല സ്ഥാപനങ്ങളും നൽകാത്തതായിട്ട്. കേന്ദ്രം ഏറ്റവും കൂടുതൽ ജോലികൊടുക്കുന്ന മേഖലയാണ് യുദ്ധോപകരണങ്ങളുടെ നിർമ്മാണ പ്രവർത്തനം. ഒരൊറ്റ ഫാക്ടറി കേരളത്തിലില്ല റയിൽവേയുടെ ഫാക്ടറി ഇല്ല. ഉരുക്കുമിൽ ഇല്ല. തൊട്ടയൽ സംസ്ഥാനമായ തമിഴ് നാട്ടിന് കൊടുത്ത പരിഗണന നമുക്ക് കിട്ടിയിട്ടില്ല. നമുക്ക് അത് ആവശ്യപ്പെട്ടുകൂടെ ? കേന്ദ്രഗവൺമെൻറ് നമ്മുടെ ഗവൺമെൻറാണ്. പ്രതിപക്ഷത്തെ എം. പി. മാരും ഭരണപക്ഷത്തെ എം പി. മാരും ഉൾപ്പെട്ടതാണ് ഭരണഘടനാപരമായി കേന്ദ്രം. ഇൻഡ്യയിലെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന എം. പി. മാർ. ആ എം. പി. മാരെല്ലാം ഉൾപ്പെട്ടതാണ് കേന്ദ്രം. കേന്ദ്രം നമ്മുടേതാണ്. ഞങ്ങൾക്ക് കേന്ദ്ര വിരുദ്ധ നിലപാട് എന്ന ഒരു നിലപാടേയില്ല. ഇന്നലെ ശ്രീ. പി. സി. ജോർജും ഡോക്ടർ ജോസഫും.....

ശ്രീ. ഇ. കെ. നായനാർ: ഒന്നു ചോദിക്കട്ടെ.അതുകൊണ്ടല്ലേ പഞ്ചാബിൻെറ കാര്യം പറഞ്ഞത്. അപ്പോഴല്ലേ ഇങ്ങനെ വന്നത്. എന്നിട്ടും കിട്ടാത്തതിന് എന്താണ് ചെയ്യുന്നത്? കേന്ദ്രം തരുന്നില്ല. പിന്നെ എന്തുചെയ്യും ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എൻെറ പാർട്ടിയിലെ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത യോഗത്തിൽ വച്ച് ഞാൻ പറഞ്ഞ കാര്യം പാർട്ടിക്കറിയാം. ദേശീയതയ്ക്ക് എതിരായി എന്തെങ്കിലും ആലോചിക്കുകപോലും ചെയ്യുന്ന ആളല്ല ഞാൻ എന്ന് ശ്രീ. നായനാർക്ക് അറിഞ്ഞുകൂടെങ്കിലും എൻെറ പാർട്ടിയിലെ ആളുകൾക്കറിയാം. അതുകൊണ്ട് ആ വെള്ളം അങ്ങ് വാങ്ങി വച്ചാൽ മതി. ഞങ്ങളുടെ കാര്യം ഞങ്ങൾ തമ്മിൽ തീർത്തുകൊള്ളാം.

.....(ഭരണകക്ഷിബഞ്ചുകളിൽ കയ്യടി).....

മന്ത്രി സ്ഥാനം പോയതിൽ യാതൊരു ഖേദവുമുള്ള ആളല്ല ബാലകൃഷ്ണപിള്ള ഐക്യജനാധിപത്യമുന്നണിയിൽ ഉൾപ്പെട്ടവരാണ് ഞങ്ങൾ. ഐക്യജനാധിപത്യമുന്നണിയായിരിക്കുന്നിടത്തോളം കാലം ശ്രീ. കരുണാകരൻ ഞങ്ങളുടെ മുഖ്യമന്ത്രിയാണ്. ശ്രീ. കരുണാകരനെ ഞങ്ങൾ പിന്താങ്ങും. ഞങ്ങൾക്ക് വേണ്ടെങ്കിൽ പറഞ്ഞിട്ട് ഇറങ്ങിപ്പോകും. അത് വേറെ കാര്യം.

.....

മി. നായനാർ, അങ്ങ് പൊടിക്കേണ്ട. അങ്ങയുടെ പാർട്ടി ഈ രാജ്യം ഭരിച്ചപ്പോൾ, ശ്രീ. ബേബിജോണിനറിയാം, ശ്രീ. മത്തായി മാഞ്ഞൂരാൻ തൊഴിൽ വകുപ്പുമന്ത്രിയുടെ കസേരയിൽ ഇരുന്നുകൊണ്ട് 'കേരളം സ്വതന്ത്രമാകണം' എന്ന് പ്രസംഗിച്ചു. അത് നിയമസഭയുടെ റിക്കാർഡുകൾ പരിശോധിച്ചാൽ കാണാം. 'കേരളം സ്വതന്ത്രമാകണം' എന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ കസേരയിലിരുന്നുകൊണ്ട് ശ്രീ. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. മാഞ്ഞൂരാൻ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തോട് തോന്നാത്ത പ്രയാസം ഒന്നും പറയാത്ത എന്നോട് തോന്നുന്ന നിങ്ങൾ രാഷ്ട്രീയം വളർത്താനാണ് ശ്രമിക്കുന്നത്. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. നിങ്ങൾ എന്നിൽ നിന്നും എന്താണ് പ്രതീക്ഷിച്ചത് കിട്ടാതെ വന്നപ്പോൾ ദു:ഖമാണ്.

ഇവിടെ വ്യവസായം വേണം. വ്യവസായങ്ങൾ ഉണ്ടാക്കാൻ കേന്ദ്രം തയ്യാറാകണം. കൂടുതൽ വ്യവസായം കേന്ദ്രഗവൺമെൻറ് തരണം. സർ, റെയിൽവേയുടെ സ്ഥിതിയെന്താണ് ? അഞ്ചരക്കോടി രൂപയാണ് ഈ വർഷം റയിൽവേ ബഡ്ജറ്റിൽ നമുക്ക് അനുവദിച്ചത്. കൊച്ചിൻ – മധുര റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടെന്നുവച്ചു എന്നാണ് പറയപ്പെടുന്നത്. ഇതിൽ കൂടുതൽ അന്യായം കേരളത്തോട് കാണിക്കാൻ നമുക്ക് സാദ്ധ്യമല്ല. മധുരയിൽ നിന്നും ഇടുക്കിയേയും കൊച്ചിയേയും യോജിപ്പിച്ചുകൊണ്ടുള്ള റെയിൽവേയുടെ സർവ്വേ പൂർത്തിയായി. ഫീസിബിളല്ലാത്തതുകൊണ്ട് മാറ്റിവച്ചു. എന്നാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി പറഞ്ഞത്. അതിനുവേണ്ടി സമ്മർദ്ദം ചെലുത്തിയേ മതിയാകൂ. വ്യവസായം ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ റെയിൽവേ ഇല്ലാത്തതുകൊണ്ടാണെന്ന് പറയും. റെയിൽവേ ഇല്ലാത്തത് എന്താണെന്ന് ചോദിച്ചാൽ വ്യവസായമില്ലാത്തതുകൊണ്ടാണെന്ന് പറയും. ഇങ്ങനെയുള്ള വാദഗതികളെ പൊളിക്കണമെങ്കിൽ റെയിൽവേക്കും വ്യവസായത്തിനുംവേണ്ടി കൂട്ടായ യത്നം ആരംഭിക്കണമെന്നാണ് എന്റെ അഭിപ്രായം. വളരെ ശക്തമായി, 25 ലക്ഷം തൊഴിലില്ലാത്തവരുള്ള ഈ രാജ്യത്ത് വ്യവസായം ആരംഭിക്കാൻ ശ്രമിക്കണം. നമുക്ക് അഞ്ചരക്കോടി രൂപ അനുവദിച്ചപ്പോൾ പാലക്കാട് നമുക്ക് നഷ്ടപ്പെട്ട കോച്ച് ഫാക്ടറിക്ക് 183 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 183 കോടിരൂപയാണ് റെയിൽവേ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്, അഞ്ചരക്കോടി രൂപ നമുക്ക് തന്നപ്പോൾ ഈ രാജ്യത്തിന്റെ ആവശ്യങ്ങൾ ആരേയും ഭത്സിക്കാതെ കിട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണം,

സർ, ആലപ്പുഴ റെയിൽവേയ്ക്കുവേണ്ടി, ശ്രീ. മൊറാർജിദേശായി രേഖ അവസരത്തിൽ ഇന്നത്തെ നിയമസഭാ സ്പീക്കറായ ശ്രീ. വി. എം. സുധീരൻ എം. പി. ആയിരുന്നപ്പോൾ, സമരം നടത്തിയത് കേന്ദ്രവിരുദ്ധമാണെന്ന് ആരും പറഞ്ഞില്ല. കേരളത്തിന്റെ താല്പര്യം ചോദിക്കുന്നത് കേന്ദ്രവിരുദ്ധമാണെന്ന് പറയുന്ന നിലപാട് ഭയവുപെയ്തത് ഉപേക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ, കേരളാകോൺഗ്രസ്, കേന്ദ്രം അതിശക്തമായി പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നുവെന്ന് എന്റെ നേതാവ് ശ്രീ. കെ. എം. ജോർജ് ഈ നിയമസഭയിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. കേരളാകോൺഗ്രസ്സിന്റെ അഭിപ്രായം അതിശക്തമായ കേന്ദ്രവും സമ്പന്നമായ സംസ്ഥാനവും എന്നാണ്. ആ മുദ്രാവാക്യത്തിൽ ഉറച്ചുനിൽക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് കേരളാ കോൺഗ്രസ്. കേരളാകോൺഗ്രസിനെ, ഞങ്ങളെ പല രീതിയിലും പേരുചൊല്ലിവിളിക്കാനാണ് പലരും ശ്രമിക്കുന്നത്. അവരുടെയൊക്കെ പ്രസ്ഥാനങ്ങളിലേയും സംസ്ഥാനങ്ങളിലേയും കാര്യത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾക്ക് ഇൻഡ്യയാണ് വലുത്. ഇൻഡ്യയിലെ ഓരോയിഞ്ചുമണ്ണും ഞങ്ങൾക്ക് വലുതാണ്. ഇൻഡ്യയ്ക്ക് അപമാനമുണ്ടാക്കുന്ന ഒരു കാര്യത്തിലും ഒരിക്കലും ഞങ്ങളുടെ പ്രസ്ഥാനത്തെ കിട്ടില്ല. ഇൻഡ്യ സമ്പന്നമായിരിക്കണം, ഇൻഡ്യ ശക്തമായിരിക്കണം, കേരളവും അതുപോലെതന്നെ സമ്പന്നവും ശക്തവുമായി വളരണം എന്നാണ് ഞങ്ങളുടെ ലക്ഷ്യം. ഈ രാജ്യത്ത് ചെങ്ങന്നൂർ മുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവേ, അതുപോലെ ഗുരുവായൂർ—കുറുപ്പുന്തറ റെയിൽവേ, മധുര റെയിൽവേ, ഉപ്പുതൊടെയുള്ള റെയിൽവേക്ക് വേണ്ടി നമുക്ക് ഒന്നിച്ചുനിൽക്കണം. ശ്രീ. അഹമ്മദോ, ശ്രീ. കെ. എം. മാണിയോ മുഖ്യമന്ത്രിയോ വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്നതല്ല ഈ പ്രശ്നങ്ങൾ. അതുകൊണ്ട് ഈ കാര്യത്തിലേക്ക് കേന്ദ്രത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ ഒരു അഖിലകക്ഷി നിവേദകസംഘത്തെ ഈ സഭതന്നെ ഡൽഹിയിലേക്ക് അയയ്ക്കണം. ഏറ്റവും ശക്തമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി, നമ്മുടെ റെയിൽവേ ഉപ്പുതൊടെയുള്ള പ്രസ്ഥാനങ്ങൾക്ക് കേന്ദ്രം കുറെക്കൂടി ദയാപരമായ സമീപനം കാണിക്കുന്നതിന് ശ്രദ്ധിക്കണം എന്ന് മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ രാജ്യത്ത് വൈദ്യുതി പദ്ധതികളൊക്കെ നടക്കുന്നുണ്ട്. കണക്കുകൾ വേണമെങ്കിൽ പറഞ്ഞുതരാം. വൈദ്യുത പദ്ധതികൾ കുറെയൊക്കെ നടക്കുന്നുണ്ട്. പക്ഷേ പൂയാൻകുട്ടി മാത്രം കൊണ്ട് തീരുകയില്ല. 1990 ആകുമ്പോഴേക്കും കേരളത്തിന്റെ വൈദ്യുതിയുടെ ആവശ്യം ഇന്നത്തേതിന്റെ ഇരട്ടിയാകും. 1980-ൽ 65 ലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗിച്ച കേരളം ഇന്ന് ഉപയോഗിക്കുന്നത് 155 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. എന്നു പറഞ്ഞാൽ അഞ്ചുകൊല്ലംകൊണ്ട് ഇരട്ടിയിൽക്കൂടുതൽ വർദ്ധിച്ചു. ഈ വർദ്ധന മുന്നോട്ട് പോയാൽ ലോവർ പെരിയാർ പദ്ധതി ഉൾപ്പെടെ തീർന്നു കഴിഞ്ഞാലും പൂയാൻകുട്ടിയുൾപ്പെടെ തീർന്നു കഴിഞ്ഞാലും നമുക്കാവശ്യമുള്ള വൈദ്യുതി ലഭിക്കാൻ കഴിയുകയില്ല. പൂയാൻകുട്ടിക്ക് ഇപ്പോൾ അനുമതി ലഭിച്ചു. ഈ കൊല്ലത്തെ ബഡ്ജറ്റിൽ 185 ലക്ഷം രൂപ പൂയാൻകുട്ടിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നു. ഞാൻ ഈ ഗവൺമെന്റിനെ അനുമോദിക്കുന്നു. പൂയാൻകുട്ടി സംസ്ഥാന പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് 185 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പൂയാൻകുട്ടിയുടെ ആദ്യത്തെ ഘട്ടം പൂർത്തിയാകുമ്പോൾ 750 മില്യൻ വൈദ്യുതി നമുക്ക് ഇവിടെ ലഭിക്കും. ഏതാണ്ട് 5 കൊല്ലം കഴിയുമ്പോൾ രണ്ടായിരം മില്യൻ യൂണിറ്റ് വൈദ്യുതി കൂടി ഉൽപ്പാദിപ്പിക്കാനുള്ള പ്രോജക്ടുകൾ ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. അയ്യായിരത്തിന്റെ സ്ഥാനത്ത് രണ്ടായിരം കൂടി വരുമ്പോൾ വളരെ കൂടുമെങ്കിൽപ്പോലും വൈദ്യുതിയുടെ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കുകയും കുറെക്കൂടി പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യണം. മലബാറിലുള്ള പദ്ധതികൾ ഏറ്റെടുക്കണമെന്ന് പറഞ്ഞാൽ ചില പത്രങ്ങൾ ഇനിയും എനിക്കെതിരാകും എന്നുള്ളതുകൊണ്ട് ആ പത്രങ്ങളുടെ പേരു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആ പദ്ധതികളുടെ പേര് പറയാനും ആഗ്രഹിക്കുന്നില്ല. കാരണം ഇനിയും ശത്രുക്കളെ ക്ഷണിച്ചുവരുത്താൻ ആ പദ്ധതികളെക്കുറിച്ച് പറയാൻ എനിക്ക് ആഗ്രഹമില്ല. അതുകൊണ്ട് ഞാൻ അതിലേക്ക് ഒന്നും കടക്കുന്നില്ല. മലബാറിൽ പല പദ്ധതികളുമുണ്ട്. പക്ഷേ എടുക്കാൻ പോയാൽ അത് മറ്റു ചില അപകടങ്ങൾ ഉണ്ടാക്കുമെന്ന് ഞാനുവേസ്ഥനായ എനിക്ക് ബോദ്ധ്യമുള്ളതുകൊണ്ട് അതിലേക്ക് ഞാൻ ഇപ്പോൾ കടക്കാനാഗ്രഹിക്കുന്നില്ല. ഇവിടെ ഇരിക്കുന്നവർക്കൊക്കെ മനസ്സിലാകും. കണ്ണൂരിന്റെയും മലപ്പുറത്തിന്റെയും ഭൂമികൾ ഊഷരമാകുമ്പോൾ, ആ പദ്ധതി എടുക്കണമെന്നു പറഞ്ഞ ബാലകൃഷ്ണപിള്ളയെക്കുറിച്ച് വരുന്ന തലമുറയെങ്കിലും ഓർക്കുമെന്ന അഭിമാനം മാത്രമേ എനിക്കിന്നുള്ളൂ എന്നാണ് ഈയവസരത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നത്. ആരെതിർത്താലും ശരി, മലബാറിന്റെ താൽപ്പര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന ആളുകളെ കണ്ടുപിടിക്കാനും അതിനെതിരായി നിൽക്കാനും തയ്യാറാകാതെ, അതിനുവേണ്ടി ശ്രമിച്ച എന്നെ കഴുകുമരത്തിൽ ഏറ്റാൻ ശ്രമിച്ചവരെ ചരിത്രം വെറുതേ വിടുകയില്ലയെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. മറ്റൊന്നുമല്ല. സംസ്ഥാനത്ത് വനഭൂമികളിൽ, ശ്രീ. ആൻറണി മുഖ്യമന്ത്രിയായി ചാർജ്ജെടുത്ത ദിവസത്തിനു മുമ്പ് കൃഷി ചെയ്തിരുന്ന സ്ഥിരം വൈകവശക്കാരായ ലക്ഷക്കണക്കിന് ആളുകളുണ്ട്. 5-ാം 10-ാം സെൻറ് മുതലുള്ളവരുടെ ലക്ഷക്കണക്കിന് ആളുകളുണ്ട്. ശ്രീ. കുട്ടപ്പലിയുടെ നിയോജകമണ്ഡലത്തിലും ശ്രീ. ജിനദേവന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള ഇടുക്കി ജില്ലയിലും ശ്രീ. കെ. കെ. ബാലകൃഷ്ണന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിലും. ശ്രീ. ആൻറണി 1977-നുശേഷം മുഖ്യമന്ത്രിയായ കാലത്ത്—

LIBRARY ARCHIVES Kerala Legislative Assembly

തീയതി എനിക്ക് കൃത്യമായിട്ട് ഓർമ്മയില്ല—അന്ന് തീരുമാനിച്ചതാണ് ഇവർക്ക് സ്ഥിരം പട്ടയം കൊടുക്കണമെന്ന്. വനം കൈയേറ്റം ഒരിക്കലും പ്രോൽസാഹിപ്പിക്കരുത്. വനം കൈയേറ്റം അവസാനിപ്പിക്കണം. പക്ഷേ, ഒരു തുണ്ട് ഭൂമി വിൽക്കാനോ, സഹകരണസംഘത്തിൽ കൊടുക്കാനോ കടം വാങ്ങാനോ കഴിയാതെ ഇലക്ട്രിസിറ്റി ബോർഡിനു മിനിമം ഗ്യാരന്റിപോലും കൊടുക്കാൻ കഴിയാതെ ബുദ്ധിമുട്ടിൽ കഴിയുന്ന, ഈ പാവപ്പെട്ട കുടികിടപ്പുകാരുടെ ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള സത്വരമായ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കണം. മുൻഗണനാക്രമമനുസരിച്ച് നടപടികളും സ്വീകരിക്കണം എന്ന അഭ്യർത്ഥനയാണ് എനിക്ക് ഗവൺമെന്റിനോടുള്ളത്. കഴിഞ്ഞ മൂന്നുനാലു വർഷമായി നാം ശ്രമിക്കുന്നു. നമ്മുടെ കുറ്റം ആണെന്നു പറയുന്നില്ല. എങ്കിലും പല നൂലാമാലകളിൽപ്പെട്ടു കുടുങ്ങിക്കിടക്കുന്ന ഈ പട്ടയ പ്രശ്നം കഴിയുന്നതും വേഗം പരിഹരിച്ച്, തന്റെ സ്വന്തം ഭൂമിയിൽക്കിടന്ന് മരിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് ഒരു സൗകര്യം ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഈ ഗവൺമെന്റിനു അഭിമാനിക്കാനേയുള്ളൂ. അഭിപ്രായ വ്യത്യാസങ്ങളും കാര്യങ്ങളുമൊക്കെയുണ്ട്; ഇല്ലെന്നു ഞാൻ പറയുന്നില്ല. ജനങ്ങളുടെ മുമ്പിലേക്ക് നമുക്ക് ചെല്ലാൻ പല കാര്യങ്ങളാലും കഴിയാത്ത ചില സാഹചര്യങ്ങളുണ്ട്. അതിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ 25,000 ഓ, 30,000-ഓ വീടു വച്ച ശ്രീ. എം. എൻ. ഗോവിന്ദൻ നായർ 750 രൂപ വീതമുള്ള വീടു വച്ചപ്പോഴും ഞാനും നിങ്ങളും കെട്ടിഘോഷിച്ചു. ഞാൻ അന്ന് ഭരണമുന്നണിയിലല്ല. പക്ഷേ ശ്രീ. എം. എൻ. ഗോവിന്ദൻനായർ ചെയ്തത് വലിയ കാര്യമാണെന്ന് പറഞ്ഞു. സർ, പലരും പ്രസംഗിച്ചു, സ്വർഗ്ഗരാജ്യമെന്ന് ഒന്നുണ്ടെങ്കിൽ ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്ക് കിട്ടുമെന്ന്. അതിൽ അഭിമാനമുണ്ട്. അദ്ദേഹം ചെയ്ത പ്രവൃത്തിയിൽ ഞങ്ങൾക്കൊക്കെ അഭിമാനമുണ്ട്. അദ്ദേഹമാണ് തുടങ്ങി വച്ചത്. പക്ഷേ ശ്രീ. പി. ജെ. ജോസഫിനു 1,60,000 വീടുകളും, 6,000 രൂപ, വീതമുള്ള വീടുകളും, ഈ രാജ്യത്ത് അനുവദിച്ച ശ്രീ. പി. ജെ. ജോസഫിനും ഈ ഗവൺമെന്റിനും—അഭിമാനിക്കാൻ വകയില്ലേ? ഈ ഗവൺമെന്റിന്റെ നേട്ടമല്ല, അനേകം കോടി ചെലവാക്കി വച്ച ഈ വീടുകളും? ഈ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടിക എത്ര വേണമെങ്കിലും പറയാനുണ്ട്. അങ്ങനെ നേട്ടങ്ങളുടെ പട്ടിക നീട്ടാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് പാവപ്പെട്ടവർക്കുവേണ്ടി സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കു വേണ്ടി, നടത്തിയ പ്രവർത്തനങ്ങളും ആര് എതിർത്താലും ചരിത്രത്തിന്റെ മുമ്പിൽ ഒരിക്കലും മായാതെ നിൽക്കും എന്നാണ് എന്റെ വിശ്വാസം. പിന്നെ, ഐക്യമുന്നണിയാകുമ്പോൾ, അഭിപ്രായവ്യത്യാസങ്ങളൊക്കെ കാണും; നമ്മളൊക്കെ ഒരുമിച്ചിരുന്നിട്ടുള്ളതല്ലേ.

ഇത് ഇപ്പോൾ എന്റേയും എന്റെ പാർട്ടിയുടേയും അഭിപ്രായമാണ്. ശ്രീ. കൃഷ്ണൻകുട്ടിയുടെ അഭിപ്രായമല്ലല്ലോ ഞാൻ പറയുന്നത്. ഞാൻ പറയുന്നത് ഐക്യ ജനാധിപത്യമുന്നണിയിലെ ഒരംഗമെന്ന നിലയിലാണ്. ഈ ബഡ്ജറിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളോടൊപ്പം കൂടുതൽ കേന്ദ്ര സഹായം നേടി കേരളത്തിന്റെ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രീതിയിൽ മുന്നോട്ട് നീങ്ങാൻ ഐക്യജനാധിപത്യ മുന്നണിക്കും ഗവൺമെന്റിനും കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു. ഒരു ചെപ്പടി വിദ്യക്കാരന്റെ കൗശലമാണ് ധനകാര്യമന്ത്രി ബഡ്ജറ്റിലൂടനീളം കാണിച്ചിരിക്കുന്നത്. 1986-87 വർഷം അവസാനിക്കുമ്പോഴേക്കും 15.63 കോടി രൂപ മിച്ചം ഉണ്ടാക്കുമെന്ന് വീമ്പടിക്കുന്ന ധനകാര്യമന്ത്രി നമ്മുടെ സംസ്ഥാനത്തെ കനത്ത ബാദ്ധ്യതയുടെ കാര്യം സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കയാണ്. എഴുപതു കോടി രൂപ ഉണ്ടായാൽ മാത്രമേ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന കുടിശ്ശികകൾ കൊടുത്തുതീർക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ ശമ്പള പരിഷ്ക്കരണത്തിന്റെ ഫിക്സേഷൻ ഇതുവരെ പൂർത്തിയായിട്ടില്ല. അത് പൂർത്തിയാകുമ്പോഴേക്കും അൻപതുകോടി രൂപ അധികചെലവു വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. സർക്കാർ ജീവനക്കാരുടെ മൂന്ന് ഗഡു കുടിശ്ശിക തീർക്കണമെങ്കിൽ 24 കോടി രൂപ വേണം. ഇതെല്ലാംകൂടി കൂട്ടുമ്പോഴേക്കും നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ദയനീയമാണ്. 15 കോടി 63 ലക്ഷം രൂപ മിച്ചം ഉണ്ടാക്കുമെന്ന് പറയുന്ന ധനകാര്യമന്ത്രി ഈ ബാദ്ധ്യതകളെ മനഃപൂർവ്വം വിസ്മരിച്ചിരിക്കുകയാണ്. ഇല്ലാത്ത മിച്ചം ഉണ്ടെന്ന് വരുത്തി ധനകാര്യ മാനേജ്മെന്റിൽ വിദഗ്ദ്ധനാണെന്ന് വരുത്താൻ ബഡ്ജറ്റിൽ കാണിച്ച പൊടിക്കൈകളും കേരളത്തിന്റെ സാമ്പത്തികനിലയെ കൂടുതൽ അപകടത്തിലേക്ക് നയിക്കും. കൂടുതൽ നികുതി കൊടുക്കാൻ കഴിവുള്ളവരെ, കഴിഞ്ഞ എട്ടുവർഷക്കാലം ചെയ്തതുപോലെ ഇത്തവണയും പുതിയ നികുതിയിൽ നിന്ന് ധനകാര്യമന്ത്രി മനഃപൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്. കേന്ദ്രം കേരളത്തെ അവഗണിക്കുന്നുവെന്ന് വാതോരാതെ നിയമസഭയ്ക്കകത്തും പുറത്തുംനിന്നു പ്രസംഗിച്ച മന്ത്രി മാണി പഞ്ചപുച്ഛം മടക്കി കേന്ദ്രത്തിനെതിരായ പോർവിളി അവസാനിപ്പിച്ചിരിക്കുകയാണ്. രാഷ്ട്രീയമായി രക്ഷപ്പെടാൻ മാർഗ്ഗമില്ലാത്ത മന്ത്രി മാണി ചുവടു മാറി ചവിട്ടിയിരിക്കുന്നു. ഈ ബഡ്ജറ്റ് ജനങ്ങളുടെ മേൽ കൂടുതൽ ഭാരമടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണ്. സംസ്ഥാനത്തിന്റെ ഒരു പ്രശ്നത്തിനും കാതലായ പരിഹാരം കാണാൻ ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഇല്ല. ബാലകൃഷ്ണപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. ഇവിടെ തൊഴിലില്ലായ്മ വളരെ ഗുരുതരമാണ് എന്ന്. ഇരുപത്തിഅഞ്ചു ലക്ഷത്തോളം വരുന്ന യുവതീയുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് വേഴാമ്പലിനെപ്പോലെ കാത്തുകിടക്കുകയാണ്. ആ തൊഴിലില്ലാത്തവരുടെ ലിസ്റ്റിൽ 1014 ഡോക്ടർമാരുണ്ട്. 2254 എൻജിനീയർമാരുണ്ട്. 10,986 എൻജിനീയറിംഗ് ഡിപ്ലോമാക്കാരുണ്ട്. 48,748 ഐ. ടി. ഐ. ക്കാരുണ്ട്. 252 അഗ്രിക്കൾച്ചറൽ ഗ്രാഡുവേറ്റ്സുണ്ട്. 22 വെറ്റിറിനറി ഗ്രാഡുവേറ്റ്സുണ്ട്. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇതിന് പരിഹാരം കാണാൻ യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള പറഞ്ഞു, ഇവിടെ വ്യവസായം കൊണ്ടുവരുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുമെന്ന്. ഒരു കാര്യം അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു താലൂക്കിൽ ഒരു കോടി രൂപ മുതൽ മുടക്കി വ്യവസായങ്ങൾ ആരംഭിക്കുമെന്ന് പറഞ്ഞ നമ്മുടെ വ്യവസായ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു. എത്ര വ്യവസായങ്ങൾ ഈ പദ്ധതിയനുസരിച്ച് നമ്മുടെ സംസ്ഥാനത്തു നടപ്പാക്കിയിട്ടുണ്ട് ? ആത്മാർത്ഥമായി ഈ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റ് യാതൊന്നും ചെയ്തിട്ടില്ല. അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, കുക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാസ് തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാനുള്ള യാതൊരു നടപടിയും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വിലയിടിവു മൂലം കഷ്ടപ്പെടുന്ന മുപ്പതു ലക്ഷത്തോളം വരുന്ന കേര കർഷകരെ രക്ഷിക്കാൻ ഒരു പരിപാടിയുമില്ല.

സർ, ശ്രീ. ബാലകൃഷ്ണപിള്ളയും അതുപോലെ ചില മെമ്പർമാരും ഹരിജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. 1985-86-ലെ ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്ക് വേണ്ടി 5754.97 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ കഴിഞ്ഞ 31-1-1986 വരെ ചെലവാക്കിയത് 2764.027 ലക്ഷം മാത്രമാണ്. 2990.97 ലക്ഷം, അതായത് 30 കോടിയോളം, ഈ ഗവൺമെന്റിന്, മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് ചെലവാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഈ കഴിഞ്ഞ 17-ാം തീയതിയിലെ ചോദ്യത്തിന് ഉത്തരമായി ഗവൺമെന്റ് പറഞ്ഞിരിക്കുന്നു. അതുപോലെതന്നെ 1984-85-ൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടി കേന്ദ്രം അനുവദിച്ച 319 ലക്ഷം രൂപയിൽ ആകെ ചെലവാക്കിയത് 123.6 ലക്ഷം രൂപ മാത്രമാണ്. ആ ഇനത്തിൽ തന്നെ രണ്ടുകോടി രൂപയോളം ഗവൺമെന്റിൽനിന്ന് ലാപ്സാക്കിയിരിക്കുകയാണ്. ഇത് ഞാൻ പറയുന്ന കണക്കല്ല. പ്ലാനിംഗ് കമ്മിഷന്റെ റിപ്പോർട്ടിലെ പരാമർശമാണ്. ഐ. ആർ. ഡി. പി. യുടെ കാര്യം ഇവിടെ പറഞ്ഞു. ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിഞ്ഞുകൂടുന്ന പാവങ്ങളായ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരാനുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ഇരുപതിന സാമ്പത്തിക പരിപാടിയിൽ ഉൾക്കൊള്ളുന്ന ഐ. ആർ. ഡി. പി. ആ ഐ. ആർ. ഡി. പി. യിൽ ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 381.5 ലക്ഷം രൂപ ലാപ്സാക്കിക്കളഞ്ഞിരിക്കുകയാണ്. ചെലവാക്കിയിട്ടില്ല. എൺപത്താറായിരം കുടുംബങ്ങൾക്ക് പ്രയോജനം ഉണ്ടാക്കുന്ന ഈ പദ്ധതിയിൽ 21202 കുടുംബങ്ങൾക്ക് മാത്രമാണ് പ്രയോജനം ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ ആർ. എൽ. ഇ. ജി. പി. നമ്മുടെ സംസ്ഥാനത്ത് ആർ. എൽ. ഇ. ജി. പി. യ്ക്കുവേണ്ടി 28.83 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. അതിൽ ചെലവാക്കിയത് 13.3 കോടി രൂപ മാത്രമാണ്. 15 കോടി 80 ലക്ഷം ആ ഇനത്തിൽ ലാപ്സാക്കിയിരിക്കുന്നു. സർ, ഈ ആർ. എൽ. ഇ. ജി. പി. യിൽ ചെലവാകുന്ന അനുവദിക്കുന്ന സംഖ്യയിൽ 50% സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കേണ്ടതാണ്. സംസ്ഥാന ഗവൺമെന്റിന്റെ കഴിവുകേടുകൊണ്ടാണ് ഇത്രയും പണം ലാപ്സാക്കാനിടവന്നതെന്നു ഞാൻ കുറ്റം ആരോപിക്കുകയാണ്.

ഈ ഗവൺമെന്റിനുവേണ്ടി ശ്രീ. മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി യാതൊരു പുതിയ പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടില്ല. ആകപ്പാടെ പറഞ്ഞിട്ടുള്ളത് "പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് പരമപ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികളാണ് സംസ്ഥാന ഗവൺമെന്റ് അടുത്തകാലത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഹരിജനങ്ങളും നടത്തുന്ന മോട്ടോർ സഹകരണ സംഘങ്ങളും ..... പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് കമ്പ്യൂട്ടർ ടി. വി. ടെക്നോളജിയിലും മോട്ടോർ റിപ്പയറിംഗിലും കൽപ്പണിയിലും വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുള്ള പരിപാടികളും ആവിഷ്ക്കരിക്കുന്നതാണ്". എന്നുമാത്രമാണ് വേറൊരു പുതിയ പദ്ധതിക്കും രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അപ്പുറത്തിരിക്കുന്നവരോടു ചോദിക്കുന്നു, മുഖ്യമന്ത്രിയോടു ചോദിക്കുന്നു, ഈ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പുരോഗതി ഉണ്ടാക്കാൻ അവരുടെ സാമ്പത്തിക നില ഭദ്രമാക്കുവാൻ 1986-87-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എന്തു പുതിയ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവിടെ പലരും വാചാലമായി സംസാരിക്കുകയുണ്ടായി, ഹരിജനങ്ങളെ ആകാശത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പദ്ധതികളും പരിപാടികളും തയ്യാറാക്കിയിരിക്കുന്നു എന്ന്. ശ്രീമാൻ ബാലകൃഷ്ണപിള്ള പറഞ്ഞു പതിനായിരവും ഒരു ലക്ഷവും വീടുകൾ ഇവിടെ ഹരിജനങ്ങൾക്കുവേണ്ടി നിർമ്മിച്ചുകൊടുക്കുന്നു എന്ന്. ഈ നിയമസഭയിലെ ഭരണകക്ഷിയിലെ ഒരു മെമ്പറായ ശ്രീ. കെ. രാഘവൻ മാസ്റ്റർ അദ്ധ്യക്ഷനായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട് ഞാനിവിടെ വായിക്കാം. അതിൽ പറയുന്നത് എത്രയോ കോടി രൂപ ഗിരിജനങ്ങൾക്കായി വകയിരുത്തുകയും അവരുടെ പേരിൽ ചെലവഴിക്കുകയും ചെയ്തുവെങ്കിലും അതൊന്നും അവരുടെ കൈയിൽ വേണ്ടത്ര എത്തിയിട്ടില്ല, എത്തുന്നുമില്ല എന്നുള്ളതാണ് സത്യം. ഭവന നിർമ്മാണത്തിനായി നീക്കിവച്ച തുകയുടെ ബഹുഭൂരിഭാഗവും കോൺട്രാക്ടർമാരോ നോമിനികളോ അതുപോലെയുള്ള മറ്റാരെങ്കിലുമോ അപഹരിച്ചെടുക്കുന്നു. ഇപ്പോഴും ശരിയായ വീടില്ലാത്തവരാണ് ഗിരിജനങ്ങൾ. ഏറ്റവും പ്രാകൃതമായ നിലയിലാർ കഴിഞ്ഞുകൂടുന്നു. ഇതെന്റെ റിപ്പോർട്ടല്ല. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ അഞ്ചാമത്തെ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളാണിതെല്ലാം. എന്നിട്ട് ഇവിടെ വന്ന് ഹരിജനക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്കുവേണ്ടി അദ്ദേഹത്തെ സപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ആർ. ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞിരിക്കുകയാണ്. ഈ സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക രംഗത്ത് വളരെ പിന്നണിയിൽ കിടക്കുന്ന ജനവിഭാഗങ്ങളുടെ പുരോഗതിക്ക് വേണ്ടി ആത്മാർത്ഥമായി അടിസ്ഥാനപരമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കേണ്ട ഗവൺമെന്റ് അവരെ കബളിപ്പിച്ചിരിക്കുകയാണ്. അവരെ വഞ്ചിക്കുന്നു. ഈ ഗവൺമെന്റ് ഇവിടെ ഹരിജനങ്ങൾക്ക് വാരിക്കോരി കൊടുക്കുന്നു എന്നുള്ള ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് ഇവിടെ പ്രസ്താവന ഇറക്കുന്നു എന്നുള്ളതല്ലാതെ കാതലായ യാതൊരു മാറ്റവും ഈ രംഗത്തുണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് ഭരണഘടന ലംഘിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരണഘടനാവ്യവസ്ഥകളെ ലംഘിച്ചിരിക്കുകയാണ്. 1984-ലെ കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിൽ പതിനൊന്നര ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. എന്റെ ചോദ്യത്തിന് എനിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാ തോതനുസരിച്ചുള്ള ആനുകൂല്യങ്ങൾ അവർക്ക് നൽകണമെന്ന് ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ആ വ്യവസ്ഥയനുസരിച്ച് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നില്ല. 10 ശതമാനം മാത്രമാണ് സംവരണവും മറ്റാനുകൂല്യങ്ങളും നൽകിക്കൊണ്ടിരിക്കുന്നത്.

സർ, ഗുരുതരമായ ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കൈവശവനഭൂമി പതിച്ചുകൊടുക്കുന്നതിനെസംബന്ധിച്ച് കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. 114,000 ഏക്കർ വനഭൂമി ഇവിടത്തെ കൈയേറ്റക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പതിച്ചു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. വളരെക്കൊല്ലങ്ങൾക്ക് മുമ്പ് ഒരുത്തരവ് പുറപ്പെടുവിച്ചിരുന്നു. വനഭൂമി പതിച്ചുകൊടുക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 33.13 ശതമാനം റിസർവ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ആ കണക്കനുസരിച്ചാണെങ്കിൽ 38,000 ഏക്കർ ഭൂമി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നൽകണം. മന്ത്രി പറഞ്ഞത് അതിന്റെ വ്യക്തമായ കണക്ക് കൈയിലില്ലെന്നാണ്. ഈ രാജ്യത്ത് വനഭൂമി കൈയേറ്റം ചെയ്യുന്നത് രാഷ്ട്രീയ സമ്മർദ്ദത്തിന് വിധേയമായിട്ടാണ്. അധികാരം ഉപയോഗിച്ചുകൊണ്ട്, സ്വാധീനം ഉപയോഗിച്ചുകൊണ്ട് വനഭൂമി കൈയേറുന്നു. പാവങ്ങളായ ഹരിജനങ്ങൾക്ക് വനഭൂമി കൈയേറാൻ കഴിയുന്നില്ല. ഭൂമി പതിച്ചുകൊടുക്കുന്ന കൂട്ടത്തിൽ 38,000 ഏക്കർ ഭൂമി ഈ സംസ്ഥാനത്തെ ഹരിജനങ്ങൾക്ക് മറ്റു സ്ഥലങ്ങളിൽ നിന്ന് പതിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും പറയാനുള്ളത്. അല്പാത്തപക്ഷം വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്തുണ്ടാകാനിടയുണ്ട്. അവകാശപ്പെട്ട ഭൂമി ഹരിജനങ്ങൾക്ക് പതിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ സമര പരിപാടികൾ തന്നെ ഹരിജനങ്ങൾക്ക് സ്വീകരിക്കേണ്ടി വരുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകയാണ്. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകകളൊന്നും ചെലവാക്കാതെ ഈ ഗവൺമെന്റ് ലാപ്സാക്കുകയാണ്. എങ്ങനെ ലാപ്സാക്കാതിരിക്കും. ഇവിടെയൊരു ഗവൺമെന്റില്ല. കഴിഞ്ഞ ആറുമാസക്കാലമായി ഇവിടെ ഒരു ഗവൺമെന്റും പ്രവർത്തിക്കുന്നില്ല.

ആരും പറയാത്ത ഒരു കാര്യം ഞാനിവിടെ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇവിടെ ഒരു ഗവൺമെന്റ് നിലവിലുണ്ട് ഒരു ഗവൺമെന്റ് നിലവിലുള്ളപ്പോൾ ചീഫ് സെക്രട്ടറി ഇവിടത്തെ മന്ത്രിമാർ പറയുന്നതൊന്നും നടപ്പിലാക്കരുതെന്ന് പറഞ്ഞ് ഇവിടത്തെ മറ്റ് ഉദ്യോഗസ്ഥൻമാർക്ക് സർക്കുലർ ഇഷ്യു ചെയ്തിരിക്കുകയാണ്. അത് നിലവിലുണ്ടോ എന്നെനിക്കറിയില്ല. ഇത് ജനാധിപത്യത്തിന് അപമാനമാണ്. മുഖ്യമന്ത്രി കരുണാകരൻ ഇവിടെഭരിച്ചപ്പോൾ, ഒരു ജനാധിപത്യ ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾമന്ത്രിമാർ പറയുന്നതൊന്നും നടപ്പിലാക്കരുതെന്ന് ചീഫ് സെക്രട്ടറി കീഴുദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയാൽ ഈ ഗവൺമെന്റിനോടു മാത്രമല്ല, ജനാധിപത്യ സംവിധാനത്തോടു തന്നെയുള്ള വെല്ലുവിളിയാണിത്. ബഡ്ജറ്റ് പാസ്സാക്കിയാൽ പോലും അതിൽപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാർ തയ്യാറല്ല. കാരണം ഈ ഗവൺമെന്റ് എത്രകാലം നിലനിൽക്കുമെന്നവർക്കറിയില്ല. മന്ത്രിമാർ പറഞ്ഞാൽ പോലും നടപ്പിലാക്കാൻ തയ്യാറില്ല, ഈ മന്ത്രിസഭയിലെ മന്ത്രിമാർക്ക് തന്നെ പരസ്പരം വിശ്വാസമില്ല. ഈ ഗവൺമെന്റിനെപ്പറ്റി ഈ അടുത്ത കാലത്ത് എന്തെല്ലാം ആരോപണങ്ങൾ ഉണ്ടായി. ആ ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി പോലും പറയാതെ ഒഴിഞ്ഞു മാറുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ആത്മാർത്ഥതയുണ്ടെങ്കിൽ ആത്മാഭിമാനമുണ്ടെങ്കിൽ അന്തസ്സുണ്ടെങ്കിൽ അധികാരത്തിൽ നിന്നിറങ്ങിപ്പോയി ജനവിധി തേടണമെന്നാണെനിക്ക് പറയാനുള്ളത്. ഒരു മന്ത്രിയിൽ നിന്ന് ഒരു വകുപ്പു മാറ്റാൻ പോലും മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. അങ്ങനെയുള്ള മരു മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത് എന്നു ചിന്തിക്കുമ്പോൾ അപമാനം തോന്നുകയാണ്. മുഖ്യമന്ത്രി രാഷ്ട്രീയ രംഗത്ത് വളരെ പ്രഗൽഭനാണ്. കോൺഗ്രസ് 'ഐ' യുടെ നേതാവാണ്. അദ്ദേഹം പാർലമെന്ററി ബോർഡ് മെമ്പറാണ്; വർക്കിംഗ് കമ്മിറ്റി മെമ്പറാണ്. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാബിനറ്റ് മന്ത്രിയുടെ റാങ്കുള്ളയാളാണ്. അങ്ങനെയുള്ള ഒരാൾ ഇവിടെ ഒരു മന്ത്രിയുടെ വകുപ്പ് മാറാൻ പോലും കഴിയാതെ ഇളിഭ്യനായി, നാണം കെട്ട്, പരിഹാസ്യനായി കഴിഞ്ഞുകൂടുന്ന ഒരു ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. അങ്ങനെയുള്ള ഒരു മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ഗവൺമെൻറിനേയും ഈ രാജ്യത്തെ ജനങ്ങൾ പുച്ഛിച്ചു തള്ളിയിരിക്കുന്നു. ഈ രാജ്യത്തെ നിഷ്പക്ഷമതികളായിട്ടുള്ള ആളുകൾ പോലും ഈ ഗവൺമെൻറിനെ വിലയിരുത്തുന്നത് ഈ ഗവൺമെൻറിന്റെ കൂടിബിലിറ്റി നഷ്ടപ്പെട്ടു എന്നാണ്. ഈ ഗവൺമെൻറിന് ഭരിക്കാൻ അർഹതയില്ല. ഈ ഗവൺമെൻറ് രാജിവച്ച് ഇറങ്ങിപ്പോകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ സംസ്ഥാനത്തെ അധികൃത വർഗ്ഗക്കാരായ പാവപ്പെട്ട ഹരിജനങ്ങളെ സഹായിക്കാൻ ബാദ്ധ്യസ്ഥരായ, അവരെ ഉദ്ധരിക്കാൻ ഈ വകുപ്പ് ഏറെടുത്തിട്ടുള്ള മുഖ്യമന്ത്രിയോട് ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ഈ വകുപ്പിൽ നടത്തുന്ന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് നിങ്ങൾ തയ്യാറാകണം. അവിടെ എന്തെല്ലാം നടക്കുന്നു എന്നു പഠിക്കാനും വിലയിരുത്താനും മുഖ്യമന്ത്രി തയ്യാറാകണം. ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്ക് വിഘ്നം വരുത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. എൻ. രാമചന്ദ്രൻപിള്ള : സർ, ശ്രീ. കെ. എം. മാണി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. കെ. എം. മാണിയുടെ എട്ടാമത്തെ ബഡ്ജറും ഐക്യജനാധിപത്യ മുന്നണിയുടെ അഞ്ചാമത്തെ ബഡ്ജറുമാണ് ഇത്. ഐക്യജനാധിപത്യ മുന്നണിക്കുവേണ്ടി ഈ കഴിഞ്ഞ ബഡ്ജറുകളെല്ലാം അവതരിപ്പിച്ച അവസരത്തിൽ പ്രതിപക്ഷത്തുനിന്നും കേട്ടിരുന്ന പല്ലവിതന്നെയാണ് ഇന്നും കേൾക്കുന്നത്. ഞാൻ ഐക്യജനാധിപത്യമുന്നണിയെ ഒരു തറവാടായിട്ടും ശ്രീമാൻ കെ. എം. മാണിയെ അതിലെ ആരോഗ്യവും കരുത്തുമുള്ള ഒരു കുടുംബിനിയായിട്ടും ഉപമിക്കുകയാണ്. കഴിഞ്ഞ ബഡ്ജറുകൾക്കെല്ലാം അദ്ദേഹം ജന്മം കൊടുത്തു. എല്ലാവർഷവും മാർച്ച് മാസത്തിൽ ബഡ്ജറാകുന്ന കുഞ്ഞിന് അദ്ദേഹം ജന്മം കൊടുക്കാറുണ്ട്. അപ്പോൾ അപ്പുറത്തു നിന്നും നിങ്ങൾ പറയാറുണ്ട് ഇതിന് ആരോഗ്യമില്ല, കരുത്തില്ല എന്നൊക്കെ അവസാനം നിങ്ങൾ പറയും ഇത് പെൺകുഞ്ഞാണെന്ന്. അങ്ങനെ ഒന്നായി, രണ്ടായി, മൂന്നായി, നാലായി, അഞ്ചായി, ആറായി, ഏഴായി, എട്ടാമതും ശ്രീ. കെ. എം. മാണി ബഡ്ജറാകുന്ന കുഞ്ഞിന് ജന്മം കൊടുത്തിരിക്കുകയാണ്. അതിന് ആരോഗ്യവും കരുത്തുമുണ്ട്. നിങ്ങൾ വന്നു കണ്ടു. കണ്ടിട്ട് പുറത്തുപോയി നിങ്ങൾ പറഞ്ഞത് ഇതും പെൺകുഞ്ഞാണെന്നാണ്. ഇതൊരു ആൺകുഞ്ഞാണെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഏഴ് പെൺകുഞ്ഞുങ്ങളെ പ്രസവിച്ച ശ്രീ. കെ. എം. മാണി (നിങ്ങൾ ആണ് പറയുന്നത്) ഇനിയും പ്രസവിക്കും. ഒൻപതാമതും പ്രസവിക്കും. ഒൻപതാമത്തെ കുഞ്ഞു വന്നാൽ പണം വാരുമെന്നാണ് പറയുന്നത്. അത് ഇരട്ടകുട്ടികളും ആൺകുട്ടികളുമായിരിക്കും. അങ്ങനെ ശ്രീ. കെ. എം. മാണിയെസംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു മിച്ച ബഡ്ജറ് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്മിച്ച ബഡ്ജറ് കൊണ്ടുവന്നാലും പഴയ പല്ലവിയേ ഉപയോഗിക്കുകയുള്ളു എന്നു പറയുന്നത് വളരെ കഷ്ടമാണ്. നിങ്ങൾ നിങ്ങളുടെ നയത്തിൽ വ്യത്യാസംവരുത്തി ഇതിനോട് യോജിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇപ്രാവശ്യത്തെ ബഡ്ജറ്റിനെസംബന്ധിച്ചിടത്തോളം വളരെയധികം വികസനപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും അവയ്ക്ക് ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ചെയ്തിരിക്കുകയാണ്. എം. എൽ. എ. റോഡുകളുടെ കാര്യമൊക്കെ ഇവിടെ പറയുകയുണ്ടായി. എം. എൽ. എ. റോഡുകളിൽ കുറച്ച് റോഡുകൾക്കു ഭരണാനുമതി കൊടുത്തുകഴിഞ്ഞു. മറ്റുള്ള റോഡുകൾക്ക് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കാർഷികപരമായും വ്യാവസായികപരമായും വളരെയധികം നേട്ടങ്ങൾ കൈവരിക്കുവാൻ മുതൽകൂട്ടുള്ള ഒരു ബഡ്ജറാണ് ഈ സഭയിൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ചത്. കാർഷികമേഖലയിൽ പണിയെടുക്കുന്ന ആളുകൾക്ക് ആനുകൂല്യങ്ങളുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്വാസങ്ങളുണ്ട്. രാസവളങ്ങൾക്കും കീടനാശിനികൾക്കുമൊക്കെ നികുതി നാലു ശതമാനം എന്നുള്ളത് രണ്ടു ശതമാനമാക്കി കുറയ്ക്കുകയാണുണ്ടായത്. കാർഷികമേഖലയിൽ വളരെയധികം വിപ്ലവകരമായ മാറ്റങ്ങൾ ഇതുകൊണ്ട് പ്രതീക്ഷിക്കാം. നെൽക്കൃഷിക്ക് ഒരു വികസനമനോഭാവം ഉണ്ടാക്കിയതായി കാണുന്നു. അത് നമത്തു പറഞ്ഞിരിക്കുന്നത് കേരളീയർ നൂറ്റാണ്ടുകളായി നെൽകൃഷിയിൽ ഏർപ്പെട്ടിരുന്നവരാണെങ്കിലും കാലം കഴിയുന്തോറും നെൽകൃഷിക്കു വിനിയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയാണെന്നാണ്. എന്തുകൊണ്ടാണ് കുറഞ്ഞുവരുന്നത്? നെൽകൃഷിയെസംബന്ധിച്ചിടത്തോളം നെൽകൃഷി ഇന്നു നടത്തുന്നത് മോക്ഷത്തിനുവേണ്ടിയല്ല. വളരെയേറെ നഷ്ടം അവർക്കുണ്ടാകുന്നുണ്ട്. കർഷകരെസംബന്ധിച്ചിടത്തോളം വളരെയധികം കഷ്ടതകൾ അവർ അനുഭവിക്കുന്നുണ്ട്. കർഷകരെ ഉദ്ധരിക്കുവാൻ ഗവൺമെൻറ് വളരെ നല്ല കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യാവസായികരംഗത്ത് കയർ വ്യവസായത്തിനും കശുവണ്ടി വ്യവസായത്തിനും ഒക്കെ മുൻഗണന കൊടുത്തിട്ടുണ്ടെങ്കിലും ഇന്ന് വളരെയധികം ആളുകൾ പണിയെടുക്കുന്ന കളിമൺവ്യവസായം ഓട്ടുപാത്രവ്യവസായം കരകൗശൽതൊഴുപണി വ്യവസായം എന്നിവയ്ക്കൊന്നുംതന്നെ പ്രാധാന്യം കൊടുത്തിട്ടില്ല. അതുംകൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മറെറാരുകാര്യം പറയാനുള്ളത്, കേരളത്തിലെ പത്രങ്ങളുടെ ഉടമസ്ഥരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വളരെയധികം ചെറുകിട പത്രങ്ങൾ നിറുത്തുവാൻ അവർ നിർബന്ധിതരായിരിക്കുകയാണ്. തമിഴ്നാട്ടിലൊക്കെ ചെറിയ പത്രങ്ങൾ നിറുത്തിക്കഴിഞ്ഞു. ന്യൂസ്പ്രിൻറിന് 1980-ൽ 3,500 രൂപയോളം വിലയേ ഉണ്ടായിരുന്നുള്ളു ഇന്ന് അത് 8,000 രൂപയായി മാറിയിരിക്കുകയാണ്. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽനിന്നും 9,000 രൂപയ്ക്കാണ് ന്യൂസ്പ്രിൻറ് ഇന്ന് കിട്ടുന്നത്. ന്യൂസ്പ്രിൻറിന് വിലകൂടി. ഓഫ്സെറ്റ്പ്രിൻറിംഗാണ് ഇന്ന് എല്ലാ പത്രവ്യവസായികളും നടത്തുന്നത്. അതിൻെറ ഫിലിമിനും രാസവസ്തുക്കൾക്കുമൊക്കെ വില വർദ്ധിച്ചിരിക്കുകയാണ്. ഇംപോർട്ട് ചെയ്യുന്ന ന്യൂസ്പ്രിൻറിന് ഗവൺമെൻറ് നാലു ശതമാനം സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ശ്രദ്ധിക്കുമെന്നാണ് എൻെറ വിശ്വാസം. പത്ര ഉടമസ്ഥരെല്ലാംതന്നെ ഈ സെയിൽസ്ടാക്സ് എടുത്തു കളയണമെന്ന് പറയുകയുണ്ടായി. വേറൊന്നുംകൊണ്ടല്ല, ഇമ്പോർട്ട് ചെയ്യുന്ന ന്യൂസ്പ്രിൻറിന് കേന്ദ്രഗവൺമെൻറിൻെറ ടാക്സുമുണ്ട്, കേരളഗവൺമെൻറിൻെറ ടാക്സുമുണ്ട്. അങ്ങനെ രണ്ടു ടാക്സ് അടയ്ക്കേണ്ട ഗതികേടു പത്രഉടമകൾക്ക് വന്നിരിക്കുകയാണ്. അതുകൊണ്ട് പത്രവ്യവസായം നിലനിൽക്കണമെന്നുണ്ടെങ്കിൽ ന്യൂസ്പ്രിൻറി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള സെയിൽസ്ടാക്സ് എടുത്തുകളയാൻ ഗവൺമെൻറ് നിർബന്ധിത മാകണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഇതിനെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. ബേബിജോൺ : സർ, ഞാൻ ഈ ബഡ്ജറ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഇതിനെ ഞാൻ എതിർക്കുന്നു എന്നുപറയുന്ന അവസരത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നും പ്രധാനമായി പറഞ്ഞത് വളരെ അയഥാർത്ഥമായ കണക്കുകളാണ് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത് എന്നുള്ളതായിരുന്നു. അതിനു മറുപടിയെന്നോണം എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചപ്പോൾ പറഞ്ഞ വസ്തുതകൾ ഞങ്ങളുടെ സംശയം ശരിയാണെന്ന് തെളിയിച്ചിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. വോട്ടോൺ അക്കൗണ്ട് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ബന്ധപ്പെട്ട മന്ത്രിമാർക്ക് അവരുടെ വകുപ്പിലേക്ക് അലോട്ട് ചെയ്തിട്ടുള്ള തുകകൾ യഥേഷ്ടം ചെലവഴിക്കാം എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയൊരു സംവിധാനം ഇന്നില്ല. ഇന്ന് ഒരു നിശ്ചിത തുകയിൽകൂടുതൽ ചെലവാക്കേണ്ടിവന്നാൽ അത് ഫിനാൻസിന്റെ ക്ലിയറൻസിനുവേണ്ടി വീണ്ടും ഫിനാൻസിലേക്ക് അയയ്ക്കണം. 1980-81-ൽ ധനകാര്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗത്തിൽ സെയിൽസ്ടാക്സ് 175 കോടി രൂപ എസ്റ്റിമേറ് ചെയ്തുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറിലും അക്കൗണ്ടിലും 204 കോടിയാക്കിയെടുക്കാൻ കഴിഞ്ഞു എന്നു പറഞ്ഞു. ഞാൻ അവിടെതന്നെയാണ് നിൽക്കുന്നത്. ഇപ്പോൾ എസ്റ്റിമേറ് 175 കോടി രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറിലും ഫൈനൽ അക്കൗണ്ടിംഗിലും 204 കോടി. ഒരു സാമ്പത്തികവർഷത്തിൽ സെയിൽസ്ടാക്സ് ഇനത്തിൽ സാമാന്യേനയുണ്ടാകാവുന്ന വരുമാനം എത്രയാണ് 20 ശതമാനത്തോളം കൂടുതൽ. അത് പിന്നീടുള്ള വർഷങ്ങളിൽ പ്രൊജക്ട് ചെയ്യേണ്ടേ ? പിന്നീടുള്ള വർഷങ്ങളിൽ ഇങ്ങനെയൊരു വർദ്ധനവ് പ്രൊജക്ട് ചെയ്തിട്ടില്ല. വർദ്ധനവുണ്ടാകുമെന്ന് അറിഞ്ഞുകൊണ്ട് മറച്ചുവച്ചിരിക്കുന്നു. എന്നിട്ട് എന്റെ കഴിവ്കൊണ്ട് ഇതെല്ലാം കൂട്ടിയിരിക്കുന്നു എന്നു വരുത്താനുള്ള ഒരു ശ്രമമാണ് വാസ്തവത്തിൽ ധനകാര്യമന്ത്രി നടത്തിയിരിക്കുന്നത്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ പ്രസംഗം അത് നീതീകരിക്കുകയാണ്. ഞാൻ ഒന്നു രണ്ടു വസ്തുതകൾ മാത്രം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. അദ്ദേഹം ഒരു നല്ല പരിഷ്കാരം വരുത്തി. മാനസിക വിഭ്രാന്തിയിൽ നിന്നും വിമുക്തി നേടിയ ആളുകൾക്ക് പുനരധിവാസകേന്ദ്രം തുറക്കുമെന്നു പറഞ്ഞു. ഈ മന്ത്രിസഭയ്ക്കാണ് മാനസികവിഭ്രാന്തി. അവരെ പുനരധിവസിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. കാരണം ഗവർണ്ണറുടെ പ്രസംഗം ഒരു പ്രത്യേക വഴിക്ക് ഊന്നൽ നൽകുന്നു. അതുകഴിഞ്ഞ് ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗം. പണ്ടു എപ്പോഴോ ധനകാര്യവകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും (അദ്ദേഹം പറഞ്ഞു എന്ന് ഞാൻ പറയുന്നില്ല, അദ്ദേഹം പറയുകയില്ലല്ലോ) 80 കോടിയിലധികം രൂപ മിച്ചംവരുമെന്നുപറഞ്ഞു. മുഖ്യമന്ത്രി അത് വിവരമില്ലാതെ പറയുന്നതാണെന്നും പറഞ്ഞു. പത്രത്തിൽ കണ്ടതാണ്. ഈ ബഡ്ജറിലുടനീളം ആ 80 കോടി രൂപ മിച്ചമുണ്ട്, ഈ സാമ്പത്തിക വർഷാവസാനം എന്നു സ്ഥാപിക്കുവാൻവേണ്ടിയുള്ള ശ്രമമാണ്. ബഡ്ജറ് ഡോക്കുമെൻറ് എന്നു പറയുന്നത് വളരെ ഇമ്പോർട്ടൻറായിട്ടുള്ള ഒരു ഡോക്കുമെൻറാണ്. അതിനു ചില സാംഗ്രിറിയൊക്കെ ഉണ്ട്. ഇന്ന് അത് പോയിരിക്കുന്നു. ബഡ്ജറിനെക്കുറിച്ച് മാത്രമല്ല ഈ മന്ത്രിസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ആ അഭിപ്രായം വന്നിട്ടുണ്ട്. ഞാൻ ഇത് പറയാൻ കാരണം കണക്കുകൊണ്ടുള്ള അഭ്യാസമാണിതെന്നുള്ളത് ഈ അച്ചടിച്ചുതന്ന പ്രസംഗത്തിൽനിന്നുതന്നെ മനസിലാക്കാം. 1986-87-ലെ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ്നിലയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരിക്കുന്നത് വർഷാരംഭമിച്ചം 82.13 കോടി എന്നാണ്. ഞാൻ അവസാനം മാത്രമേ വായിക്കുന്നുള്ളു. വർഷാവസാനമിച്ചം 50.63 കോടിയാണ്. ഇതാണ് 1986-87-ലെ ബഡ്ജറ്റിന്റെ പൊസിഷൻ അദ്ദേഹം പറയുന്നത്. വസ്തുത ഇതാണോ എന്നു ഞാൻ ചോദിക്കുകയാണ്. അദ്ദേഹം അടുത്ത പേജിൽ പറയുന്ന കണക്കുകൂടി വച്ചുനോക്കുമ്പോൾ അതല്ല വസ്തുത. 80 കോടി ഇല്ലാ സർപ്ലസ്. യാതൊരു സംശയവുമില്ല. അദ്ദേഹം സപ്ലിമെന്ററി ബഡ്ജറ്റുവഴി ഇവിടെ കൊടുക്കാനുള്ള പെൻഡിംഗ് ബിൽസ് കൊടുക്കുന്നതിനുവേണ്ടി ഇവിടെ പാസാക്കിയിരിക്കുന്നു; ഈ വർഷാവസാനത്തിനുമുമ്പ് കൊടുക്കുമെന്നു പറഞ്ഞു. ഇങ്ങനെ കൊടുക്കുമെന്നു പറഞ്ഞ 20 കോടി കഴിഞ്ഞാൽ യഥാർത്ഥത്തിൽ എന്താണ് ? ബാക്കി 62 കോടിയാണുള്ളത്. അതിനുപകരം ഇവിടെ എന്താണ് എഴുതിവച്ചിരിക്കുന്നത് ? വർഷാരംഭമിച്ചം 82 കോടി. പിന്നെ വർഷാവസാനമിച്ചം 50 കോടി. വർഷാവസാനമിച്ചം 50 കോടിയുണ്ടോ ? അദ്ദേഹത്തിന്റെതന്നെ പ്രസംഗത്തിന്റെ മറ്റൊരു ഭാഗത്തു പറയുന്നുണ്ട് 15 കോടിയേ ഉള്ളൂ എന്നാണ്.

ബഡ്ജറ്റ് പൊസിഷനെ സംബന്ധിച്ചിടത്തോളം വർഷാരംഭമിച്ചവും വർഷാവസാനമിച്ചവും 82 കോടി രൂപയും 50 കോടി രൂപയുമുണ്ടെന്നു പറഞ്ഞിരിക്കുന്നതുതന്നെ തെറ്റാണ്. 82 കോടി ഇല്ല. ഇത് അദ്ദേഹത്തിന്റെ കണക്കുതന്നെയാണ്. അദ്ദേഹത്തിന്റെ കണക്കനുസരിച്ച് 50 കോടി രൂപയിൽ നിന്ന് 15 കോടി രൂപ മാറുന്നു. വർഷാവസാന മിച്ചം.....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : 82 കോടി രൂപയെന്നു പറഞ്ഞിട്ടില്ല. സാമ്പത്തിക പുരോഗതിയുടെ പശ്ചാത്തലത്തിൽ ഒരു പ്രത്യേക വായ്പയായി ഈ വർഷം 20 കോടി രൂപ കഴിച്ചാൽ 1985-86 അവസാനം 62.13 കോടി രൂപയാണ്.

ശ്രീ. ബേബിജോൺ : ഞാൻ വായിക്കുന്നത് 35-ാമത്തെ പേജിൽ 85-ാമത്തെ പാരഗ്രാഫാണ്. ഹെഡ്ഡിംഗ് 1986-87-ലെ ബഡ്ജറ്റ്നിലയതിൽ പറഞ്ഞിരിക്കുന്നത് വർഷാരംഭമിച്ചം 82.13 കോടി രൂപയെന്നാണ്. വർഷാവസാനമിച്ചം 50.63 കോടി രൂപയെന്നാണ്. അത് ഇല്ലെന്നാണ് ഞാൻ പറയുന്നത്. ആളുകളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി അടുത്തപേജിൽ 62 കോടി രൂപയെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്. വർഷാവസാനമിച്ചം 15 കോടി രൂപയാണെന്നും പറയുന്നുണ്ട്. ഇതുരണ്ടും പറയുന്നുണ്ട്. വസ്തുതകൾ മറച്ചുവയ്ക്കുന്ന ഒരു ഗവൺമെന്ററിന്റെ ഒരേർപ്പാടാണിത്. വസ്തുതകൾ പൂർണ്ണമായും അവതരിപ്പിക്കാൻ ശ്രമിക്കണം.

അടുത്തതായി റിസ്സോഴ്സ് ജനറേഷന്റെ കാര്യമെടുക്കാം. റിസ്സോഴ്സ് ജനറേഷനെ സംബന്ധിച്ചിടത്തോളം എന്തു നടപടി സ്വീകരിച്ചു ? അവിടെയാണല്ലോ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക വികസനത്തെക്കുറിച്ച് പറയേണ്ടത്. അവിടെയാണല്ലോ സർവ്വതോൻമുഖമായ അഭിവൃദ്ധിയെക്കുറിച്ച് പറയേണ്ടത്. നിങ്ങൾക്ക് റിസ്സോഴ്സ് ജനറേഷനെക്കുറിച്ച് എന്തെങ്കിലുമൊരു പദ്ധതിയുണ്ടെന്ന് പറയാൻ കഴിയുമോ ? നമ്മുടെ വ്യാവസായിക രംഗത്തെക്കുറിച്ച് ഭരണപക്ഷത്തുനിന്നുതന്നെ പറയുകയുണ്ടായി. വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്നുവെന്ന് പറഞ്ഞു. കാർഷികോല്പാദനം കുറയുന്നു, അരിയുടെ ഉല്പാദനം കുറയുന്നു. കാർഷികമേഖലയുടെ സ്ഥിതിയെന്താണ് ? ഏത് മേഖലയിൽ റിസ്സോഴ്സ് ജനറേഷനുവേണ്ടി നിങ്ങൾ കൂടുതൽ തുക വകകൊള്ളിച്ചിട്ടുണ്ട്. റിസ്സോഴ്സ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് നിങ്ങൾക്ക് പറയാമോ ? അങ്ങനെയാണ് ബഡ്ജറ്റിനെ സംബന്ധിച്ച് നമ്മൾ വിലയിരുത്തേണ്ടത്. കുറെ പൈസ വരുന്നു, അത്

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കുന്നു. വെറും കണക്കപ്പിള്ളയുടെ ജോലിമാത്രമല്ല ഭരണാധികാരി കയ്ക്കുള്ളത്. സംസ്ഥാനത്തിന്റെ റിസോഴ്സസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതെങ്കിലുമൊരു സ്കീമുണ്ടെന്നു പറയാൻ കഴിയുമോ? കാര്യമായ യാതൊന്നുമില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽത്തന്നെ എന്താണ് പറഞ്ഞിരിക്കുന്നത്. കാർഷിക-വ്യാവസായിക മേഖലകളിൽ, പവർ, ഫിഷറീസ് മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിയില്ലെങ്കിൽ നമ്മുടെ പിൻതള്ളപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിൻതള്ളപ്പെടും. അതുകൊണ്ട് കൂടുതൽ ശ്രദ്ധ ഇതിൽ വേണമെന്നു പറഞ്ഞു. അതിനെ തുടർന്നാണോ ബഡ്ജറ്റ് വരുന്നത്? ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യാവസായിക-കാർഷിക മേഖലകളിൽ കൂടുതൽ ഊന്നൽ നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അതാണ് നമ്മുടെ സംസ്ഥാനത്തെ അഭിവൃദ്ധിക്കുള്ള പ്രധാന മാർഗ്ഗം, നിങ്ങൾ എന്ത് ഊന്നൽ നൽകി? കഴിഞ്ഞ വർഷത്തെ ആ മേഖലകളിലെ ചെലവെന്താണ്, ഇപ്പോഴത്തെ ചെലവെന്താണ്? കഴിഞ്ഞ വർഷം ഡെവലപ്പ്മെന്റിൽ എക്സ്പെൻഡിച്ചർ 1985-86-ൽ 1049 കോടി രൂപയാണ് 1986-87-ൽ നിങ്ങൾ വകകൊള്ളിച്ചിരിക്കുന്നത് 1031.9 കോടി രൂപയാണ്. ഇത് വസ്തുതകൾക്ക് നിരക്കാത്തതല്ലേ? ഡെവലപ്പ്മെന്റിൽ എക്സപെൻഡിച്ചർ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഡെവലപ്പ്മെന്റ് മേഖലയിൽ 1985-86-ൽ എക്സ്പെൻഡിച്ചർ 1049 കോടി രൂപയാക്കുമ്പോൾ 1986-87-ൽ നിങ്ങൾ വിഭാവന ചെയ്തിരിക്കുന്നത് 1031 കോടി രൂപയാണ്.

അതുപോലെതന്നെയാണ് വിദ്യാഭ്യാസത്തിനുവേണ്ടി വരുന്ന എക്സ്പെൻഡിച്ചറിന്റെ കാര്യം. നമ്മുടെ സർക്കാർ വിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ തുക ചെലവാക്കപ്പെട്ടിരിക്കുന്നു. അത് എനിക്ക് മനസ്സിലാക്കാൻ കഴിയും. ഈ സർക്കാർ വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുകയു. രാജ്യതാല്പര്യമെന്തായാലും കുഴപ്പമില്ല സ്വകാര്യമേഖലയെപ്രീണിപ്പിക്കുന്നിും വളർത്തുകയും ചെയ്യുന്നതിന് താല്പര്യമുള്ള ഒരു സർക്കാരണത്. വിദ്യാഭ്യാസമേഖലയിൽ ഇന്ന് എന്താണ് ചെയ്തിരിക്കുന്നത്. 1985-86-ൽ 415 കോടി രൂപ, 1986-87-ൽ 467 കോടി രൂപ. 52 കോടി രൂപ കൂടുതൽ മൊത്തം നമ്മുടെ ഡെവലപ്പ്മെന്റിൽ എക്സ്പെൻഡിച്ചറിൽ കുറവ വരുമ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി ഈ പ്രത്യേക സാഹചര്യത്തിൽ 52 കോടിരൂപ അധികചെലവ് എന്നുപറഞ്ഞാൽ സ്വകാര്യമേഖലയെ സഹായിക്കുന്നുവെന്നല്ലേ അർത്ഥം? ഇതാണോ നമ്മുടെ റിസോഴ്സ് ജനറേഷന്റെ പ്രവർത്തനങ്ങളുടെ ഭാഗം? മറ്റ് എക്കണോമിക് ഡെവലപ്പ്മെന്റ് സർവ്വീസ് എടുക്കാം. പബ്ലിക് വർക്സ്, ഫോറസ്റ്റ്, ഇറിഗേഷൻ, ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ, തുടങ്ങിയകാര്യങ്ങളിൽ നിങ്ങൾ 1985-86-ൽ 812 കോടി രൂപയാണ് ചെലവാക്കിയതെങ്കിൽ ഇപ്പോൾ നിങ്ങൾ 1986-87-ൽ 113 കോടി രൂപയാണ് വച്ചിരിക്കുന്നത്. 99 കോടി രൂപ കുറച്ചാണ് വച്ചിരിക്കുന്നത്. ഇങ്ങനെയാണോ നിങ്ങൾ റിസോഴ്സ് ജനറേറുചെയ്യുന്നത്? റിസോഴ്സ് ജനറേഷനുവേണ്ടി നിങ്ങൾ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പിന്നെ ഇവിടെ കണക്കുകളുടെ കാര്യം പറഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു ഫിനാൻസ് മാനേജ്മെന്റ് കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്ന് നമ്മുടെ സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കുറേക്കൂടി മെച്ചപ്പെടുത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നു ഫിനാൻസ് മാനേജ്മെന്റിന് യാതൊരു കുഴപ്പവുമില്ലെന്ന്. ഈ രണ്ടുവർഷവും വളരെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുവെന്നു സ്ഥാപിക്കാനുള്ള ഒരു വ്യഗ്രതയിൽക്കവിഞ്ഞ് എന്താണുള്ളത്?

അതുപോലെതന്നെ സെയിൽസ്ടാക്സിന്റെ കാര്യം. ഓരോ വർഷത്തെയും എടുക്കാം. 1980-81-ലെ കണക്ക് ഇവിടെ ബാലകൃഷ്ണപിള്ള പറഞ്ഞതാണ്. 1984-85-ൽ 375.19 കോടി രൂപയാണ് സെയിൽസ് ടാക്സ് വരുമാനം. അന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇട്ടിരിക്കുന്നതെന്താണ്? 385 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

യെന്നാണ്. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകളെല്ലാം പരിശോധിച്ചുനോക്കിയാൽ ഞാൽ ഒരു മാർജിൻ ഇടാൻ തയ്യാറാണ്. 20 ശതമാനം വർഷത്തോടും വർദ്ധനവുണ്ടാകുമെന്നൊന്നും ഞാൻ പറയുന്നില്ല. 10 ശതമാനമോ 15 ശതമാനമോ വർദ്ധനവുണ്ടാകുമല്ലോ ? ആ വർദ്ധനവ് പ്രൊജക്ട് ചെയ്തിട്ടുണ്ടോ ? എന്നിട്ട് കാണിക്കുന്നതെന്താണ് ? 385 കോടി രൂപയെന്നു കാണിച്ചുകൊണ്ട് ഇപ്പോഴും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഞങ്ങളുടെ കഴിവുകൊണ്ട് 435 കോടി രൂപയെന്നുസ്ഥാപിക്കാൻവേണ്ടി അയഥാർത്ഥമായി, വസ്തുതകൾ മറച്ചുവച്ചുകൊണ്ട് ആണ് ഈ കണക്കുകൾ പ്രിപ്പയർചെയ്തിരിക്കുന്നത്. എന്തിനാണ് അങ്ങനെ ചെയ്തതെന്നുള്ളതുതന്നെയാണ് എന്റെ ചോദ്യവും ? വസ്തുതകൾ മറച്ചുവച്ചുകൊണ്ട് (വസ്തുതകൾക്ക് വിരുദ്ധമെന്നൊന്നും ഞാൻ പറയുന്നില്ല ?) ആണ് പറയുന്നത്. അതുകൊണ്ടാണ് ബഡ്ജറിന്റെ സാംഗ്റിറിയൊക്കെപ്പോയിയെന്ന് ഞാൻ പറയുന്നത്. വസ്തുതകൾ നിരത്തിവച്ച് ചർച്ച ചെയ്യേണ്ടതിനുപകരം ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കാൻവേണ്ടി, എം.എൽ.എ മാരിൽനിന്നു മറച്ചുവയ്ക്കാൻവേണ്ടി, നിങ്ങൾ വലിയ മിടുക്കൻമാരാണെന്നുകാണിക്കാൻവേണ്ടി കൂടുതൽ വരുത്തിയെന്നുവയ്ക്കുകയാണ്. അതിന്റെ വ്യത്യാസം ഞാൻ കാണിച്ചുതരാം, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ് ഇവിടെ അവതരിപ്പിച്ചല്ലോ ? 375 ബഡ്ജറ് എസ്റ്റിമേറ്റിൽ കഴിഞ്ഞവർഷം 310 കോടി രൂപ മാത്രമാണ് കിട്ടിയിരുന്നതെങ്കിൽ അടുത്ത വർഷത്തെ സാമ്പത്തികസ്ഥിതി മെച്ചമാണെന്ന് കാണിക്കണ്ടേ ? ആദ്യമേ കൂടുതലായിരുന്നുവെങ്കിൽ നമുക്ക് സന്തോഷിക്കാമായിരുന്നു. ഇപ്പോഴും അത്രയെങ്കിലും ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. 435 കോടി രൂപ 1986-87-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 473 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ 43 കോടി രൂപയുടെ വർദ്ധനവുണ്ട്. ഇനി വരുന്ന സാമ്പത്തിക വർഷം മെച്ചമാണെന്നു കാണിക്കുകകൂടി വേണമല്ലോ ?

അതുപോലെ തന്നെയാണ് എക്സൈസ്സിന്റെ കാര്യം. മുൻകാലങ്ങളിൽ വർദ്ധനവുണ്ടാക്കിയിരുന്നുവെങ്കിൽ ഇതൊരു വൈദഗ്ദ്ധ്യമാണെന്ന് സമ്മതിക്കാമായിരുന്നു. ഇത് കഴിവുകൊണ്ടായിരിക്കുമെന്നുപറയും. ഞാൻ ചോദിക്കട്ടെ നിങ്ങൾ റവന്യൂ അറിയേഴ്സ് കളക്ഷനിൽ എന്തുമാത്രം ഇംപ്രൂവ് ചെയ്തു. നിങ്ങൾക്ക് കളക്ററേറ്റ് ബാലൻസിൽ എന്തുമാത്രം കളക്ട് ചെയ്യാൻ കഴിഞ്ഞു ? എന്തുമാത്രം പഴുതുകളടയ്ക്കാൻ കഴിഞ്ഞു ? അതൊന്നു വിശദീകരിക്കണം. എങ്കിൽ നിങ്ങളുടെ കഴിവാണെന്നു ഞാൻ സമ്മതിക്കാം. സപ്ലൈറൻ ഗ്രോത്ത് ഉണ്ടല്ലോ അതുപോലെയാണിത്. നാണ്യപ്പെരുപ്പത്തിന്റെ പ്രയോജനം കൊണ്ടാണ് ഇവിടെ ഈ ഗവൺമെൻറിരിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ നട്ടെല്ലു ഒടിയത്തക്കരീതിയിലുള്ള നാണയപ്പെരുപ്പവും അതിന്റെ അടിസ്ഥാനത്തിലുള്ള സാധനവിലക്കയറ്റം കൊണ്ടാണ് സെയിൽസ്ടാക്സിൽ വർദ്ധനവ് വന്നിരിക്കുന്നത്. അത് റിസ്സോഴ്സ് ജനറേറ് ചെയ്തതാണോ ? അല്ല ഇൻഫ്ളേഷൻകൊണ്ട് സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. ആ വില വർദ്ധനവിൽനിന്ന് സെയിൽടാക്സ് വർദ്ധനവ് വന്നിരിക്കുന്നുവെന്നുള്ളതല്ലാതെ ആരുടെയും കഴിവല്ലയത്. ഇത് പ്രത്യേക കഴിവല്ല. ഇത് സാധാരണരീതിയിലുള്ള വിലവർദ്ധനവും നാണ്യപ്പെരുപ്പവും അതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള മൂല്യശോഷണവും അതിന്റെ അടിസ്ഥാനത്തിലുള്ള വിലവർദ്ധനവും കൊണ്ട് ഉണ്ടായിരിക്കുന്ന ഇനം ഇല്ല എന്നുകാണിക്കാൻ വേണ്ടി ആദ്യം മറച്ചുവയ്ക്കുകയും പിന്നെ ഞങ്ങളുടെ സർക്കാരിന്റെ കഴിവുകൊണ്ടാണിതെല്ലാം കൊണ്ടുവന്നിരിക്കുന്നതെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് അത്ര നല്ലതല്ലെന്നാണ് എന്റെ അഭിപ്രായം. ആ ഒരു മാർഗ്ഗമാണ് ധനകാര്യവകുപ്പ് സ്വീകരിച്ചിരിക്കുന്നത്. പിന്നെ ഇവിടെ 92 കോടിരൂപയുടെ കമ്മി നികത്തിക്കഴിഞ്ഞുവെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട പ്രഭാകരൻ 1984-85 ലേതാണ് പറഞ്ഞത്. അന്ന് ടോഡീവെൽഫയർ സൊസൈറ്റിക്ക് കൊടുക്കാനുള്ള 20 കോടിയും കൊടുക്കാതെ സഹകരണസംഘങ്ങളിൽനിന്ന് ഒക്കെതന്നെ ഡെപ്പോസിറ്റ് ട്രഷറിയിലിട്ടിട്ട് സെയിൽസ് ടാക്സിലും എക്സൈസിലും—എക്സൈസിൽ എങ്ങനെയാണ് ലേലം വിളിച്ചപ്പോഴാ വർദ്ധനവ് വരുന്നത്, സെയിൽസ് അനുസരിച്ചല്ലേ വർദ്ധനവ് ഉണ്ടാകൂ. പിന്നീട് പുതുതായി എങ്ങനെ വർദ്ധനവുണ്ടാകും ? എസ്റ്റിമേറ്റ് തുകയിൽ നിന്ന് പിന്നീട് പുതുതായി എങ്ങനെയാണ് വർദ്ധനവ് ഉണ്ടാകുന്നത് ? എങ്ങനെ ഇവിടെ എക്സൈസ് വന്നു, സെയിൽസ് ടാക്സ് വന്നു ? അതും കഴിഞ്ഞ് പിന്നെ പെൻറിംഗ് ബിൽസ് എത്ര ? എനിക്കറിയില്ല. ഭരണകക്ഷിയിലെ ആളുകൾ പറയുന്നത് കേട്ടു, 62 കോടി രൂപയുടെ പെൻറിംഗ് ബിൽസ് ഉണ്ട് എന്ന്. എനിക്കറിയില്ല. ധനകാര്യവകുപ്പ് മന്ത്രി പറയേണ്ടതാണ്. പിന്നീട് അദ്ദേഹം പറഞ്ഞ കണക്കിൽ ഒരു കാര്യമുണ്ട്. 1985-86-ലേക്ക് മിച്ചം 82 കോടി എന്നു പറഞ്ഞപ്പോൾ നമ്മുടെ ഓവർഡ്രാഫ്റ്റ് ഇൻഡ്യ ഒട്ടാകെ നടത്തിയ ഒരു സംവിധാനത്തിന്റെ ഭാഗമായിട്ടല്ലാതെ കേന്ദ്രം സംസ്ഥാനത്തിന് എന്തെങ്കിലും പ്രത്യേകമായി ചെയ്തിട്ടുള്ളതായി എനിക്കഭിപ്രായമില്ല. അത് എനിക്കറിയില്ല. ഇത് മിഡ്ടേം ലോൺ ആയി കൺവർട്ട് ചെയ്യാം. അതിൽ മിച്ചം കിട്ടുമെന്ന് അദ്ദേഹം പറഞ്ഞത് മുപ്പത്തിയഞ്ചോ മുപ്പത്തിയേഴോ കോടിയാണ്. പിന്നീട് സെൻട്രൽ ടാക്സിന്റെ വിഹിതമായിട്ട് 30 കോടിരൂപ. അങ്ങനെ 82 കോടിരൂപയുടെ അധിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 100 കോടിരൂപ ഇപ്പോൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. അങ്ങനെ വളരെ ശ്രമകരമായ ജോലി അദ്ദേഹം ചെയ്തു. ദിവസം 60 ലക്ഷം കമ്മി എന്നുള്ളതിൽ നിന്നും 22 ലക്ഷം മിച്ചം കൊണ്ടുവന്നു എന്നാണ് പറയുന്നത് ? നല്ലകാര്യം ! കണക്കിൽ അതൊക്കെ കൈകാര്യം ചെയ്യാൻ ശ്രീ. മാണിക്ക് അറിയാം. മറ്റുള്ളവരൊക്കെ അത് നോക്കി നിന്നുകൊള്ളും. വസ്തുത എന്താണ് ? നിങ്ങളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും 206 കോടി രൂപ അധികം ഉണ്ടാക്കിയില്ലേ ഈ വർഷം? ബാക്കി നിങ്ങൾ എന്തു ചെയ്തു ? പ്രത്യേക കഴിവുണ്ടായിരുന്നോ ഈ വർദ്ധനവിന് ? ഫൈനാൻസ് മാനേജ്മെൻറിന്റെ എഫിഷ്യൻസികൊണ്ട് എന്ത് ഉണ്ടായി എന്നു പറഞ്ഞാൽ എനിക്ക് അത് മനസ്സിലാക്കാൻ കഴിയും. ഫൈനാൻസ് മാനേജ്മെൻറിന്റെ കണക്കുകൾ കൊണ്ട് 80 കോടി ഈ വർഷം,.....വർഷാരംഭം മിച്ചം 82 കോടി ! വർഷാവസാനം 50 കോടി മിച്ചം, അവസാനം കണക്കുകൂട്ടി വരുമ്പോൾ 15 കോടി മിച്ചം. അതുപോലുള്ള ഏർപ്പാടുകൾ നിർത്തണം. വസ്തുതകൾ വസ്തുതകളായി അവതരിപ്പിക്കാൻ ശ്രമിക്കണം. ജനങ്ങളെ എല്ലാപേരെയും മനസ്സിലാക്കാൻ ശ്രമിക്കണം. അങ്ങനെ നോക്കുമ്പോൾ പദ്ധതികൾ വളരെ കാര്യമായി നടക്കുന്നു എന്നാണ് നമ്മുടെ ബന്ധപ്പെട്ട ആളുകൾ അവകാശപ്പെടുന്നത്. കേന്ദ്രത്തിൽ നിന്നും അഡ്വാൻസായി നമ്മൾ ഇതേവരെ എന്ത് വാങ്ങിച്ചു ? പ്ലാൻ അസിസ്റ്റൻസും പ്ലാൻ ലോണും ആയിട്ട് എന്തു വാങ്ങിച്ചു ? 1100 കോടി രൂപ മൊത്തം ഔട്ട്ലേ ഉള്ളതിൽ അഞ്ഞൂറു കോടി രൂപയിലധികം വാങ്ങിച്ചു എന്നാണ് തോന്നുന്നത്. ഇങ്ങനെപോയാൽ അവസാനവർഷം നമ്മൾ എന്ത് ചെയ്യും ? ഇപ്പോൾ തന്നെ ഗവർണ്ണർ പറഞ്ഞിരിക്കുന്നു സ്പിൽഓവർ ആണ് സെവൻത് പ്ലാൻ എന്ന്. ന്യൂ പ്രോഗ്രാംസ് ഇല്ല, ന്യൂ പ്ലാൻസ് ഇല്ല. ആ സ്പിൽ ഓവർ പ്രോഗ്രാമിനുവേണ്ടി മാത്രം അഞ്ചുവർഷം കൊണ്ട് 1140 കോടി രൂപ കേന്ദ്രത്തിന്റെ വിഹിതമായി തരാം എന്നു പറഞ്ഞതിൽ 575 കോടിയോളം രൂപ വാങ്ങിക്കഴിഞ്ഞാൽ ബാക്കി വർഷങ്ങളിലേക്ക് നമ്മൾ എന്തു ചെയ്യും ? അതൊക്കെ ഒന്നു പായണം. ഡെഫിസിറ്റ് ഇനി ഒക്കുകയില്ലല്ലോ. അതുകൊണ്ടാണല്ലോ നമ്മൾ ഡെഫിസിറ്റ് മാറ്റി സർപ്ലസ്

LIBRARY ARCHIVES Kerala Legislative Assembly

ആക്കിയത്. കേന്ദ്ര ഗവൺമെൻറ് നിർദ്ദേശാനുസരണം ഇനി ഡെഫിസിറ് ഒക്കുകയില്ല. ആ സ്ഥിതിയിൽ നിന്ന് മാറി ഇപ്പോൾ പദ്ധതിയില്ല. ഹോളീഡേ ഓൺ പ്ലാൻ! സ്പിൽഓവർ വർക്ക് എന്നുള്ളതിൽ കവിഞ്ഞ് സെവൻത് പ്ലാനിൽ യാതൊന്നുമില്ല അതല്ലേ നിങ്ങളുടെ ഭരണത്തിന്റെ നേട്ടം! പ്ലാൻ ഇല്ല, പദ്ധതി പ്രവർത്തനങ്ങൾ കൂടാതെ എങ്ങനെ റിസോഴ്സസ് ജനറേറ് ചെയ്യാൻ കഴിയും? റിസോഴ്സസ് ജനറേറ് ചെയ്യാനുള്ള മേഖലകളിൽ നിങ്ങൾ ശ്രദ്ധിക്കാതിരുന്നാൽ എങ്ങനെയാണ് ഈ നാട് പുരോഗമിക്കുക ഈ നാട് പുരോഗമിക്കുകയാണോ. ഈ നാട് വളരുകയാണോ എന്ന് നിങ്ങൾ ആലോചിക്കണം. ഈ നാടിനെ നിങ്ങൾ പിറകോട്ട് പിടിക്കുകയാണ്. വസ്തുതകൾക്ക് നിരക്കാത്ത കണക്കുകൾ വച്ചുകൊണ്ട് ആളുകളെ തെറ്റിദ്ധരിപ്പിച്ചിട്ട് ഈ നാടിനെ പിറകോട്ട് പിടിക്കുന്ന ഒരു ഭരണ സംവിധാനമാണ്. നടപടിക്രമമാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്.

ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊള്ളട്ടെ. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു 21-ാം നൂറ്റാണ്ടിലേക്ക് ഒരു കുതിച്ചുചാട്ടമെന്ന്. ഏതായാലും ശ്രീ. മാണി അത് പറഞ്ഞില്ല. 21-ാം നൂറ്റാണ്ടിലേക്കുള്ള തയ്യാറെടുപ്പോടുകൂടി പോകുകയാണ്. അങ്ങനെ 21-ാം നൂറ്റാണ്ടിലേക്ക് തയ്യാറെടുക്കുമ്പോൾ വ്യാവസായികമേഖലയിൽ എന്ത് ഉണ്ടാകും, കാർഷിക മേഖലയിലെന്തുണ്ടാകുമെന്നുള്ളതിനെക്കുറിച്ചൊക്കെ ഞാൻ പറഞ്ഞു. നടുവ് തളർന്ന് കിടക്കുന്നവനെ എവിടെ പൊക്കിക്കൊണ്ട് പോകാനാണ്. ഈ രീതിയിൽ പോയാൽ എന്തെങ്കിലും നടക്കുമോ? കർഷകതൊഴിലാളികൾക്കു അൻപതിനായിരം രൂപ കൊടുക്കും! ഈ സ്റേറററിന്റെ മോശപ്പെട്ട റിസോഴ്സസ് അൽപ്പം മാത്രമായി ഒന്ന് ഇംപ്രൂവ് ചെയ്യിക്കുന്നതിനു വേണ്ടി കാണിച്ചുവച്ചിരിക്കുന്ന ഒരു കുറുക്ക് വിദ്യയല്ലേ ഇത്? 40 വർഷം കഴിഞ്ഞ് അൻപതിനായിരം രൂപ കൊടുക്കുമെന്നു പറഞ്ഞാൽ വർഷംതോറും പാവപ്പെട്ട കർഷകത്തൊഴിലാളി ഇതിൽ ആകൃഷ്ടരായി കുറെ പൈസ ട്രഷറിയിലടയ്ക്കണം. അപ്പോൾ അതിന്റെ റിസോഴ്സസ് വർദ്ധിപ്പിക്കുകയല്ലേ. അതൊരു വേലയാണെങ്കിൽ ആളുകളെ വ്യാമോഹിപ്പിച്ചിട്ടുവേണോ? അങ്ങനെ വർദ്ധിപ്പിക്കുന്ന റിസോഴ്സസ് നിങ്ങൾ എവിടെയാണ് ചെലവഴിക്കുന്നത്? ഏത് മേഖലയിലാണ്? ചെലവ് ചുരുക്കുന്ന നടപടികൾ സ്വീകരിച്ചു എന്നു നിങ്ങൾ പറഞ്ഞില്ലേ? വളരെ വിനീതമായി ഞാൻ ധനകാര്യമന്ത്രിയോട് അല്ലെങ്കിൽ ബന്ധപ്പെട്ട ഗവൺമെൻറിലെ ആളുകളോട് ചോദിക്കുന്നു, നിങ്ങൾക്ക് ഒരു ഇൻസ്റൻസ് പറയാൻ കഴിയുമോ? ഇന്നലെ ഡോക്ടർ കെ. സി. ജോസഫ് ഇവിടെ പറയുന്നത് കേട്ടു വെയ്സ്റുള്ള എക്സ്പെൻസസ് കുറച്ചു എന്ന്. എവിടെയാണ് നിങ്ങൾ കുറച്ചത് എന്ന് ഏതെങ്കിലും ഒന്നിനെപ്പറ്റി പറയാമോ? മറിച്ച് നിങ്ങൾ കൂട്ടിയിട്ടല്ലേയുള്ളൂ. ഞാൻ ഓരോന്നും ഓർത്തു പറയുന്നില്ല. നിങ്ങൾ ചെലവുകൾ കുറയ്ക്കേണ്ടിടത്ത് കുറയ്ക്കാൻ ശ്രമിക്കാതെ വർദ്ധിപ്പിച്ചത് ഏതെല്ലാം മേഖലകളിൽ ആണ് എന്നുള്ളത് നിങ്ങൾക്കുതന്നെ അറിയാം. പക്ഷേ ഒരു കാര്യം നിങ്ങൾ അവകാശപ്പെടുമ്പോൾ ഏതെങ്കിലും മേഖലയിൽ ഞങ്ങൾ അത് കുറച്ചു എന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? എങ്കിൽ അതൊന്ന് വിശദമാക്കിയാൽ തരക്കേടില്ല. പിന്നിട് അദ്ദേഹം പറഞ്ഞു സാധനങ്ങളുടെ വില അയൽ സംസ്ഥാനങ്ങളിലേതുപോലെ നിലനിർത്തി എന്ന്. വിലവർദ്ധിപ്പിച്ചു എന്ന് നിങ്ങൾക്ക് സമ്മതിച്ചുകൂടേ? സാധനങ്ങളുടെ വില അയൽ സംസ്ഥാങ്ങളിലെ പോലെതന്നെനിലനിർത്തി എന്ന് പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു നമുക്കു രണ്ടുപേർക്കും കൂടി നാഗർകോവിൽവരെ ഒന്ന് പോകാം. എന്നിട്ട് ഇപ്പുറത്ത് പാറശ്ശാലയിൽനിന്ന് കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ വാങ്ങാം. കന്യാകുമാരിയിൽനിന്നും നമുക്ക് കുറേ സാധനങ്ങൾ വാങ്ങാം. വിലയുടെ അന്തരമെന്താണെന്നുള്ളത് അപ്പോൾ നിങ്ങൾക്കറിയാം. ആളുകളെ കളിപ്പിക്കാനായി ഇങ്ങനെ എഴുതി വയ്ക്കണോ? വിലക്കയറ്റം അയൽ സംസ്ഥാനങ്ങളിലേതുപോലെ ആക്കിയിരിക്കുന്നു!

അടുത്തതായി ഇവിടെ പറഞ്ഞത് കയർ മേഖലയെക്കുറിച്ചാണ്. കയർ മേഖലയെ പുനരുദ്ധരിക്കുന്നു എന്നു പറഞ്ഞു. എവിടെയാണ് നിങ്ങൾ പുനരുദ്ധരിക്കുന്നത്? ലെവി സമ്പ്രദായം ഏത് പോയിൻറിലാണ്. അഴുക്ക് തൊണ്ടിനാണ് എന്നാണ് പറഞ്ഞുകേട്ടത്. കായലിൽ തൊണ്ട് മൂടിയിട്ടിരിക്കുന്നു. അവിടെയാണ് നിങ്ങൾ ലെവി ഫിക്സ് ചെയ്യാൻ പോകുന്നത് എന്നു പറഞ്ഞാൽ ഇതു കിട്ടുമോ? ധനിക കർഷകവർഗ്ഗത്തെ സഹായിക്കാൻ വേണ്ടിയല്ലേ നിങ്ങൾ ഈ പ്രൊക്യൂർമെൻറ് സിസ്റ്റം മാറിയത്? നിങ്ങൾ അത് ചെയ്യുന്നതിൽ എനിക്ക് അതൃപ്തിയില്ല, പക്ഷേ ഇതൊരു നല്ല കാര്യമാണെന്നു പറഞ്ഞു നടക്കരുത്. ധനിക കർഷകവർഗ്ഗത്തെ സഹായിക്കുന്നതിനുവേണ്ടി പ്രൊക്യൂർമെൻറ് സിസ്റ്റം മാറിയിട്ട് നിങ്ങൾ കായലിലെ അഴുക്കുതൊണ്ടിൻെറ പോയിൻറിൽ ലെവി നിശ്ചയിക്കുന്നത് അപ്രായോഗികവും അസാദ്ധ്യവുമാണ്. ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി പറയുന്നതാണ്.

കശുവണ്ടിമേഖല നിങ്ങൾ എടുക്കൂ. വ്യാവസായിക വളർച്ച വേണ്ട, ആ വ്യാവസായിക വളർച്ചക്ക് വേണ്ടി നിങ്ങൾ എന്തു ചെയ്തു? ഏതെങ്കിലും രീതിയിൽ കഴിഞ്ഞ വർഷത്തേത് വച്ച് ഈ കാര്യം നിങ്ങൾ നോക്കൂ, മൊത്തം എടുക്കൂ. കാപ്പക്സിൻെറ പത്ത് ദിവസം കൂടിയത് ഞാൻ അംഗീകരിക്കുന്നു. അപ്പോൾ കോർപ്പറേഷൻെറ എത്ര ദിവസം കുറഞ്ഞു. 25 ദിവസം. 10 ദിവസം കാപ്പെക്സിനു കൂടിയെങ്കിൽ 25 ദിവസം കോർപ്പറേഷന് കുറഞ്ഞു. അയ്യായിരം തൊഴിലാളികൾക്ക് 10 ദിവസം കൂടുമ്പോൾ, ഇരുപത്തായ്യായിരം മുപ്പതിനായിരം തൊഴിലാളികൾക്ക് ഇരുപത്തിയാറും മുപ്പതും ദിവസം കുറയുമ്പോൾ എന്തായിരിക്കും അതിൻെറ കണക്ക്? നിങ്ങൾ അതിൻെറ പ്രൊക്യൂർമെൻറ് സിസ്റ്റം മാറിയില്ലേ? ആർക്ക് വേണ്ടിയാണ്? കർഷകർക്ക് അതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? കശുവണ്ടി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പ്രയോജനമുണ്ടോ? ഇന്ന് അത് നിർബാധം തമിഴ് നാട്ടിലേക്ക് പൊയ് കൊണ്ടിരിക്കുകയല്ലേ? അത് തടയാനുള്ള നടപടികൾ എന്തെങ്കിലും നിങ്ങൾ സ്വീകരിച്ചോ? നിങ്ങൾ പൊതുമേഖലാ സ്ഥാപനത്തിന് കശുവണ്ടി സംഭരിക്കുന്നതിനു വേണ്ട പണം കണ്ടെത്താൻ അമാന്തിച്ചു എന്നുള്ളത് മനഃപൂർവ്വമായിട്ടുള്ള ആക്ഷേപമായി ഞാൻ ഉന്നയിക്കുകയാണ്. ഒടുവിൽ ചെത്തു തൊഴിലാളി സഹകരണ സംഘത്തിൽനിന്നാണ് മൂന്നു കോടിരൂപ വാങ്ങി അങ്ങോട്ട് അഡ്വാൻസ് കൊടുത്തത്. അവസാനം പ്രൊക്യൂർമെൻറ് സീസൺ തീരാറായ അവസരത്തിൽ മാത്രമാണ് നിങ്ങൾ പൊതുമേഖലാ സ്ഥാപനമായ കാഷ്യൂ ഡെവലപ്പുമെൻറ് കോർപ്പറേഷന് കശുവണ്ടി വാങ്ങാനുള്ള പണം കൊണ്ട് എത്തിച്ചത്. ഇതാണോ നിങ്ങളുടെ വ്യാവസായിക നയം? ഇതാണോ നിങ്ങളുടെ തൊഴിലാളി സ്നേഹം? ഇതാണോ നിങ്ങളുടെ പ്രവർത്തനങ്ങൾ ഈ നാട്ടിലെ റിസോഴ്സ് ജനറേഷനുവേണ്ടിയുള്ളത് എന്നാണ് എനിക്കു ചോദിക്കാൻ ഉള്ളത്.

നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഒരു ചോദ്യം, നാമെല്ലാം വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ നാട്ടിൽ ആദ്യമായി ഇലക്ട്രോണിക്സ് മേഖലയിലെ സംരംഭം കൊണ്ടുവന്നത്. വളർന്നു വരുന്ന ഒരു മേഖലയായിരുന്നു അത്. ഇന്ന് പല സംസ്ഥാനങ്ങളിലും ഇവ വന്നിട്ടുണ്ട്. ഇന്ന് എല്ലായിടത്തും നല്ല മത്സരവും ഉണ്ട്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷം ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞുവല്ലോ, ഇത്തവണ അതില്ലായിരുന്നു. ഗവർണ്ണറുടെ ഒരു സൂചനയുണ്ടായിരുന്നു ഏത് പൊതു മേഖലാ സ്ഥാപനങ്ങളിൽ നിങ്ങൾ എഫിഷ്യൻറ് പ്രൊഫഷണൽ മാനേജ് മെൻറിനെ വച്ചിട്ടുണ്ട് എന്ന് ഞാൻ ചോദിക്കുന്നു. കെൽട്രോണിൽ ഇപ്പോൾ ഡയറക്ടേഴ്സ് ആരൊക്കെയാണ് ? ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള വരുണ്ടോ ? പോയില്ലേ നമ്മുടെ ഇലക്ട്രോണിക്സ് മേഖല. ആ മേഖല നമുക്ക് നഷ്ടപ്പെടുകയല്ലേ ? വിദ്യാസമ്പന്നരായ എത്രയോ യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കാൻ വളരെയേറെ സാദ്ധ്യതയുള്ള ആ ഇലക്ട്രോണിക്സ് മേഖലയിൽ ഇന്ന് നിങ്ങളുടെ ഭരണത്തിൻറെ ഫലമായി അത് താറുമാറായിരിക്കുന്നു. പ്രഗത്ഭൻമാരെ നിങ്ങൾക്ക് ആവശ്യമില്ല. ആശ്രിതരെയാണ് നിങ്ങൾക്ക് ആവശ്യം. ആശ്രിതവാത്സല്യമാണല്ലോ മുഖ്യമന്ത്രിക്കുള്ളത്. അതാണല്ലോ പലപ്പോഴും കുഴപ്പമുണ്ടാക്കുന്നതും. ഞാൻ നേരത്തേ പറഞ്ഞു പാവം ആൻറണി ! അതാണ് ഞാൻ പറഞ്ഞത് ഇവിടെയുള്ളത് ആശ്രിതവാത്സല്യമാണ്. സംസ്ഥാനത്തിൻറെ ഉത്തമ താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുകയാണ് വേണ്ടത്. അങ്ങനെ ഉത്തമതാല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ കെൽട്രോൺ പോലുള്ള ഇലക്ട്രോണിക്സ് മേഖല നമുക്ക് പുഷ്ടിപ്പെടുത്തേണ്ടിയിരിക്കുന്നു. നമുക്ക് പ്രഗത്ഭൻമാരെ കൊണ്ട് ഇത് സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് നമുക്ക് കഴിയുമോ എന്ന് ഞാൻ ചോദിക്കുകയാണ്.

സർ, ഇവിടെ പത്രത്തിൽ ഒരു കാര്യം വന്നല്ലോ. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കൊടുത്ത കാര്യത്തെപ്പറ്റി പാർലമെൻറിൽ പറഞ്ഞകാര്യം നേരത്തെ ചോദ്യോത്തരവേളയിൽ മുഖ്യമന്ത്രി ഫിഷറീസിൻറെ ക്ഷേമനിധിക്കുവേണ്ടി പണം ചെലവഴിച്ചുവെന്ന് പറഞ്ഞു. 30 ശതമാനം നിങ്ങൾക്ക് ചെലവഴിക്കാൻ കഴിഞ്ഞോ ? ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മാറ്റിവച്ച 407 കോടി രൂപയിൽ 30 ശതമാനമെങ്കിലും മൽസ്യത്തൊഴിലാളി ക്ഷേമനിധിക്കുവേണ്ടി കൊടുക്കാൻ കഴിഞ്ഞോ ? മൽസ്യത്തൊഴിലാളികളെ ഉദ്ധരിക്കാൻ പോകുന്നുവെന്നു പറഞ്ഞു. കയർത്തൊഴിലാളികളെ ഉദ്ധരിക്കാൻ പോകുന്നുവെന്നു പറഞ്ഞു. കൃഷിക്കാർക്ക് ആനുകൂല്യം കൊടുക്കുന്നുവെന്നു പറഞ്ഞു. ആ ആനുകൂല്യം പ്രയോജനരഹിതമാണ്. അതിൻറെ വിശദാംശങ്ങൾ ഇവിടെ നേരത്തെ പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേക്ക് വിശദമായി കടക്കുന്നില്ല. ശ്രീ. ബാലകൃഷ്ണപിള്ള പബ്ലിക് സെക്ടർ ഇൻവെസ്റ്റ്മെൻറിൻറെ കാര്യം പറഞ്ഞു. ഞാൻ അദ്ദേഹത്തെ അത്രത്തോളം അഭിനന്ദിക്കുന്നു. ആറേഴു മാസംകൊണ്ട് അത്രയും ഒരു പരുവത്തിലാക്കിയല്ലോ ബാലകൃഷ്ണപിള്ളയെ എന്നുള്ള കാര്യത്തിൽ ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. അദ്ദേഹം പഞ്ചാബിനെപ്പറ്റി ഒരുവാക്കുപോലും പറഞ്ഞില്ലായെന്ന് ആണയിട്ട് പറഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതിന് ഒരുവാക്കുപോലും മാറ്റം വരുത്താൻ സാധിക്കുകയില്ല. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഒരുമിച്ച് നീങ്ങുകയെന്നു പറഞ്ഞാൽ അതിനെതിരായി എന്തെങ്കിലും പറയാൻ പാടില്ല. സമ്മർദ്ദം ചെലുത്തണമെന്നുപോലും അദ്ദേഹം പറഞ്ഞില്ല. ആകെക്കൂടി അദ്ദേഹം പറഞ്ഞത് ഒരു അഖിലകക്ഷി സമ്മേളനം പോകണമെന്നുമാത്രമാണ്. അത് മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ. കേന്ദ്രത്തിൽ നിന്ന് നമ്മുടെ വിഹിതം കിട്ടാൻ ഒരു സമ്മർദ്ദം ചെലുത്തണമെന്നുമാത്രം പറഞ്ഞു. കേന്ദ്രം ധാരാളം സഹായിച്ചുവെന്ന് പറഞ്ഞു. എവിടെ എന്നു ഞാൻ ചോദിക്കുന്നു. ഗാഡ്ഗിൽ ഫോർമുലയനുസരിച്ച് പ്ലാൻ അംഗീകരിച്ച് നടപ്പിലാക്കുന്നതോടുകൂടി നമുക്ക് ന്യായമായി കിട്ടേണ്ടത് 4 ശതമാനം അല്ലേ. നമുക്ക് എന്നെങ്കിലും നാലു ശതമാനം കിട്ടിയിട്ടുണ്ടോ ? അത് വാങ്ങിക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ. കഴിഞ്ഞ പ്രാവശ്യം 1.9 ശതമാനമായിരുന്നു നമുക്ക് കിട്ടിയത്. അത് ഈ

LIBRARY ARCHIVES Kerala Legislative Assembly

വർഷം 1.8 ശതമാനമാണെന്നാണ് എന്റെ ഓർമ്മ. കുറഞ്ഞു വരികയല്ലേ. കേന്ദ്രം വഴിവിട്ട് കോരിയൊഴിച്ചുവെന്ന് പറഞ്ഞു. എവിടെയാണ് കേന്ദ്രം സഹായിക്കുന്നത് ? ഇരുപത്തിയഞ്ച് ഇരുപത്തിയാറ് ലക്ഷം യുവതീയുവാക്കൻമാർ തൊഴിലില്ലാത്തവരായിരിക്കുന്ന ഈ സംസ്ഥാനത്ത് കേന്ദ്രഗവൺമെന്റിന്റെ സഹായം വേണ്ടത് പ്രധാനമായും വ്യാവസായിക രംഗത്താണ്. എംപ്ലോയ്മെന്റ് ജനറേഷന്റെ ഫീൽഡിലാണ് സഹായം വേണ്ടത്. എംപ്ലോയ്മെന്റ് ജനറേഷൻ പ്രധാനമായും വ്യവസായവൽക്കരണത്തിലൂടെ മാത്രമേ നടക്കുകയുള്ളു ; അഗ്രിക്കൽച്ചറിന്റെ പ്രവർത്തനത്തിൽക്കൂടി വേണം. ആ വ്യവസായവൽക്കരണത്തിൽ സെൻട്രൽ സെക്ടറിൽ നമ്മുടെ ഇൻവെസ്റ്റ്മെന്റ് എന്താണ് ? അത് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞിരിക്കുന്നു. നിങ്ങൾ തമ്മിൽ പരസ്പരമുള്ള കലഹത്തിൽ ആരു ജയിക്കുന്നുവെന്ന് വരുത്തുന്നതിനുവേണ്ടി.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്.

ശ്രീ. ബേബിജോൺ : ഇക്കണോമിക്ക് റവ്യൂവിലെ കണക്കാണ് ഞാൻ വായിക്കുന്നത്. പാർലമെന്റിൽ അവർ പറയും ഇത് ലാപ്സാകുന്നുവെന്ന്. ഇവിടെ പറയും അത് ചെലവാക്കിയെന്ന്. അങ്ങയുടെ ഗവൺമെന്റ് പ്രസിദ്ധീകരിച്ച കണക്കിൽ However the share of the State, the total Central Sector investment in this Country came down to 1.84 per cent as on 31st March 1984, from 1.93 per cent at the end of March, 1983. അങ്ങയുടെയാണ് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കണക്കാണ്..

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ ഫിഗേഴ്സ് കൊടുത്തിട്ടുണ്ട്.

ശ്രീ. ബേബിജോൺ : നാളികേരത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. 1350 കോടിയെന്ന് അങ്ങ് പറഞ്ഞു. ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞു അങ്ങനെ പറഞ്ഞിട്ടില്ല 1,200 കോടിയേ ഉള്ളുവെന്ന്. ആരു പറയുന്നത് വിശ്വസിക്കണം. കണക്കുകൊണ്ടും മറുപടികൊണ്ടും ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കാതെ നിങ്ങൾ ആത്മാർത്ഥതയോടുകൂടിയാണ് ഈ കാര്യങ്ങൾ പറയുന്നതെങ്കിൽ, ഈ സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മൂന്നുകാര്യങ്ങളാണ് ചെയ്യേണ്ടത്. ഒന്നാമതായിട്ട് റിസോഴ്സ് ജനറേഷനാണ്. അതിൽ നിങ്ങൾ പരാജയപ്പെട്ടു. രണ്ടാമത് റിസോഴ്സ് മൊബിലൈസേഷനാണ്. അയഥാർത്ഥമായ കണക്കുകൊണ്ട് നിങ്ങൾ അഹങ്കരിക്കുന്നു. എക്സ്പെൻഡിച്ചർ ഓൺ ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്ന് ഈ വർഷം കുറവുവരുത്തിക്കൊണ്ട് എവിടെയാണ് ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസ്. ജനോപകാരപ്രദമായ കാര്യങ്ങളിലല്ല നിങ്ങളുടെ ശ്രദ്ധ. അതിന് നിങ്ങൾക്ക് സമയമില്ല. നിങ്ങൾക്ക് മറ്റ് കാര്യങ്ങളിലാണ് ശ്രദ്ധ. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതല്ല ലക്ഷ്യം. സങ്കുചിതമായ ചില പ്രവർത്തനങ്ങൾ മനസ്സിൽ കണ്ടുകൊണ്ട് ചില കണക്കുകൾ സ്ഥാപിച്ച് ദുരഭിമാനം വളർത്തുന്നതിനുവേണ്ടിയുള്ള ഒരു പരിപാടിയാണ് ഇത്. ബഡ്ജറിന്റെ സാംഗ്യനിറ്റി നഷ്ടപ്പെട്ടിരിക്കുന്നു. അങ്ങനെ ഈ നാടിന്റെ പൊതുവായ സ്ഥിതി അപകടത്തിലാക്കിയിരിക്കുന്നു. അതുകൊണ്ട് ഈ ബഡ്ജറിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോട്ടക്കുഴി സുകുമാരൻ : സർ, ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രതിച്ഛായ നഷ്ടപ്പെടുന്നുവെന്ന ഒരു തോന്നൽ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സമയത്താണ് ധനകാര്യമന്ത്രി ഇവിടെ ഈ ബഡ്ജറ് അവതരിപ്പിച്ചത്. 60 ലക്ഷം രൂപ കമ്മിയായിരുന്ന ഈ സംസ്ഥാനത്ത് 22 ലക്ഷം രൂപ മിച്ചം ഉണ്ടാക്കാൻ കഴിഞ്ഞുവെന്നത് നിസ്സാരമായ ഒരു കാര്യമല്ല. കഴിഞ്ഞ ബഡ്ജറ് അവതരിപ്പിച്ചയവസരത്തിൽ എം. എൽ. എ. റോഡുകളെപ്പറ്റി പറഞ്ഞു. ഇന്ന് എം. എൽ. എ. റോഡിൽക്കൂടി എം. എൽ. എ. മാർക്ക് നടക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. മറ്റ് ഏത് റോഡിൽക്കൂടി വേണമെങ്കിലും ഞങ്ങൾക്ക് നടക്കാം. എൻ. ആർ. ഇ. പി. വഴിയും ആർ. എൽ. ഇ. ജി. പി. വഴിയും ഹരിജനങ്ങളെയും ആദിവാസികളെയും സഹായിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അത് ആർക്കും നിഷേധിക്കാനാകാത്ത കാര്യമാണ്. ജനാധിപത്യഭരണം കേരളത്തിൽ വന്നതിനുശേഷം ഈ വിഭാഗത്തിലുള്ള ആളുകളെ സഹായിക്കാൻ ഒരു ഗവൺമെന്റും മുന്നോട്ടുവന്നിട്ടില്ല. എന്നാൽ ഈ വിഭാഗത്തിലുള്ള ആളുകളെ സഹായിക്കുന്നതിനോടൊപ്പം മറ്റ് സമുദായങ്ങളിലേയും ദുർബലരായിട്ടുള്ള ആളുകൾക്ക് സഹായം ചെയ്തു കൊടുക്കുന്നുണ്ട്. ആറായിരം രൂപ വീടുവയ്ക്കാൻ കൊടുക്കുന്ന ഒരു ഭവനനിർമ്മാണ പദ്ധതി കേരളത്തിലുണ്ട്. ഇതൊക്കെ അസൂയാവഹമായ രീതിയിലുള്ള പുരോഗതിയാണ്.

ഈ അവസരത്തിൽ അവശക്രൈസ്തവരെ സംബന്ധിച്ച ഒരു കാര്യം പറയുകയാണ്. അവർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു കോർപ്പറേഷനുണ്ടായത്. മറെറാരു ഗവൺമെന്റും അവർക്ക് ഒരു കോർപ്പറേഷൻ അനുവദിച്ചുകൊടുത്തില്ല. ആ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായിട്ട് നിയമിക്കാൻ യോഗ്യതയുള്ളയാളുകൾ സെക്രട്ടേറിയറിലുള്ളപ്പോൾ അവരിൽ നിന്ന് നിയമിക്കാത്ത സാഹചര്യം ഉണ്ട്. യോഗ്യതയുള്ള ആരായാലും അവശക്രൈസ്തവൻ ആകണമെന്ന ആഗ്രഹത്തിലല്ല ഞാൻ പറയുന്നത്. അവർ ആകാമെന്ന കാര്യമാണ് ഞാൻ പറഞ്ഞത്. കേരളത്തിലുള്ളയാളുകൾ ഇന്ന് സന്തോഷവാൻമാരാണ്. ഈ ഗവൺമെന്റ് നിലനിൽക്കുമോയെന്ന് ഒരു വലിയ വിഭാഗം ആളുകൾക്കുണ്ടായിരുന്ന ഉൽക്കണ്ഠ മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ തുടർന്നും അങ്ങനെ ആഗ്രഹിക്കുന്നവരാണ്.

ഇന്ന് പ്രതിപക്ഷത്തിന് വളരെ നിരാശയാണ്. ഈ ബഡ്ജറിന്റെ ചർച്ച വന്നപ്പോൾ അവർ ഇറങ്ങിപ്പോകാൻ തയ്യാറായി. ഇരുന്നാൽ എന്തു പറയണമെന്ന കാര്യത്തിൽ അവർ ബുദ്ധിമുട്ടി. ഇതിൽ ന്യൂനതയെവിടെയെന്ന കാര്യത്തിൽ വളരെ ഗവേഷണം നടത്തി. കേരളത്തിലെ ജനങ്ങൾ ഈ ബഡ്ജറിൽ വളരെയേറെ സംതൃപ്തരാണ്. പ്രതിപക്ഷം തീർച്ചയായിട്ടും പ്രതീക്ഷിച്ചിരുന്നത് ഒരു കമ്മി ബഡ്ജറായിരിക്കും ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിക്കാൻ പോകുന്നതെന്നാണ്. ഇപ്പോൾ അവർക്ക് എന്താണ് പറയാനുള്ളത്, ഒന്നും പറയാനില്ല. കുവൈറ്റിൽ ജോലി ചെയ്യുന്ന മലയാളികളുണ്ട്. അവരെ എങ്ങനെയെങ്കിലും ഓടിച്ചു കൊണ്ടുവരണമെന്നാണ് ഇവർ കരുതുന്നത്. മലയാളികൾക്കെതിരെ കുവൈറ്റിൽ ആരോപണമുണ്ടായിട്ടുണ്ട്. അവിടെ പത്രം വരെ നിരോധിച്ചിട്ടുണ്ട്. ഇവർ എന്തു പറഞ്ഞാലും, അടുത്ത നാളിൽ തെരഞ്ഞെടുപ്പ് നടത്തിയാലും ഈ ഗവൺമെന്റ് ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ മെച്ചമായി തിരിച്ചു വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ടുമൂന്നു ആഴ്ചക്കുമുൻപ് ഈ ഗവൺമെന്റിനെ സംബന്ധിച്ച് ആളുകൾക്ക് സംശയമുണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് നിലനിൽക്കണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതു കൊണ്ട് ഇത്രയും നല്ല ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രിയെ ഇൻഡ്യയുടെ എല്ലാ സംസ്ഥാനങ്ങളിലും അയച്ച്, ആ സംസ്ഥാനങ്ങളിലും ഇതുപോലുള്ള നല്ല ബഡ്ജറ്റ് അവതരിപ്പിക്കാൻ, ഈ ഗവൺമെന്റ് സഹായം ചെയ്തുകൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ബഡ്ജറിനെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്കായി നീക്കിവച്ച സംഖ്യ യെക്കാൾ കൂടുതൽ ചെലവഴിച്ചുകൊണ്ടുതന്നെ, സാമ്പത്തിക സമാഹരണ 1 p. m. രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, മറ്റ് ചെലവുകളും ചുരുക്കിക്കൊണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ ഉദാരമായ സാമ്പത്തിക സഹായംകൊണ്ടും ഇവിടെ ഒരു മിച്ച ബഡ്ജറ് അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബഡ്ജറിൽ നികുതി കൂട്ടിയിരിക്കുന്നത് ബഹുനില കെട്ടിടങ്ങൾക്കുപയോഗിക്കുന്ന ലിഫ്റ്റിനും വലിയ കെട്ടിടങ്ങളിൽ ഉപയോഗിക്കുന്ന അലങ്കാരവസ്തുക്കൾക്കുമാണ്. ഇതൊന്നും സാധാരണക്കാരെ ബാധിക്കാത്ത കാര്യങ്ങളാണ്. ചെറിയതോതിൽ മാത്രമാണ് നികുതിവർദ്ധനവുണ്ടായിരിക്കുന്നത്. ഇന്ന് ഭൂമിക്രയവിക്രയം ചെയ്യുമ്പോൾ ഒരു ലക്ഷം രൂപ വിലയുള്ള ഭൂമിക്ക് പ്രമാണം എഴുതുമ്പോൾ 5,000 -ൽ 2,000 -ൽ രൂപയാണ് കാണിക്കുന്നത്. സാധാരണക്കാരുടെ ആവശ്യങ്ങൾക്കുപയോഗിക്കേണ്ട പണം അങ്ങനെ വെട്ടിക്കുകയാണ്. അത്തരം രംഗങ്ങളിൽ നിന്നു കൂടുതൽ വിഭവസമാഹരണത്തിന് ശ്രമിച്ചാൽ അതു അഭിനന്ദനാർഹമായ ഒരു കാര്യമാണ്.

കേരളീയരിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഈ മന്ത്രിസഭയുടെ കാലത്ത് പല സഹായങ്ങളും ചെയ്തിട്ടുണ്ടെങ്കിലും, നശിച്ചുകൊണ്ടിരിക്കുന്ന ഒരു വർഗ്ഗമാണ് കൃഷിക്കാർ. നെൽകൃഷിക്കാർക്ക് ബഡ്ജറിൽ ചില ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത് അഭിനന്ദർഹമാണ്. എങ്കിൽപ്പോലും അവരുടെ ഇന്നത്തെ നഷ്ടവും ഈ ആനുകൂല്യങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നുള്ളതുകൊണ്ട് ആ രംഗത്ത് കൂടുതൽ സഹായങ്ങൾ ചെയ്യുവാനുള്ള സംവിധാനമുണ്ടാക്കണം. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളത്തിന്റെ വിലയായും കൂലിയായും വലിയൊരു സംഖ്യ ചെലവഴിക്കേണ്ടിവരുമെങ്കിലും കിട്ടുന്ന ആദായ ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ നഷ്ടത്തിലും കടത്തിൽ നിന്നു കടത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്.

സാമൂഹ്യവികസനരംഗത്ത് അതിപ്രധാനമായ പ്രവർത്തനങ്ങൾ ഈ മന്ത്രിസഭയുടെ കാലത്ത് കാഴ്ചവച്ചിട്ടുണ്ടെന്നുള്ളത് ആർക്കും നിഷേധിക്കാനാവില്ല. പാവപ്പെട്ടവർക്കുവേണ്ടി R.L.E.G.P. സ്കീമിൽ ആയിരക്കണക്കിനു വീടുകൾ നിർമ്മിച്ചുകൊടുത്തു. 100 കണക്കിന് മൈലുകളോളം ദൂരത്തിൽ പുതിയ ടാറിട്ട റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഐ. ആർ.ഡി. പി. പദ്ധതിയുടെ സഹായത്തോടുകൂടി ദരിദ്രവിഭാഗങ്ങൾക്കുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഒരു നല്ല സർട്ടിഫിക്കറ് ഈ ഗവൺമെന്റിന്റെ ഇത്തരം പ്രവർത്തനങ്ങളുടെ പേരിൽ കൊടുക്കാമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ കാര്യങ്ങൾക്കായി അടുത്തകൊല്ലത്തെ ബഡ്ജറിൽ കഴിഞ്ഞ കൊല്ലത്തെ ബഡ്ജറിനേക്കാൾ കൂടുതൽ തുക നീക്കിവച്ചിട്ടുണ്ടെന്നുള്ളത് നല്ലൊരു കാര്യമാണ്. അടുത്തകൊല്ലത്തെ R.L.E.G.P. പദ്ധതി നടപ്പിലാക്കുമ്പോൾ പതിനായിരം വീടുകൾ വയ്ക്കുവാനും നല്ല ടാറിട്ട റോഡുകൾ ഉണ്ടാക്കുവാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഐ.ആർ.ഡി. പി. സ്കീംഅനുസരിച്ചു ഒരു ലക്ഷത്തി എണ്ണായിരം വീടുകൾ നിർമ്മിച്ചുകൊടുക്കാൻപോവുകയാണ്. അങ്ങനെ നല്ല പ്രവർത്തനങ്ങൾ ഈ രംഗത്ത് കാഴ്ചവച്ചിട്ടുണ്ട്.

ജലസേചനരംഗത്ത് വൻകിടപദ്ധതികൾക്ക് ഇത്രയധികം മുൻഗണന കൊടുത്തിട്ടുള്ള ഒരു കാലഘട്ടം മുമ്പ് ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. ശുദ്ധജലവിതരണരംഗത്ത് മുൻകൊല്ലങ്ങളിൽ 4 കോടിയും 5 കോടിയും 6 കോടിയും ചെലവാക്കിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 30 കോടിയും 40 കോടിയും ചെലവാക്കിക്കൊണ്ട് ആ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയാണ്. 1947 മുതൽ 1982 വരെയുള്ള 35 കൊല്ലം കൊണ്ട് ജനങ്ങളെ സഹായിക്കാൻ സാധിച്ചതിനെക്കാൾ കൂടുതലായി കഴിഞ്ഞ 3 കൊല്ലം കൊണ്ട് ശുദ്ധജലവിതരണരംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു എന്നുള്ളത് ആർക്കും നിഷേധിക്കാനാവില്ല. ഇപ്പോൾതന്നെ പാവർട്ടി, പാലിശ്ശേരി തുടങ്ങിയ 17 പഞ്ചായത്തുകൾക്കുവേണ്ട് 10 കോടി രൂപയുടെ ഒരു പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്. എൽ.ഐ.സി. യിൽ നിന്നുള്ള സാമ്പത്തിക സഹായം കൊണ്ടും പല പദ്ധതികളും നടപ്പാക്കിവരുന്ന ഒരു കാലഘട്ടമാണിത്. നഗരപ്രദേശങ്ങളിൽ 85 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 55 ശതമാനവും ആളുകൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാധാരണ ഹരിജൻ കോളനികളിലധികവും വെള്ളമില്ലാത്ത പ്രദേശങ്ങളാണ്. ഒരു മുക്കാൽ ഭാഗത്തോളം ഹരിജൻകോളനികളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള പല ഹരിജൻ കോളനികളിലും ഏതാണ്ട് ഒരു മൈലും ഒന്നര മൈലും ദൂരം പോയാൽമാത്രമേ ശുദ്ധജലം കിട്ടുകയുള്ളു. അതിൽ നിന്നുതന്നെ ഈ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രാധാന്യം മനസ്സിലാക്കാം. ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയും വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണപരിപാടിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലാണ്.

രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിപാടികളുണ്ട്. പതിമൂവായിരം പേർക്ക് ഈ സ്കീമിൽ ഈ വർഷം തൊഴിൽ കൊടുക്കാനുള്ള സ്കീമുകളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

വിനോദസഞ്ചാരവികസനത്തെ സംബന്ധിച്ചിടത്തോളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം പിന്നോക്കമാണ്. ഇന്നത്തെ വിനോദസഞ്ചാരവകുപ്പു പ്രവർത്തിക്കുന്നത് മന്ത്രിമന്ദിരങ്ങളുടെ സൗകര്യങ്ങൾ നോക്കുവാനും അവർക്ക് കാറ് കൊടുക്കാനും മറ്റുമായിട്ടാണ്. മറ്റ് സ്റ്റേറ്റുകളിലേതുപോലെ അതിനായിട്ട് മറ്റ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചുകൊണ്ട്, വിനോദസഞ്ചാരരംഗത്ത് കൂടുതൽ സാമ്പത്തികസംവിധാനം ഉണ്ടാക്കിക്കൊണ്ട് ആ രംഗം ശക്തമായി മുന്നോട്ടു കൊണ്ടുപോകണം. ഇന്നത്തെ ഈ രംഗത്തെ സ്ഥിതി ദയനീയമാണ്.

പാവപ്പെട്ടവരെ സഹായിക്കുന്ന പല പദ്ധതികളും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടിണി കിടക്കുന്ന മുൻജൻമിമാരെ സഹായിക്കുന്നതിനുവേണ്ടി പുതിയ ഒരു പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ആ പദ്ധതി നടപ്പിൽ വരുമ്പോൾ അതിന്റെ ഗുണം ബന്ധപ്പെട്ടവർക്ക് കിട്ടുമോയെന്ന് സംശയമാണ്. കാരണം പഴയ കുടുംബങ്ങളിലൊക്കെ കാഞ്ഞിരക്കുറ്റിയും മാവും മറ്റ് പടുമരങ്ങളും നിറഞ്ഞ ഒരുപറമ്പ് കാണും. അതിൽ ഇടിഞ്ഞുപൊളിഞ്ഞ ഒരു പുരയും ഉണ്ടായിരിക്കും. സാമാന്യമായി ഈ പറമ്പ് 50 സെന്റിൽകൂടുതൽ കാണും. ഇത്തരത്തിലുള്ള എല്ലാ ആളുകൾക്കും ഇതിന്റെ പ്രയോജനം കിട്ടുന്നതിന് 50 സെന്റെന്നുള്ളത് ഒരേക്കറും 75 രൂപയെന്നുള്ളത് 150 രൂപയായും വർദ്ധിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണ് തൃശ്ശൂർ-ഷൊർണ്ണൂർ റോഡിൽ വടക്കാഞ്ചേരി നഗരത്തെ രണ്ടായി തിരിക്കുന്ന റെയിൽവേഗേറ്റിൽ ഓവർബ്രിഡ്ജ് സ്ഥാപിക്കണമെന്നുള്ളത്. അതിനു തുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അതിന്റെ പണി തുടങ്ങിയിട്ടില്ല. അതിന്റെ പണി എത്രയും വേഗം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. വടക്കാഞ്ചേരി ബോയിസ് ഹൈസ്ക്കൂളിലേയും ഗേൾസ് ഹൈസ്ക്കൂളിലേയും L.P. വിഭാഗങ്ങൾ ഒരുമിച്ചു ഒരൊറ്റ സ്ഥലത്തേക്ക് മാറ്റാൻ സ്ഥലം അക്വിസിഷൻ കഴിഞ്ഞിട്ട് 10 കൊല്ലമായെങ്കിലും അതിന്റെ കെട്ടിടംപണി ഇതുവരെ തുടങ്ങിയിട്ടില്ല. അതിന് മുൻഗണന കൊടുക്കണം. വാഴാനി സ്കീമിലുള്ള ഇരുപത്തിരണ്ടോളം സ്ളൂയിസുകളും ബണ്ടുകളും പഴക്കംകൊണ്ട് കേടു വന്നിട്ടുണ്ട്. അങ്ങനെ കേട് വന്നവ നന്നാക്കുന്നതിന് തുക നീക്കിവയ്ക്കണം. പുഞ്ചക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രമകരമായ ഒന്നാണ് താൽക്കാലികബണ്ട് കെട്ടുകയെന്നുള്ളത്. അതുകൊണ്ട് ഒരു സ്ഥിരം ബണ്ട് നിർമ്മിക്കാനുള്ള നടപടിയും എടുക്കണം. ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. അരവിന്ദാക്ഷൻ)

ശ്രീ. പി. ഭാസ്ക്കരൻ : സർ, ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ് കൃഷ്ണമണിപോലെ പ്രകാശമാനമാണെന്ന് ഞാൻ വിശേഷിപ്പിക്കുകയാണ്. എല്ലാ ജനവിഭാഗങ്ങൾക്കും പ്രകാശം പകരുന്ന ഒരു ആശാദീപമാണ് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്. അവശ ദുർബലവിഭാഗങ്ങൾക്ക് ആശ്വാസം കണ്ടെത്താനും കുഷ്ഠരോഗികളെയും കാൻസർരോഗികളെയും മാനസികരോഗികളെയും പുനഃരധിവസിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകാനും ഈ ബഡ്ജറിൽ സാധിച്ചത് സാമൂഹ്യമായ ഒരു പരിഷ്കരണമാണ്. കൈത്തറിത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ ഇവരുടെ കാര്യങ്ങളൊന്നുംതന്നെ പറഞ്ഞു കണ്ടില്ല. കൈത്തറിയുടെ ഈറ്റില്ലമാണ് കണ്ണൂർ. കേരളത്തിലെ ബീഡിത്തൊഴിലാളികളിൽ പകുതിയോളം കണ്ണൂരിലാണ്. മുപ്പതിനായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ദിനേശ് ബീഡിയുടെ ആസ്ഥാനം കണ്ണൂരാണ്.

ബീഡിത്തൊഴിലാളി ക്ഷേമനിധി നടപ്പിൽ വരുത്തിയിട്ടില്ല. ബീഡിത്തൊഴിലാളികളുടെ കേന്ദ്രവെൽഫയർ ഫണ്ട് വകയായുള്ള ആശുപത്രിക്ക് കണ്ണൂരിൽ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. വ്യാജ ബീഡി വ്യവസായവും വിൽപ്പനയും അവസാനിപ്പിക്കാൻ നടപടിവേണം,

ഖാദിനൂൽപ്പുകാരുടേയും നെയ്ത്തുകാരുടേയും സ്ഥിതി ദയനീയമാണ്. ഖാദിക്ക് വിലകൂടിയെങ്കിലും തൊഴിലാളിക്ക് വേതനം വർദ്ധിച്ചിട്ടില്ല. വടക്കൻമേഖലയോട് പ്രത്യേകിച്ച് കണ്ണൂരിനോടുള്ള അവഗണന ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ കടന്നുവന്നിട്ട് 9 വർഷമായി. അന്നു തുടങ്ങിയതാണ് കണ്ണൂരിൽ ഒരു മെഡിക്കൽകോളേജ് സ്ഥാപിക്കണമെന്ന ആവശ്യം. ഇതുവരെ അത് വെളിച്ചം കണ്ടിട്ടില്ല. ഒരു എഞ്ചിനീയറിങ്ങ് കോളേജും കണ്ണൂരിൽ ആവശ്യമാണ്. വിദഗ്ധൻമാർ കഴിഞ്ഞകൊല്ലം സ്ഥലം പരിശോധിച്ചതാണ്. അതും ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ പുലുച്ചിക്കടവിനു പാലം കെട്ടാനും പയ്യാമ്പലം കടൽത്തീരറോഡ് നിർമ്മിക്കുന്നതിനും ബഡ്ജറിൽ വകയിരുത്തിയതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

ഇടത്തരം തുറമുഖങ്ങൾ നിർമ്മിക്കുമെന്ന് ബഡ്ജറ്റിൽ കണ്ടു, അതിനെ സ്വാഗതം ചെയ്യുന്നു. കണ്ണൂർ ആയിക്കരയിലെ മാപ്പിളബേ തുറമുഖത്തിന് സാദ്ധ്യതയുള്ളതാണ്. വിദഗ്ധൻമാർ പരിശോധന നടത്തിയതാണ്. അത് പദ്ധതിയിൽപെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡച്ച് ഗവൺമെന്റിന്റെ സാമ്പത്തികസഹായത്തോടെ ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയതായി കാണുന്നു. കണ്ണൂരിലെ കുടിവെള്ള പ്രശ്നം ഒരു തീരാദുഃഖമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരിറ്റു വെള്ളത്തിനുവേണ്ടി ദാഹിക്കുകയാണ്. കഴിഞ്ഞവർഷം ബഹുജനപ്രക്ഷോഭം ധർണ, നിരാഹാരം തുടങ്ങിയ സമരമായിരുന്നു. ഇതുവരെയും ഇതിന് പരിഹാരം കണ്ടിട്ടില്ല. ഈ വർഷം ജനുവരി മുതൽ തന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരിക്കുന്നു. ഇനി രണ്ടു മാസം എങ്ങനെ കഴിക്കുമെന്ന് ആലോചിക്കുകയാണ്. 18 കൊല്ലം മുമ്പ് ഭൂമിയിൽ കുഴിച്ചിട്ട പൈപ്പുകൾ പൊട്ടിത്തകർന്നുകൊണ്ടിരിക്കുന്നു. സമൂലമായ മാറ്റം ഇതിനാവശ്യമാണ്. കണ്ണൂരിനോടുള്ള അവഗണനക്കെതിരായി ഈ വർഷവും എനിക്ക് നിരാഹാരവ്രതം അനുഷ്ഠിക്കേണ്ടി വരുമെന്ന് മുന്നറിയിപ്പു നൽകുകയാണ്.

മദ്യപാനം ഒരു തീരാശാപമാണ്. വിദേശമദ്യത്തിന് നികുതി വർദ്ധിപ്പിക്കുന്നത് നല്ലതുതന്നെ. പക്ഷേ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എങ്കിൽ അത് പുതിയ തലമുറക്കെങ്കിലും ഒരു അനുഗ്രഹമായിരിക്കും. ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ അപകടകരമായ പ്രവണത പതിയിരിക്കുന്നു. കൂടിശ്ശിക കൊടുക്കേണ്ട കാര്യങ്ങൾ വിസ്മരിക്കുന്നു; കടം കൊടുത്തു തീർക്കേണ്ടത് മറക്കുന്നു. എങ്ങനെയാണ് കഴിഞ്ഞകൊല്ലം ഇവിടെ ചെലവു നടന്നത്? ഒന്ന്, ഓവർഡ്രാഫ്റ്റിന്റെ വ്യത്യാസം കൊണ്ടു കിട്ടിയ 242 കോടി രൂപ. രണ്ട്, അഡ്വാൻസ് പ്ലാൻ സംഖ്യ 100 കോടി രൂപ. മൂന്ന്, ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി കിട്ടിയ 120.62 കോടിരൂപ. എല്ലാംകൂടി 462.62 കോടിരൂപ. ഇതുകൊണ്ടാണ് ഇവിടെ കുറെയെല്ലാം കാര്യങ്ങൾ നടന്നിട്ടുള്ളത്. പൊതുമരാമത്തു വകുപ്പിൽ ഒരൊറ്റ പുതിയ പ്രവർത്തനവും കഴിഞ്ഞ രണ്ടുമൂന്നുകൊല്ലങ്ങളായിട്ട് നടന്നിട്ടില്ല. എം. എൽ. എ. റോഡുകളുടെ സ്ഥിതിയെന്താണ്? 282 എം. എൽ. എ. റോഡുകൾവേണ്ട സംസ്ഥാനത്ത് ഇതുവരെയായി 51 എം. എൽ. എ. റോഡുകൾക്കാണ് ഭരണാനുമതി കിട്ടിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ കരാറുകാർക്കെല്ലാം വലിയൊരു സംഖ്യ കൊടുക്കാനുണ്ട്. എം. എൽ. എ. റോഡ് ഉണ്ടാക്കിയിട്ടുള്ള ഒരൊറ്റ കരാറുകാരനും ഇതുവരെയും ഒറ്റ സംഖ്യയും കൊടുത്തിട്ടില്ല. ഇതെല്ലാം ബാക്കിയിട്ടിട്ടാണ് ഇവിടെ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വർഷാവസാന കൈയിരിപ്പുണ്ടെന്നു പറയുന്നത്. നമ്മുടെ സംസ്ഥാനത്തിലെ റവന്യൂവരുമാനത്തിന്റെ സ്ഥിതി ആശാവഹമല്ല. 1985-86-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 1405 കോടി രൂപ വകകൊള്ളിച്ചു. 1986-87-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 1418 കോടി രൂപയാണ്. വിലക്കയറ്റം നാണ്യപ്പെരുപ്പം ഇതെല്ലാം കണക്കിലെടുക്കുകയാണെങ്കിൽ ഇതൊരു വ്യത്യാസമേ അല്ല. യാതൊരു വ്യത്യാസവുമില്ല. വ്യത്യാസം യാതൊന്നുമില്ലെന്നു മാത്രമല്ല താഴോട്ടുപോയിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തിലെ പ്രധാനവരുമാനമാണ് നോൺ ടാക്സ് റവന്യു. ആ നോൺ ടാക്സ് റവന്യു അങ്ങേയറ്റം വർദ്ധിപ്പിക്കാനായി നമ്മൾ നോക്കണം. പ്രത്യേകിച്ച് വനം മുതലായ സ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്നത് നോൺടാക്സ് റവന്യു ആണ്. ആ നോൺടാക്സ് റവന്യു 1985-86-ലെ റിവൈസ്ഡ് എസ്റ്റിമേറ്റുപ്രകാരം 443 കോടി രൂപയാണ്. 1986-87 ബഡ്ജറ്റ് എസ്റ്റിമേറ്റ് 367 കോടി രൂപയായിട്ട് ചുരുങ്ങിയിരിക്കുന്നു. ഈ സംസ്ഥാനഗവൺമെന്റിന്റെ കഴിവില്ലായ്മയാണ് ഇത് കാണിക്കുന്നത്. അതുപോലെതന്നെ കേന്ദ്രത്തിൽനിന്ന് വിഹിതം കിട്ടുന്നതു സംബന്ധിച്ച കാര്യം. കേന്ദ്രത്തിൽനിന്നു കിട്ടുന്ന വിഹിതത്തിന്റെ ഇൻഡെക്സ് 1957-58-ൽ 100 ആണെങ്കിൽ 1985-86-ൽ അത് 6234 ആണ്. 1986-87-ൽ അത് 6844 ആണ്. ഇത് ചെറിയൊരു മാർജിനൽ ഡിഫറൻസ് മാത്രമാണ്. സെൻട്രൽ അസിസ്റ്റൻസിന്റെ പേരിൽ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ലായെന്നാണ് ഇതിൽനിന്ന് മനസിലാകുന്നത്.

സർ, റവന്യുചെലവിന്റെ കാര്യമെടുക്കുമ്പോൾ 1985-86-ൽ 1441 കോടം രൂപയിൽ നിന്നും 1986-87 ആകുമ്പോഴേക്കും 1520 ആയി കുത്തിച്ചുവർദ്ധിച്ചിരിക്കുന്നു. സാമ്പത്തികഅച്ചടക്കം എന്നെല്ലാം പറഞ്ഞു കേൾക്കുന്നു. എന്തു സാമ്പത്തിക അച്ചടക്കമാണ് നടത്തിയിട്ടുള്ളത് ? വരുമാനംകുറയുകയും റവന്യു ചെലവു വർദ്ധിക്കുകയും ചെയ്യുന്നു. നമ്മുടെ വികസന ചെലവ് 1985-86-ൽ 1049 കോടി രൂപ. 1986-87-ൽ അത് 1031 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. ഈ സംസ്ഥാനം സ്തംഭനാവസ്ഥയിലേക്കു നീങ്ങുകയാണെന്നാണ് ഇത് കാണിക്കുന്നത്. 1049 എന്നത് ആയിരത്തി ഇരുനൂറോ ആയിരത്തി മുന്നൂറോ ആകേണ്ടതാണ്. അതിനുപകരം 1031 ആയി കുറഞ്ഞിരിക്കുകയാണ്. ഈ സംസ്ഥാനം എവിടേക്കാണ് പോകുന്നത് ? ഇതിലൊരു പ്രധാനപങ്ക് Industries, Labour and Employment വ്യവസായം തൊഴിൽ ജോലി എന്നിവയ്ക്ക് 1985-86-ൽ 36 കോടി രൂപ എന്ന ഒരു ചെറിയ സംഖ്യയാണ് വച്ചിരുന്നത്. ആ 36 കോടി രൂപയിൽനിന്ന് നാല്പതോ നാല്പത്തിരണ്ടോ ആക്കുന്നതിനുപകരം ഈ ബഡ്ജറ്റിൽ, 1986-87-ലെ ബഡ്ജറ്റിൽ അത് 35 കോടിരൂപയായി കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്.

ഈ സംസ്ഥാനത്തിന്റെ വികസനത്തിന്റെ നട്ടെല്ലാണ് സാമ്പത്തിക വികസന പരിപാടികൾ എന്നു പറഞ്ഞ ഇനം എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഡ്ജറ്റിലെ കടലാസുകളിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് Economic Development Services എന്നുപറയുന്നത്. എന്താണ് ഇതിൽ ഉൾക്കൊള്ളുന്നത്. പ്രധാനമായും ജലസേചനം, പൊതുമരാമത്ത്, വനം, ട്രാൻസ്പോർട്ട്, കമ്മ്യൂണിക്കേഷൻ എന്നിവയാണ്. ഇതിനുവേണ്ടിയിട്ട് നടപ്പുവർഷം 1985-86-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് 212 കോടി രൂപ. വരും വർഷം 1986-87 ലേക്ക് 113 കോടിരൂപ. വികസനചെലവിലേക്ക് കഴിഞ്ഞകൊല്ലം ഇതിനുവേണ്ടി 20.22% മാറ്റിവച്ചുവെങ്കിൽ 10.98% ആയിട്ട് ഇത്തവണ അത് കുറച്ചിരിക്കുന്നു. നമ്മുടെ സർപ്ലസ് ബഡ്ജറ്റിന്റെ ഒരു പ്രധാനകാരണം ഇതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ചെലവാക്കേണ്ടിടത്തു ചെലവാക്കിയിട്ടില്ല. വികസനപരമായ കാര്യങ്ങൾക്ക് ഗുണ്യമായ തോതിൽ കുറച്ചുകൊണ്ട് 100 കോടിരൂപയോളം ലാഭമുണ്ടാക്കിക്കൊണ്ട് ആ 100 കോടിരൂപ വച്ചിട്ട് സർപ്ലസ് ബഡ്ജറ്റ് ആണെന്ന് പറഞ്ഞാൽ അത് ഈ രാജ്യത്തെ ജനങ്ങളെ വിഡ്ഢികളാക്കുന്നതിനു തുല്യമാണ്. ഈ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഇന്നല്ലെങ്കിൽ നാളെ ഈ സംസ്ഥാനത്തിലെ വികസനപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്ക് നീങ്ങും എന്ന കാര്യം മനസിലാക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റ പുതിയ പ്രവർത്തനവും ബഡ്ജറ്റിലില്ല. ഒന്ന് രണ്ട് എന്നീ ഇനത്തിലുള്ള അനുബന്ധത്തിലെ വ്യത്യാസത്തെക്കുറിച്ചാണ് എനിക്ക് അറിയാനുള്ളത്. എന്തിനാണ് പ്രിൻറിങ്ങ് ചാർജ് വളരെ അനാവശ്യമായിട്ട് കളയുന്നത്. എന്തിനാണ് കടലാസ് വെറുതെ കളയുന്നത്. ഭരണാനുമതിയുള്ളതിന്റെ ഒരംശം പോലും പ്രവർത്തനം തുടങ്ങുവാനുള്ള സാദ്ധ്യതയില്ലാത്തപ്പോഴും ഭരണാനുമതി ഇല്ലാത്തതായ സ്കീംസ് എന്നു പറഞ്ഞുകൊണ്ട് ബഡ്ജറ്റിൽ കൊണ്ടുവരുന്നത് ഈ ബസ്ജറ്റിന്റെ അടിസ്ഥാനപരമായ ഉദ്ദേശത്തെ ചോദ്യം ചെയ്യുകയാണ്. തുരങ്കം വയ്ക്കുകയാണ്. അതുകൊണ്ട് അത് വേണ്ടെന്നു വയ്ക്കണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് ഉപദേശിക്കുവാനുള്ളത്.

സർ, ഈ നടപ്പുവർഷത്തെ വികസനേതര ചെലവ് 26 കോടിരൂപയാണ് അതായത് 1985-86 വർഷത്തേക്ക് പൊതുഭരണത്തിനുവേണ്ടിയുള്ള ചെലവാണിത്. 1986-87-ൽ അത് മുപ്പതുകോടി രൂപയായി വർദ്ധിച്ചു. പോലീസിന് 1985-'86-ൽ നടപ്പുവർഷത്തെ ചെലവ് 57 കോടി രൂപയായിരുന്നത്, 1986-,87 വർഷത്തിൽ 65 കോടി രൂപയായി വർദ്ധിക്കുന്നു. 1985-,'86-ൽ ജനറൽ അഡ്മിനിസ്ട്രേഷനുവേണ്ടി ആകെ 392 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടെങ്കിൽ 1986-,'87-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 489 കോടി രൂപയാണ്. ഈ ഇനത്തിൽ നൂറുകോടി രൂപ ഒറ്റയടിയ്ക്ക് കയറിയിരിക്കുന്നു. ജനറൽ അഡ്മിനിസ്ട്രേഷന്റെ പേരിൽ 25 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു. എങ്ങനെ വർദ്ധനവില്ലാതിരിക്കും സർ ? മന്ത്രിമാരുടെ കാപ്പികുടി, സവാരി, ഹെലികോപ്ടർ യാത്ര പ്ലെയിൻ യാത്ര തുടങ്ങി ഏതെല്ലാം തരത്തിലാണ് ചെലവുകൾക്ക് പ്രോൽസാഹനം കൊടുക്കുന്നത് ? ഈ സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഒരു പ്രധാനപ്പെട്ട ഭാഗമായ പോലീസ് വിഭാഗത്തിന് ആകെയുള്ള ജനറൽ അഡ്മിനിസ്ട്രേഷന്റെ ചെലവിന്റെ 51.29 ശതമാനമാണ് ചെലവാകുന്നത്. അതായത്, 1985-86 നേക്കാൾ ഈ വർഷം 14.44 ശതമാനം ഇപ്പോഴിനത്തിൽ വർദ്ധനവുണ്ടായിരിക്കുന്നു. ഈ സംസ്ഥാനം ഒരു പോലീസ് സംസ്ഥാനമായി മാറുകയാണ്. സംസ്ഥാനത്തിന്റെ ഭരണച്ചെലവിന്റെ 51 ശതമാനം പോലീസിനുവേണ്ടിയാണെന്നു വച്ചാൽ, ആറു ബറാലിയൻ ഏഴു ബറാലിയനായി, അത് വീണ്ടും എട്ടു ബറാലിയനായി, ഇങ്ങനെ കൂടിക്കൊണ്ടിരിക്കുകയാണ്, ഈ ബറാലിയനുകൾക്ക് ജോലിയൊന്നുമില്ലാതെ എറണാകുളത്തെ തെരുവുകളിൽ ട്രാഫിക്ക് പോലീസായി നിറുത്തിയിരിക്കുകയാണ്. ഇതാണ് കൊച്ചി നഗരത്തിൽ കാണാൻ കഴിയുന്നത്. സർ, ആ ബറാലിയൻ പോലീസിനെ തലശ്ശേരിയിൽ ഉപയോഗിക്കാൻ അവർക്ക് സാധിച്ചില്ല. അവിടെ ഉപയോഗിച്ചിരുന്നുവെങ്കിൽ ആ ദുരന്തം ഒഴിവാക്കാമായിരുന്നു. Capital outlay on Development and non-development Services-ന് 1985-,86-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 159 കോടി രൂപയാണ്. എന്നാൽ 1986-,87-ൽ ക്യാപ്പിറ്റൽ ഔട്ട്ലേ രണ്ടു കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. 157 കോടി രൂപയായിരിക്കുന്നു. അതുപോലെ 1985-,86-ൽ ജലസേചനത്തിന് വകയിരുത്തിയിരുന്നത് 62 കോടി രൂപയാണെങ്കിൽ അത് 1986-87 വർഷത്തിൽ 58 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. വ്യവസായത്തിന് 13.60 കോടിരൂപയായിരുന്നത് 13.39 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. പൊതുജനാരോഗ്യത്തിന് 32 കോടി രൂപയായിരുന്നത് വരും വർഷത്തേക്ക് 31 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. കൃഷിക്കുവേണ്ടി 19 കോടി രൂപയായിരുന്നത് വരും വർഷത്തേക്ക് 16 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. അതുപോലെ വനത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

4.74 കോടി രൂപയായിരുന്നത് വരും വർഷത്തേയ്ക്ക് 50 ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട നൂറുദ്ദീൻ എങ്ങനെ ഈ വനംവകുപ്പു ഇത്രയും തുകകൊണ്ട് നടത്തും ? ഈ സംസ്ഥാനത്തെ സാമൂഹ്യവും വികസനപരവുമായ സർവ്വീസുകൾക്കുവേണ്ടി 1985-,86-ൽ 775 കോടിരൂപ യാണ് വകകൊള്ളിച്ചിരുന്നത്. എന്നാൽ 1986-,87-ൽ അത് 226 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. ഈ സംസ്ഥാനത്ത് വികസനപ്രവർത്തന ങ്ങൾക്കുവേണ്ടി, ഒരു ക്ഷേമരാഷ്ട്രത്തിനുവേണ്ടി വളരെയധികം ചെലവു ചെയ്യേണ്ടതുണ്ട്. ആ ചെലവുകൾക്കെല്ലാംതന്നെ തുക കുറച്ചിരിക്കുന്നു.

സർ, ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം എവിടെ നിൽ ക്കുന്നു ? കേരളത്തിന്റെ ഷെയർ തൊഴിലില്ലായ്മ പ്രശ്നത്തിൽ അഖി ലേൻഡ്യാ നിലവാരത്തിലുള്ള തൊഴിലില്ലായ്മ കണക്കാക്കുമ്പോൾ 3.7 ശത മാനമാണ് : എന്നാൽ നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ കണക്കാക്കി യാൽ അത് 10.5 ശതമാനമാണ്. അഖിലേൻഡ്യാ തലത്തിലുള്ള തൊഴിലി ല്ലായ്മയെക്കാൾ മൂന്നിരട്ടിയിലധികം തൊഴിലില്ലായ്മ നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്നാണ്. ഓരോ വർഷവും രണ്ടും മൂന്നും ലക്ഷം ഉദ്യോഗാർത്ഥികൾ പുതുതായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നു. അത്രയും കൂടുതൽ തൊഴിലില്ലായ്മയുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്.

സർ, ഇനി ഗവൺമെൻറ് കമ്പനികളുടെ സ്ഥിതിയെന്താണ് ? 86 ഗവൺമെൻറ് കമ്പനികളിൽ 31 ഗവൺമെൻറ് കമ്പനികൾ മാത്രമേ 1984-85 വരെ യുള്ളതായ കണക്കുകൾ തന്നിട്ടുള്ളൂ. ബാക്കിയുള്ള ബഹുഭൂരിപക്ഷം കമ്പനികളും 1978-,79 മുതലുള്ള കണക്കുകൾ തരാനുണ്ട്. അതുപോലെ തന്നെ കെൽട്രോണിന്റെ ആറു യൂണിറ്റുകൾക്കുംകൂടി 1984-85-ൽ വന്ന ത രണ്ടരകോടി രൂപയുടെ നഷ്ടമാണ്. 1984-.85-ലെ കെൽട്രോണിന്റെ അക്യൂമുലേറ്റഡ് ലോസ് 14.53 ലക്ഷം രൂപയാണ്. ഇത് ശരിയാണോ യെന്നുള്ള കാര്യത്തിൽ എനിക്ക് വളരെയധികം സംശയമുണ്ട്. എന്തായാലും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മറ്റു ചില കാര്യങ്ങളിലേയ്ക്ക് കടന്ന കൊണ്ട് അവസാനിപ്പിക്കുകയാണ്. ഞാൻ വളരെ കാര്യമായി ഗവൺ മെൻറിനോടു ആവശ്യപ്പെടുകയാണ്, വാണിറ്റിബാഗ്, ബ്രീഫ്കേസ്, സ്യൂട്ട്കേസ്, ലോട്ടറി ടിക്കറ്റ് എന്നിവയിൻമേൽ കൊണ്ടുവന്നിട്ടുള്ള നികുതി പിൻവലിക്കണം.

ഗവർണ്ണർ ചെയ്ത പ്രസംഗവും ബഡ്ജറ്റ് പ്രസംഗവും കൂടി നോക്കുമ്പോൾ വളരെയധികം വ്യത്യാസങ്ങൾ കാണുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നു, സാമ്പത്തികമാനേജ്മെൻറ് ഇനിയും വളരെ അധികം നന്നാകേണ്ടതുണ്ടെന്ന്. എന്നാൽ ശ്രീ. മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, ഇതിന്റെ പരമാവധി എത്തിയിരിക്കുന്നു, ഇനി എങ്ങോട്ടും നീങ്ങാൻ നിവൃത്തിയില്ലായെന്നുള്ള സ്ഥിതിയാണെന്ന്. ഈ രണ്ട് പ്രൊജക്ഷൻസും വളരെ അന്തരമുള്ളതാണ്. ഇത് കാണിക്കുന്നത് രേണമുന്നണിയിലെ കക്ഷികൾ തമ്മിലുള്ള അന്തരമാണ്. ഈ സംസ്ഥാനത്തെ കീഴ്വഴക്കങ്ങളെല്ലാം വളരെ അപകടകരമാണ്. എന്താണ് കീഴ്വഴക്കം ? സർ, നാലുമാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുക, എന്നിട്ട് മന്ത്രിമാരെല്ലാം ചാരുകസേരയിൽ പോയിരിക്കുക, വീണ്ടും വന്നിട്ട് ബാക്കി എട്ടുമാസത്തേയ്ക്കുകൂടി പാസ്സാക്കുക, നാലു മാസത്തേയ്ക്ക് പാസ്സാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലിറ്റ് ചെയ്യുന്നില്ല, ചെല വാക്കുന്നില്ല, മുഴുവൻ ബഡ്ജറ്റും പാസാക്കിയതിനുശേഷം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ചെലവു തുടങ്ങുന്നുള്ളൂ. അതുകാരണം ഏതാണ്ട്. രണ്ടുമൂന്നു മാസത്തെ വർക്കിംഗ് സീസൺ നമുക്ക് നഷ്ടപ്പെടുകയാണ്. ആ നഷ്ടം നികത്താൻ സാധിക്കുന്നില്ല, അതു് സാരമായി വികസനപ്രവർത്തനങ്ങളെയും മരാമത്തു പ്രവർത്തനങ്ങളെയും ബാധിക്കുന്നു.

സർ, എന്താണ് പാർലമെന്റിൽ ചെയ്യുന്നത് ? പാർലമെന്റ് രണ്ടു മാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി, എന്നിട്ട് വീട്ടിൽ പോയിരിക്കുകയല്ല. തുടർന്ന് സഭ കൂടുന്നു. മേയ്മാസം പത്താംതീയതിക്കു മുമ്പ് മുഴുവൻ ബഡ്ജറ്റും പാസ്സാക്കുന്നു. വർക്കിംഗ് സീസൺ മുഴുവനും കേന്ദ്രഗവൺമെന്റിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്; എന്നാൽ ഈ സംസ്ഥാനത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളല്ല നടക്കുന്നത് ഇതിനിടയിൽ സബ്ജക്ട് കമ്മിറ്റികൂടി പാസ്സാക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഗവൺമെന്റ് അതിന് തയ്യാറില്ല. ചുരുക്കത്തിൽ ഗവൺമെന്റ് ഒന്നിനും തയ്യാറല്ല. താൽക്കാലികമായ പണമുപയോഗിക്കാൻ വേണ്ടിയുള്ള ലൈസൻസ് കിട്ടാനുള്ള നിയമസഭയായി ഈ നിയമസഭയെ മാറ്റാൻ ഈ ഗവൺമെന്റിനു് എന്തൊരു വ്യഗ്രതയാണ് ? ആ നിലയിൽ ഈ നിയമസഭയെയും ഈ ബഡ്ജറ്റിനെയും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെയും ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് നാശകരമാണെന്നു പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ദിനകരൻ : സർ, സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് വിജയകരമായി പുറത്തുവന്നുവെന്ന് അവകാശപ്പെടുന്ന നമ്മുടെ ധനകാര്യമന്ത്രി 21-ാം നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിന്റെ ആക്കം വർദ്ധിപ്പിക്കുവാൻ യോഗ്യമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. 1984-85 വർഷം അവസാനിക്കുമ്പോൾ 297 കോടി രൂപ കമ്മിയുണ്ടായിരുന്ന സ്ഥാനത്ത് 15.63 കോടി രൂപ മിച്ചം പ്രതീക്ഷിക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചത് ഏറ്റവും സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരമായ സമീപനവും ചെലവു ചുരുക്കൽ പദ്ധതിയുംകൊണ്ടുമാത്രം വിജയകരമായ നേട്ടം കൈവരിക്കുവാൻ സാധിച്ചുവെന്നത് യാഥാർത്ഥ്യം തന്നെയാണ്. അധ്വാന വർഗ്ഗത്തിന്റെ നേതാവായ ശ്രീ. കെ. എം. മാണി യഥാർത്ഥ തൊഴിലാളി വർഗ്ഗത്തിന്റെ ഇടയിലേക്കു ഇറങ്ങിവന്ന് ചില ക്ഷേമ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചുവെന്നതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും സവിശേഷമായ പ്രത്യേകത. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള പെൻഷൻ 100 രൂപയാക്കി വർദ്ധിപ്പിച്ചതും കുഷ്ഠ രോഗികളെയും മാനസിക രോഗമുള്ളവരെയും പുനരധിവസിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചതും തയ്യൽ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചതും ജന്മിമാരല്ലാതായി തീർന്ന ജന്മിമാർക്ക് പെൻഷൻ കൊടുക്കുവാനും അവർക്ക് മിച്ചഭൂമി കൊടുക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചതും 18 വയസിനും 58 വയസിനും ,ഇടയ്ക്കുള്ള തൊഴിലാളികൾക്ക് 40 വർഷംകൊണ്ട് അൻപതിനായിരം രൂപയുടെ നേട്ടമുണ്ടാകുന്ന പദ്ധതി രൂപീകരിച്ചതും ശ്രീമതി ഗൗരിയമ്മ എപ്പോഴും പറയാറുള്ള മെഴുകുതിരിയെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കിയതും അതുപോലെ ആദിവാസികൾ നിർമിക്കുന്ന വാച്ച് നികുതിയിൽ നിന്നും ഒഴിവാക്കിയതും എല്ലാം എടുത്തു പറയാവുന്ന ദിനാനുകമ്പയോടുകൂടിയുള്ള പ്രവർത്തനങ്ങളാണ്. അവസാനമായി ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചേർത്തല, ആലപ്പുഴ മേഖലയിൽ കുറെ രോഗികളുണ്ട്. രണ്ടു കാലിലും മന്തോടുകൂടി നടക്കുന്ന അവരോട്

LIBRARY ARCHIVES Kerala Legislative Assembly

അല്പം ദയ കാണിച്ചുകൊണ്ട് അവരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തി അവർക്ക് ക്ഷേമപ്രവർത്തനത്തിനുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുവാൻ തയ്യാറാകണം.

സർ, ഇവിടെ നെൽക്കൃഷി വികസന അതോറിറ്റി രൂപീകരിക്കുവാൻ തയ്യാറായത് സ്വാഗതാർഹം തന്നെയാണ്. മൽസ്യത്തൊഴിലാളികൾക്ക് പല ക്ഷേമ പ്രവർത്തനങ്ങളും നടത്തുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. അവർക്ക് പെൻഷൻ എന്നുള്ളത് യാഥാർത്ഥ്യമാക്കാൻ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. കൂടാതെ കാർഷികാദായ നികുതി പരിഷ്കരിക്കുന്നതിന് കമ്മിഷനെ വയ്ക്കുമെന്നു പറഞ്ഞു. കാർഷികാദായ നികുതി പിരിക്കുന്ന കാര്യത്തിൽ തെറ്റിദ്ധാരണയുണ്ട്. പല അപകടങ്ങളും ഉണ്ട്. അവ പരിഹരിച്ചുകൊണ്ട് അതിന്റെ വ്യക്തമായ നിജസ്ഥിതി മനസിലാക്കിക്കൊണ്ട് യഥാർത്ഥ വരുമാനത്തെ അടിസ്ഥാനമാക്കി കാർഷികാദായ നികുതി പിരിക്കുവാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

കൂടുതൽ വിഭവസമാഹരണത്തെക്കുറിച്ചു പറഞ്ഞു. വെറും 32 കോടി രൂപയുടെ വിഭവസമാഹരണമാണ് പറഞ്ഞിരിക്കുന്നത്. അത് പോരായെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇനി പലതിൽ നിന്നും വിഭവം സമാഹരിക്കുവാനുള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

അതുപോലെതന്നെ നഗരസ്വത്തിന് പരിധി ഏർപ്പെടുത്തണം. നഗരപ്രദേശങ്ങളിൽ സ്വത്ത് കുമിഞ്ഞുകൂടുന്ന സ്ഥിതിയാണുള്ളത്. നഗരസ്വത്തിന് പരിധി ഏർപ്പെടുത്തുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണം. അതുപോലെ ബ്ലേഡ് കമ്പനികളെ നിരോധിക്കുവാൻ നടപടിയെടുക്കണം. സ്വർണ്ണ വ്യാപാരികളടക്കമുള്ള വ്യാപാരികളിൽ നിന്ന് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിൽപന നികുതി ഈടാക്കുവാനുള്ള ധീരമായ നടപടിയെടുക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണം.

അതുപോലെ സുഖഭോഗവസ്തുക്കളുടെ മേൽ കൂടുതൽ നികുതി ചുമത്തിക്കൊണ്ട് അവരിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടി ഉണ്ടാകണം. കൂടുതൽ വിഭവസമാഹരണം നടത്തിക്കൊണ്ട് പ്രത്യുല്പാദനപരമല്ലാത്ത മേഖലയിലേക്ക് ചെലവു ചുരുക്കിക്കൊണ്ട് വികസന പ്രവർത്തനത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്ന നടപടിയുണ്ടാകണം. ആരെങ്കിലും ആ രീതിയിൽ ചിന്തിച്ചിട്ടുണ്ടെങ്കിൽ അവരെ പേരെടുത്ത് വിമർശിക്കുന്നതു തെറ്റാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. വികസന പ്രവർത്തനത്തിന് പണം വിനിയോഗിക്കുന്ന അവസരത്തിൽ ഒരു സന്തുലിതാവസ്ഥ പാലിക്കുവാൻ ഗവൺമെൻറ് നടപടിയെടുക്കണം. കഴിഞ്ഞ ദിവസം ഭരണാനുമതി കിട്ടിയതും കിട്ടാത്തതും പരിശോധിച്ചു നോക്കിയപ്പോൾ ഞങ്ങളെപ്പോലെയുള്ളവരുടെ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവരുമില്ല ലഭിക്കാത്തവരുമില്ലായെന്ന ശോചനീയമായ അവസ്ഥ കാണുന്നു. കേരളത്തിന്റെ ഭൂപടത്തെ ഒന്നായി കാണുവാനും അത് പ്രത്യേക മേഖല അല്ലെന്നു കണ്ടുകൊണ്ട് വകയിരുത്തുന്ന തുക കൃത്യമായും സത്യസന്ധമായും വകയിരുത്തുവാനുമുള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ നടപടികളിലേക്കെല്ലാംകൂടി സാക്ഷ്യം വഹിച്ചുകൊണ്ട് മുന്നോട്ടു പോകണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി : സർ, ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി സർക്കാരിനുവേണ്ടി ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിൽ നമുക്ക് സംഭരിക്കാൻ സാധിക്കാവുന്ന വിഭവങ്ങളും സ്വരൂപിച്ചുകൊണ്ട് ആവശ്യങ്ങളും നടത്തിപ്പോകുന്ന വളരെ പരിമിതമായ സാമ്പത്തിക വരുമാനത്തിന്റെയും വർദ്ധിച്ച ആവശ്യത്തിന്റെയും നടുവിൽ നിന്നുകൊണ്ട് ഒരു ധനകാര്യമന്ത്രിക്ക് തയ്യാറാക്കാൻ സാധിക്കുന്ന ഏറ്റവും നല്ല ഒരു ബഡ്ജറ്റാണ് ഇതെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ആവശ്യങ്ങളും വളരെ വലുതാണ്, വിഭവങ്ങളും വളരെ കുറവുമാണ്. ഇങ്ങനെയുള്ള ഒരു പ്രതിസന്ധിയിൽ നിന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ച് നമ്മുടെ സംസ്ഥാനം മുമ്പോട്ടു പോകുന്നതെന്ന് നമുക്കറിയാം. പ്രത്യേകിച്ച് ഐക്യജനാധിപത്യ മുന്നണി ഭരണത്തിൽ ജനങ്ങളും കൂടുതൽ അവകാശബോധമുള്ളവരും ഒരു നല്ല ജീവിതത്തെക്കുറിച്ച് കൂടുതൽ നല്ല ധാരണകളും സ്വപ്നങ്ങളുമുള്ളവരുമാണ്. ഇടതുപക്ഷമുന്നണിയുടെ ഭരണകാലത്ത് ജനങ്ങൾക്കുള്ള വലിയ പ്രശ്നം അവരുടെ ജീവനും സ്വത്തും മാനവും ഒക്കെ സംരക്ഷിക്കുകയാണ്. ആ പ്രതിസന്ധിയിലുള്ള വലിയ പ്രശ്നങ്ങളൊക്കെ മാറി ഐക്യ ജനാധിപത്യമുന്നണിയുടെ ഭരണത്തിൽ നാട്ടിൽ ശാന്തിയും സമാധാനവും ഒക്കെയുണ്ടായപ്പോൾ ജനങ്ങൾ കൂടുതൽ നല്ല ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാനും കൂടുതൽ നല്ല വിദ്യാഭ്യാസം, നല്ല ക്ഷേണം, നല്ല വസ്ത്രം എന്നീ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും ആലോചിക്കുവാനും തുടങ്ങിയെന്നുള്ളത് സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ മുഴുവനും നമ്മുടെ സംസ്ഥാനത്തുള്ളതിൽ വച്ച് പൂർണ്ണമാണ്. ഇത് ഞങ്ങളാരും അവകാശപ്പെടുന്നില്ല. ഇവിടെ 297 കോടി രൂപയുടെ കമ്മി 205 കോടി രൂപയാക്കി ചുരുക്കിക്കൊണ്ടുവന്നുയെന്ന ആ പശ്ചാത്തലത്തിൽ വേണം നമ്മൾ പരിശോധിക്കേണ്ടതെന്നാണ് എനിക്ക് പറയുവാനുള്ളത്. തീർച്ചയായിട്ടും കേരളത്തെ സംബന്ധിച്ചിടത്തോളം അത് അഭിമാനകരമായ ഒരു നേട്ടം തന്നെയാണ്. അതുകൊണ്ടാണ് പ്ലാനിംഗ് കമ്മീഷൻ നമ്മുടെ കുഴപ്പങ്ങളൊക്കെ അംഗീകരിച്ചുകൊണ്ട് 355 കോടി രൂപയുടെ ഒരു പദ്ധതി അംഗീകരിച്ചത്. അതിന്റെ ഫലമായി 100 കോടി രൂപ പദ്ധതി പ്രവർത്തനത്തിന് അഡ്വാൻസായി തരികയും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സഹായകരമായ സമീപനം കേന്ദ്രം നമ്മളോട് സ്വീകരിക്കുകയും ചെയ്തുതന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി 75 കോടി രൂപ കേന്ദ്രസഹായം തരികയും നമ്മുടെ പദ്ധതി 390 കോടി രൂപയായി അധികരിക്കുകയും ചെയ്തു. അതിനുപുറമെ 161 കോടി രൂപയുടെ കേന്ദ്ര ആവിഷ്കൃത പദ്ധതികളും കൂടി കൂട്ടിയാൽ ഏതാണ്ട് 551 കോടി രൂപയായിരിക്കും നമ്മുടെ പദ്ധതി. കേരളത്തിലെ ഈ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട് വേണം നമ്മൾ ഈവക കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത്. ഇവിടെ വികസന പരിപാടികളൊന്നും ഇല്ലെന്ന് എല്ലാ പ്രതിപക്ഷ മെമ്പർമാരും പറയുകയുണ്ടായി. പക്ഷെ സാധാരണ ബഡ്ജറ്റ് വിമർശനങ്ങളെ അപേക്ഷിച്ച് ഇവിടെ ഒരു പുതിയ ശബ്ദം കേൾക്കാൻ സാധിച്ചു. സാധാരണ പ്രതിപക്ഷങ്ങൾ പറയാറുള്ളത് പുതുതായിട്ടൊന്നും ഇല്ലെന്നാണ്. എന്നാൽ ഇപ്രാവശ്യം പറഞ്ഞത് ഈ പദ്ധതികളൊക്കെ നടപ്പിലാക്കാൻ നിങ്ങൾക്ക് സാധിക്കുമോയെന്നാണ്. അതിന്റെ അർത്ഥം ഈ ബഡ്ജറ്റിൽ കുറെ നല്ല പദ്ധതികളും നല്ല കാര്യങ്ങളും ഉണ്ടെന്നു തന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. മുതലായ പദ്ധതികളിൽക്കൂടി നമ്മുടെ കേരളത്തിലെ ഗ്രാമങ്ങളിൽ ഉണ്ടായിട്ടുള്ള വികസനത്തിന്റെ ചലനങ്ങൾ കുറച്ചു വർഷങ്ങളായിട്ട് എല്ലാവർക്കും കാണാൻ സാധിക്കുന്നതാണ്. വളരെ വിഷമകരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നുകൊണ്ട് തന്നെ ഈ വിധത്തിൽ നമ്മുടെ ഗ്രാമവികസനത്തെ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി നമ്മുടെ സർക്കാർ പ്രയത്നിച്ചുകൊണ്ടിരിക്കുന്നുയെന്നത് നമ്മൾ ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. ഐ. ആർ. ഡി. പി. പദ്ധതിക്കുവേണ്ടി 1986-87-ൽ 17 കോടി രൂപ നീക്കി വച്ചിരിക്കുകയാണ്. എൻ ആർ. ഇ. പി. ക്കുവേണ്ടി 1986-87-ൽ 19 കോടി രൂപ മാറ്റി വച്ചു. ആർ. എൽ. ഇ. ജി. പി. ക്കുവേണ്ടി 1986-87-ൽ 10 കോടി രൂപ നീക്കിവച്ചു. അതേ മാതിരി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ള വളരെ കാര്യമായ ഒരു കാര്യം കർഷക വായ്പയെക്കുറിച്ചാണ്. പല ഇടത്തട്ടുകാരെയും സമീപിച്ച് ഋണ ബാദ്ധ്യതകളും കൂടിക്കൂടി വന്നിരുന്ന കൃഷിക്കാർക്ക് സഹകരണ മേഖലയിൽ കൂട്ടുകൃഷിക്കാർക്കുള്ള വായ്പാവിതരണം കൂടുതൽ മെച്ചപ്പെടുത്തിയതിന്റെ ഫലമായി കുറേക്കൂടി നിവർന്നു നിൽക്കാനും ആശ്വാസം കാണുവാനും സാധിച്ചിട്ടുണ്ട്. 370 കോടി ഉറുപ്പിക കൃഷിക്കാർക്ക് വായ്പ കൊടുക്കണമെന്ന് ഉദ്ദേശിച്ച സ്ഥലത്തു നമ്മൾ 398 കോടി രൂപ വായ്പയായി വിതരണം ചെയ്തു കഴിഞ്ഞു. അതേ മാതിരി 1986-87-ലേക്ക് 415 കോടി രൂപയുടെ വായ്പ വിതരണം ചെയ്യുവാനായി നീക്കിവച്ചിട്ടുണ്ട്. അതു മാത്രമല്ല ഈ പഞ്ചവൽസര പദ്ധതി അവസാനിക്കുന്നതോടുകൂടി കാർഷിക മേഖലയിലെ കടങ്ങളുടെ 75 ശതമാനവും സഹകരണ മേഖലയിൽക്കൂടിത്തന്നെ വിതരണം ചെയ്യുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

ഈ ഗവൺമെന്റ് ഇവിടെ നടത്തിയിട്ടുള്ള പലവിധത്തിലുള്ള പദ്ധതികളിൽ ജലസേചനത്തെക്കുറിച്ച് ആർക്കും അഭിമാനംകൊള്ളാം. ജലസേചന പദ്ധതി ശ്രീ. എം. പി. ഗംഗാധരൻ കൈകാര്യം ചെയ്തുവെന്നുള്ളതുകൊണ്ട് മോശമാണെന്നു പറയുന്നതിൽ യാതൊരു അർത്ഥവും ഇല്ല. നമ്മുടെ സംസ്ഥാനത്ത് ജലസേചനത്തിന് 1986-87 കാലത്തേക്ക് 53 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. 84,000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ഇതുവരെ സാധിച്ചിട്ടുണ്ട്. ശുദ്ധജലവിതരണ രംഗത്തുണ്ടായ അഭിവൃദ്ധി അൽഭുതകരമാണ്. കേരളത്തിന്റെ പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം 65 ശതമാനം ആളുകളെ ശുദ്ധജലവിതരണത്തിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം 53 ശതമാനം ആളുകളും ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ എത്തിയിരിക്കുകയാണ്, അങ്ങനെ പലവിധത്തിലുള്ള പരിപാടികളും അടങ്ങിയിട്ടുള്ള ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യാൻ സാധിക്കുന്നില്ല എന്നുള്ള പ്രതിപക്ഷത്തിന്റെ നിലപാട് കഷ്ടമാണ് എന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ പുതിയ പരിപാടികളെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ ധാരാളം പറഞ്ഞിട്ടുണ്ട്. വിദ്യുച്ഛക്തി വിതരണത്തിന്റെ കാര്യത്തിൽ പല ആനുകൂല്യങ്ങളും ഉണ്ട്. സ്ലാബ് സിസ്റ്റത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. കർഷകർക്കുള്ള വിദ്യുച്ഛക്തി കണക്ഷനെ സംബന്ധിച്ചും അതുമാതിരി വ്യവസായ കണക്ഷനെ സംബന്ധിച്ചുമൊക്കെ വളരെ ആനുകൂല്യങ്ങളുള്ള പദ്ധതികളുമായി മുന്നോട്ടു വന്നിരിക്കുകയാണ്.

അതുപോലെതന്നെ തൊഴിൽരഹിതരായിട്ടുള്ളവർക്ക് വ്യവസായങ്ങൾ തുടങ്ങാൻ വായ്പ കൊടുക്കുന്ന പദ്ധതി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. അതു മോശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ വലിയ പ്രധാന്യമൊന്നുമില്ല എന്നു വരുത്തിത്തീർക്കാനുള്ള ശ്രമം ചിലഭാഗത്തുനിന്നും കാണുകയുണ്ടായി. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഒരു ലക്ഷം രൂപ മൂലധനം സ്വരൂപിച്ച് വ്യവസായം തുടങ്ങാൻ സൗകര്യപ്പെടുത്തുന്ന ഒരു പദ്ധതിയാണ് ഇത്. നമ്മുടെ നാട്ടിൽ 25 ലക്ഷത്തോളം തൊഴിലില്ലാത്ത ആളുകളും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തിൽ ഇത്തരം ഒരു പരിപാടി കൊണ്ടുവന്നപ്പോഴും പോലും ഒരു നല്ലവാക്ക് അതേക്കുറിച്ച് പറയാതെ കേവലം വിമർശനങ്ങളുമായി നടക്കുന്നത് ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്.

ഇവിടെ കൃഷിവികസനത്തെ സംബന്ധിച്ച് പറഞ്ഞു. നെൽകൃഷി വികസന അതോറിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. നമ്മൾ ഭക്ഷിക്കുന്നത് അരികൊണ്ടുള്ള വിഭവങ്ങളാണ്. നമ്മൾ ഉപയോഗിക്കുന്ന അരിയുടെ ഏതാണ്ട് മൂന്നിൽ രണ്ടു ഭാഗം പുറത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. അങ്ങനെ ഇറക്കുമതി ചെയ്തിട്ടുവേണം നമ്മുടെ സംസ്ഥാനത്തിനു ജീവിക്കുവാൻ. അതിനുവേണ്ടിമാത്രം 700 കോടി രൂപയാണ് നമ്മുടെ സംസ്ഥാനം ചെലവഴിക്കുന്നത്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ നെൽകൃഷി ആദായകരമല്ലെന്നുള്ള കർഷകരുടെ പരാതിയുടെ ഫലമായി നെൽപ്പാടങ്ങൾ കുറഞ്ഞുകുറഞ്ഞുവരുന്ന സാഹചര്യമുണ്ട്. നെൽക്കൃഷിക്കാർക്ക് സഹായകരമാക്കുന്ന രീതിയിൽ ശാസ്ത്രീയമായി വിദഗ്ദ്ധമായി അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു അതോറിറ്റി രൂപീകരിച്ചിരിക്കുന്നുവെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശാവഹമായിട്ടുള്ള ഒരു കാര്യമാണ്.

നികുതിനിർദ്ദേശങ്ങളുള്ള ഒരു ബഡ്ജറ്റാണ് ഇത്. നികുതിനിർദ്ദേശങ്ങൾ ഇല്ലാത്തതുകൊണ്ടുമാത്രം ഒരു ബഡ്ജറ്റ് നന്നാകുകയില്ല. പക്ഷേ നികുതി നിർദ്ദേശങ്ങൾ ആരുടെമേൽ പതിക്കുന്നു ? സർക്കാരിന് ആവശ്യമായിട്ടുള്ള വിഭവങ്ങൾ എവിടെനിന്നും ശേഖരിക്കുന്നുവെന്നതാണ് പ്രധാനം. ഇന്നിവിടെ നിർദ്ദേശിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങൾ എല്ലാംതന്നെ സാധാരണക്കാരെ ബാധിക്കാത്തവിധത്തിൽ ധനകാര്യവകുപ്പുമന്ത്രി വളരെ വിദഗ്ദ്ധമായി ആസൂത്രണം ചെയ്തിരിക്കുന്നു. വിദേശമദ്യം, അതുപോലെതന്നെ ലിഫ്റ്റ് തുടങ്ങിയ സാധനങ്ങൾക്ക് നികുതി ചുമത്തി സാധാരണക്കാരെയാതൊരുവിധത്തിലും ബാധിക്കാത്ത കാര്യങ്ങൾക്കാണ് നികുതി ചുമത്തിയിരിക്കുന്നത്. അതേസമയം കാർഷികാദായ നികുതിയെ സംബന്ധിച്ചിടത്തോളം ഒരു പരിഷ്കരണം ഏർപ്പെടുത്തുമെന്നു പറഞ്ഞത് ഞാൻ വളരെ സന്തോഷത്തോടുകൂടി പരിശോധിക്കുകയുണ്ടായി. കാർഷികാദായ നികുതി എന്നത് ഓരോ കർഷകന്റെയും ആദായത്തെ സംബന്ധിക്കുന്നതാണ്. അതുകൊണ്ട് കൃഷിക്കാരന് പലപ്പോഴും കാർഷികാദായ നികുതി ഓഫീസറുടെ ദയാദാക്ഷിണ്യത്തിനു വിധേയനാകേണ്ടിവരുന്നുണ്ട്. തമിഴ്നാട്ടിലും മറ്റും നിലവിലുള്ളതുപോലെ ഭൂമി ക്ലാസിഫൈ ചെയ്ത് അതിലുള്ള കൃഷിയേതാണെന്നു പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സമ്പ്രദായം നമ്മുടെ സംസ്ഥാനത്തു നടപ്പാക്കാൻവേണ്ടി ആലോചിക്കുന്നു എന്നുള്ളത് വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ആ കാര്യത്തെ സംബന്ധിച്ച് ഗാഢമായി ആലോചിച്ച് അത് നടപ്പാക്കാൻവേണ്ടി ശ്രമിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്തെ വിഭവസമാഹരണത്തിൽ നമുക്ക് കിട്ടിയിട്ടുള്ള മിച്ചത്തെ സംബന്ധിച്ചിടത്തോളം വളരെ വളച്ചൊടിച്ച് വളരെ

LIBRARY ARCHIVES Kerala Legislative Assembly

അവാസ്തവമായരീതിയിലാണ് പ്രതിപക്ഷങ്ങൾ ഇവിടെ അവതരിപ്പിച്ചത്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുന്ന 77 ശതമാനം സഹായത്തിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേകമായ ശ്രമത്തിന്റെ ഫലമായി അത് 88 ശതമാനമായി വർദ്ധിപ്പിച്ചു കിട്ടിയെന്നതാണ് വാസ്തവം. അതേക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി തന്നെഇവിടെപറയുകയുണ്ടായി. ഇവിടെ പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചിട്ടുള്ള ഒരു വാദഗതിയുണ്ട്. കേന്ദ്രം നമ്മെ പാടെ അവഗണിക്കുന്നു. കേന്ദ്രം നമുക്ക് ഒന്നും തരുന്നില്ല എന്നുള്ളതാണ്. ഇപ്പോൾ പറയുന്നത് നിങ്ങൾ ഇവിടെ മിച്ച ബഡ്ജറ്റ് തയ്യാറാക്കി കൊണ്ടുവന്നത് കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയിട്ടുള്ള സഹായങ്ങൾ കൊണ്ടല്ലേ, എന്നാണ്. ഇതുവരേയും കേന്ദ്രം നമ്മെ കയ്യൊഴിയുകയായിരുന്നു, നമുക്ക് യാതൊരു വിധത്തിലുള്ള സഹായവും കിട്ടിയിട്ടില്ല എന്നു പറഞ്ഞിരുന്ന ആളുകൾ ഇപ്പോൾഈ പദ്ധതികളൊക്കെകേന്ദ്രത്തിന്റെ സഹായത്തിന്റെ അടിസ്ഥാനത്തിലല്ലേ എന്നാണ് ചോദിക്കുന്നത്. നമ്മുടെ സംസ്ഥാന സർക്കാരിന്റെ കേന്ദ്ര സമീപനത്തിന്റെ ഫലമായിട്ടുണ്ടായ മാറ്റമല്ലേയിതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ബേബിജോൺ സംസാരിച്ചപ്പോൾ വളരെ വിദഗ്ധമായി ഇവിടെ പ്രൊജക്ട് ചെയ്ത ഒരു കാര്യമുണ്ട്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സെയിൽസ് ടാക്സ്, അതുപോലെയുള്ള നികുതി വരുമാനങ്ങൾകൊണ്ട് വർഷത്തിന്റെഅവസാനത്തിലുണ്ടാക്കുന്ന വർദ്ധനവ് ഈ ബഡ്ജറിന്റെ റീസോഴ്സ് മൊബിലൈസേഷനിൽ ജനറേറ് ചെയ്തില്ല, ഇതെല്ലാം ഞങ്ങളുടെ കഴിവാണ് എന്നു വരുത്തിത്തീർക്കാൻവേണ്ടി ഇവിടെ തെറ്റായ കാര്യങ്ങൾ പറയുകയാണ് എന്നൊക്കെയാണ് അദ്ദേഹം വളരെ വിദഗ്ദ്ധമായി ഉരുട്ടിക്കൊണ്ടുവന്ന ഒരു വാദഗതി. അതു പൊളിഞ്ഞുപോയി എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പിന്നെ അദ്ദേഹം പറയുന്നതെന്താണ് ? ആദായനികുതി, സെയിൽസ് ടാക്സ് എന്നിവയിൽ വന്നിട്ടുള്ള വർദ്ധനവ് ഒരു ഇൻഫ്ളേഷന്റെ ഭാഗമാണെന്നാണ് അദ്ദേഹം പറയുന്നത്. അതുപോലെതന്നെ അങ്ങനെയുള്ള വരുമാന മാർഗ്ഗങ്ങൾ ഒന്നും ശരിയായ രൂപത്തിൽ സഭയിലോ അല്ലെങ്കിൽ ബഡ്ജറിലോ പ്രതിപാദിക്കാതിരിക്കുകവഴി അത് സംസ്ഥാനത്തെ ജനങ്ങളോടും നിയമസഭയോടും ചെയ്യുന്ന കളവാണ് എന്നാണ് അദ്ദേഹം പറയുന്നത്. തുടർന്ന് ഈ വർദ്ധനവൊക്കെ ഒരു വിലവർദ്ധനവിന്റെ ഫലമാണെന്നും പറയുന്നു. ഈ വാദഗതികൾ ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അതേക്കുറിച്ച് ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഇൻഫ്ലേഷനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നമ്മുടെ വരുമാനത്തിന്റെ യഥാർത്ഥമായ സ്ഥിതിയിൽ നമ്മൾ പ്രതീക്ഷിക്കാത്തത്ര വരുമാനമുണ്ടായി. അതുകൊണ്ട് ആ സംഖ്യകൾ ഒക്കെകണക്കിലെടുത്തുകൊണ്ടുവേണ്ടേ, പുതിയ ബഡ്ജറ് തയ്യാറാക്കാൻഎന്ന്. അതിന് അദ്ദേഹം പറയുന്ന ഇൻഫ്ളേഷനെ ആശ്രയിക്കാമോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെയുണ്ടായിട്ടുള്ള വിലവർദ്ധനവ്, ഇവിടെയുണ്ടായിട്ടുള്ള വരുമാനങ്ങൾ ഇൻഫ്ളേഷന്റെ ഫലമായിട്ടാണ് എന്നു പറയുകയും അതേ അവസരത്തിൽ തന്നെ കഴിഞ്ഞവർഷം നമ്മൾ പ്രതീക്ഷിക്കാതുണ്ടായ ഈ വരുമാനങ്ങളെ ഒന്നും ബഡ്ജറ് രൂപീകരിച്ചപ്പോൾ ആശ്രയിച്ചില്ല എന്നു പറയുന്നതുവാസ്തവത്തിൽ എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ബേബിജോൺ : ഓരോവർഷവും സ്വാഭാവികമായിട്ടുണ്ടാകുന്ന വർദ്ധനവ്, അതിൽനിന്നുണ്ടാകുന്ന വരുമാനവർദ്ധനവ് ഇവിടെ ഇൻഫ്ളേഷൻ കൊണ്ട് ഉണ്ടാകുന്നതും വിദേശരാജ്യങ്ങളിൽ നിന്നും ഉണ്ടാകുന്ന തുക ചെലവാക്കുന്നതിൽ വരുന്ന വർദ്ധനവ് ഇതെല്ലാം കൂടിയുള്ള ഏകദേശവരുമാനം നമുക്ക് കണക്ക് കൂട്ടാവുന്നതാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി : ഈ വിധത്തിലുള്ള വരുമാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെയെല്ലാം ആശ്രയിച്ച് ഇത്തരം ഒരു സാഹചര്യത്തിൽ ഏതെങ്കിലും ഒരു പ്രത്യേക വരുമാനമുണ്ടായിട്ടുണ്ടോ? അതിനെമാത്രം ആശ്രയിച്ചു കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കിയാൽ നമ്മൾ പ്രതീക്ഷിച്ച സംഖ്യയില്ലാതെ വരുമ്പോൾ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയെ ഏറ്റവും ഗുരുതരമായി ബാധിക്കുമെന്നാണ് ഞാൻ പറയുന്നത്. നേരേമറിച്ച് സാങ്കൽപ്പികമായ വരുമാനത്തിൽ അൽപ്പം കുറഞ്ഞ വർദ്ധനവ് ഉണ്ടായി എന്നു വിചാരിച്ചാൽ നമ്മുടെ സാമ്പത്തികഘടനയെ വലുതായി ദ്രോഹകരമായി അതു ബാധിക്കുകയില്ലേ? ഏതെങ്കിലും ഒരു സവിശേഷ ഘട്ടത്തിൽ ഉണ്ടായിട്ടുള്ള വരുമാനത്തെ ആശ്രയിച്ചുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുകയാണെങ്കിൽ ആ വർദ്ധനവ് പിന്നീട് ഇല്ലാതെയാകുകയാണെങ്കിൽ നമ്മുടെ സാമ്പത്തിക ഘടനയെ അതു വളരെ ദോഷകരമായി ബാധിക്കുമെന്നാണ് എനിക്കു പറയാനുള്ളത്.

കുഴൊറിക്കളുടെ ആഗമനത്തെ സംബന്ധിച്ച നാലാമത്തെ അദ്ധ്യായം ഇന്നിവിടെ അവതരിപ്പിച്ചതുകൊണ്ട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. കുഴൊറിക്കാരുടെ കാര്യത്തിൽ കുറക്കാരായ ആളുകളെ ശിക്ഷിക്കരുത് എന്നുള്ളതല്ല ഞങ്ങളുടെ നിലപാട്. നേരെമറിച്ച് പ്രതിപക്ഷം പറയുന്നതുപോലെ ഈ സാക്ഷികളെയൊക്കെ പ്രതികളാക്കി മാറ്റരുത് എന്നാണ് എനിക്ക് പറയാനുള്ളത്. കുഴൊറിക്കളെ കണ്ടവരേയും അവരോട് മിണ്ടിയവരേയും അവരുടെകൂടെ കോഴിയിറച്ചി തിന്നവരേയും ഒക്കെ കേസിൽകുടുക്കി പ്രതികളാക്കുന്ന സംഭവം ഉണ്ടാകരുത് എന്നാണ് ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഞാനൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. രാജ്യദ്രോഹക്കുറ്റം ചുമത്തി ഞങ്ങളെ ഭീഷണിപ്പെടുത്താൻ ശ്രമിക്കരുതെന്നു ഞാൻ പറയുകയാണ്. ബ്ലാക്ക്മെയിലിംഗിന് ശ്രമിക്കരുത്. കാരണം അതിലൊരു കാര്യവുമില്ല.

ശ്രീ. പി. സി. ജോർജ്ജ്: പ്രതിപക്ഷ നേതാക്കന്മാർ പ്രധാനമന്ത്രിയ്ക്ക് കൊടുത്ത ഒരു മെമ്മോറാണ്ടത്തിൽ 44/85, 45/85 എന്ന് സെൻട്രൽ ഹോം മിനിസ്ട്രിയുടെ നമ്പർ കാട്ടി ചെയ്തിരിക്കുകയാണ്. ഈ രാജ്യത്തിന്റെ ദേശീയ രക്ഷ കണക്കാക്കുന്ന വളരെ രഹസ്യമായ ഇ രേഖയുടെ നമ്പരും മറ്റും എങ്ങനെ ഈ പ്രതിപക്ഷ നേതാക്കന്മാർക്ക് കിട്ടി? ഇതൊക്കെ അന്വേഷണ വിധേയമാക്കേണ്ടതല്ലേ?

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: അത് വളരെ അപകടകരമായ ഒന്നാണ്. ശ്രീ. ബേബിജോൺ ഒരു മോഷൻ അവതരിപ്പിച്ചുകൊണ്ട് ഇവിടെ പ്രസംഗിച്ചപ്പോൾ ഞാനിവിടെ പറയുകയുണ്ടായി. പ്രതിപക്ഷം അതിനെ ഡെസ്ക്കിലടിച്ച് സ്വാഗതം ചെയ്യുകയും ചെയ്തു. അതിനുശേഷം അവിടെ നിന്ന് പ്രസംഗിച്ച ആളുകളും ഞങ്ങളും പത്രക്കാരെവിമർശിക്കുകയാണ് ചെയ്തത് എന്നുള്ള രീതിയിൽ പ്രസംഗിച്ചത് ന്യായമാണോ? പത്രത്തിൽ വന്നതിനെ ഞാൻ ചോദ്യം ചെയ്യുകയല്ല. അതുകൊണ്ട് ഞങ്ങളെ രാജ്യദ്രോഹകുറ്റം ചുമത്തി ബ്ലാക്ക് മെയിലിംഗിന് വിധേയമാക്കാമെന്നാരും സംശയിക്കേണ്ട. ഒരു കാലത്തും കാണാത്ത വിധത്തിൽ വളരെ ദുർബ്ബലമായ പ്രതിപക്ഷമാണിത്. പ്രതിപക്ഷത്തെ ശക്തിപ്പെടുത്താൻ യാതൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് ഐക്യജനാധിപത്യ മുന്നണിയിൽ വിള്ളലുണ്ടാക്കാനാണ് അവർ ശ്രമിക്കുന്നത്. അവർക്ക് സ്വന്തമായി ഒരു ശക്തിയുമില്ലെന്നുള്ള നിഗമനത്തിലവർ എത്തിച്ചേർന്നിരിക്കുകയാണ്. കുളക്കടവിൽ പെണ്ണുങ്ങൾ പരസ്പരം പരദൂഷണം പറയുന്നതുപോലെ ഇന്നത്തെ പ്രതിപക്ഷ കക്ഷികളിവിടെ വന്ന് ഞങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ടിന്നിപ്പുണ്ടെന്നു പറയുന്നു. ഈ സ്ഥിതി തുടരുന്നതിലുള്ള സമീപന മൊന്നവസാനിപ്പിക്കണം. മാർക്സിസ്റ്റു പാർട്ടിയിലുണ്ടായ പുതിയ ചലനങ്ങളെ വലിയ ഒരാദർശവാദത്തിന്റെ ആവരണമായി ഉന്നയിച്ചുകൊണ്ടു വന്നപ്പോഴാണു ഞങ്ങൾ പറഞ്ഞതു ഇ. എം. എസ്സിന്റെ ആശ്രിതന്മാർക്കു മാത്രമേ മാർക്സിസ്റ്റു പാർട്ടിയിൽ സ്ഥാനമുള്ളു എന്നു്. അതാണിന്നു നടന്നുകൊണ്ടിരിക്കുന്നതു്. വളരെ ആത്മാർത്ഥതയുള്ള പാർട്ടി പ്രവർത്തകന്മാരെ മുഴുവൻ മാറ്റി നിറുത്തി വെറും കൈപൊക്കികളേയും റാൻ മൂളികളേയും മാത്രമാണു അവിടെയിരുത്തിയിരിക്കുന്നതു്. അതു കൊണ്ടെനിക്കു പറയാനുള്ളതു സി. പി. ഐ. എം. എന്നുള്ള പേരിനു പകരം സി. പി. ഐ. എൻ. എന്നുള്ള പേരു നിങ്ങൾ സ്വീകരിക്കണമെന്നാണു്.

(ബഹളം)

കാരണം നിങ്ങൾ കാറൽ മാർക്സിന്റെ കമ്മ്യൂണിസ്റ്റു് സിദ്ധാന്തമല്ല കൈക്കൊള്ളുന്നതു്. നമ്പൂതിരിപ്പാടിന്റെ കമ്മ്യൂണിസമാണു് തുടരുന്നതു്. സി. പി. ഐ. എൻ. എന്നുള്ള പേരാണു് ഏറ്റവും അർത്ഥവത്തായിട്ടുള്ളതു്. അഖിലേന്ത്യാ ലീഗിനെ പുറത്താക്കി എന്നൊക്കെ വലിയ പ്രഖ്യാപനം നടത്തുന്നു. ലീഗ്മായിട്ടു് കൂട്ടില്ല. അതുകൊണ്ടു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു് പാർട്ടി വലിയ രക്ത സാക്ഷിത്വം കൈവരിച്ചിരിക്കുന്നു എന്നൊക്കെയാണു് പറയുന്നതു്. ഞങ്ങളെ അവർ വിളിച്ചിട്ടു് പെന്നില്ല എന്നുള്ളതാണു് വാസ്തവം. കഴിഞ്ഞ 16 കൊല്ലക്കാലമായി പല പല വാഗ്ദാനങ്ങളുമായി പിന്നാലെ നടന്നിട്ടു് ഞങ്ങൾ തിരിഞ്ഞു നോക്കാത്തതു കൊണ്ടു് ഇപ്പോൾ വർഗ്ഗീയ പാർട്ടി എന്നു് പറയുകയാണു്. പ്രേമാഭ്യർത്ഥനയുമായി പിന്നാലേ നടന്നപ്പോൾ ആട്ടിപ്പായിച്ച ഒരു സ്ത്രീയെ വേശ്യ എന്നു് വിളിച്ച ഹതാശനായ, പരാജിതനായ ഒരു കാമുകന്റെ ജൽപ്പനങ്ങളിലധികം ഇതിനു് യാതൊരു വിലയും ഞങ്ങൾ കൽപ്പിക്കുകയില്ലെന്നാണെനിക്കു പറയാനുള്ളതു്. നമ്പൂതിരിപ്പാടിനുപോലും ഞങ്ങളെക്കുറിച്ചു് എന്തൊന്നു മധുരപ്രതീക്ഷകളായിരുന്നു. 1977-ലെ തെരഞ്ഞെടുപ്പു സമയത്തു് അദ്ദേഹം പറയുകയുണ്ടായി. മുഹമ്മദുകോയയും ഞാനും കൂടിയപ്പോൾ കരുണാകരനെ നമ്മൾ 9 ആക്കിക്കുറച്ചു. അതുകൊണ്ടു് ഒന്നുകൂടി എന്റെ കൂടെ വന്നാൽ ആ 9-ന്റെ വാലും കൂടി കുറയ്ക്കാമെന്നു്. നമ്പൂതിരിപ്പാടിനു് തന്നെ എന്തു സ്വപ്നങ്ങളായിരുന്നു.

ശരിയത്തിനെക്കുറിച്ചു് ഏറ്റവും ശക്തമായ വിവാദം നടക്കുന്ന കാലത്തു് തിരുവനന്തപുരത്തു് അദ്ദേഹം പ്രസംഗിച്ചു. ശരിയത്തിനെക്കുറിച്ചു് എനിയ്ക്കൊരഭിപ്രായമുണ്ടു്, മുഹമ്മദുകോയക്കു് വേറൊരഭിപ്രായമുണ്ടു്. മുഹമ്മദുകോയയ്ക്കും എനിക്കും വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ളപ്പോൾ തന്നെയാണു ഞങ്ങൾ ഇടതുപക്ഷ മുന്നണിയിലിരുന്നതു്. ഞങ്ങളെ കിട്ടുന്നില്ലെന്നായപ്പോൾ വർഗ്ഗീയപാർട്ടിയായി ഞങ്ങളെ വിശേഷിപ്പിക്കുകയാണു്. ഐക്യജനാധിപത്യ മുന്നണി വളരെ ഉൽക്കണ്ഠയോടുകൂടി ആശാവഹമായ ഭരണപരിപാടിയുമായി മുന്നാട്ടുപോകും എന്നുള്ളതിൽ ഈ രാജ്യത്തെ ജനങ്ങൾ സംതൃപ്തരാണു്. നിങ്ങളതിൽ വെപ്രാളം കൊണ്ടിട്ടു കാര്യമില്ല. നിങ്ങൾ വിചാരിച്ചു കരുണാകരൻ മുഖ്യമന്ത്രി സ്ഥാനം രാജി വയ്ക്കുമെന്നു്. ഐക്യജനാധിപത്യ മുന്നണി തകർന്നു തരിപ്പണമാകുമെന്നു്. ആ പ്രതീക്ഷകളൊക്കെ തെറ്റിപ്പോയി. ജനങ്ങൾ നിങ്ങളുടെ കാര്യങ്ങളൊക്കെ വളരെ വേഗം മറന്നു പോകുന്നു. അല്ലെങ്കിൽ നിങ്ങൾക്കിന്നിവിടെ ഇരിക്കാൻ പറ്റുകയില്ലായിരുന്നു. അങ്ങാടിയിലേക്കു് ചെന്നാൽ അട്ടിമറിക്കാർ. നമ്മുടെ വിദ്യാർത്ഥികൾ എങ്ങിനെയാണു് സ്കൂളിൽ പോയിക്കൊണ്ടിരുന്നതു് കത്തിയും സൈക്കിൾ ചെയിനും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടായിരുന്നു അവർ സ്കൂളിൽ പോയിരുന്നത്. മർക്സിസ്റ്റ് കാനനാണ് അക്രമിയെങ്കിൽ അവിടെ നിയമവും നിയമപാലകന്മാരും വിറങ്ങലിച്ചു നിൽക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ഐക്യജനാധിപത്യ മുന്നണി ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ ചെയ്ത വാഗ്ദാനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ഐക്യജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷയ്ക്ക് അനുസൃതമായി ഉള്ളുതുറന്ന ചർച്ചയോടുകൂടി കൂടുതൽ ഉൽക്കർഷത്തോടുകൂടി ഈ സമുദായത്തെ ഉൽക്കർഷത്തിലേക്ക് നയിക്കാൻ വേണ്ടി ഞങ്ങൾ മുന്നോട്ടു നീങ്ങും എന്നുള്ള പ്രതിജ്ഞ ഒരിക്കൽക്കൂടി പുതുക്കിക്കൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ വർഷം ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ പല കാരണങ്ങൾ കൊണ്ടും നമ്മുടെ സാമ്പത്തികനില മെച്ചമായിരുന്നില്ല. ഇന്നത്തെ സാമ്പത്തിക രംഗത്തെ ചിത്രം തികച്ചും വ്യത്യസ്തമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില മറ്റു സംസ്ഥാനങ്ങളുടേതുമായി തട്ടിച്ചുനോക്കുമ്പോൾ വളരെയധികം മെച്ചപ്പെട്ടിരിക്കുന്നു എന്നു കാണാൻ സാധിക്കും. കമ്മി നികത്തിയതുകൊണ്ടുമാത്രമല്ല, വികസന പ്രവർത്തനങ്ങളിൽ കൂടുതൽ പണം ചെലവഴിച്ചപ്പോഴും മിച്ചത്തിലേക്ക് നമുക്ക് നീങ്ങാൻ സാധിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടിയത് പല മേഖലകളിൽ. കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകിയ ഉദാരമായ സഹായംകൊണ്ടും ഈ ഗവൺമെന്റ് ഒറ്റക്കെട്ടായി നിന്നുകൊണ്ട് സ്വീകരിച്ച സാമ്പത്തിക നിയന്ത്രണങ്ങൾ വച്ചുകൊണ്ടുമാണ്. ഇന്നു നടന്നുവരുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ ഒന്നുപോലും ഉപേക്ഷിക്കാതെ ഇപ്പോൾ പല പ്രവർത്തനങ്ങളും ഈ ബഡ്ജറ്റിലൂടെ ഏർപ്പെടുത്തിയിരിക്കുകയാണ്. ബഡ്ജറ്റിലുള്ളതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതി, നെൽക്കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി, തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന പദ്ധതി ഇങ്ങനെ നിരവധി പദ്ധതികളുണ്ട്. നിലവിലുള്ള എല്ലാ വികസന ക്ഷേമപ്രവർത്തനങ്ങളും നിലനിറുത്തിക്കൊണ്ട് തന്നെ കൂടുതൽ മേഖലകളിലേക്ക് ആശ്വാസങ്ങൾ എത്തിക്കുന്നതിനും വികസനങ്ങൾ എത്തിക്കുന്നതിനും ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ വരുന്ന പുതിയ വരുമാന മാർഗ്ഗങ്ങളാണ് വിമർശനങ്ങൾക്ക് വിധേയമാകുന്നത്. അതുപോലെ സാധാരണക്കാരനെ ബാധിക്കുന്ന വില വർദ്ധനവ്, ഉണ്ടാകുന്നു എന്നുള്ളതാണ് പ്രധാനമായിട്ട് വരുന്ന ആക്ഷേപം. ഈ ബഡ്ജറ്റിൽ നമ്മുടെ ധനകാര്യമന്ത്രി 32 കോടി രൂപയുടെ അധിക വരുമാനം കണ്ടെത്തിയിരിക്കുന്നു. അത് സാധാരണക്കാരെ ബാധിക്കുമെന്നോ ഇവിടെ വിലക്കയറ്റം ഉണ്ടാക്കുമെന്നോ പ്രതിപക്ഷത്തുനിന്നുപോലും ആക്ഷേപം ഉന്നയിക്കാൻ സാദ്ധ്യമല്ല. അതുപോലെയുള്ള മേഖലകളിൽ നിന്നാണ് ഈ അധികവരുമാനം കണ്ടെത്തിയിട്ടുള്ളത്. പ്രതിപക്ഷ നേതാക്കൻമാരടക്കം എല്ലാവരും പറഞ്ഞു ഇത് കണക്കുകൊണ്ടുള്ള ഒരു കളിയാണെന്ന്. വസ്തുനിഷ്ഠമായി നമ്മുടെ സാമ്പത്തിക നില പരിശോധിച്ചു നോക്കിയാൽ പല സാഹചര്യങ്ങളിലും നമ്മുടെ സാമ്പത്തിക രംഗത്ത് ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കാണാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

2 P. M.

ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തിൽ തന്നെ പറഞ്ഞു നമ്മുടെ ബാദ്ധ്യതകളും, കൊടുത്തുതീർക്കാനുള്ള പണം കൊടുത്തുതീർക്കുമെന്നു്. ബാദ്ധ്യതകളും, പലതും തീർത്തിരിക്കുന്നു, തീർത്തുകൊണ്ടിരിക്കുന്നു. ചെയ്തുതീർത്ത പണികളുടെ ബില്ലുകളും മുഴുവൻ കൊടുക്കാൻ, സഹകരണസംഘങ്ങൾക്കു് നൽകുവാനുള്ള കുടിശ്ശികകളും നൽകുവാൻ ഒക്കെ നടപടികളും സ്വീകരിച്ചിരിക്കുന്നു. ചില ബാദ്ധ്യതകളും പിന്നീടു് ഉണ്ടായേക്കാം. ആ ബാദ്ധ്യതകളും തീർക്കുവാനുള്ള സാമ്പത്തികശക്തി ഇന്നു നമ്മുടെ സംസ്ഥാനം നേടിയിരിക്കുന്നുഎന്നുള്ളതാണു് പ്രത്യേകത. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെക്കുറിച്ചു് പ്രതിപക്ഷത്തിനു് സംശയം തോന്നുമ്പോൾ ചിലതാരതമ്യപഠനം നടത്തുന്നതായിരിക്കും എപ്പോഴും നല്ലതു്. പശ്ചിമബംഗാളിൽ മൊത്തം വരുമാനത്തിന്റെ 36 ശതമാനമാണു് കടബാദ്ധ്യത തീർക്കുവാൻവേണ്ടി മാറ്റിവച്ചിട്ടുള്ളതു്. അതു് ആകെ ഇന്ത്യാ ആവറേജു് 19 ശതമാനമാണു്. അവിടേയും ഒരു മിച്ചബഡ്ജറ്റു് അവതരിപ്പിച്ചു. അവിടെ മിച്ച ബഡ്ജറ്റു് അവതരിപ്പിച്ചപ്പോഴും കുറെ നികുതിയിളവുകളൊക്കെ പ്രഖ്യാപിച്ചു. ആർക്കാണു് ? കാറിന്റെ നികുതി 15 ശതമാനത്തിൽനിന്നു് നാലു ശതമാനമാക്കി. സിന്തറിക്ക്ലോത്തിന്റേയും മാർബിളിന്റേയും നികുതി 15 ശതമാനത്തിൽനിന്നു് 11 ശതമാനമായി കുറച്ചു. റവ. വി. യുടെ നികുതി പൂർണ്ണമായിട്ടു് എടുത്തുകളഞ്ഞു. സമ്പന്നവിഭാഗങ്ങളുപയോഗിക്കുന്ന സാധനങ്ങൾക്കു് നികുതിയിളവു് അനുവദിച്ചു. അഞ്ചു ഡി.എ.കുടിശ്ശിക വരുത്തിക്കൊണ്ടു് ബാദ്ധ്യതകളും നിലനിറുത്തിക്കൊണ്ടാണു് അവിടെ ബഡ്ജറ്റു് അവതരിപ്പിച്ചതു്. ശ്രീ. രാജീവ്ഗാന്ധി പെട്രോളിയം ഉല്പന്നങ്ങൾക്കു് വില കൂട്ടി. ഈ രാജ്യത്തു് വില വർദ്ധനവുണ്ടാക്കുന്നു എന്നു പറഞ്ഞുകൊണ്ടു് ഭാരത ബന്ദു് നടത്തിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഭരിക്കുന്ന പശ്ചിമബംഗാളിൽ കൽക്കരിക്കു് 30 ശതമാനം സെസു് ഏർപ്പെടുത്തിയിരിക്കുകയാണു്. എല്ലാ സാധനങ്ങൾക്കും വില വർദ്ധനവിനു് സഹായകമായിട്ടുള്ള 30 ശതമാനം വർദ്ധനവു് കൽക്കരിക്കു് ഏർപ്പെടുത്തി. അതിന്റെ ഫലമെന്താണു് ? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു് സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് സമരം ചെയ്തവർ ശ്രീ. ജ്യോതി ബാസു അവതരിപ്പിച്ച ബഡ്ജറ്റിൽ പശ്ചിമബംഗാളിൽ മാത്രമല്ല രാജ്യത്തൊട്ടാകെ വിലവർദ്ധനവു് സൃഷ്ടിക്കത്തക്കവിധത്തിലുള്ള സെസു് ഏർപ്പെടുത്തിയിരിക്കുകയാണു്. ഈ വിലവർദ്ധനവു് നിയന്ത്രിക്കേണ്ടതാണു്. ഇന്നത്തെ സാഹചര്യത്തിൽ നമ്മെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണു്. കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. വി. പി. സിംഗ് ദേശീയതലത്തിൽ വില സ്ഥിരത കൈവരുത്തുന്നതിനുവേണ്ടി അഡ്മിനിസ്ട്രേർഡു് പ്രൈസ്പോളിസി എന്ന നിർദ്ദേശം മുന്നോട്ടുവച്ചു. താഴ്ന്ന വരുമാനക്കാർക്കു്. നിശ്ചിത വരുമാനക്കാർക്കു് ഒക്കെ വളരെ ആശ്വാസകരമായ ഈ നയത്തോടു് ഇന്നും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും പ്രതിപക്ഷവും പ്രതികരിച്ചിട്ടില്ല. ഈ രാജ്യത്തെ സാധാരണക്കാർക്കു് സ്ഥിരമായ, നിശ്ചിതമായ വിലയ്ക്കു് സാധനങ്ങൾ ലഭ്യമാക്കുന്ന സ്ഥിരമായ ഒരു നിർദ്ദേശം മുന്നോട്ടുവച്ചിട്ടു് എന്താണു് പ്രതികരിക്കാത്തതു്? ഇവിടെ വിലനിലവാരം പിടിച്ചുനിറുത്തുന്നതു് നിങ്ങൾക്കു് രാഷ്ട്രീയമായി ദോഷമാണെന്നു് നിങ്ങൾ കരുതുന്നുണ്ടോ ? പ്രതിപക്ഷനേതാവെങ്കിലും ഒന്നു് വ്യക്തമാക്കിയാൽ കൊള്ളാം. എനിക്കു് മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളതു് ഒരു കൺസ്യൂമർ സ്റ്റേറ്റായ നമ്മുടെ കേരളം ഈ പുതിയ പോളിസി വരുമ്പോൾ നമുക്കു് അതു് എങ്ങനെ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു് ചർച്ച ചെയ്യണം. അതിനു് ഏറ്റവും അനുകൂലമായിട്ടുള്ള നിർദ്ദേശങ്ങൾ നാഷണൽ ഡിബേറ്റു് നടത്താൻ പോകുന്ന അഡ്മിനിസ്റ്റേർഡു് പ്രൈസു് പോളിസിയെക്കുറിച്ചു് ചർച്ച നടക്കുന്ന അവസരത്തിൽ മുന്നോട്ടുവയ്ക്കണമെന്ന അഭിപ്രായമാണു് എനിക്കുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വികസനപ്രവർത്തനത്തെക്കുറിച്ച് പറയുമ്പോഴും രണ്ടുകാര്യങ്ങളും കാണാൻ സാധിക്കും. ചില രംഗങ്ങളിൽ ദേശീയതലത്തിൽ നിന്നും നോക്കുമ്പോഴും വളരെയധികം നമ്മൾ മുന്നോട്ടുപോയിരിക്കുന്നു. ഉദാഹരണത്തിന് പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായവ ദേശീയതലത്തിൽ നോക്കുമ്പോഴും നമ്മൾ വളരെവളരെ മുന്നോട്ടുപോയിരിക്കുകയാണ്. പക്ഷേ ഭക്ഷ്യോൽപ്പാദനം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രംഗം ഇവയിലൊക്കെ സമാന്തരമായ പുരോഗതി നമ്മൾ നേടിയിട്ടില്ല. ഈ മേഖലകളിലും നമുക്ക് വളരെ വേഗത്തിൽ പുരോഗതി നേടേണ്ടതായിട്ടുണ്ട്. മുൻപന്തിയിലേക്ക് എത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ചെല്ലാം പഠിച്ച് ഒരു അപ്രോപ്രിയേറ്റ് ഡെവലപ്മെന്റ് സ്ട്രാറ്റജി നമ്മുടെ സംസ്ഥാനം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിൽ സാമ്പത്തികരംഗത്ത് ഒരു പദ്ധതിയുണ്ടാക്കുന്നതിന്, വിലനിയന്ത്രണമുണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ചില നിർദ്ദേശങ്ങൾ വച്ചപ്പോൾ അതിനോടുള്ള പ്രതികരണം പോലും അറിയിക്കാതെയുള്ള ഒരു സമീപനം സ്വീകരിച്ച പ്രതിപക്ഷത്തെക്കുറിച്ച് ഞാൻ പറഞ്ഞു. രാഷ്ട്രീയാടിസ്ഥാനത്തിലും ഒരു ഭേദമുണ്ടാക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റുപാർട്ടി അടക്കമുള്ള പ്രതിപക്ഷത്തിന്റെ സമീപനം എന്താണെന്ന് ഞാൻ ചോദിക്കുകയാണ്.

സർ, പഞ്ചാബിൽ രാഷ്ട്രീയമായ പ്രശ്നപരിഹാരത്തിന് അകാലിളോടൊപ്പം നിന്നുകൊണ്ട് ശക്തമായിട്ട് വാദിച്ച പ്രതിപക്ഷങ്ങൾ ഇന്ന് ആ ഗവൺമെന്റിന്റെ കീഴിൽ അവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് എന്താണ് മിണ്ടാതിരിക്കുന്നത് ? അവിടെ അക്രമം തടയുവാൻ, സമാധാനപരമായ അന്തരീക്ഷം നിലനിറുത്തുവാൻ എന്തു നടപടിക്കും കോൺഗ്രസ് (ഐ) അവിടെ പിൻതുണ പ്രഖ്യാപിച്ചു. അതിനൊപ്പം നിൽക്കാൻ തയ്യാറാണോ ? എന്താണ് ഈ കാര്യത്തിൽ പ്രതിപക്ഷം മിണ്ടാതിരിക്കുന്നത് ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഇന്ന് വർഗ്ഗീയ പ്രാദേശിക വികാരങ്ങൾക്കെതിരായി ആഞ്ഞടിക്കുന്നുണ്ട്. പക്ഷേ ഞാനൊന്നു ചോദിക്കട്ടെ. കേരളത്തിൽ ഈ വലിയ പ്രഖ്യാപനങ്ങൾ നടത്തുന്നവർ തമിഴ്നാട്ടിൽ ഡി. എം. കെ. യുടെ കൂടെയല്ലേ ? ആന്ധ്രാപ്രദേശിൽ വർഗ്ഗീയവും ഭാഷാപരവും ഒക്കെയായിട്ടുള്ള ആ വക കൂട്ടുകെട്ടിൽ കിടക്കുന്ന ഒരു പ്രത്യേക പാർട്ടിയായ തെലുങ്കുദേശത്തിന്റെ കൂടെയല്ലേ ? കേരളത്തിൽ മുസ്ലീംലീഗിനെ എതിർക്കുന്നവർക്ക് തമിഴ്നാട്ടിൽ അവർ സ്വീകാര്യമാണ്. ഇത് വിചിത്രമായ നയമെന്നുമാത്രമേ പറയാനുള്ളു.

രണ്ടു കുവൈറ്റികൾ വന്നതിനെ സംബന്ധിച്ചിടത്തോളം സ്വീകരിച്ച നിലപാടിനെക്കുറിച്ച് എനിക്കൊരഭിപ്രായമുണ്ട്. ഇവിടെ അതിനെക്കുറിച്ചുള്ള ചർച്ച നടന്നു. ഗവൺമെന്റിന് അക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞു. അന്ന് പറഞ്ഞതിൽനിന്നും വ്യത്യസ്തമായി ഒന്നും പ്രതിപക്ഷത്തിന് പറയാനില്ല. സർ, മുഖ്യമന്ത്രി ഇവിടെ വ്യക്തമായിട്ട് പറഞ്ഞു. ആ കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിൻമേൽ നടപടിയുണ്ടാകുമെന്ന് പറഞ്ഞു. അർത്ഥശങ്കക്ക് ഇടയില്ലാത്ത ഗവൺമെന്റിന്റെ നിലപാട് ഇവിടെ പ്രഖ്യാപിച്ചു. എന്നിട്ടും ഇന്ന് സമരവുമായിട്ട് മുന്നോട്ടു പോവുകയാണ്. എനിക്ക് ഒന്നേ പറയാനുള്ളു. രാഷ്ട്രീയവും വർഗ്ഗീയവുമായി മുതലെടുക്കാൻ ശ്രമിക്കരുതെന്ന ഒരു അഭ്യർത്ഥനമാത്രമാണ് അത്.

ഇവിടെ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തെക്കുറിച്ച് പറഞ്ഞു. അതിന്റെ പോരായ്മകളെക്കുറിച്ചൊക്കെ പല വിധത്തിലുള്ള വാദഗതികളുണ്ടായി. കേന്ദ്രഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഒരു വർഷക്കാലം സാമ്പത്തികരംഗത്ത് എല്ലാ വിധത്തിലുമുള്ള സഹായങ്ങളും നമുക്ക് നൽകി എന്നതിന്റെ വ്യക്തമായ സൂചനയാണ് സാമ്പത്തികരംഗത്ത് ഇന്ന് നമുക്ക് മുന്നോട്ട് നീങ്ങാനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളത്. അതിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ് പാർട്ടിക്ക് വ്യക്തമായ ഒരു സമീപനമുണ്ട്. ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ വിധത്തിലുള്ള ആനുകൂല്യങ്ങളും നമ്മുടെ സംസ്ഥാനത്തിന് അർഹതയുള്ളത് വാങ്ങിയെടുക്കുന്നതിൽ കോൺഗ്രസ് പാർട്ടി മുൻപന്തിയിൽ തന്നെയുണ്ടാകും. കഴിഞ്ഞകാല അനുഭവങ്ങൾ അതാണ്. ഏതവസരത്തിലും ഈ സംസ്ഥാനത്തിനുവേണ്ടി വാദിക്കുന്നതിനും സംസ്ഥാനത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും മറ്റാരേക്കാളും മുൻപന്തിയിൽ കോൺഗ്രസ് പാർട്ടി നിൽക്കും. ആനുകൂല്യങ്ങൾ നൽകുമ്പോൾ നമുക്ക് അർഹമായിട്ടുള്ളത് തരുമ്പോൾ അതംഗീകരിക്കാൻ എല്ലാവരും തയ്യാറാകണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

ഇവിടെ നടന്ന ചർച്ചയിൽ ഡോ. പി. കെ. ഗോപാലകൃഷ്ണനെക്കുറിച്ച് ഒരു പരാമർശമുണ്ടായി. ഡോ. പി. കെ. ഗോപാലകൃഷ്ണൻ കെ. പി. സി. സി. യുടെ സാമ്പത്തിക കാര്യസമിതിയുടെ ചെയർമാനാണ്. അദ്ദേഹത്തിന് പ്ലാനിംഗിനെക്കുറിച്ച്, സാമ്പത്തിക നയങ്ങളെക്കുറിച്ച് വ്യക്തമായ ചില അഭിപ്രായങ്ങളുണ്ട്. അതിൽ യോജിക്കുന്നവരുണ്ട്, വിയോജിക്കുന്നവരുണ്ട്. ഒരു തുറന്ന ചർച്ച ഇക്കാര്യത്തിൽ നടത്തുന്നതിന് അദ്ദേഹം ചില അഭിപ്രായങ്ങൾ മുന്നോട്ടു വച്ചിരുന്നു എന്നുള്ളതാണ് സത്യം. അത് വ്യക്തിപരമോ ആരെയെങ്കിലും ലക്ഷ്യമാക്കിക്കൊണ്ട് നടത്തുന്നതോ ആയ വിമർശനമൊന്നുമല്ല. അദ്ദേഹത്തിന്റേതായ ചില അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടുവച്ചത് തെറ്റിദ്ധാരണക്കിടയാക്കിയത് വളരെ നിർഭാഗ്യകരമായിപ്പോയിയെന്ന് പറയുവാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തെക്കുറിച്ച് നടന്ന ചർച്ചയിലും ബഡ്ജറ്റിനെക്കുറിച്ച് നടന്ന ചർച്ചയിലും പ്രതിപക്ഷത്തുനിന്നും പലരും പറഞ്ഞു ധനകാര്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ വല്ല അഭിപ്രായവ്യത്യാസമുണ്ട് അതുകൊണ്ട് എന്തോ സംഭവിക്കാൻ പോകുന്നുവെന്ന്. പ്രതിപക്ഷനേതാവ് പറഞ്ഞു ഇതാ മാണിയെ ഇരുത്താനുള്ള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ; ഇനി മുഖ്യമന്ത്രിയെ ഒതുക്കാനുള്ള മാണിയുടെ ബഡ്ജറ്റ് പ്രസംഗം വരാൻ പോകുന്നു എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആ മനക്കോട്ടകളെല്ലാം തകർന്നില്ലേ ? ഇതൊന്നും നടക്കില്ല. ഇതിനുമുമ്പും ഇതുപോലുള്ള പല പ്രചരണങ്ങളും നിങ്ങൾ ഈ സഭയ്ക്കകത്തും പുറത്തും നടത്തിയതാണ്.

ശ്രീമതി കെ. ആർ. ഗൗരി : അഭിമന്യു പത്മവ്യൂഹത്തിൽ കയറിയിറങ്ങിയ കഥ അറിയാമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ ഇവിടെ പറഞ്ഞത് വളരെ വ്യക്തമായിട്ടാണ്. നിങ്ങൾ ഇതുപോലുള്ള പല പ്രചരണങ്ങളും ഈ സഭയ്ക്കകത്തും പുറത്തും നടത്തിയിട്ടുണ്ട്. അത് ഇനി നടക്കാൻ പോകുന്നില്ല. അത് ഇപ്പോഴെങ്കിലും നിങ്ങൾക്ക് മനസ്സിലായിക്കാണുമെന്ന് വിശ്വസിക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ശ്രീമാൻ കെ. എം. മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിലുമുള്ള എല്ലാ നയങ്ങളും സമീപനങ്ങളും ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കൂട്ടായിട്ടുള്ള നയമാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞതിന് മറുപടി ഞാൻ അവസാനം പറയാം. കാരണം ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നു പറഞ്ഞതുപോലെയാണ് ഈ പ്രസംഗം. ഡെൽഹയിൽ ചെന്ന കഥയൊക്കെ ഞാൻ പിന്നീടു പറയാം. നമ്മുടെ ബഹുമാനപ്പെട്ട കെ. എം. മാണി മായം ചേർത്ത് നിങ്ങളെയൊക്കെത്തന്നെ കമ്പളിപ്പിക്കാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഒരു ബഡ്ജറാണിത്. നാലുവർഷങ്ങളായി സാമ്പത്തികമായി രാജ്യത്തെ തകിടംമറിച്ച നമ്പർ—1 കുറ്റവാളിയാണ് നമ്മുടെ ബഹുമാനപ്പെട്ട കെ. എം. മാണി. സാമ്പത്തിക മേഖലയിൽ ഇതൊക്കെ അഭ്യാസപ്രകടനം മാത്രമാണ്. കഴിഞ്ഞ ബഡ്ജറിൽ ഗീതാശ്ലോകം ചൊല്ലിയാണ് അവസാനിപ്പിച്ചത്. ഇത്തവണ അത് ചൊല്ലാൻ മുതിർന്നപ്പോൾ അത് വരുന്നില്ല. കാരണം അത് തട്ടിപ്പായിരുന്നു. കഴിഞ്ഞ വർഷം 60 ലക്ഷം രൂപ ഒരു ദിവസം കമ്മി. ഈ വർഷം 22 ലക്ഷം രൂപ മിച്ചം. രണ്ടും ഇക്കൊല്ലംതന്നെയാണ് എഴുതിയത്. 60 ലക്ഷം രൂപ കമ്മിയിൽ നിന്ന് ഇക്കൊല്ലത്തിൽതന്നെ ഒരു കൊച്ചു കേരളത്തിൽ 22 ലക്ഷം രൂപ മിച്ചമുണ്ടായിരിക്കുന്നു. ഈ 60 ലക്ഷം രൂപ കമ്മിയുണ്ടായപ്പോൾ 8-ാം ധനകാര്യ കമ്മിഷൻ കേരളത്തെപ്പറ്റി പറഞ്ഞത് സർപ്ലസാണെന്നാണ്. ശ്രീമാൻ മാണി പറഞ്ഞു അല്ല, ശ്രീമാൻ കരുണാകരൻ പറഞ്ഞു അല്ല, ശ്രീമാൻ രവി പറഞ്ഞു അല്ല, എല്ലാവരും പറഞ്ഞു കമ്മിയാണെന്ന്. ഞങ്ങളെ വഞ്ചിക്കുകയാണ് ചെയ്തത്. ഞങ്ങളെ വഞ്ചിച്ചും 8-ാം ധനകാര്യകമ്മിഷൻ പറഞ്ഞു സർപ്ലസാണെന്ന്. അപ്പോൾ ശ്രീമാൻ മാണി പറഞ്ഞു 1100 കോടി രൂപ അഞ്ചു വർഷത്തിനിടയ്ക്ക് ഡെഫിസിറ്റാണെന്ന്; ഒരു ദിവസം 60 ലക്ഷം രൂപ ഡെഫിസിറ്റാണെന്ന്. ഇപ്പോൾ പറയുന്നത് 22 ലക്ഷം രൂപ മിച്ചമാണെന്നാണ്. അടുത്തകൊല്ലം വരുമ്പോൾ വരുന്ന ഗതികേട് എന്താണെന്ന് അറിയാമോ ? ഈ മിച്ചം വച്ചതിനാൽ പ്ലാനിംഗ് കമ്മിഷൻ പറയും മിച്ചമാണ് ഇനി കൊടുക്കണ്ടയെന്ന്. അവിടെ സർപ്ലസാണ്. ഇത്തവണ അവർക്ക് അവശ്യമില്ല എന്ന് പ്ലാനിംഗ് കമ്മിഷൻ പറയും. അതാണ് വരാൻ പോകുന്നത്. അപ്പോഴാണ് മിച്ചമുണ്ടാക്കിയതിന്റെ ഫലം ശ്രീമാൻ മാണി അറിയുന്നത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : റിസ്സോഴ്സ്സസ് കൂടുതലുള്ളവർക്ക് കൂടിയ പ്ലാൻ കിട്ടും.

ശ്രീ. ഇ. കെ. നായനാർ : റിസ്സോഴ്സസിന്റെ കാര്യത്തിലേക്ക്: ഞാൻ വരാൻ പാവുകയാണ്. പറഞ്ഞതും വെട്ടിച്ചതും എവിടെയാണെന്ന് ഞാൻ പറയാൻ പോവുകയാണ്. ഇതെന്റെ തുടക്കമേ ആയിട്ടുള്ളു. നിങ്ങൾ പറഞ്ഞതൊന്നും വസ്തുതകളല്ല. സാമ്പത്തിക മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറിന്റെ ഒരു കണ്ണാടിച്ചില്ലാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറെത്രയാണ് ? ഇവിടെ ബഡ്ജറ് അവതരിപ്പിക്കുന്നതിനുമുമ്പ് 1,700 കോടി രൂപയുടെ ടാക്സ് നമ്മുടെ തലയിൽ അടിച്ചേൽപ്പിച്ചില്ലേ ? ശ്രീമാൻ ഉമ്മൻചാണ്ടി ഇവിടെ ചോദിച്ചില്ലേ, ക്രിയാത്മകമായ പദ്ധതിയിൽ നിങ്ങൾക്ക് സഹകരിക്കാമോയെന്ന്. കേന്ദ്ര ബഡ്ജറ് പാർലമെന്റിൽ അവതരിപ്പിക്കുന്നതിനു മുമ്പ് പെട്രോൾ, ഡീസൽ, ഓയിൽ, അരി, ഗോതമ്പ്, പഞ്ചസാര, കൽക്കരി എല്ലാത്തിനും വില കൂട്ടിയില്ലേ ? ഒരു ടൺ കൽക്കരിക്ക് 27 രൂപയാണ്. ജനുവരിയിലാണ് ഇത് കൂട്ടിയത്. ആങ്ങനെ കൽക്കരി മേഖലയിൽത്തന്നെ നമ്മുടെ രാജ്യത്ത് 300 കോടി രൂപയുടെ നികുതി കൂടുതൽ ചുമത്തിയില്ലേ ? കേന്ദ്ര ബഡ്ജറ് ലോകസഭയിൽ ചർച്ച ചെയ്യുന്നതിനുമുമ്പ് 1,700 കോടി രൂപ നമ്മുടെ തലയിൽ അടിച്ചേൽപ്പിച്ചില്ലേ ? അതിനോട് സഹകരിക്കണമെന്നാണ് പറയുന്നത്. അതിന്റെ കൂടെ ഞാനില്ല. നിങ്ങൾ അതിന്റെ കൂടെ ചേർന്നുകൊള്ളുക. അതുമാത്രമല്ല 467 കോടി രൂപയുടെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് കൊണ്ടുവന്നു. ഇതുരണ്ടും കൂടി കൂട്ടുമ്പോൾ 2,100 കോടി രൂപയിലധികമായി. 2,100 കോടി രൂപയാണ് നമ്മുടെ തലയിൽ കെട്ടിവച്ചത്. അതുമാത്രമോ ? 3,650 കോടി രൂപ ഡെഫിസിറ്റാക്കിയില്ലേ ? ഇത്തരത്തിലുള്ള ഒരു ബഡ്ജറ്റാണ് കേന്ദ്രഗവൺമെൻറും ശ്രീമാൻ മാണിയും ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എന്നിട്ടാണിവിടെ വലിയ കസർത്തു കാണിക്കുന്നത് ; മിച്ചമെന്ന് പറയുന്നത്. എൻറെ കണക്ക് ഇങ്ങനെയാണ്. 1950-51-ൽ ഇന്ത്യയുടെ വിദേശക്കടം 32 കോടി രൂപ. 1986-87 ആകുമ്പോഴേക്കും അത് 20,950 കോടി രൂപയായി വർദ്ധിക്കുന്നു. കേന്ദ്രഗവൺമെൻറിൻെറ മറ്റ് കടബാദ്ധ്യതകളും മൊത്തം 56,511 കോടി രൂപ. ആറു പഞ്ചവൽസര പദ്ധതികളും കഴിഞ്ഞു. 7-ാം പഞ്ചവൽസരപദ്ധതിയുടെ ഒരു വർഷം പിന്നിട്ടപ്പോൾ ഈ രാജ്യത്ത് 51 ശതമാനം ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നു. ഇന്ത്യയുടെ ചിത്രമതാണ് ; പാപ്പരീകരിച്ചിരിക്കുകയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെ തുടരുന്നവരും നാണ്യപ്പെരുപ്പത്തിനേയും വിലവർദ്ധനവിനേയും തൊഴിലില്ലായ്മയുടേയും ദുരിതം കൊണ്ടും പെരിപ്പിക്കൽ കൊണ്ടും കഷ്ടപ്പെടുന്നവരുമായ ഒരു ജനതയാണ് ഇന്ത്യയിൽ കേന്ദ്രബഡ്ജറിൻെറ ഫലമായി വന്നത്. അതിൻെറ ഒരു ഭാഗമാണ് ഈ ബഡ്ജറ്. വിലശോഷണത്തിൻെറ കാര്യമൊക്കെ മാണി സമ്മതിക്കും. ഗവർണ്ണറുടെ പ്രസംഗത്തിൽ കേന്ദ്രത്തിനെതിരായി സമരം ചെയ്യുന്നതിനെ തടയും എന്ന് പറഞ്ഞിട്ടില്ലേ ? സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

ഇവിടെ ധനകാര്യമാനേജുമെൻറ് ഫലപ്രദമായി കൈകാര്യം ചെയ്തിട്ടില്ല. ഞാൻ മാണിയോട് ചോദിക്കട്ടെ, ബഡ്ജറിൽ 87-ാമത്തെ ഖണ്ഡികയിൽ 15.63 കോടി രൂപയാണല്ലോ നമ്മുടെ സർക്കാർ മിച്ചമായി പറഞ്ഞിരിക്കുന്നത്. എന്നാൽ ആ കണക്ക് എന്നെ ഒന്ന് വായിച്ചു പഠിപ്പിച്ചാൽ തരക്കേടില്ല. 1986-87-ൽ മിച്ചമെത്രയാണ് ? 50.63 കോടി രൂപയാണ്. 1986-87 അവസാനം 15.63 കോടി രൂപയാണ് മിച്ചമുണ്ടാകുന്നത്. 50.63 കോടി രൂപയിൽ നിന്ന് 15 കോടി രൂപ തട്ടിക്കഴിച്ചാൽ 35 കോടി രൂപ മിച്ചമുണ്ട് 15 കോടി രൂപ അല്ല. എൻെറ കണക്ക് അങ്ങനെയാണ്. ശ്രീമാൻ മാണിയുടെ തന്നെ കണക്കുപ്രകാരം 35 കോടി രൂപ ഇവിടെ സർപ്ലസാണ്.

1986-87-ലെ മിച്ചം 50.63 കോടി രൂപയായി വർദ്ധിക്കും. 1986-87 അവസാനം 15.63 കോടി രൂപ മിച്ചം ഉണ്ടാകുന്നതാണ്. 50.63-ൽ നിന്ന് 15 കോടി തട്ടിക്കഴിച്ചാൽ 35 കോടി രൂപ മിച്ചമുണ്ട്. 15 കോടിയല്ല. ശ്രീ. മാണിയുടെ കണക്ക് പ്രകാരം 35 കോടി രൂപ സർപ്ലസാണ്. പേമെൻറ് വേറെയാണ്. കണക്കിൽ 35 കോടിയുണ്ട്. 1987-ലേക്ക് എഴുതിവച്ച കണക്ക് എത്രയാണ്? എന്നാൽ അതാണോ യഥാർത്ഥ ചിത്രം? യഥാർത്ഥത്തിൽ അതല്ല കണക്ക്. സംസ്ഥാനത്തിൻെറ കമ്മി കൂടുതൽ വളരുകയാണ്. ഞാൻ ഒരു ഉദാഹരണം പറയാം. പ്രധാനചിത്രം നൽകേണ്ട റവന്യൂ കണക്കിൽ 102.11 കോടിരൂപ കമ്മിയാണ്, ഇവർ പബ്ലിഷ് ചെയ്തിട്ടുള്ള രേഖയിൽ പറയുന്നതാണ്. കേരളത്തിൻെറ ചരിത്രത്തിൽ ഇത്രയും കൂടിയ കമ്മി ഇതുവരെ ഉണ്ടായിട്ടില്ല. കഴിഞ്ഞ മൂന്നു വർഷമായി റവന്യൂ കണക്ക് കമ്മിയാണ് കാണിക്കുന്നത്.

1983-84-ൽ 58.18 കോടി, 1984-85-ൽ 1367 കോടി രൂപ, 1985-86-ൽ 3666 കോടി രൂപ, 1986-87-ൽ 102.11 കോടി രൂപ ബഡ്ജറിൽ തന്നിട്ടുള്ള കണക്ക് അനുസരിച്ച് ഇത് ഒരു സർവ്വകാല റെക്കോർഡ് ആണ്. എന്നിട്ടും ശ്രീ. മാണി ലജ്ജയില്ലാതെ പറയുന്നു ഇത് ഒന്നാംതരം ധനകാര്യമാനേജ്മെൻറ് ആണ് എന്ന് ; അതിലാണ് ആശ്ചര്യം ; റവന്യൂ കണക്കിലെ

LIBRARY ARCHIVES Kerala Legislative Assembly

മിച്ചം. ഇത് poor financial management-ന്റെ ഉത്തമത്തെളിവാണ്. ഒന്നാംതരം ഉദാഹരണമാണ് ഇത്. ഏറെക്കുറെ സന്തുലിതാവസ്ഥയില്ലാത്ത ബഡ്ജറ്റാണ്. ഈ 102 കോടി രൂപയുടെ കമ്മി ഇനിയും വർദ്ധിക്കും. സത്യമാണ് റവന്യൂ വരവിനങ്ങളിൽ അഭൂതപൂർവ്വമായ വർദ്ധനയാണ്. 1985-86-ലും 1986-87-ലും കാണിച്ചിരിക്കുന്നത്. 1984-85-ൽ യഥാർത്ഥ വരവ് 1124.99 കോടി രൂപയായിരിക്കെ 1985-86-ൽ 1441.90 കോടിരൂപയാക്കിയിരിക്കുന്നു. അതിന്റെ അർത്ഥം 316.91 കോടി അത് കഴിച്ചാൽ കിട്ടും. എന്നാൽ 1986-87-ൽ 1418.88 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. ബഡ്ജറ്റ് ഇൻബ്രീഫ് എന്നുള്ളതിൽ ടേബിൾ (2)-ൽ പറയുകയാണ്. ഇതിൽതന്നെ വിൽപന നികുതി ഇനത്തിൽ 84.85 കോടിരൂപയിൽ 375കോടി രൂപയാണ് പിരിച്ചത്, 1985-86-ൽ പിരിച്ചത് 385 കോടി രൂപയേ എസ്റ്റിമേറ്റ് ഉള്ളൂ. അങ്ങനെ 10 കോടി രൂപയാണ് കൂടുതൽ. എന്നാൽ 1985-86-ലെ പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണ്? 435 കോടി രൂപയാണ്. 1986-87-ലെ എസ്റ്റിമേറ്റിൽ 473 കോടി രൂപയായും കണക്കാക്കി. ഇവിടെ എങ്ങനെയാണ് 38 കോടി രൂപ വന്നത്? കഴിഞ്ഞതിന് മുമ്പത്തെ കൊല്ലം 10 കോടിയാണ്, എന്നിട്ട് ഇവിടെ എഴുതിവച്ചത് 38 കോടി എന്നാണ്. പത്തുകോടിയിൽനിന്ന് മുപ്പത്തിയെട്ടുകോടിയിലേക്ക് ഒരു കുതിച്ചുകയറ്റം ; ഇത് എങ്ങനെ വർദ്ധിച്ചു ? വായനക്കാരെ പറ്റിക്കാനും പിന്നിൽ നിൽക്കുന്നവരെ പറ്റിക്കാനും വേണ്ടിയുള്ളതാണ്. ഇതൊക്കെ ഭാവനയിലാണ്. 38 കോടി എഴുതിവച്ചതിന് ഒന്നുകിൽ 1985-86-ൽ വിൽപന നികുതി വരവ്. അണ്ടർ എസ്റ്റിമേറ്റ് ചെയ്തു, അല്ലെങ്കിൽ 1985-86-ലെ പുതുക്കിയ എസ്റ്റിമേറ്റും ഓവർ എസ്റ്റിമേറ്റ് ചെയ്തു. ഇത് രണ്ടും ആയാലും വൈകല്യം നിറഞ്ഞ കണക്കാണ്. രണ്ടായാലും കളളക്കണക്കാണ്, പറ്റിക്കലാണ്, 'പറ്റിക്കലിസം', നമ്മുടെ ഫണ്ടമെന്റലിസംപോലെ 'പറ്റിക്കലിസം'. അഡീഷണാലിറ്റി എന്നു പറയുന്നതുപോലെ ഇത് ഒരു പറ്റിക്കലിസമാണ്.

ശ്രീ. കെ. എം. മാണി: മാർക്സിസം പോലെയാണോ ഈ പറ്റിക്കലിസം.

ശ്രീ. ഇ. കെ. നായനാർ : പറ്റിക്കലിസം എന്ന് ഒരു വാക്ക് ഉണ്ട്. അഡീഷണാലിറ്റി അതിന്റെകൂടെ ചേർത്തതാണ്. എക്സൈസ് ഡ്യൂട്ടി ഇനത്തിലുള്ള വർദ്ധനവാകട്ടേ കേന്ദ്ര ഓഹരി 30 ശതമാനം വർദ്ധിച്ചതുകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. അല്ലാതെ ശ്രീ. മാണിയുടെ മിടുക്കുകൊണ്ട് ഉണ്ടായിട്ടുള്ളതല്ല. കേന്ദ്രം എല്ലാ സ്റ്റേറ്റിനും കൊടുത്തപ്പോൾ നമ്മുടെ സ്റ്റേറ്റിനും തന്നു എന്നുള്ളതാണ്. അല്ലാതെ രണ്ടുപേരുടെ മിടുക്കുകൊണ്ട് കിട്ടി എന്ന് പറയണ്ട. എങ്ങനെയാണ് നമ്മുടെ ഓഹരി കൂടിയത്? ആം ഫ്രൻഡ്യാ ഡിസ്ട്രിബ്യൂഷന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ശ്രീ. കരുണാകരനും ശ്രീ. രാജീവ്ഗാന്ധിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലല്ല. അക്കാര്യം ശ്രീ. ഉമ്മൻചാണ്ടിയും മനസ്സിലാക്കണം. റവന്യൂ കമ്മിയിലും മൂലധന കണക്കിലുമുള്ള കമ്മി നികത്തുവാൻ ധനകാര്യ പൊതുകണക്കിലെ വരവ് പെരുപ്പിച്ചു കാണിച്ചു. പൊതു കണക്കിൽ 1984-85-ൽ 1268 കോടിരൂപ വരവ് പ്രതീക്ഷിച്ചു. 1985-86-ലേക്ക് 1368 കോടിവരവ് പ്രതീക്ഷിക്കുന്നു. എന്നാൽ 1986-87-ൽ 1651 കോടി രൂപയായി പെരുപ്പിച്ചു കാണിച്ചിരിക്കുകയാണ്. ആദ്യത്തേതിൽ 100 കോടി പിന്നത്തേതിൽ പെരുപ്പിച്ചത് 283 കോടി, അതിനുമുമ്പത്തെ വർഷം നൂറേയുള്ളൂ. നിങ്ങൾ പറ്റിക്കാൻ വേണ്ടി പെരുപ്പിച്ചു കാണിച്ചു. ഒന്നുകിൽ അത് തെറ്റ്, ശ്രീ. മാണി തട്ടി പൈസ, അല്ലെങ്കിൽ ഇത്തവണ നിങ്ങളെ പറ്റിക്കാൻ ശ്രമിച്ചു. ഇത് രണ്ടിൽ ഏതെങ്കിലും ഒന്ന് നടന്നിട്ടുണ്ട്. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽനിന്ന് കൈയൊഴിയാൻ സാധിക്കുകയില്ല. ഇവിടെ ഈ കണക്ക് എങ്ങനെ വന്നു? മുമ്പ് 100 കോടിയല്ലേ വന്നുള്ളു അപ്പോഴാ കമ്മി നികത്തുന്നതാണ് നല്ലത്. ഫൈനാൻഷ്യൽ മാനേജ്മെന്റ് എന്താണ് ചെയ്തത്? ഇത് മാത്രമല്ല, ചെലവിനങ്ങളും മാറി. കോൺട്രാക്ടർമാർക്ക് 70 കോടിരൂപ കൂടിശ്ശിക. ഇവിടെ പറഞ്ഞത് 60 കോടിരൂപയെന്നാണ്. അതുപോലെ സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ള പൈസ; ടോഡീടാപ്പേഴ്സിന് കൊടുക്കാനുള്ള പൈസ, പേമെന്റുകൾ ഇതെല്ലാം മാറിവച്ചിട്ടാണ് ഈ മിച്ചം!

ശ്രീ. കെ. എം. മാണി : ടോഡീടാപ്പേഴ്സിന് ഒന്നും കൊടുക്കാനില്ല എന്ന് ശ്രീ. കെ. പി. പ്രഭാകരൻ ഇവിടെ സമ്മതിച്ചല്ലോ.

ശ്രീ. ഇ. കെ. നായനാർ : കഴിഞ്ഞ ദിവസം, മാർച്ച് 31-ന് ഒൻപത് ദിവസം കൊണ്ട് 92 കോടിരൂപ ലാഭിച്ചു. കമ്മി 297 കോടിയിൽനിന്ന് 205 കോടിയാക്കി. ആറാം പദ്ധതിക്ക് 1478 കോടിരൂപ ചെലവാക്കിയെന്നു കഴിഞ്ഞവർഷം ശ്രീ. മാണി പറഞ്ഞു. എന്നാൽ ബഡ്ജറ്റ് രേഖയിൽ കാണുന്നത് 1553. ഈ കളവ് എങ്ങനെ വന്നു? കേന്ദ്രഗവൺമെന്റ് അത് അംഗീകരിച്ചു. നിങ്ങളുടെ കണക്കിൽ 1700-ൽ ചിലവാനം വന്നത് എങ്ങനെയാണ്. 1748 കോടി എങ്ങനെ വന്നു? നിങ്ങൾ വെറും കളവ് പറയുമെന്ന് എനിക്ക് അറിയാം ഇതാണ് മറിമായം! 1985-86-ലെ ഇടപാടുകളിൽ നിന്ന് ഉണ്ടാകുന്ന കമ്മി മുഴുവൻ നികത്തുന്നതിനുള്ള അധികവിഭവ സമാഹരണം സംസ്ഥാനഗവൺമെന്റിന്റെ കഴിവിന് അതീതമാണ്.

ശ്രീ. മാണി ചെയ്ത പ്രസംഗമാണ് അത്. ഇപ്പോൾ എങ്ങനെയാണ് കഴിവുവന്നത്? ഇക്കാര്യം പറഞ്ഞത് 1985 മാർച്ച് 22-ന് ആണ്. ഇപ്പോൾ ശ്രീ. മാണി മാർച്ച് 31-ന് ഇനി ഒൻപത് ദിവസമുള്ളപ്പോൾ 92 കോടിരൂപ ലാഭിച്ചു. കമ്മി 297 കോടിയിൽനിന്ന് 205 കോടിരൂപയാക്കി. ആറാം പദ്ധതിക്ക് 1478 കോടിരൂപ ചെലവാക്കി എന്ന് കഴിഞ്ഞ വർഷം ബഡ്ജറ്റ് പ്രസംഗത്തിലെ അഞ്ചാം പേജിൽ ശ്രീ. മാണി പറഞ്ഞു. എന്നാൽ ബഡ്ജറ്റ് രേഖയിൽ കാണുന്നത് 1553 കോടി. ആ കളവ് എങ്ങനെ വന്നു? ഇതിൽ 1550 കോടി എന്നേയുള്ളൂ. നിങ്ങളുടെ കണക്കിൽ എങ്ങനെയാണ് 1700-ൽ ചിലവാനം വന്നത്? നിങ്ങൾ കളവ് പറയുമെന്ന് എനിക്കറിയാം. ഈ അടിസ്ഥാനത്തിൽ 48 കോടിരൂപ ചെലവാക്കി എന്ന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു, എന്നാൽ ബഡ്ജറ്റ് രേഖയിൽ 1553. സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടുള്ളതുകൊണ്ട് നിലവിലുള്ള കുടിശ്ശികകളിൽ 35 കോടി കൊടുത്തുതീർത്തു എന്ന് ശ്രീ. മാണി പറയുന്നു. ഈ വർഷം 20 കോടിയും, വരുംവർഷം, 15 കോടിയും. അങ്ങനെയാണെങ്കിൽ 82 കോടി രൂപ മിച്ചമാണെന്ന്, ഇതിൽ എഴുതിവച്ചല്ലോ, അതിൽ 15 കോടി ഇക്കൊല്ലം കൊടുത്തുകൂടേ? ആ 15 കോടിയും കൊടുത്ത് കണക്ക് തീർത്തുകൂടേ? അടുത്തകൊല്ലത്തേക്ക് എന്തിനാണ് ഇനി ബാക്കി വയ്ക്കുന്നത്? ഇല്ല എന്നുള്ളതല്ലേ അതിന്റെ അർത്ഥം? ഇല്ലെങ്കിൽ അത് പറയണം. ഈ കണക്ക് ബഡ്ജറ്റ് വായിക്കാത്തവരെ പറഞ്ഞിക്കാൻവേണ്ടി എഴുതിവച്ചതാണ്. 82.13 കോടി മിച്ചമുണ്ട് എന്നു പറയുന്നു. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് കടം മുഴുവൻ തീർത്തുകൂടെ? അങ്ങനെ ഉണ്ടെങ്കിൽ എന്തുകൊണ്ട് 35 കോടിയും ഈ വർഷം കൊടുത്തുതീർത്തുകൂടാ? അതിന് എന്താ ഇത്ര വിഷമം? ഈ പതിനഞ്ച് കോടി വരുംവർഷത്തേക്ക് മാറിവയ്ക്കേണ്ട ആവശ്യമുണ്ടോ? മിച്ചം എന്നുള്ളത് ഒരു തട്ടിപ്പല്ലേ? കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടുമോ? കഴിഞ്ഞ വർഷം പറഞ്ഞത് നേരേമറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കേന്ദ്രം ധനസഹായിച്ചുവെന്നു പറഞ്ഞു. കഴിഞ്ഞവർഷം പറഞ്ഞതുപോലെ കണക്കാണ്. 242 കോടിരൂപ ഓവർഡ്രാഫ്റ്റ് അടച്ചു തീർക്കാനുള്ളത് കേന്ദ്രം മദ്ധ്യകാലവായ്പയാക്കി. അത് കേരളത്തിനു മാത്രമല്ല എല്ലാ സംസ്ഥാനങ്ങൾക്കും ചെയ്തതാണ്. 1986-87-ലെ വാർഷിക പദ്ധതിയിൽ എന്ത് വർദ്ധനവുണ്ടായി ? കേന്ദ്രത്തിലെ 1986-87-ലെ വാർഷിക പദ്ധതി 21 ശതമാനം വർദ്ധിച്ചു. 1985-86-ൽ 18,500 കോടിയായിരുന്നത് 1986-87-ൽ 22,300 കോടിയായി വർദ്ധിച്ചു. നമ്മുടേത് 355 കോടി ആയിരുന്നത് 390 കോടിയായി. എത്രശതമാനം ഉണ്ട് ? പത്തു ശതമാനം. 21 ശതമാനമാക്കി കേന്ദ്രം വർദ്ധിപ്പിച്ചപ്പോൾ കേന്ദ്രം നിങ്ങളെ സഹായിച്ചോ. അവിടെ 21 ശതമാനം വർദ്ധിപ്പിച്ചപ്പോൾ ഇവിടെ പത്തുശതമാനമായി വർദ്ധിപ്പിച്ചു. ഞാൻ കണക്കാണ് പറയുന്നത്. 130 കോടി രൂപയുടെ അധികസമാഹരണം നടത്താമെന്ന് ഉറപ്പുകൊടുത്തുകൊണ്ട് പറഞ്ഞു. അതിന്റെ കണക്കാണ് 33-ാം പേജിലുള്ളത്. അതിന് ശ്രീ. മാണി വിശദീകരണം തരണം. ആ കൂട്ടുകച്ചവടത്തിൽ പറയുന്നത് പ്ലാനിംഗ് കമ്മീഷനുമായി ജനുവരിയിൽ നടന്ന ചർച്ചകളിൽ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് ഈ 130 കോടി രൂപ എന്ന് മുഖ്യമന്ത്രിയും മാണിയും കമ്മീഷനു വിശദീകരിച്ചുകൊടുക്കേണ്ടിവന്നു. ആ അവസരത്തിൽ ഞങ്ങൾ ഏറെടുത്ത ഒരു ചുമതല ഈ വർഷം അവസാനം വാർഷിക പദ്ധതി ഒട്ടും കുറവുവരുത്താതെ നടപ്പാക്കി. മറെറല്ലാ അത്യാവശ്യ ചെലവുകളും നേരിട്ടശേഷം, ഒരു നല്ല മിച്ചമുണ്ടാക്കാമെന്നും. ആ മിച്ചം കൂടി ചേർത്തത് അടുത്ത വർഷം 390 കോടി രൂപയുടെ പദ്ധതി നടപ്പാക്കാമെന്നുമായിരുന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ മുൻപൊരിക്കലും ഏൺറെടുക്കാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത ഒരു ഉത്തരവാദിത്വമായിരുന്നു ഇത്." ഈ 130 കോടി രൂപ ആരിൽ നിന്ന് പിരിക്കും? ശ്രീ. മാണിയും മുഖ്യമന്ത്രിയുമ കൂടി രഹസ്യമായിട്ട് ഉണ്ടാക്കിയ കരാറാണ്. രഹസ്യം ഇവിടെ പറയുകയില്ല; അത് വീട്ടിൽ പറയും. കേരള അസംബ്ലിയിൽ പറയുകയില്ല. നമുക്ക് അതിന് സമയവുമില്ല. 130 കോടി രൂപ കമ്മിയാക്കിയിട്ട് ഈ രാജ്യത്തുനിന്ന് കൂടുതൽ നികുതി പിരിച്ചെടുത്ത്, ഭാരം അടിച്ചേൽപ്പിക്കാൻ പോകുകയാണ്, അതാണ് നിങ്ങൾ ഉറപ്പുകൊടുത്തിട്ടുള്ളത്. അല്ലെങ്കിൽ 390 കോടിയെന്നത് പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാൻ അംഗീകരിക്കുകയില്ല. 130 കോടി കൊടുക്കാൻ അദ്ദേഹം പറഞ്ഞു. മന്ത്രി അതിനെപ്പറ്റി എന്തെങ്കിലും വിശദീകരിച്ചോ; മിണ്ടിയില്ല. 130 കോടി എവിടെനിന്ന് ഉണ്ടാക്കും.

130 കോടിരൂപ ഓവർഡ്രാഫ്റ്റാണ്. നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളുടെ പുറത്ത് ഭാരം കെട്ടിവയ്ക്കാൻ പോകുകയാണ്. 32 കോടി രൂപയുടെ അധികനികുതി ചുമത്തിയിട്ടുള്ള ബഡ്ജറ്റിൽ തകർന്ന വ്യാവസായിക സ്ഥിതിയാണ് കാണുന്നത്. കൃഷിക്കുവേണ്ടി ഒരു അതോറിട്ടി, എന്തിനാണ് ഒരുകോടി രൂപ ആ അതോറിട്ടിക്കുവേണ്ടി കളയുന്നത്. നിങ്ങൾ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ മതി. ഉദ്യോഗസ്ഥൻമാർക്ക് തിന്നാൻവേണ്ടിയാണോ ഒരുകോടി രൂപ കളയുന്നത്. കൊപ്രാക്ക് വിലയുണ്ടോ ? പുറത്ത് സമരം നടക്കുകയാണ്. തീവണ്ടിതടയൽ സമരമാണ്. 8 കോടി രൂപയുടെ നഷ്ടമാണെന്ന് കമ്മീഷണർ ഗോപാലൻ പറഞ്ഞു. 93 ശതമാനം കൊപ്രാകർഷകർക്ക് ഗുണമില്ല. കേന്ദ്രഗവൺമെന്റ് പണം തരുന്നുവെന്നു പറയുന്നു. 8 കോടി രൂപ നഷ്ടമാണ്. ഭൂട്ടാസിംഗുമായി ഞങ്ങൾ ഉണ്ടാക്കിയ ധാരണയാണ്. കൃഷിക്കാർക്ക് യാതൊരു ഗുണവുമുണ്ടായിട്ടില്ല. ഇത് ആരാണ് തട്ടിയെടുക്കുന്നത്? കാർഷിക മേഖലയും

LIBRARY ARCHIVES Kerala Legislative Assembly

കയർ മേഖലയും തകർന്നു. ഇതിനൊക്കെ കൂടി കഴിഞ്ഞവർഷം കേന്ദ്രം നിശ്ചയിച്ച 9 കോടി രൂപയിൽ എത്രകോടി രൂപ കേന്ദ്രത്തിൽനിന്നു വാങ്ങി? 4 കോടിരൂപ വാങ്ങിയോ? അത് കയറുൽപ്പന്നങ്ങൾ വാങ്ങിക്കാൻ നിങ്ങൾ ഉപയോഗിച്ചോ. ഇത് വാങ്ങാൻവേണ്ടി പണം കൊടുത്തുവോ ? പത്തുലക്ഷം തൊഴിലാളി കുടുംബങ്ങൾ പട്ടിണി കിടക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? 9 കോടി അനുവദിച്ചിട്ട് നിങ്ങൾ ഇനിയും 4 കോടിപോലും വാങ്ങിയിട്ടില്ല. അതുമുഴുവൻ ലാപ്സാകും. ആ രംഗത്ത് തട്ടിപ്പും വെട്ടിപ്പുമാണ് നടത്തിയിരിക്കുന്നത്.

വിദ്യാഭ്യാസമേഖലയിലെ കാര്യം എടുക്കാം. പ്രീ-ഡിഗ്രി വിദ്യാഭ്യാസത്തിന് ഒരു ബോർഡ് ഉണ്ടാക്കുമെന്ന് പറയുന്നു. ഓപ്പൺ യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി, അൺ എയിസഡ് സ്കൂളുകൾ, കൊച്ചിൻ സിറ്റിക്ക് ഒരു ഓർഡിനൻസ്, സെനറ്റ് പിരിച്ചുവിട്ട് സിൻഡിക്കേറ്റിൽ നോമിനേഷൻ ഇവ നടത്തുമെന്ന് പറഞ്ഞു. നിങ്ങൾക്ക് ഇഷ്ടം പോലെ ആളുകടെ നോമിനേറ് ചെയ്യാം. പ്രൈവറ് സെക്ടറിൽ ഇഷ്ടം പോലെ കൈക്കൂലിയും കൊള്ളയും നടത്താം. അതാണ് വിദ്യാഭ്യാസമേഖലയിലെ സ്ഥിതി. ഇതൊക്കെ ന്യായീകരിച്ച് ഇന്നുരാവിലെ ഒരു മറുപടിയുണ്ടായിരുന്നു. മന്ത്രിയിൽനിന്ന് എനിക്ക് ചോദിക്കണമെന്നുണ്ടായിരുന്നു, സമയമില്ലാത്തതുകൊണ്ട് ചോദിച്ചില്ല.

ഇവിടെ സ്പിൽ ഓവർ പ്ലാൻ മാത്രമേയുള്ളു, പുതിയ പദ്ധതികളൊന്നുമില്ല. വികസനപ്രവർത്തനങ്ങളൊന്നുമില്ല. നിങ്ങൾ കേന്ദ്രഗവൺമെൻറിന് 80 കോടി രൂപ കൊടുക്കാനുള്ളേ? നിങ്ങളുടെ ക്യാബിനറിന് ഒരു നോട്ടുതന്നു. അപ്പോൾ ചോദിക്കും നിങ്ങൾക്ക് എവിടെ നിന്നാണ് ഈ രഹസ്യം കിട്ടിയത് എന്ന്. സെക്രട്ടേറിയറ് മുഴുവൻ വിറ്റു തരാൻ പറഞ്ഞാൽ വിൽക്കാൻ ഇവിടെ ആളില്ലേ? നിങ്ങൾക്ക് കുറച്ച് പൈസയല്ലേ വേണ്ടു. During 1986-87, apart from other repayments to the Centre on the mid-tesm loan given in 1985-86 to clear last year's overdraft, there is a repayment liability of Rs. 80 crores towards principal and interest. This is a new commitment for next year. The normal growth in state's income from this year to next year cannot tackle such a major new commitment. ഇത് നിങ്ങളുടെ ക്യാബിനറിനു തന്നതാണ്. 80 കോടി രൂപ നിങ്ങൾ കൊടുക്കാനുണ്ട്. 130 കോടി രൂപയുടേതിന് നിങ്ങൾ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്രത്തിനു ഒപ്പിട്ടു കൊടുത്തതാണ്. നൂറിനുമുപ്പതും കൂടി കൂട്ടിനോക്കണം. അപ്പോൾ 200 കോടിയിൽ കൂടുതലായില്ലേ? പിന്നെ ജീവനക്കാർക്ക് നിങ്ങൾ കൊടുക്കാനുള്ള പണമുണ്ട്. കോൺട്രാക്ടേഴ്സിന് നിങ്ങൾ കൊടുക്കേണ്ടത്. 72 കോടി രൂപയാണ്. ആകെ 300 കോടി രൂപയുടെ കമ്മി ബഡ്ജറാണിത് ജനങ്ങളെ വഞ്ചിക്കാനായിട്ട് 15 കോടിയുടെ സർപ്ലസ് ബഡ്ജറ് ഉണ്ടാക്കിയെന്നുള്ളതാണ്. എന്റെ ചാർജ്. ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കണമെന്നില്ല. എന്റെ കണക്കാണ് ഞാൻ പറഞ്ഞത്. ഞാൻ സ്റാറാറിസ്റിക്സ്സാണ് പറഞ്ഞത് വേറെ ഡോക്കുമെൻറ്സ് എന്റെ കയ്യിലുണ്ട് ഡോക്ടർ പി. കെ. ഗോപാലകൃഷ്ണന്റെ കയ്യിൽ വേറെ കണക്കുണ്ട്. ശ്രീമാൻ മാണിക്കെതിരെയുള്ള കണക്കു മുഴുവൻ ഡോക്ടർ പി. കെ. ഗോപാലകൃഷ്ണന്റെ കയ്യിലുണ്ട്. മാണി പിരിച്ചുവിട്ടാൽ ഗോപാലകൃഷ്ണൻ പോകുകയില്ല. കരുണാകരൻ അവിടെയുണ്ട്. ശ്രീ. മാണിയുടെ കണക്ക് അസംബ്ലിയെ പറഞ്ഞുകൊടുക്കാനുള്ളതാണ്. ജനങ്ങളെ വഞ്ചിച്ചുകൊണ്ട് 15 കോടി മിച്ചമുണ്ടെന്ന് പാഞ്ഞു. 300 കോടി രൂപ കമ്മിയാണ്. 130 കോടി പിരിക്കേണ്ടതാണ്. 80 കോടി കേന്ദ്രഗവൺമെൻറിന്. കൊടുക്കണം. 72 കോടി രൂപ പല സംഘങ്ങൾക്കുകൂടി കൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ജീവനക്കാരുടെ ശമ്പളം. ആകെ 300 കോടിയാണ് നീങ്ങാം അത് വിശദീകരിച്ചിട്ടില്ല. 300 കോടി രൂപ കമ്മിയുള്ള ഒരു ബഡ്ജറ്റ് കെ എം. മാണി ഇവിടെ അവതരിപ്പിച്ചു. ഇതിനെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ശ്രീ. കെ. എം. മാണി : ഇപ്പോഴും ആ കണക്ക് മനസിലായിട്ടില്ലെന്നാണോ പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ : സർ, എന്റെ വാദം ശ്രീ. മാണി അംഗീകരിക്കുകയില്ല. ശ്രീ. മാണിയുടെ വാദം ഞാനും അംഗീകരിക്കുകയില്ല. ധനകാര്യ വിദഗ്ദ്ധൻമാർ പറയുന്നത് കേരള അസംബ്ലി ഈ ബഡ്ജറ്റിനെ തള്ളിക്കളയണമെന്നാണ്. ഞാൻ പറയുന്നത് ഈ ബഡ്ജറ്റിനെ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തണം. കേരളത്തിന്റെ സാദ്ധ്യതകളെ സംബന്ധിച്ച്, കേരളത്തിന്റെ യഥാർത്ഥ സ്ഥിതിഗതികളെ സംബന്ധിച്ച് അന്വേഷണം നടത്തണം. വികലമായ ചിത്രങ്ങളും മറച്ചുവയ്ക്കാതെ സത്യസന്ധമായ കണക്കുകളും ഈ സംസ്ഥാനത്തെ ജനങ്ങളോട് പറയണം. ശ്രീ. ഗോപാലകൃഷ്ണന്റെ ഒരു ഡോക്കുമെന്റ് എന്റെ കയ്യിലുമുണ്ട്, ശ്രീ. മാണിയുടെ കയ്യിലുമുണ്ട്. ഗോപാലകൃഷ്ണൻ പ്ലാനിംഗ് ബോർഡ് മെമ്പറാണ്. വിദഗ്ദ്ധോപദേശം മൂന്ന് ലേഖനം എഴുതിയിട്ടുണ്ട്. അദ്ദേഹം എന്റെ ഒരു സുഹൃത്തുമാണ്. ശ്രീ. ഉമ്മൻചാണ്ടി ഇവിടെയൊരു പ്രസംഗം നടത്തിയെന്നല്ലാതെ അയാളോട് അദ്ദേഹത്തിന് ഒരു സമ്പർദ്ധയുമില്ല. ഈ രാജ്യത്തെ സാമ്പത്തിക, വിദഗ്ദ്ധൻമാർ നടത്തിയ പഠനം ശ്രീ. മാണി ശരിക്കും പഠിക്കണം. എന്നിട്ട് ഒരു ധനകാര്യ സാമ്പത്തിക ഏജൻസിയെ കൊണ്ട് അന്വേഷണം നടത്തണം. 300 കോടി രൂപയുടെ കമ്മിബഡ്ജറ്റിൽ, 15 കോടി രൂപ മിച്ചം കാണിക്കുന്ന സമർത്ഥമായ കൃത്രിമം മറിച്ചിൽ നടത്തിയിരിക്കുന്നു. അതിന്റെ ഉള്ളുകളളികളും തുറന്ന് കാണിക്കണം. ഇവിടെ എൽ. ഡി. എഫ്. നെ സംബന്ധിച്ച് പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി പൊളിഞ്ഞു പൊളിഞ്ഞു വരികയാണെന്നു നിങ്ങളും പറഞ്ഞു. ഇവിടെ 8 ഉപതെരഞ്ഞെടുപ്പുകളും നടന്നു. അതിൽ രണ്ടേ നിങ്ങളും ജയിച്ചു. ബാക്കി അഞ്ചര ഞങ്ങളും ജയിച്ചു. അഞ്ചരയിൽ നിങ്ങളും തോറ്റത് വോട്ട് കുറഞ്ഞതുകൊണ്ടല്ലേ ? നേമം മുതൽ റാന്നിവരെയുള്ള ഉപതെരഞ്ഞെടുപ്പുകളും നടന്നു. മാളയിലെ മാണിക്യം അവിടെയിരിക്കുന്നുണ്ട്. ശ്രീ. രാജീവ് ഗാന്ധിയും ശ്രീ. നരസിംഹറാവുവും അഖിലേന്ത്യാതലത്തിൽ ജാതിമത വർഗ്ഗീയതയ്ക്കെതിരായി ബോംബെയിലും ഡൽഹിയിലും പ്രസംഗം നടത്തുന്നു. അതേസമയം ഇവിടെ വർഗ്ഗീയ പാർട്ടികളെ കൂട്ടുപിടിക്കുന്നു. ഇവിടെ മതത്തിൽ നിന്നു രാഷ്ട്രീയത്തെ മാറ്റാനാവില്ല. നിങ്ങളുടെ ശതാബ്ദി പ്രസംഗങ്ങളും എന്തായിരുന്നു. എന്നിട്ട് ഇവിടെ വന്നു എന്താണ് പ്രവർത്തിക്കുന്നത് ? തമിഴ്നാട്ടിലെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. പത്രം വായിക്കാത്തവർ എന്നെ കുറ്റപ്പെടുത്തരുത്. തമിഴ്നാടിനെ സംബന്ധിക്കുന്ന ഡീറെയിൽസ് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. അത് ഞാൻ വീണ്ടും പറയുന്നില്ല. പഞ്ചാബിന്റെ കാര്യവും ആസ്സാമിന്റെ കാര്യവും കാശ്മീരിന്റെ കാര്യവും. ഡി. എം. കെ. കൂട്ടുകെട്ടിന്റെ കാര്യവും ഞാൻ ഇവിടെ നേരത്തെ പറഞ്ഞു. അതൊക്കെ പറഞ്ഞപ്പോൾ ശ്രദ്ധിക്കാൻ നിങ്ങൾക്ക് സമയമില്ലായിരുന്നു. കേരളത്തിൽ കരുണാകരൻ ഗവൺമെന്റ് വർഗ്ഗീയ പാർട്ടികളായ കേരളാ കോൺഗ്രസ്, മുസ്ലീംലീഗ്, മറ്റ് ഞൊണ്ടൻ പാർട്ടികളും എന്നിവയുമായി കൂട്ടുകെട്ടുണ്ടാക്കിയിരിക്കുകയല്ലേ ? ഈ രാജ്യത്തെ ഒരു സെക്കുലർ പാർട്ടികളുമായും ഞങ്ങളും കൂട്ടുകെട്ടുണ്ടാക്കുകയില്ല. ഇപ്പോഴത്തെ കാര്യമാണ് ഞാൻ പറയുന്നത്. മുമ്പ് നടന്ന കാര്യമോ ഇനി ഭാവിയിലുള്ള കാര്യമോ അല്ല പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : ഇന്നത്തെ രാഷ്ട്രീയസ്ഥിതിയിൽ നിന്നു മാറുമോ ?

ശ്രീ. ഇ. കെ. നായനാർ : മാറുമോയെന്നുള്ള കാര്യം നിങ്ങളാണ് തീരുമാനിക്കേണ്ടത്. എപ്പോഴും കീഴടങ്ങുമെന്നു നിങ്ങളാണ് തീരുമാനിക്കേണ്ടത്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ വീട്ടിൽപ്പോയി ഫോട്ടോരെ കണ്ടിട്ട് ഇവിടെ വന്നു പ്രധാനമന്ത്രിയെ കണ്ടു സംസാരിച്ചു എന്നു പറയുന്ന നിങ്ങളെ എനിക്കറിയാം. പിന്നെ എവിടെയൊക്കെ പോയിയെന്നു എനിക്കറിയാം. എന്നെക്കൊണ്ട് അതൊന്നും വിശദമായി പറയിപ്പിക്കരുത്. ലീഗും കേരളാ കോൺഗ്രസും കൂടി പോയി പറഞ്ഞതെന്താണ് ? ശ്രീ. കരുണാകരനെ പിരിച്ചുവിടണമെന്ന്. പിരിച്ചുവിട്ടിട്ട് പിന്നെ നിങ്ങൾ പിച്ചതെണ്ടാൻ നടക്കുമോ ? ശ്രീ. ഫ്രാൻസിന്റെ ഉദ്ദേശം എന്താണെന്ന് എനിക്കറിയാം. ....(ബഹളം).....പക്ഷേ ആ പ്ലാൻ നടക്കുമെന്നു തോന്നുന്നില്ല. ഞാനും കുറച്ചുകാലം കോൺഗ്രസുകാരനായിരുന്നു. അതുകൊണ്ട് ഞാൻ യഥാർത്ഥ കോൺഗ്രസുകാരോട് പറയുകയാണ്, ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി, കുറച്ചു കാശിനുവേണ്ടി ആദർശങ്ങളെ കുഴിച്ചുമൂടരുത്. ആരിഫ് മുഹമ്മദ്ഖാൻ 40 വയസിന് താഴെയുള്ള ഒരു ചെറുപ്പക്കാരനാണ്. അദ്ദേഹം ഒരു തത്വത്തിന്റെ പേരിലാണ് മന്ത്രിസ്ഥാനം വലിച്ചെറിഞ്ഞത്. അദ്ദേഹത്തിന്റെ വിശ്വാസത്തിനെതിരായി വന്നപ്പോൾ അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചു. ഇവിടെ മന്ത്രിസ്ഥാനമെന്ന അപ്പക്കഷണത്തിനുവേണ്ടി ആദർശങ്ങളെ വിറ്റ് കാശാക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നത് നമ്മുടെ ദേശീയ പ്രസ്ഥാനത്തേയും, ദേശീയ പാരമ്പര്യത്തേയുമെങ്കിലും നിങ്ങൾ ഓർമ്മിക്കണം. ഇന്നത്തെ രാഷ്ട്രീയത്തിൽ ലീഗും അതുപോലുള്ള വർഗ്ഗീയ കക്ഷികളുമായുള്ള കൂട്ടുകെട്ട് ഇൻഡ്യൻ രാഷ്ട്രീയത്തിന്, ഇൻഡ്യൻ ദേശീയതയ്ക്ക് ആപത്താണ്. അതുകൊണ്ട് ഇത്തരം കൂട്ടുകെട്ട് പാടില്ല. മുമ്പ് ഞങ്ങളും കൂട്ടുചേർന്നിട്ടുണ്ട്.....(ബഹളം)....ഭാവിയിൽ എന്താണെന്നു ഇപ്പോൾ പറയാൻ പറ്റുകയില്ല.....(ബഹളം)....പക്ഷേ വർഗ്ഗീയശക്തികളുമായി ഒരിക്കലും കൂട്ടുകൂടുകയില്ല. കഴിഞ്ഞകാലം കൂടിയെന്നുള്ളത് സമ്മതിക്കുന്നു. അത് തെറ്റായിരുന്നെന്നും സമ്മതിക്കുന്നു. ഭാവിയിൽ വർഗ്ഗീയ ശക്തികളുമായി കൂട്ടുകെട്ടുണ്ടാക്കുകയില്ല. അതുകൊണ്ട് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് ജനവഞ്ചനാപരമായ ഈ ബഡ്ജറ്റിനെ നിങ്ങൾ നിരാകരിക്കണം. ദേശീയപ്രസ്ഥാനത്തിന്റെ പാരമ്പര്യം ഉയർത്തിപിടിക്കാൻ വർഗ്ഗീയശക്തികളുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കണം. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-87-ലേക്ക് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ പലതും തെറ്റിദ്ധാരണകൊണ്ടുണ്ടായതാണ്. ബഹുമാനപ്പെട്ട ബേബിജോൺ പറയുകയുണ്ടായി ഇതൊരു വികസന ബഡ്ജറ്റല്ലെന്ന്. ബഹുമാനപ്പെട്ട നായനാരും ഏതാണ്ട് അതേ അഭിപ്രായത്തിലേക്ക് വീണ്ടും ചൂണ്ടുകയുണ്ടായി. ഈ ബഡ്ജറ്റ് ഒരു വികസന ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിൽ നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് 385 കോടി രൂപയുടെ വികസനപദ്ധതികളുണ്ട്. 1986-87-ലേക്ക് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ, പ്ലാനും നോൺ പ്ലാനും ഉൾപ്പെടെ 390 കോടി രൂപയുടെ അടങ്കലുള്ള പദ്ധതിയാണുള്ളത്. ആ നിലയ്ക്ക് ഇതൊരു വികസന ബഡ്ജറ്റാണ്. കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ വികസനപദ്ധതികളുള്ള ഒരു ബഡ്ജറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട ബേബിജോൺ ഒരു തൊഴിൽധ്യാരണയുടെ അടിസ്ഥാനത്തിൽ പറഞ്ഞു ഇത്തവണത്തെ വികസനത്തിനു വേണ്ട മുതൽ മുടക്കുമൂലം അടുത്തകൊല്ലത്തേയ്ക്ക് സംഖ്യ ഇല്ലാതായിരിക്കുന്നുവെന്ന്, 1985-86-ൽ 1049 കോടി രൂപ ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചറായി വച്ചിട്ടുണ്ടെങ്കിൽ 1031 കോടി രൂപയാണ് അടുത്ത വർഷത്തേയ്ക്ക് ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചറായി വരുന്നത് -എന്ന് പറഞ്ഞുകൊണ്ട് ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചർ കുറഞ്ഞുവരുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ബഹുമാനപ്പെട്ട ബേബിജോണിനോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് ഒരു കാലഘട്ടത്തിൽ റവന്യൂമന്ത്രിയായിരുന്ന ആളാണ്. ഇക്കൊല്ലം നമുക്ക് 134 കോടി രൂപ വരൾച്ച ദുരിതാശ്വാസത്തിനായി കിട്ടുകയുണ്ടായി. വരൾച്ച ദുരിതാശ്വാസത്തിനു കിട്ടിയ 134 കോടി രൂപയും ഉൾപ്പെടുത്തിയാണ് ഈ വർഷത്തെ 1049 കോടി രൂപ വകയിരുത്തൽ. അടുത്ത വർഷം ഈ വരൾച്ച ഇല്ല. അടുത്ത വർഷത്തെ ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി മാർജിൻമണിയായി 5 രൂപയാണ് വച്ചിട്ടുള്ളത്. അതിന്റെ അർത്ഥം അടുത്ത വർഷത്തേയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നത് 1031 കോടി രൂപയാണെങ്കിൽ യഥാർത്ഥത്തിൽ ഈ വർഷം 1049 കോടി രൂപയിൽനിന്നും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി കിട്ടിയ 135 കോടി രൂപ കുറച്ചാൽ നോർമൽ ആയിട്ടുള്ള ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചർ നടപ്പു സാമ്പത്തികവർഷത്തിൽ 914 കോടി രൂപയാണ്. നോർമൽ ആയി ഈ വർഷത്തെ ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചർ 914 കോടി രൂപയായിരുന്ന സ്ഥാനത്ത് അടുത്തവർഷത്തേയ്ക്ക് 1031 കോടി രൂപ കൂട്ടിവച്ചിട്ടുണ്ടെങ്കിൽ ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചർ അടുത്ത വർഷം കൂടുതലാണ്. ബഹുമാനപ്പെട്ട ബേബിജോൺ അതു മനസിലാക്കാതെ പെട്ടെന്നൊരു ഫിഗർ കണ്ടുകൊണ്ട് ഈ നിയമസഭയിൽ മറ്റൊരുരീതിയിൽ ഒരു ചിത്രീകരണം നടത്തുകയാണുണ്ടായത് എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്.

ശ്രീ. ബേബിജോൺ : സർ, നാച്വറൽ കലാമിറ്റീസിനെ തുടർന്നുള്ള റിലീഫ് വർക്ക് ഡെവലപ്പ്മെൻറൽ ആക്ടിവിറ്റീസിനാണോ ഉപയോഗിക്കുന്നത് ? അതെങ്ങനെ ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചറാകും ?

ശ്രീ. കെ. എം. മാണി : സർ, അതിനൊക്കെ പ്ലാനിംഗ് കമ്മീഷനു ചില നോംസ് ഉണ്ട്. നോംസ് എന്നുപറയുന്നത് ദുരിതാശ്വാസത്തിന്റെ ഭാഗമായി രാജ്യത്ത് റോഡ് നന്നാക്കുന്നതിനും വീട് കെട്ടുന്നതിനും ബണ്ടു കെട്ടുന്നതിനുമൊക്കെ ചെലവഴിക്കുന്ന ആ ഫണ്ടിനെ സംബന്ധിച്ചിടത്തോളം അത് ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചറായി കൂട്ടിച്ചേർക്കണമെന്നുള്ളത് ബഡ്ജറിലുള്ള സാമാന്യമായ ഒരു തത്വമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ബേബിജോണിനെ ഈ കാര്യമറിയിക്കുകയാണ്, അടുത്തകൊല്ലം ഡെവലപ്പ്മെൻറൽ എക്സ്പെൻഡീച്ചർ ഈ വർഷത്തേക്കാൾ കൂടുതലാണ്.

സർ, ഒരു കാര്യം അവസാനമായാൽ മറന്നുപോകുമെന്നുള്ളതുകൊണ്ട് ഞാൻ ഇപ്പോഴേ അറിയിക്കട്ടെ. ഈ ബഡ്ജറിലെ നികുതിയെ സംബന്ധിച്ച് ആദ്യമേ ഒരു കാര്യം പറയട്ടെ. ഇക്കൊല്ലത്തെ നികുതികൾ അധികവും സാധാരണക്കാരനെ നോവിക്കാത്തതാണ്. ഒരാൾക്കും ബുദ്ധിമുട്ടു വരാത്ത രീതിയിലാണ് 32 കോടി രൂപ സമാഹരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ബേബിജോൺ മുതൽ ചന്ദ്രശേഖരൻ വരെയുള്ളവർ പ്രസംഗിച്ചപ്പോൾ വാനിറ്റിബാഗിന് വില കൂട്ടിയതിനെപ്പറ്റി പറഞ്ഞു. 50 രൂപ വിലയിൽ താഴെയുള്ള വാനിറ്റി ബാഗുകൾക്ക് ഈ വർഷത്തെ ബഡ്ജറിൽ നികുതി

LIBRARY ARCHIVES Kerala Legislative Assembly

10 ശതമാനമായി ഉയർത്തിയെന്ന് അവർ കുറ്റപ്പെടുത്തുകയുണ്ടായി. ഞാൻ ഒരു സ്ത്രീ വിരോധിയാകാൻ ഏതായാലും ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട സഭയിൽ പല മെമ്പർമാരും പ്രകടിപ്പിച്ച വികാരത്തെ മാനിച്ചുകൊണ്ട് 50 രൂപയിൽ താഴെയുള്ള വാനിറ്റി ബാഗിനു നിശ്ചയിച്ചിരുന്ന ഉയർന്ന നികുതി ഒഴിവാക്കുന്നു ; അത് പിൻവലിക്കുന്നു. ഇതൊഴിച്ചാൽ ഈ വർഷത്തേക്ക് മറ്റ് യാതൊരു നികുതിഭാരവുമില്ലാതെ 32 കോടി രൂപ അഡീഷണലായിട്ട് റിസോഴ്സ് ഉണ്ടാക്കുകയാണ്.

ശ്രീ. ബേബിജോൺ : സർ, ധനകാര്യമന്ത്രി ഞാൻ പറഞ്ഞതിനെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ഞാൻ പറഞ്ഞത് ശരിയാണ്. 1049-ൽ നിന്ന് 1031 ആയി കുറഞ്ഞിരിക്കുന്നു. ഞങ്ങൾക്ക് തന്ന പുസ്തകത്തിൽ Economic Development Services :

Major items on this account of Irrigation, Public works, Forests, Transport and Communication, the proposed expenditure on this account during 1986-87 is less than the expenditure incurred in 1985-86.

എന്നിട്ട് 99 കോടി രൂപ കുറച്ചിരിക്കുന്നു. അതെന്താണ് ?

ശ്രീ. കെ. എം. മാണി : സർ, പല കാര്യങ്ങളും നമുക്ക് ചർച്ച ചെയ്യാം. ഒരു കാര്യമേ എനിക്ക് മറുപടി പറയാനുള്ളു. ഡെവലപ്പ്മെൻറൽ എക്സ്പെൻഡിച്ചർ കുറവാണ് എന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. അത് കൂടുതലാണ്. ഓരോ വിഷയങ്ങളായി ഇപ്പോൾ എടുത്താൽ ഞാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് എനിക്ക് മറുപടി പറയാൻ കഴിയുകയില്ല.

സർ, ഇവിടെ ബഹുമാനപ്പെട്ട ബേബിജോണും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഡ്ജറ്റ് കള്ളക്കളിയാണെന്ന് പറഞ്ഞു. അവർ ഈ ബഡ്ജറിലെ 87-ാമത്തെ പാരഗ്രാഫ് വായിക്കുകയാണെങ്കിൽ കാര്യങ്ങൾ മനസിലാകും. 82 കോടി രൂപ ഈ വർഷാവസാനമുണ്ടാകുന്ന മിച്ചം എങ്ങനെ 62 കോടി രൂപയാകുന്നു അത് അടുത്ത വർഷാവസാനം എങ്ങനെ 50 കോടിയാകുന്നു അത് വീണ്ടും 15* കോടിയാകുന്നതെങ്ങനെയെന്ന് സത്യസന്ധമായിയാതൊന്നും മറച്ചുവയ്ക്കാതെ ഒരു പാരഗ്രാഫിൽ ഉൾക്കൊള്ളിച്ചതുതന്നെ ഇതിനെപ്പറ്റി ഒരു സംശയം ഉണ്ടാകരുതെന്ന് കണ്ടുകൊണ്ടാണ്. ഈ സംശയം എങ്ങനെയുണ്ടായിയെന്ന് എനിക്കറിഞ്ഞുകൂടാ ?

എന്റെ കണക്ക് റിസർവ് ബാങ്കിന്റെ കണക്കാണ്. സ്റ്റേറ്റ് ഗവൺമെൻറിന്റെ ബാങ്ക് റിസർവ് ബാങ്കാണ്. ഉദാഹരണമായി ഒരു ബിസിനസ്കാരൻ തന്റെ പണമിടപാട് സംബന്ധിച്ച് ബാങ്കിൽനിന്ന് കണക്ക് എങ്ങനെയാണ് അറിയുന്നത്. ഒരു ഡെപ്പോസിറ്റർ അറിയുന്നത് പാസ് ബുക്കിൽ രേഖപ്പെടുത്തുമ്പോഴാണ്. കേരള ഗവൺമെൻറിന്റെ വരവുകളും ചെലവുകളും സംബന്ധിക്കുന്ന സകല കണക്കും റിസർവ് ബാങ്കിലാണ്. എന്റെ കൺട്രോളിൽ അല്ല. ട്രഷറി അക്കൗണ്ട് അക്കൗണ്ടന്റ് ജനറലിൽകൂടി ഞങ്ങൾ അറിയാതെതന്നെ ട്രഷറിയിൽ നിന്നും സ്റ്റേറ്റ് ബാങ്ക് വഴി നേരെ റിസർവ് ബാങ്കിലേക്ക് പോകുകയാണ്. Taste of the pudding is in the eating. ബഹുമാനപ്പെട്ട ബേബിജോണും നായനാരും അറിയുന്നതിനുവേണ്ടി ഞാൻ ഒരു വാചകം വായിക്കുകയാണ്. എനിക്ക് ശനിയാഴ്ച റിസർവ് ബാങ്കിൽ നിന്നും കിട്ടിയ ഒരു മെസേജാണ്. റിസർവ് ബാങ്കിൽനിന്നും 22-ാം തീയതി എനിക്കു കിട്ടിയ മെസേജ് code telegram dated 22nd March 1986 from the Reserve Bank of India, Central Accounts Section, Nagpur "Your Government's Treasury Balance at the close of business on 22nd is Rs. 101,35,80,000" കേരളത്തിലെ ധനകാര്യമന്ത്രി 21-ാം തീയതി അവതരിപ്പിച്ച ബഡ്ജറിൽ ഈ വർഷാവസാനം 82 കോടി രൂപ മിച്ചമുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറഞ്ഞതിനെ തർക്കിക്കുന്ന പ്രതിപക്ഷത്തോട് ശനിയാഴ്ച റിസർവ് ബാങ്കിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് 101 കോടി രൂപ റിസർവ് ബാങ്ക് അക്കൗണ്ടിൽ മിച്ചമുണ്ട് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനിയെങ്കിലും ബഹുമാനപ്പെട്ട ബേബിജോണും നായനാരും ഈ നിയമസഭയ്ക്കകത്തുനിന്നുകൊണ്ട് ഈ കണക്ക് കള്ളമാണ് പറഞ്ഞിപ്പാണ് എന്ന് പറയരുത് എന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, നല്ലതിനെ നല്ലതെന്ന് പറയുകയും തെറ്റുകളെ തെറ്റാണെന്ന് പറയുകയും ചെയ്യുകയാണെങ്കിൽ അതിനെ അപ്രീഷിയേറ്റ് ചെയ്യാം. കഴിഞ്ഞ കൊല്ലം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 'കമ്മി കമ്മി, തകർന്നു തകർന്നു,' ഇക്കൊല്ലം മിച്ചമാണെന്ന് പറഞ്ഞപ്പോൾ 'മിച്ചമായതു കുഴപ്പം, സംസ്ഥാനത്തിന്റെ സാമ്പത്തികസംസ്ഥിതിയാലോചിക്കുമ്പോൾ മിച്ചമായതു കുഴപ്പം, ഇൻഡ്യയിൽ എവിടെയെങ്കിലും മിച്ച ബഡ്ജറ്റ് ഉണ്ടോ, എന്നൊക്കെ പറഞ്ഞാൽ വലിയ പ്രയാസമാണ്. ശ്രീ. ടി. വി. തോമസ് പറഞ്ഞിട്ടുള്ള ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്, ''ഒരു അമ്മാവൻ മകൻ എണീക്കാൻ താമസിച്ചാൽ പറയും 'അവൻ കിടന്നുറങ്ങുന്നു, സൂര്യൻ ഉദിച്ചിട്ടും അവനു എണീക്കാറായില്ല' പിറെറ ദിവസം നേരത്തെ എണീക്കുമ്പോൾ പറയും 'അമ്പട, സൂര്യൻ ഉദിച്ചില്ല അതിനുമുമ്പ് അവൻ എണീറ്റിരിക്കുന്നു.'' ശ്രീ. ടി. വി. തോമസ് ഇവിടെവച്ച് പറഞ്ഞ ആ കഥ ഞാൻ ഓർത്തുപോയതാണ്. ബഹുമാനപ്പെട്ട ടി. വി. തോമസിനെ ഞാൻ ഓർത്തുകൊണ്ടു പറയുകയാണ് ഈ നിഷേധാത്മകമായ നയം നമുക്ക് ഒരിക്കലും പാടില്ല. മിച്ചമുണ്ടെന്ന് റിസർവ് ബാങ്ക് പറഞ്ഞാലെങ്കിലും നിങ്ങൾ വിശ്വസിക്കൂ. 'മാണി വിരോധം' മാറിവയ്ക്കൂ.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, റിസർവ് ബാങ്കിന്റെ കണക്ക് വിശ്വസിക്കാം. 82 കോടി രൂപ ക്യാഷ് ബാലൻസും 50 കോടി രൂപ ക്ലോസിംഗ് ബാലൻസും എന്നൊക്കെ റിസർവ് ബാങ്ക് പറയുന്നത് വിശ്വസിക്കാം. ആ റിസർവ് ബാങ്കിന്റെ കൈയ്യിൽ പെൻഡിംഗ് ബിൽസിന്റെ കണക്കുണ്ടോ ? കോൺട്രാക്ടർമാർക്ക് കൊടുക്കേണ്ടതിന്റെ കണക്കുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ അതിലേക്ക് വരികയാണ്. എന്റെ പ്രസംഗം മുഴുവനും കേട്ടതിനുശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിനെല്ലാം മറുപടി പറയാം. കഴിഞ്ഞ 22-ാം തീയതി (ശനിയാഴ്ച) 101 കോടി രൂപയുണ്ടെന്ന് റിസർവ് ബാങ്ക് എനിക്ക് മെസേജ് തന്നെങ്കിൽ ഞാൻ 21-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിലെ ലോറസ്റ്റ് കണക്കനുസരിച്ച് 82 കോടി രൂപ മിച്ചം എന്നു പറഞ്ഞാൽ അത് വിശ്വസിക്കണം. ആ അടിത്തറയിൽ നിന്നാണ് അടുത്ത വർഷത്തെ ബഡ്ജറ്റ്. ആ അടിത്തറയിൽ നിന്നാണ് 62 കോടി രൂപയും പിന്നീട് 50 കോടിയും 15 കോടിയും ആയത്. അത് വിശ്വസിക്കണം. അതുകൊണ്ട് സത്യസന്ധമായ ബഡ്ജറ്റ് വിശദീകരണം വിശ്വസിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

സർ, ശ്രീ. കെ. പി. പ്രഭാകരൻ ഇവിടെ പറഞ്ഞു ഹരിജനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകപോലും വളരെ കുറവാണ് എന്ന്. 1984-85-ൽ ഹരിജനങ്ങൾക്കുവേണ്ടി നീക്കി വച്ച തുക 24 കോടി രൂപയായിരുന്നു. 1985-86-ൽ അത് 36 കോടി രൂപയായി. 1985-86-ലെ റിവൈസ്ഡ് ബഡ്

3 P. M. ജറ്റ് വന്നപ്പോൾ അതിലെ അക്കൗണ്ട് 28 കോടി രൂപയാണ്. 1986-87-ൽ അത് 29 കോടിയായി ഉയർന്നിരിക്കുന്നു. ഹരിജനങ്ങൾക്കുവേണ്ടി ക്രമാനുഗതമായി കൂടുതൽ സംഖ്യ ബഡ്ജറ്റിനകത്ത് ഉൾപ്പെടുത്തിയതിനുശേഷവും, ഹരിജനങ്ങൾക്ക് വേണ്ടിയുള്ള തുക കുറഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുവെന്നു പറഞ്ഞാൽ വളരെ സങ്കടകരമാണ്. സർ, ഞാൻ പറയുന്നത് വിശ്വസിക്കാമെങ്കിൽ വിശ്വസിക്കുക. ഇല്ലെങ്കിൽ വേണ്ട. ഞാൻ പത്രത്തിൽ നിന്നുള്ള റിപ്പോർട്ട് വായിക്കാം. അത് പറഞ്ഞതാണോയെന്ന് പറയണം. ശ്രീ. ബേബിജോണും പറഞ്ഞതായിട്ട് ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. ഇത് ശ്രീ. എ. സി. ഷൺമുഖദാസ് പറഞ്ഞതാണ്. ഇത് എന്റെ ബഡ്ജറ്റിന്റെ പ്രതികരണവുമാണ്. 'കഴിഞ്ഞ വെള്ളപ്പൊക്കമുണ്ടായ സാഹചര്യത്തിൽ കേന്ദ്രസഹായമില്ലായിരുന്നുവെങ്കിൽ കേരള ധനകാര്യവകുപ്പ് അപ്പടി പരാജയമാകുമായിരുന്നുവെന്ന് കോൺഗ്രസ് (എസ്) നേതാവ് ശ്രീ. എ. സി. ഷൺമുഖദാസ് അഭിപ്രായപ്പെട്ടു.' സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണെന്ന് പറയുന്നില്ല, ഇതെല്ലാം കൊടുത്തുതീർത്തിരുന്നുവെങ്കിൽ സംസ്ഥാനംകണ്ട ഏറ്റവും വലിയ കമ്മി ബഡ്ജറ്റാകുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട ബേബിജോണും അതിനെക്കുറിച്ച് പത്രത്തിൽ പറഞ്ഞിരുന്നു. സർ, കേന്ദ്രത്തിൽ നിന്ന് എടുത്തിരിക്കുന്ന കടം മുഴുവനും കൊടുത്തു തീർത്തിരുന്നുവെങ്കിൽ ഇത് മിച്ചമാകുമായിരുന്നുപോയെന്ന് ചോദിച്ചു. ബഹുമാനപ്പെട്ട ബേബിജോണിനോടും പ്രതിപക്ഷത്തോടും വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയട്ടെ, കേന്ദ്രത്തിൽ നിന്ന് നമുക്ക് പ്ലാൻ അസിസ്റ്റൻസുണ്ട്, ലോണുണ്ട്, ഗ്രാൻറുണ്ട്. അതെല്ലാം നിശ്ചിത പലിശയ്ക്ക്, നിശ്ചിത കാലാവധിക്ക് തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥയോടുകൂടിയാണു തരുന്നത്. അങ്ങനെ വരുമ്പോൾ ഓരോ വർഷവും എത്ര രൂപ തിരിച്ചടയ്ക്കണമോ അതിന്റെ മുതലും പലിശയും ബഡ്ജറ്റിനകത്ത് ഉൾപ്പെടുത്തുകയെന്നുള്ളതാണ് ബഡ്ജറ്റിംഗ്. ഇൻഡ്യാ ഗവൺമെന്റും അതാണ് പറയുന്നത്. ഇൻറർനാഷണൽ മോണിട്ടറി ഫണ്ടിൽനിന്നും കടമെടുത്തിട്ടുണ്ടെങ്കിൽ അടുത്ത വർഷം ഇത്ര അടയ്ക്കണമെന്നുള്ളതാണ് കണക്ക്. പ്രതിപക്ഷനേതാവായതുകൊണ്ട് ബഹുമാനപ്പെട്ട നായനാരോട് പറയുകയാണ്, 1986-87-ൽ കടമിനങ്ങളിലുള്ള വരവുചെലവു വിശദമായി എഴുതിവച്ച ഡീറെയിൽഡ് എസ്റ്റിമേറിൽ മൂന്നാമത്തെ പേജിൽ തന്നെ കിടപ്പുണ്ട്. 1986-87-ൽ 140 കോടിയിൽപ്പരം രൂപ കേന്ദ്രസർക്കാരിൽനിന്നുള്ള വായ്പകളും മറ്റും തിരിച്ചടയ്ക്കാൻവേണ്ടി സംസ്ഥാന ഗവൺമെൻറ് ഈ ബഡ്ജറ്റിനകത്ത് വകകൊള്ളിച്ചിരിക്കെ, കേന്ദ്രത്തിൽനിന്നുള്ള കടബാദ്ധ്യത മുഴുവനും കൊടുത്തുതീർക്കുകയാണെങ്കിൽ നമുക്ക് മിച്ചമുണ്ടാകുമോയെന്നൊക്കെ പറഞ്ഞ് ഈ ബഡ്ജറ് അയഥാർത്ഥമാണെന്ന് വരുത്താൻവേണ്ടി ഒരു മൂടുപടലം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ശ്രമം വളരെ സങ്കടകരമാണ്. ഇത്തരത്തിലുള്ള പ്രചരണംകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നിടത്ത് എത്തുകില്ല. ഇതിൽ കടബാദ്ധ്യതകളും കുടിശ്ശികബില്ലുകളും പരിശോധിച്ചതിനുശേഷമുള്ള മിച്ചമാണോയെന്ന് ശ്രീ. കെ. പി. പ്രഭാകരൻ ചോദിക്കുകയുണ്ടായി. ഞാനതിൽ നിന്ന് ഒഴിഞ്ഞുമാറുകയല്ല. അതിനു മറുപടി പറയേണ്ടത് എന്റെ കടമയല്ലേ ?. ഇതിനുമുമ്പ് കേരള സംസ്ഥാനത്ത് പട്ടം താണുപിള്ള ഗവൺമെൻറ് മുതൽ ഇന്നുവരെ നോക്കിയാൽ ഏതെങ്കിലുമൊരു ബഡ്ജറിൽ കാണാത്ത ഒരു പ്രത്യേകതയാണ്. നോർമലായിട്ട് ബഡ്ജറിന്റെ പ്രൊവിഷനു പുറത്ത് ഓരോ വകുപ്പുകളും ചെലവഴിച്ചതിന്റെ ഫലമായി കാലാകാലങ്ങളിൽ കുമിഞ്ഞുകൂടിയിട്ടുള്ള മേജർ കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാൻ ഒരു ധനകാര്യമന്ത്രി തുകമാറ്റി വയ്ക്കുന്നത്, unprecedented in the history of Kerala. ഞാനത് ചെയ്തുവെങ്കിൽ ഒരു നല്ലകാര്യമല്ലേ ? ഒന്നാമത്തെ കാര്യം കുടിശ്ശികയെ സംബന്ധിച്ചിടത്തോളം പ്ലാനിൽ ഒതുങ്ങി നിൽക്കാത്ത ചെലവുകൾ ഫിനാൻസ് ഡിപ്പാർട്ടുമെൻറിനു നേരിടാൻ കഴിയില്ല. ബഹുമാനപ്പെട്ട നായനാർ ഇവിടെ ചോദിച്ചു ആസൂത്രിതമെന്നു പറഞ്ഞാലെന്താണെന്ന്. ഒരു വർഷത്തെ വരവും ചെലവും പൊരുത്തപ്പെടുത്തിക്കൊണ്ട് പ്ലാൻ ചെയ്തത് ബഡ്ജറാക്കിക്കൊണ്ട് വരികയാണ്. അങ്ങനെ ബഡ്ജറാക്കിയതിനുശേഷം പ്രൊവിഷനു പുറത്ത് ചെലവു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകഴിഞ്ഞാൽ ഒരു ധനകാര്യമന്ത്രിക്കും അത് മാനേജ് ചെയ്യാൻ കഴിയില്ല. അത് ഫിനാൻസ് ഡിപ്പാർട്ടുമെൻറിന്റെ ചുമതലയല്ല. ആദ്യമായി ഞാനൊരു ബഡ്ജറിംഗ് പ്രിൻസിപ്പിൾ പറയുകയാണ്. ഓരോ വകുപ്പുകളും ബഡ്ജറിൽ നിന്നു കിട്ടുന്ന തുകയിൽനിന്ന് തലേവർഷത്തെ കുടിശ്ശികയേതെങ്കിലും കൊടുത്തുതീർക്കാനുണ്ടെങ്കിൽ കാലാകാലങ്ങളിൽ അവരവർക്കുകിട്ടുന്ന ബഡ്ജറ് പ്രൊവിഷനകത്തുനിന്നും ചെലവുചെയ്യണമെന്നാണ് സാധാരണ പ്രൊവിഷൻ. എന്നാൽ അതിനു വിപരീതമായി അൽപ്പമൊരു സാമ്പത്തികസൗകര്യമുണ്ടായപ്പോൾ മേജർ ഐറംസ് മുഴുവനും കൊടുത്തുകളയാമെന്ന് വച്ചത് ഒരു തെറ്റാണോ ? അതൊരിക്കലുമൊരു തെറ്റല്ല. അതിനെക്കുറിച്ച് ഞാനൊന്നു പറയട്ടെ, ഇക്കൊല്ലം കേരളാഗവൺമെൻറ് വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ കാണും. അവയ്ക്ക് ചിലപ്പോൾ വാടക കൊടുക്കുന്നത് നവംബറിലോ, ഡിസംബറിലോ, ഏപ്രിലിലോ ഒക്കെയായിരിക്കും. അല്ലെങ്കിൽ കാൻറീനിൽ നിന്ന് കാപ്പിവാങ്ങിയത് കൊടുക്കാൻ കാണും. ഇങ്ങനെ അനുദിനഭരണത്തിൽ മാർജിനലായിട്ടുള്ള, ടെക്നിക്കലായിട്ടുള്ള എക്സ്പെൻഡിച്ചർ കുടിശ്ശികകൾ ഏത് ഗവൺമെൻറുകൾക്കും കാണും. ഇവിടെ അടുത്തകാലത്ത് ഉയർന്നുവന്ന ഏറ്റവും വലിയ വിമർശനമായിരുന്നു നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ച്, ചെയ്തു തീർത്ത ജോലികൾക്ക് കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള ബില്ലുകൾ കൊടുക്കാതെ കുടിശ്ശിക കൂട്ടിയതിനെ സംബന്ധിച്ച്. ഞാൻ ബഹുമാനപ്പെട്ട ബേബിജോണിന്റെ അറിവിനുവേണ്ടി പറയുകയാണ്, ഡിസംബർ മാസം മുപ്പതാം തീയതിവരെ കേരളത്തിലെ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള ബില്ല് 22 കോടി രൂപ മാത്രമേയുള്ളൂ. അത് മനസ്സിലാക്കണം. ഒരുപാട് കൊടുക്കാനുണ്ടെന്ന് എന്തിനാണ് പറയുന്നത് ? മേജറായിട്ടുള്ള കോൺട്രാക്ടേഴ്സിന് ബില്ല് കൊടുത്തുതീർക്കൻവേണ്ടി 35 കോടി രൂപ മാറ്റിവച്ചത് ഒരു നല്ല കാര്യമാണ്. അതുകൊണ്ട് ഇനി കാൻറീനിൽ രൂപ കൊടുക്കാനില്ലേ ?, വാടകരൂപ കൊടുക്കാനില്ലേയെന്നൊക്കെ ചോദിച്ചാൽ

.....

ശ്രീ. ബേബിജോൺ : സർ, ഇപ്പോൾ 22 കോടി രൂപയേയുള്ളൂ. മാർച്ച് മാസമാകുമ്പോൾ അതെത്ര രൂപയാകും ? വർദ്ധിക്കില്ലേ ?

ശ്രീ. കെ. എം. മാണി : അങ്ങനെയാണെങ്കിൽ അടുത്തവർഷം മാർച്ചാകുമ്പോഴോ ? ഇതിന് ഒരുത്തിയില്ല. അതിന് നോർമലായിട്ട് ബഡ്ജറ് പ്രൊവിഷനുണ്ട്. പി. ഡബ്ലിയു. ഡി., ഇറിഗേഷൻ, പി. എച്ച്. ഇ. ഡി. എന്നീ വകുപ്പുകൾക്ക് ഈ വർഷത്തെ ബഡ്ജറിൽ കൂടുതലായിട്ട് പ്രൊവിഷനുണ്ട്. ഇനിയുള്ള ഒരു ചോദ്യം ഈ ക്രെഡിറ് ആർക്കാണ് ? കേന്ദ്രത്തിനാണോ അതോ സംസ്ഥാനത്തിനാണോ ?

കേന്ദ്രം ഉദാരമായ സഹായം ചെയ്തുവെന്ന് അടിവരയിട്ട് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. പക്ഷെ ഉദാരമായി ചെയ്ത സഹായങ്ങളുടെ ഫലമായിട്ടാണ് ഈ മിച്ചമുണ്ടായതെന്ന വാദഗതി ശരിയല്ല. ഞാൻ അതിലേക്ക് വരാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രം ഉദാരമായ സഹായം ചെയ്തു. പക്ഷെ സംസ്ഥാന ഗവൺമെൻറിന്റെ എഫർട്ടിനെ എന്തിനാണ് മിനിമൈസ് ചെയ്യുന്നത് ? സംസ്ഥാന ഗവൺമെൻറ് ഒരു നല്ലകാര്യം ചെയ്തുവെങ്കിൽ ആ നല്ല കാര്യം നല്ലതല്ലായെന്നു പറയുന്നതിനുവേണ്ടി, അത് സ്ഥാപിക്കുന്നതിനുവേണ്ടി നടത്തുന്ന പ്രയാസങ്ങൾ ഞാൻ ഓർക്കുകയാണ്. ഇവിടെ ആദ്യത്തെ കേസ് ശ്രീ. കെ. പി. പ്രഭാകരനാണ് കൊണ്ടുവന്നത്. ശ്രീ. ബേബിജോൺ പ്രസംഗിച്ചു, നിങ്ങൾക്ക് അഡ്വാൻസ് പ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയില്ലേ ? ശ്രീ. കെ. പി. പ്രഭാകരനുവേണ്ടി ഒരു കാര്യം പറയുകയാണ്, 1985-86 ലേക്ക് 100 കോടി രൂപയും അടുത്ത കൊല്ലത്തേക്ക് 75 കോടിയും ഉൾപ്പെടെ 175 കോടി രൂപ അഡ്വാൻസ് പ്ലാൻ അസിസ്റ്റൻസ് കിട്ടിയത് നല്ല കാര്യം. കേന്ദ്രം ചെയ്തത് നല്ലത്. പക്ഷെ ഞാനവതരിപ്പിച്ച ബഡ്ജറ് 82 കോടി രൂപയുടെ സർപ്ലസിലേക്ക് വരുന്നില്ല. എന്താണ് ഇതിന് കാരണം ? ഇതുംകൂടി ഇട്ടിട്ടാണ് പ്ലാൻ ഉണ്ടായത്. ഈ 75 കോടിയും ഇട്ടിട്ടാണ് 390 കോടി രൂപയുടെ പ്ലാൻ ഉണ്ടാകുന്നത്. ഈ പ്ലാനിനകത്ത് അതുൾപ്പെട്ടുപോയി. അതിൽനിന്ന് ഒരു പൈസ ധനകാര്യമന്ത്രി എന്ന നിലയിൽ ഞാൻ അവതരിപ്പിച്ച ബഡ്ജറിൽ 82 കോടി രൂപയുടെ കോർപ്പസിൽ ഇല്ല. ബഹുമാനപ്പെട്ട ബേബിജോണും ബഹുമാനപ്പെട്ട നായനാരും എന്നോട് യോജിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

രണ്ടാമത്തെകാര്യം ഫ്ളഡ് റിലീഫ്. ഫ്ളഡ് റിലീഫിന് 135 കോടി രൂപ എക്സ്പെൻഡിച്ചർ. നോൺ പ്ലാൻ ചെലവ് ഫ്ളഡ് റിലീഫിന് 120 കോടി രൂപ. ഈ 120 കോടി രൂപയുടെ 88 ശതമാനമായ 105 കോടി രൂപ കേന്ദ്രം തന്നു. അത് ഉദാരമാണ്. അത് ഞാൻ സന്തോഷത്തോടുകൂടിയും നന്ദിയോടുകൂടിയും സ്മരിക്കുന്നു. പക്ഷെ എന്റെ കേസ് ആ 105 കോടിയിൽ ഒരു പൈസപോലും എന്റെ, ഞാൻ അവതരിപ്പിച്ച ബഡ്ജറ് കോർപ്പസിൽ വരുന്നില്ല. അതുതന്നെയുമല്ല, കേരളാ ഗവൺമെൻറ് ഫ്ളഡിനു വേണ്ടി 15 കോടി രൂപ കൂടുതൽ ചെലവുചെയ്യേണ്ടിവരുന്നു. 88 ന് പുറമെ 100 ശതമാനമാക്കാൻ വേണ്ടിയുള്ള ഗ്യാപ്പ് 15 കോടി രൂപ കേരളാ ഗവൺമെൻറ് ചെലവു ചെയ്യേണ്ടി വരും. അടുത്ത് ശ്രീ. കെ. പി. പ്രഭാകരന്റെ മറ്റൊരു ചോദ്യം, നിങ്ങൾക്ക് മിഡിൽ ടേം ലോൺ തന്നതുകൊണ്ടല്ലേ ? ഞാൻ സത്യസന്ധമായി പറയുന്നു, പറഞ്ഞിട്ടുണ്ട്, മിഡിൽ ടേം ലോൺ 242 കോടി രൂപ തന്നപ്പോൾ 205 കോടിയായി നമ്മുടെ തലേ വർഷത്തെ അല്ലെങ്കിൽ നടപ്പുവർഷത്തെ ഈ കമ്മി കുറച്ചുകൊണ്ടു വന്നതിന്റെ ഫലമായി 37 കോടി രൂപയുടെ മിച്ചം ഉണ്ടെന്ന് ഞാൻ കണക്കിൽ പറഞ്ഞല്ലോ ? ഈ 37 കോടി രൂപ മിച്ചമുണ്ടെങ്കിൽ ബഡ്ജറിൽ വിഭാവന ചെയ്ത, ക്യാബിനറ് പാസാക്കിയ അഡീഷണൽ ചെലവുകളുടെ ഫലമായി ഈ ബഡ്ജറിൽ 85 കോടി രൂപ കൂടതൽ ചെലവു ചെയ്യേണ്ടിവന്നു. അത് ബഡ്ജറിലെ 76-ാമത്തെ പാരഗ്രാഫിൽ പറഞ്ഞിട്ടുണ്ട്. അതിൽ നിന്നും 37 കുറച്ചാൽ പിന്നെ 48 കോടി രൂപ കമ്മിയാണ് ; ആയിരുന്നു. ഇനിയെങ്കിലും ഫ്ളഡിനു കിട്ടിയതുകൊണ്ടാണ് സർപ്ലസ് ഉണ്ടായത്, മിഡിൽ ടേം ലോൺ കിട്ടിയതു കൊണ്ടാണ് സർപ്ലസ് ഉണ്ടായത്, അല്ലെങ്കിൽ മറ്റെന്തെങ്കിലും കൊണ്ടാണ് സർപ്ലസ് ഉണ്ടായത്—ആ നിലയ്ക്കുള്ള വാദം വരുന്നത് എന്തിനു വേണ്ടിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സംസ്ഥാന ഗവൺമെൻറിന്റെ ഒരു എഫർട്ടും ഈ മിച്ചമുണ്ടാക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്നില്ലായെന്ന് സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്ന നിഷേധാത്മക നിലപാടുള്ള ആളുകൾക്ക് മാത്രമേ ഇങ്ങനെ ഒരു വാദഗതി കെട്ടിപ്പൊക്കിയിട്ട് കാര്യമുള്ളൂ. ഏതായാലും ബഹുമാനപ്പെട്ട നായനാർക്കും ബഹുമാനപ്പെട്ട ബേബിജോണിനും അങ്ങനെയില്ല. അങ്ങനെ ഒരു വാദഗതി നിഷേധാത്മകമല്ലാത്തതുകൊണ്ട് ഞാൻ സന്തോഷിക്കുന്നു. ഞാൻ പറഞ്ഞ അഭിപ്രായത്തോട് യോജിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. മറ്റൊരു ചോദ്യം ശ്രീ. നായനാരും, ശ്രീ. ബേബിജോണും എല്ലാവരുംകൂടി ചോദിച്ചു, നിങ്ങൾ ഈ 92 കോടി രൂപ എങ്ങനെ ഉണ്ടാക്കി ? ഉണ്ടെന്നുള്ളത് സമ്മതിച്ചു. ഇനി അത് എങ്ങനെയുണ്ടായിയെന്നുള്ളതാണ് ചോദ്യം. 92 കോടി രൂപയുടെ കണക്കാണ്. ഞാൻ അതിൽ പറഞ്ഞിരിക്കുന്നത്, 1984-85-ൽ 92 കോടി രൂപയും, 1985-86-ൽ 100 കോടി രൂപയും ഉണ്ടെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

102 കോടി രൂപയുടെ ഓൺ ആയിട്ടുള്ള എഫർട്ടുണ്ട്. അത് എന്റെ കണക്കല്ല. എനിക്ക് രണ്ടു പേരുടെ കണക്കേയുള്ളൂ. നിങ്ങൾക്ക് അത് നിഷേധിക്കുവാൻ കഴിയുകയില്ല. ഒന്ന്, പ്ലാനിംഗ് കമ്മിഷന്റെ കണക്കാണ് മറ്റൊന്ന് റിസർവ്വ് ബാങ്കിന്റെ കണക്ക്. പ്ലാനിംഗ് കമ്മിഷന്റെ കണക്കിൽ പറഞ്ഞിരിക്കുന്നത്, 1984-85-ൽ വരുത്തിയ ചെലവുകൾ ഇൻഡ്യാ ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മിഷൻ പരിശോധിച്ചശേഷം അവർ പറയുന്നു, ഈ നിലയിൽ നിങ്ങൾ മുന്നോട്ടു നീങ്ങുമെങ്കിൽ കഴിഞ്ഞ വർഷാവസാനം 297 കോടി രൂപയുടെ ഡിഫിസിറ്റ് കേരളത്തിൽ ഏതായാലും വരുന്നതാണ്. നിങ്ങൾ ഇംപ്രൂവ് ചെയ്യാൻ നോക്കിക്കോ ; ഇക്കൊല്ലം റിസർവ്വ് ബാങ്ക്, ബഡ്ജറ്റിൽ നിങ്ങൾക്ക് കഴിഞ്ഞ വർഷം അവസാനം അല്ലെങ്കിൽ ഈ വർഷം ആദ്യം 1984-85-ലെ ക്ലോസിംഗ് ആക്ച്വൽ 205 കോടി രൂപയേ ഉള്ളുയെന്നു പറഞ്ഞു. അതിന്റെ അർത്ഥമെന്താണ് സർ ? പ്ലാനിംഗ് കമ്മിഷൻ പറഞ്ഞ കണക്കുകളും റിസർവ്വ് ബാങ്ക് കണ്ട കണക്കുകളും തമ്മിലുള്ള വ്യത്യാസമാണ് ഞാൻ ഈ 92 കോടി രൂപയായി എടുത്തിരിക്കുന്നത്. അല്ലാതെ കെ. എം. മാണി ഒരു കൃത്രിമ കണക്കും എഴുതിക്കൊണ്ടുവന്നില്ല. കണക്കു മുഴുവൻ റിസർവ്വ് ബാങ്കിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും കണക്കുകളാണ്. 92 കോടി രൂപ 1984-85-ൽ അധികമുണ്ടാക്കാൻ കഴിഞ്ഞു. അതുപോലെ 1985-86-ലും 100 കോടി രൂപ ഇംപ്രൂവ്മെന്റുണ്ടാക്കാൻ കഴിഞ്ഞു.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 1985 ജനുവരി 28-ാം തീയതി 299 കോടി രൂപ ഓവർ ഡ്രാഫ്റ്റ് ഉണ്ടായിരുന്ന നമ്മുടെ സംസ്ഥാനത്ത് മാർച്ച് 31-ാം തീയതി 205 ആയി കുറഞ്ഞു എന്നാണ് പറയുന്നത്. ഈ മാർച്ച് മാസത്തിലാണ് ചെത്തു തൊഴിലാളി ക്ഷേമ നിധിയിൽ നിന്ന് 20 കോടി രൂപ ഓവർ ഡ്രാഫ്റ്റ് കുറയ്ക്കുന്നതിനുവേണ്ടി ഗവൺമെന്റ് കടമെടുത്തത്. അതുപോലെ പല സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തു. ഫെബ്രുവരി മാസത്തിൽ പല പേമെന്റും തുടങ്ങി വച്ച്.....

ശ്രീ. കെ. എം. മാണി : സർ, ഈ എസ്റ്റിമേറ്റിലൊന്നും അണ്ടർ എസ്റ്റിമേഷനില്ല. നമ്മൾ ഏത് എസ്റ്റിമേറ്റും എടുക്കുന്നത് എങ്ങനെയാണെന്ന് ചോദിച്ചാൽ ബഡ്ജറിനു രൂപരേഖ നൽകുന്ന, ബഡ്ജറ് ഡോക്കുമെന്റ്സിന്റെ എസ്റ്റിമേറ്റ് നവംബർ മാസത്തിൽ എടുക്കുമ്പോൾ ഈ വർഷം അവസാനിക്കാൻ പോകുന്നതിന്റെ വരവു ചെലവുകളുടെ കണക്കുകൾ കൃത്യമായി മനസിലാക്കിയെന്നു വരില്ല. ഒരു റെസീപ്റ്റെടുക്കുമ്പോൾപ്പോലും തലേതിന്റെ തലേ വർഷത്തെ ആക്ച്വൽസേ കാണുകയുള്ളൂ. എപ്പോൾ ബഡ്ജറ് തയ്യാറാക്കുന്നുവോ തയ്യാറാക്കുമ്പോൾ കൈവശമുള്ള, ലഭ്യമായ, അവൈലബിളായ, ലേറ്റസ്റ്റായിട്ടുള്ള ആക്ച്വൽസ് ഏതു വർഷത്തെയാണോ അവിടെ നിന്നാണ് പ്രൊജക്ഷനടുന്നത്. അവിടെ നിന്ന് പ്രൊജക്ഷൻ ഇട്ടു കഴിഞ്ഞാൽ പിന്നീട് അതിനിടയ്ക്ക് ഇംപ്രൂവ്മെന്റുണ്ടാകാവുന്നുവെന്നു കണ്ടാൽ ആ ബി.ഇ.മാറി റിവൈസ്ഡ് എസ്റ്റിമേറ്റാകും. അതാണ്. സെയിൽസ് ടാക്സിൽ നടന്നിട്ടുള്ളത്. അതിനു മുകളിൽ ബി. ഇയിൽ എത്രയായിരുന്നു, ആർ. ഇ. ഇപ്പോൾ എങ്ങനെ കിട്ടി..... ഇതുവരെ സെയിൽസ് ടാക്സ് വരുമാനം ഇല്ലെന്നാണ് പറഞ്ഞത്. ഈ കൂടുതൽ എങ്ങനെ വന്നു, ഒളിച്ചുവച്ചതല്ലേ ? ഇതെന്തൊരു വാദമാണ് ? കെ. എം. മാണി വിൽപ്പന വരുമാനം ഒളിച്ചു വച്ചു, ഇതാണ് ഇപ്പോഴത്തെ കേസ്. കുറച്ചുവെന്നല്ല, ഒളിച്ചു വച്ചുവെന്നാണ്. എന്റെ ബഹുമാനപ്പെട്ട ബേബിജോൺ ഇങ്ങനെ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കേണ്ടെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറെറാരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ കയ്യിൽ റിസർവ്വ് ബാങ്കിന്റെ കണക്കുണ്ട്: ആന്ധ്രാപ്രദേശ് കർണ്ണാടക, തമിഴ്നാട്—തെന്നിന്ത്യയിലെ ഈ സംസ്ഥാനങ്ങളെടുത്താൽ കേരളത്തിലെ സെയിൽസ്ടാക്സ് ബോയൻസി ഗ്രോത്ത് റേറ്റ് എല്ലാ സംസ്ഥാനത്തെക്കാളും മുന്നിൽ നിൽക്കുന്നു എന്ന് റിസർവ്വ് ബാങ്കിന്റെ കണക്കുണ്ടെങ്കിൽ പിന്നെ എന്താണ്.....ഇൻഡ്യയുടെ ഒരു ഭാഗമാണ് കേരളമെന്നു പറയുന്നത്. 100 കോടി, 200 കോടി രൂപ ഇങ്ങനെയൊക്കെ പറഞ്ഞാൽ ഇത് നിയമസഭയാണ്.

ഇതിനെ സംബന്ധിച്ച വേറൊരു കാര്യം പറയാനുണ്ട്. ഏഴാം പദ്ധതിക്ക കേന്ദ്രത്തിന്റെ അസിസ്റ്റൻസ് കുറഞ്ഞുപോയി എന്നു ഞങ്ങളാരും പറഞ്ഞില്ല. 2,100 കോടി രൂപയുടെ ഏഴാം പദ്ധതിക്ക് കേന്ദ്രം 1,100 കോടി രൂപയുടെ സെൻട്രൽ അസിസ്റ്റൻസ് നൽകിയെന്നുള്ളത് സന്തോഷകരവും അഭിമാനകരവുമായിട്ടുള്ള ഒരു വസ്തുതയാണ്. അതേയവസരത്തിൽ നമ്മുടെ സ്വന്തം വീടിനെ ഇടിച്ചു കാണിക്കരുത്. നമ്മുടെ ഗവൺമെൻറിന്റെ ശ്രമങ്ങളെ ഇടിച്ചുകാണിച്ചുകൊണ്ട് സെൻട്രൽ അസിസ്റ്റൻസിനെ അതിനു മറയാക്കരുത് എന്നാണ് പ്രതിപക്ഷത്തോട് എനിക്കു പറയാനുള്ളത്. അതിനു കാരണമുണ്ട്. എട്ടാം ധനകാര്യക്കമ്മീഷന്റെ ഫലമായി ഏഴാം പദ്ധതി കാലഘട്ടത്തിൽ ഉണ്ടാകുന്ന 1,100 കോടി രൂപയുടെ റവന്യൂ നോൺ പ്ലാൻ ഡെഫിസിറ് നികത്തിയതിനുശേഷം 2,100 കോടി രൂപയുടെ പ്ലാനിന് കേന്ദ്രത്തിന്റെ അസിസ്റ്റൻസ് കഴിഞ്ഞ് മുടക്കേണ്ട ആയിരം കോടി രൂപയുംകൂടി നമ്മൾ മുടക്കുമ്പോൾ നമ്മുടെ ഭാരം 2,100 കോടി രൂപയാണ്. 2,100 കോടി രൂപയുടെ പ്ലാൻ നടപ്പിലാക്കാൻ 2,100 കോടി രൂപയുടെ ഭാരം കേരളാഗവൺമെൻറ് ഏറെറടുക്കേണ്ടിവന്നു. അതോടൊപ്പം കേന്ദ്ര ഗവൺമെൻറിന്റെ ഉദാരമായ അസിസ്റ്റൻസ് ഉണ്ടായിരുന്നു. രണ്ടും കൂടി ഒരുമിച്ച് കൊണ്ടുപോകണം. കേന്ദ്രഗവൺമെൻറിന്റെ സഹായവും സംസ്ഥാന ഗവൺമെൻറിന്റെ അതിശ്രമകരമായ എഫർട്ടും കൂടി ഒരുമിച്ച് ഒരു ഗോൾഡൻബീം എന്ന നിലയ്ക്ക് അത് ബൻഡ് ചെയ്തുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കണം എന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : സംസ്ഥാന ഗവൺമെൻറിന്റെ എഫർട്ടിന്റെ ഫലമായി സെയിൽസ്ടാക്സ് 473 കോടി രൂപയാണെന്നു പറഞ്ഞു. പെർസെന്റേജ് ടു ടോട്ടൽ എത്രയാണെന്ന് അറിയണം.

ശ്രീ. കെ. എം: മാണി : ഇപ്പോൾ ഞാൻ അതേക്കുറിച്ച് സംസാരിക്കുന്നില്ല. ഇനി ഞാൻ ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞില്ലെങ്കിൽ അത് എന്റെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണെന്നുവരും. 62 എന്നുള്ളത് എങ്ങനെ 22 ആയി എന്നതാണ് പ്രശ്നം. ബഹുമാനപ്പെട്ട നായനാർ കോപിക്കുകയില്ലെന്നു വിശ്വസിച്ച് ഞാൻ ഒരു കാര്യം പറയാം. കഴിഞ്ഞ വർഷത്തെ ബഡ്ജറും ഈ വർഷത്തെ ബഡ്ജറുംകൂടി ഒരുമിച്ചു വായിക്കണം. അതിനു കാരണമുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറിൽ പറഞ്ഞിരിക്കുന്ന കമ്മി എന്നു പറയുന്നത് എട്ടാം ധനകാര്യക്കമ്മീഷന്റെ ദൃഷ്യകരമായ അവാർഡിന്റെ ഫലമായി കേരളത്തിന്റെ നോൺപ്ലാൻ റസീപ്റ്റും, നോൺ പ്ലാൻ എക്സ്പെൻറിച്ചറും തമ്മിലുള്ള ഗ്യാപ് നികത്താൻ കഴിയാത്തതുകൊണ്ട് ആ സെക്ടറിൽ വന്ന കമ്മിയാണ് 62 കോടി രൂപ. വേറെയും വരുമാനങ്ങളുണ്ട്. ആ സെക്റ്ററിലുണ്ടായ 62 കോടി രൂപയുടെ കമ്മി നികത്തപ്പെട്ടു എന്നുള്ളതിന് സത്യമിരിക്കെ സാക്ഷി വേണമോ ? അടുത്ത വർഷത്തെ പദ്ധതിക്കുവേണ്ടി പ്ലാനിംഗ് കമ്മീഷനുമായി നമ്മുടെ റിസോഴ്സസ് കാൽക്കുലേറ് ചെയ്യുമ്പോൾ, കേരളത്തിന്റെ പദ്ധതിക്കു വേണ്ടിയുള്ള റിസോഴ്സസ് കാൽക്കുലേറ് ചെയ്യുമ്പോൾ റവന്യൂ ഗ്യാപ് നികത്തിയതിന്റെ മിച്ചം എത്രയുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

നോക്കുന്നത്. അതിന്റെ അർത്ഥം ഇവിടെ ഇൻബിൽട്ടായി ഈ വർഷത്തിലുള്ള റവന്യൂ ഗ്യാപ് നികത്തണം, നമ്മുടെ എഫർട്ട് കൊണ്ടേ അതു നികത്താനാകൂ. അങ്ങനെ നികത്തിയതിനുശേഷം നമ്മാം പരിമിതമായ ഒരു സംഖ്യ പ്ലാനിനുവേണ്ടി നീക്കിവയ്ക്കണം. പിന്നെ സെൻട്രൽ അസിസ്റ്റൻസും നമ്മുടെ എഫർട്ടും നമ്മുടെ എ.ആർ. എല്ലാംകൂടി കൂട്ടി പ്ലാനിൽ വരികയാണ്. അങ്ങനെ നമ്മുടെ പ്ലാനിനകത്തുതന്നെ 62 കോടി രൂപയുടെ നോൺ പ്ലാൻ കമ്മി ഫിൽ ചെയ്തുപോയി. അതു നമ്മുടെ എഫർട്ടുകൊണ്ട് ഫിൽ ചെയ്യപ്പെട്ടതാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നെ അവശേഷിക്കുന്നത് 12 ലക്ഷം രൂപയുടെ കാര്യമാണ്. 60 ലക്ഷം രൂപയായിരുന്നത് 22 ലക്ഷം രൂപയായി. അതിന്റെ അർത്ഥം വരുന്നതിന്റെ പിന്നത്തെക്കൊല്ലം ബുദ്ധിമുട്ടുണ്ടാകാം. ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. 'നമ്മുടെ സാമ്പത്തിക നില മുഴുവൻ ഒന്നാംതരമായി എന്ന് എനിക്കഭിപ്രായമില്ല' കൂടുതൽ ലയബിലിറ്റി ഏറ്റെടുത്താൽ ബുദ്ധിമുട്ടുണ്ടാകും. ഈ വർഷം 22 കോടി രൂപയുടെ ഇംപ്രൂവ്മെന്റ് ഉണ്ടായെന്നു പറഞ്ഞാൽ മനസ്സിലാക്കാവുന്നതേയുള്ളു. 82 കോടി രൂപയെ 12 മാസംകൊണ്ട് ഹരിച്ചിട്ട് 30 കൊണ്ട് ഹരിച്ചാൽ ഒരു ദിവസം 22 ലക്ഷം രൂപയുടെ മിച്ചം ഉണ്ടായെന്നു കാണാം. അപ്പോഴാ നമ്മുടെ ക്ലോസിങ്ങിനെ സംബന്ധിച്ചിടത്തോളം അതിൽ എൺപത്തിരണ്ടരക്കോടിയുടെ ഡെയിലി കമ്പോണന്റ് റിഫ്ളക്ട് ചെയ്തതാണ്. 22 കോടി രൂപയുടെ മിച്ചം എന്നു ഞാൻ പറഞ്ഞാൽ മനസ്സിലാകുമോ ? അതിനു ഞാൻ ഇത്രയും വിഷമിക്കേണ്ടതുണ്ടോ ? ഇത്രയും വ്യക്തമായി ഒരു സത്യം ഈ ബഡ്ജറ്റിൽ കിടക്കുമ്പോഴാ ആ സത്യത്തെ സത്യമായി നിങ്ങളാ അംഗീകരിക്കേണ്ടതാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഈ ശുപാർശകളുടെ ഫലമായി 1985-86-ൽ ഉണ്ടാകുന്ന നോൺ പ്ലാനിലെ ശരാശരി ഡെയിലി കമ്മി 60 ലക്ഷം രൂപ നികത്തിയതിനുശേഷം 355 കോടി രൂപയുടെ പ്ലാൻ, അപ്രൂവ്ഡ് പ്ലാനിനേക്കാൾ 15 കോടി രൂപ കൂടുതൽ, ചെലവഴിച്ചതിനുശേഷം 1985-86-ലെ എൺപത്തിരണ്ടരക്കോടി രൂപയുടെ ഡെയിലി റിട്ടേണാണ് 22 ലക്ഷം രൂപയെന്നു പറയുന്നത്. ഇനി ഇതിൽ തർക്കം വേണ്ട. ജനങ്ങളോട് ഇനി ഇതിനു വിരുദ്ധങ്ങളായ അഭിപ്രായം പറയരുതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'സ്പോർട്സിനുവേണ്ടി പോകുന്ന അവസരത്തിൽ പത്തുപേർ കൂടി ഒന്നിച്ച് ഓടുന്നു. ഓടേണ്ട ദൂരം ഒരുപോലെയാണ്. നമ്മളിൽ ഒരാം സ്റ്റാർട്ടിംഗ് പോയിന്റിൽ 60 അടി പുറകിലാണ്. അങ്ങനെ 60 അടി പുറകിൽനിന്നും സ്റ്റാർട്ട് ചെയ്തിട്ട് ഫിനിഷ് ചെയ്യുമ്പോഴാ 22 അടി മുന്നിൽ ഫിനിഷ് ചെയ്താൽ എന്തായിരിക്കും. എട്ടാം ധനകാര്യക്കമ്മീഷന്റെ ശുപാർശമൂലംഉള്ള കേരളത്തിന്റെ ധനകാര്യമാനേജുമെന്റാണ് ഇത്. എട്ടാം ധനകാര്യക്കമ്മീഷനെ സംബന്ധിച്ചിടത്തോളം ആ നിലയിലുള്ള ഫിനിഷിംഗിനെ സംബന്ധിച്ച് ആർക്കെങ്കിലും പ്രയാസമുണ്ടാകാനിടയില്ല എന്നു ഞാൻ കരുതുകയാണ്. ഇതൊക്കെയാണ് ഈ ബഡ്ജറ്റിനെ സംബന്ധിച്ച സത്യങ്ങൾ. ഇതൊക്കെ ഗവൺമെന്റിന്റെ കണക്കുകളാണ്. നമ്മുടെ നിയമസഭയും എത്രയോ ഉന്നതരായ ഉദ്യോഗസ്ഥൻമാരും ക്യാബിനറ്റും ഒക്കെ ചെക്ക് ചെയ്തിട്ടുള്ളതാണ്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിലെ ഈ ഫിഗേഴ്സ്. അതിൽ ആർക്കെങ്കിലും നുണ പറയാൻ സാധിക്കുമോ ? ക്യാബിനറ്റ് ചെക്ക് ചെയ്ത ഫിഗേഴ്സാണ്, റിസർവ്വ് ബാങ്ക് സമ്മതിച്ച ഫിഗേഴ്സാണ്, പ്ലാനിംഗ് കമ്മീഷൻ സമ്മതിച്ച ഫിഗേഴ്സാണ്. ഇതിനെ ഞാൻ ഒരു പുസ്തകത്തിൽ വർണ്ണിച്ചപ്പോഴാ അതു മാണിയുടേതാണെന്നുപറഞ്ഞ് എതിർക്കുകയാണ് ചെയ്യുന്നത്. അത് ശരിയല്ല. കേരളത്തിന്റെ ധനസ്ഥിതി ഇപ്പോഴാ

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെട്ടിട്ടുണ്ട്. ശ്രീ. നായനാർ ചോദിച്ചു നമുക്ക് കൂടിയ പ്ലാൻ വേണ്ടേയെന്ന്. സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനമുണ്ടാക്കണം. ഇപ്പോൾ സക്കറിയാ കമ്മിഷനെ കേന്ദ്രം നിയമിച്ചിട്ടുണ്ട്. സക്കറിയ കമ്മിഷന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഭരണഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തിയാൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനമാർഗ്ഗങ്ങളുണ്ടായാൽ നമ്മുടേതു പോലെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് കുതിച്ച് മുന്നോട്ടു നീങ്ങാനും നമ്മുടെ വികസന പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും കഴിയും.

എന്റെ പാർട്ടിയെപ്പറ്റി പല വിമർശനങ്ങളും ഉണ്ടായി. എന്റെ പാർട്ടി ഒരു വിഘടന പാർട്ടിയല്ല. ഇത് ഒരു കേന്ദ്ര വിരുദ്ധ പാർട്ടിയല്ല. ഒരു ഫെഡറൽ രാജ്യം എന്നു പറഞ്ഞാൽ അതിൽ കേന്ദ്രവും ഉണ്ട് സംസ്ഥാനവും ഉണ്ട്. It is a Union of states. India is a Union of states. കേന്ദ്രത്തിന് ഒരു വ്യക്തിത്വം ഉണ്ട്. സംസ്ഥാന ഗവൺമെന്റിനും ഒരു വ്യക്തിത്വം ഉണ്ട്. ശക്തമായ ഒരു കേന്ദ്രവും സംതൃപ്തമായ ഒരു സംസ്ഥാനവും. ഗവർണ്ണറുടെ പ്രസംഗത്തിൽ ഇനി ആരും മിണ്ടിപ്പോകരുതെന്ന് പറഞ്ഞിട്ടുണ്ടെന്നു പറയുന്നതുകേട്ടു. ആ തൊപ്പി ചേരുന്നവരെടുത്താൽ മതി. ചിലപ്പോൾ മാർക്സിസ്റ്റു പാർട്ടിയുടെ കാര്യമായിരിക്കും പറഞ്ഞിരിക്കുന്നത്. കേരളാ കോൺഗ്രസിനെപ്പറ്റി പറഞ്ഞിട്ടില്ല. എന്റെ പാർട്ടിയെപ്പറ്റി ഞാൻ പറയാം. കേന്ദ്ര ഗവൺമെന്റാകട്ടെ, നമ്മുടെ ഗവൺമെന്റാകട്ടെ ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ജഡ്ജ് ചെയ്യുമ്പോൾ തെറ്റുകളുണ്ടെന്നും പോരായ്മകളുണ്ടെന്നും പറഞ്ഞാൽ മുഖം നോക്കാതെ ആ പോരായ്മകളും തിരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ മൗലികമായ സ്വാതന്ത്ര്യം കേരളാകോൺഗ്രസ് പാർട്ടിക്കും മറ്റ് എല്ലാ പാർട്ടികൾക്കും ഉണ്ടെന്നുള്ള യാഥാർഥ്യം പ്രതിപക്ഷം വിസ്മരിക്കാൻ പാടില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങളുടെ മുന്നണിക്കകത്ത് ചില കുഴപ്പങ്ങളൊക്കെ ഉണ്ടെന്നുകണ്ട് അവിടെയാരും മിനക്കെടേണ്ട. അതു ഞങ്ങൾ തീർത്തുകൊള്ളാം. ഏതായാലും ഏകപക്ഷീയമായ ഒരു തീരുമാനം ഞങ്ങൾക്ക് ഒന്നിനെക്കുറിച്ചും ഇല്ല. ഞങ്ങൾ യോജിച്ച് സൗഹാർദ്ദതയോടുകൂടി എല്ലാവർക്കും സ്വീകാര്യമായ തീരുമാനങ്ങളെടുത്തുകൊണ്ട് മുന്നോട്ടു പോകുന്നു. ബലിഷ്ടമായ മുന്നണി ശൈലിയിൽ അധിഷ്ഠിതമായി മുന്നോട്ടു നീങ്ങുകയാണ്. ഞങ്ങൾ ഈ മുന്നണിയെ ബലിഷ്ഠമാക്കും. ഈ ഗവൺമെന്റ് കാര്യക്ഷമമായി മുന്നോട്ടു പോകും. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളും ആത്മാർത്ഥതയോടെയും അർപ്പണമനോഭാവത്തോടുകൂടിയും ഞങ്ങൾ നടപ്പിലാക്കും. ഈ ബഡ്ജറ്റ് സാധാരണക്കാരന്റെ ബഡ്ജറ്റാണ്. പാവപ്പെട്ടവന്റെ ബഡ്ജറ്റാണ്. കർഷകത്തൊഴിലാളിയുടെ ബഡ്ജറ്റാണ്. തൊഴിലില്ലാത്ത യുവജനങ്ങളുടെ ബഡ്ജറ്റാണ്. ആ നിലയിൽ ഈ ബഡ്ജറ്റിനോട് ഒരു റിസർവേഷനുമില്ലാതെ ഈ ബഡ്ജറ്റ് നാളെ പാസ്സാക്കിത്തരണം എന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഡ്ജറ്റിന്റെ എല്ലാ വശങ്ങളും ധനകാര്യമന്ത്രി വിശദീകരിച്ചുകഴിഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു കാര്യം പറയാനുണ്ട്. അങ്ങ് സാരഥ്യം വഹിക്കുന്ന ഗവൺമെന്റിന്റെ ബഡ്ജറ്റായാലും കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റായാലും. ഏതു നിലയിൽ സാമ്പത്തിക നിലകളെ നിയന്ത്രിച്ച് അനുയോജിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുമെന്നുള്ളതിന്റെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തിലാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്. 300 കോടിരൂപ കടമുണ്ടെന്നുള്ളു പറഞ്ഞു. ഇതൊരു വലിയ ഡെഫിസിറ്റ് ബഡ്ജറ്റാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വശം ധനകാര്യമന്ത്രി വളരെ ഭംഗിയായി അവതരിപ്പിച്ചു. അത് ഞങ്ങൾക്ക് നല്ല ബോദ്ധ്യമാണ്. ഈ ബഡ്ജറ്റ് പ്രസംഗം ഒന്നു ശ്രദ്ധിച്ചു വായിച്ചാൽ അത് വളരെ വ്യക്തമാകും. മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുതന്നേയും പറഞ്ഞിട്ടുള്ള കാര്യങ്ങളും ഇതൊക്കയാണ്. ഞങ്ങളും ഇതിൽ വളരെ സംതൃപ്തരായി എല്ലാം ശരിയായി എന്നു കരുതുന്നില്ല. കട ബാദ്ധ്യതയെക്കുറിച്ച് ബോധമുണ്ട്. അതു തീർക്കുമെന്നു പറഞ്ഞിട്ടുണ്ട്. ഈ വർഷം തന്നെ 82 കോടിരൂപയുള്ളതിൽ 20 കോടിരൂപ കഴിച്ചാൽ 62 കോടിരൂപ മാത്രമേയുള്ളുവെന്ന് അവസാനഭാഗത്ത് പറഞ്ഞിട്ടുണ്ട്. അതിനുശേഷം പറയുന്നത് ഈ വർഷവും അടുത്തവർഷവും ബഡ്ജറിലും ഗവൺമെൻറിന്റെ റിസർവ് ബാങ്ക് അക്കൗണ്ടിലും മിച്ചമുള്ളതുകൊണ്ട് നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുമെന്നർത്ഥമില്ല. ഞാൻ നേരത്തേ വ്യക്തമാക്കിയതുപോലെ ഓവർഡ്രാഫ്റ്റ് തീർത്തും ഒഴിവാക്കിക്കൊണ്ട് ദൈനംദിന ചെലവുകൾ മുടങ്ങാതെ നടത്തണമെങ്കിൽ ഒരു നല്ല മിച്ചമുണ്ടാക്കാതെ സാദ്ധ്യമല്ല. അങ്ങനെയൊരു മിച്ചം എപ്പോഴും കരുതിയില്ലെങ്കിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ നമ്മുടെ വരവ് കുറഞ്ഞിരിക്കുമ്പോഴും കൂടുതൽ ചെലവു വരുമ്പോഴും വീണ്ടും നാം ഓവർ ഡ്രാഫ്റ്റിലേക്ക് വഴുതിവീഴും. അതുകൊണ്ട് പ്രശ്നങ്ങളെല്ലാം പരിഹരിച്ചു എന്നുള്ള അവകാശവാദം മുന്നയിക്കുവാൻ ഞാൻ മുതിരുന്നില്ല. ഇതു പറയാൻ കാരണം നമുക്ക് ഓവർ ഡ്രാഫ്റ്റ് ഒഴിവാക്കണമെങ്കിൽ അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ അൽപ്പം മിച്ചം കൈവശമുണ്ടാകണം. 30 കോടി രൂപയുടെ വെയ്സ് ആൻറ് മീൻസ് അഡ്വാൻസ് നമുക്കു കിട്ടിയിട്ടും പെട്ടെന്നു വരാവുന്ന ചെലവുകളുടെ അടിസ്ഥാനത്തിൽ ഓവർ ഡ്രാഫ്റ്റ് വരാനിടയായാൽ അത് പേമെൻറ് നിറുത്തും എന്നുള്ളതു മനസ്സിലാക്കിക്കൊണ്ട് ധനകാര്യവകുപ്പ് ഈ കാര്യത്തിൽ അപകടം ഒഴിവാക്കാൻ വേണ്ടി ശരിയായ നിലയിൽ കൈകാര്യം ചെയ്തു എന്നുള്ള യാഥാർത്ഥ്യങ്ങളും എല്ലാം തുറന്നു പറഞ്ഞുകൊണ്ടാണ് ഒരു സർപ്ലസ് ബഡ്ജറുണ്ടാക്കിയിരിക്കുന്നത്. ഒരു സ്റ്റേറ്റിന്റെ ഭാവിയിൽ താൽപ്പര്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യേണ്ട ചുമതലയുണ്ട്. യഥാർത്ഥത്തിൽ സ്റ്റേറ്റിനോട് കാണിച്ച ഒരു സ്നേഹമാണിത്. വരുമാനത്തിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്.

ശ്രീ. ബേബിജോൺ : കേന്ദ്രഗവൺമെൻറിന്റെ പുതിയ സാമ്പത്തിക നയം അനുസരിച്ച് ഒരു സംസ്ഥാനത്ത് ഡഫിസിറ്റ് ബഡ്ജറ് അവതരിപ്പിക്കാൻ സാധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഞാൻ അതിലേക്ക് വരുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നമുക്ക് ചില ലിമിറ്റുണ്ട്. ആ ലിമിറ്റിൽ നിന്നുകൊണ്ടു തന്നെയാണ് കാർഷികാദായ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇന്നത്തെ പല ബുദ്ധിമുട്ടുകളുമൊഴിവാക്കി പരിശോധിക്കാൻ വേണ്ടി ഒരു കമ്മീഷനെ വച്ചിട്ടുള്ളത്. അതുകൊണ്ട് ബഡ്ജറിനെക്കുറിച്ചുള്ള ചർച്ച നടത്തുമ്പോൾ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. സ്റ്റേറ്റിന്റെ പൊതുവായ സാമ്പത്തിക നില കണക്കിലെടുത്തുകൊണ്ട് നമുക്ക് അപകടകരമായ ഒരു സ്ഥിതിവരാതിരിക്കുന്നതിനുവേണ്ടി കരുതലോടുകൂടി ബഡ്ജറ് അവതരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഈ സ്റ്റേറ്റ് കേന്ദ്രഗവൺമെന്റിൽ നിന്ന് പ്ലാനിൽ നേടിയത് എന്നു ചോദിച്ചു. പ്ലാനിൽ നേടിയതിനെക്കുറിച്ച് വളരെ വിശദമായിട്ട് കണക്കുകൾ തരാൻ സാധിക്കും. ആറാം പഞ്ചവത്സരപദ്ധതിക്ക് ഈ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് നേടാൻ സാധിച്ചത് 27.74 ശതമാനമാണ്. ഈ ഏഴാം പഞ്ചവത്സരപദ്ധതിയിൽ 54.29 ശതമാനം നമുക്കു വാങ്ങിക്കാൻ സാധിച്ചു. ഇത് ഇൻഡ്യയിൽ കേരളത്തിനല്ലാതെ മറ്റൊരു സംസ്ഥാനത്തിനും നേടാൻ സാധിച്ചിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ പദ്ധതി തന്നെ 2,100 കോടി രൂപയായിട്ട് ചുരുങ്ങിയത് നമ്മുടെ വിഭവശേഷി കുറഞ്ഞതുകൊണ്ടാണെന്ന് അങ്ങു തന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ച 4,500 കോടി രൂപയുടെ ആ പദ്ധതി 2,100 കോടി രൂപയായിട്ടു ചുരുങ്ങിയതു കൊണ്ടല്ലേ കേന്ദ്ര വിഹിതം ഇങ്ങനെ മുഴച്ചു നിൽക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : കൂട്ടി വച്ചതുകൊണ്ട് കാര്യമില്ല. കാരണം പശ്ചിമ ബംഗാളിൽ കൂട്ടി വച്ചു. പക്ഷേ കഴിഞ്ഞതവണ 23 ശതമാനം പ്ലാൻ ചെലവ് കുറവാണ്. അതേയവരത്തിൽ പത്തൊമ്പതര ശതമാനം കേരളത്തിൽ കൂടുതലാണ്. ഞങ്ങൾ 10 ശതമാനമാണ് കൂട്ടി വച്ചതെങ്കിൽ തീർച്ചയായും ഈ പ്ലാനിന്റെ അവസാനത്തിൽ അതിരട്ടിക്കും. അതാണ് ഞാൻ പറഞ്ഞത് പെരുപ്പിച്ചു കാണിച്ച് താൽക്കാലികമായ ആവശ്യത്തെ പദ്ധതിയിലാക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. എന്തു നേടി എന്നു ചോദിച്ചാൽ അതിന് എനിക്ക് വ്യക്തമായ മറുപടി പറയാൻ കഴിയും. അന്ധ്രാ പ്രദേശിന് 23 ശതമാനവും ആസ്സാമിന് 21 ശതമാനവും ബീഹാറിൽ 25 ശതമാനവും ആണ് കിട്ടിയിരിക്കുന്നത്. കേരളത്തിൽ മാത്രമാണ് 54 ശതമാനം കിട്ടിയിട്ടുള്ളത്. അതുപോലെ തന്നെ നമ്മുടെ ഓവർഡ്രാഫ്റ്റിന്റെ കാര്യം. എന്താണ് കേരളത്തിന് പ്രത്യേകതയെന്നു ചോദിച്ചു. ആ തീയതി നിശ്ചയിച്ചതിന്റെ ഫലമായി ഉത്തർപ്രദേശ് ഒഴിച്ച് ഏറ്റവും കൂടുതൽ ആനുകൂല്യം സംഖ്യയായിട്ട് അഡ്ജസ്റ്റ് ചെയ്തു കിട്ടിയത് കേരളത്തിനാണ്. ഉത്തർ പ്രദേശിന്റെ വരുമാനവും ജനസംഖ്യയുമൊക്കെ എല്ലാവർക്കുമറിയാവുന്നതാണ്. ഉത്തർ പ്രദേശിന് 308 കോടി രൂപ കിട്ടിയപ്പോൾ കേരളത്തിന് കിട്ടിയത് 241 കോടിരൂപയാണ്. ബീഹാറിനുപോലും അഞ്ചുകോടിരൂപയാണ് കിട്ടിയത്. അതുപോലെതന്നെ പല സ്റ്റേറ്റുകൾക്കും. ഈ സ്റ്റേറ്റിന്റെ വ്യവസായത്തെക്കുറിച്ച് പറഞ്ഞു. ബേബിജോണിനെ ഞാൻ അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾ വായിച്ചു കേൾപ്പിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : ഏഴാം പദ്ധതിയിൽ അഞ്ചു വർഷക്കാലത്തേയ്ക്കാണ് 1140 കോടി രൂപ കേന്ദ്രം അനുവദിച്ചത്. അത് രണ്ടുമൂന്നു വർഷംകൊണ്ടു വാങ്ങിക്കഴിഞ്ഞാൽ ഏഴാം പദ്ധതിയുടെ നാലും അഞ്ചും വർഷങ്ങളിൽ എങ്ങിനെയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : ആറാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽ നായനാർ ഗവൺമെന്റ് അഡ്വാൻസ് വാങ്ങിയിരുന്നു. അതിനുശേഷം ഞങ്ങൾ വന്നപ്പോൾ എങ്ങനെയാണോ ഞങ്ങൾ മാനേജ് ചെയ്ത് മുമ്പോട്ടു കൊണ്ടുപോയത് അതുപോലെയാണ് ഇനിയും പോകാൻ ഉദ്ദേശിക്കുന്നത്. നായനാർ ഗവൺമെന്റ് ആദ്യത്തെ രണ്ടുവർഷവും അഡ്വാൻസ് പ്ലാനാണ് വാങ്ങിച്ചത്. ഇനി വരുന്ന കാലത്തേയ്ക്ക് പണം ഉണ്ടാകും എന്നുള്ള വിശ്വാസത്തോടുകൂടിയാണ് അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. കേന്ദ്രത്തിൽ നിന്ന് ഓരോ വർഷവും കൂട്ടിത്തരുന്നുണ്ട്. അതുകൊണ്ട് ആ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ഞങ്ങൾക്ക് യാതൊരുൽക്കണ്ഠയുമില്ല. ഈ പ്ലാൻ ശരിയായി മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾക്ക് സാധിക്കും എന്നുള്ളതിൽ വിശ്വാസമുണ്ട്. ഏഴാം പദ്ധതിക്കാലത്ത് നമുക്ക് അനുവദിച്ചു കിട്ടിയിട്ടുള്ള പദ്ധതി വിഹിതം 2.7 ശതമാനമാണ്. കഴിഞ്ഞ പ്രാവശ്യത്തേത് 1.90 ആണെന്ന് ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞത് ശരിയാണ്. ഇതിൽത്തന്നെ കാപ്രോലാക്ടത്തിന് 140 കോടി രൂപ വച്ചിരുന്നത് 280 കോടി രൂപയാക്കുകയുണ്ടായി. അതുംകൂടി വരുമ്പോൾ ശതമാനത്തിൽ വ്യത്യാസം വരും. സംസ്ഥാനഗവൺമെന്റ് വളരെ കരുതലോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഈ സ്റ്റേറ്റിന് മിച്ചമുണ്ടാക്കാൻ സാധിച്ചത്. ഇനിയും പ്രശ്നങ്ങളെ ഗൗരവതരമായിത്തന്നെ കണ്ടുകൊണ്ട്, തിരുത്താൻ സാധിക്കുന്നതൊക്കെ തിരുത്തി മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

ഹരിജൻ വെൽഫെയർ ഫണ്ടിനെക്കുറിച്ച് പറഞ്ഞു. അതിലേക്ക് നീക്കിവച്ചിരുന്നതിൽ 81 ശതമാനം പെലവായിക്കഴിഞ്ഞു. ഫെബ്രുവരി 22-ാം തീയതി വരെയുള്ള കണക്കാണിത്. ഇവിടെ തളരുന്നു, തകരുന്നു എന്നുള്ളതുമാത്രമല്ല പ്രതിപക്ഷത്തെ നയിക്കുന്ന മാർക്സിസ്റ്റു പാർട്ടിക്ക് എന്തെന്നില്ലാത്ത സ്ഥകാല വിഭ്രമം ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞില്ലെങ്കിൽ ഞാൻ മിണ്ടുമായിരുന്നില്ല. അദ്ദേഹം പറഞ്ഞതുകൊണ്ട് പറയുകയാണ്, നിങ്ങൾ എവിടെ നിൽക്കുന്നു എന്നറിഞ്ഞാൽ കൊള്ളാം. ഇൻഡ്യൻ ഭരണഘടനയുടെ 356-ാം വകുപ്പ് നിക്കാൻവേണ്ടി കാലാകാലങ്ങളിൽ സമരം ചെയ്തവരാണ് ഈ പ്രതിപക്ഷങ്ങൾ. മറ്റൊന്നും ചെയ്തില്ലെങ്കിലും 358-ാം വകുപ്പ് എടുത്തുകളയണമെന്ന് സർക്കാരിയാ കമ്മീഷനോട് ശുപാർശ ചെയ്തിട്ടുള്ളവരാണ്. അത് ജനാധിപത്യ വിരുദ്ധമാണെന്നു പറഞ്ഞവരാണ്. അങ്ങനെ പറഞ്ഞ മാർക്സിസ്റ്റു പാർട്ടിയോട് ഞാൻ ഒന്നു ചോദിക്കട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഇൻഡ്യൻ പ്രധാനമന്ത്രിയ്ക്ക് മെമ്മോറാണ്ടം കൊടുത്തിരിക്കുകയാണല്ലോ. ഈ രണ്ടു ആളുകളുടെ യാത്രയെ സംബന്ധിച്ചിടത്തോളമുള്ള മെമ്മോറാണ്ടം.

ആ മെമ്മോറാണ്ടത്തിൽ അവസാനമായിട്ട് പൊതുഭരണ വകുപ്പ് ഇങ്ങനെ കൽപ്പന പുറപ്പെടുവിച്ച്, അതിന്റെ ഉത്തരവ് മുഖ്യമന്ത്രിക്ക് കൊടുത്തു എന്നു പറഞ്ഞിട്ടുണ്ട്. കേന്ദ്രം ഒരു അന്വേഷണം നടത്തണം. അന്വേഷണം നടത്തുമ്പോൾ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും രാജിവയ്ക്കണം. രാജിവയ്ക്കുന്നില്ലെങ്കിൽ അതിനുമുമ്പ് ഈ മന്ത്രിസഭയെ പിരിച്ചുവിടണം, മുഖ്യമന്ത്രിയെ പിരിച്ചുവിടണം. പിരിച്ചുവിടണമെങ്കിൽ ഇന്ത്യൻ ഭരണഘടനയുടെ 356-ാം വകുപ്പുവച്ചുവേണം പിരിച്ചുവിടാൻ. ആ വകുപ്പ് എടുത്തുകളഞ്ഞാൽ നിങ്ങളുടെ മെമ്മോറാണ്ടം ഏത് അടുപ്പിൽ പോകുമെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതുപോലെ പാപ്പരായ, ഒരു എത്തും പിടിയുമില്ലാത്ത പാർട്ടിയായി അധഃപതിക്കാമോ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി? നിങ്ങളെ ഈശ്വരൻ വിചാരിച്ചാലും രക്ഷിക്കാൻ സാധിക്കാത്ത നിലയിലാണ് ജനങ്ങൾ വിചാരിച്ചാൽ നിങ്ങൾ നന്നാവുകയില്ല. ഈശ്വരൻവിചാരിച്ചാലും നിങ്ങളെ നന്നാക്കാനൊക്കുകയില്ല. അതുകൊണ്ട് മാർക്സിസ്റ്റു പാർട്ടി ഞങ്ങൾക്കൊരു ഭീഷണിയല്ല, ഒരു പ്രശ്നമല്ല. ജനങ്ങൾ ഞങ്ങളുടെ പിന്നിലുണ്ട്. ഞങ്ങൾ മുന്നോട്ടുപോകുമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : ഈ അസത്യ പ്രസ്താവന രാവിലെ മുതൽ വൈകുന്നേരം വരെ ചെയ്യുന്നതുകൊണ്ട് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly